**KOTTAYAM PUBLIC LIBRARY**

M07

Call No. VEL-P Acc. No. 11499

Author വേലുപ്പിള്ള ശാസ്ത്രി.

ഇ.വി. ആർ.

Title 2 പ്രാചീനസാഹിത്യകേരളം

ചരിതം

14 60

11449

# 'പുരോഗമനസാഹിത്യ-'
# 'കോലാഹലം'

(ഒരു വിമർശനഗ്രന്ഥം)

1107

ഗ്രന്ഥകർത്താ,
എം. ആർ. വേലുപ്പിള്ളശാസ്ത്രി ബീ. ഏ.

എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ,
തിരുവനന്തപുരം.

ഒന്നാം പതിപ്പ്

ശ്രീധര പ്രിൻറിംഗ് ഹൌസ്,
തിരുവനന്തപുരം.

വില രൂ. 2 ണ. 8

No: 11499

# മുഖവുര.

—

'പുരോഗമനസാഹിത്യകോലാഹലം' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥം, അടുത്തകാലത്തു് കേരളസാഹിത്യത്തിൽ ഏറെപ്പെട്ട ഒരു നവീനശാഖയെപ്പററിയുള്ള വിവരണനിരൂപകമായ ഉപന്യാസസഞ്ചയത്തിൻെറ ഒരു വിമൎശനമാകുന്നു. അതായത്തു്, 'പുരോഗമനസാഹിത്യം എന്തിനു്?' എന്ന പേരിൽ ചില മാന്യന്മാർ പ്രസംഗിച്ചതായി പ്രസിദ്ധപ്പെടുത്തിക്കാണുന്ന ഒരു ഗ്രന്ഥത്തിൻെറ ആദ്യന്തമുള്ള ഒരു നിരൂപണമാണു് ഈ പുസ്തകം. യൂറോപ്യൻ സാഹിത്യത്തിൻെറ ആധുനികമായ ഒരു വിചിത്രഗതി അവലംബിക്കുന്ന പുരോഗമനസാഹിത്യം കേരളക്കരയ്ക്കു് എത്രമാത്രം അനുയോജ്യമാകും എന്നുള്ള ചൎച്ചയാണു് ഈ ഗ്രന്ഥംകൊണ്ടു് പ്രധാനമായി ഉദ്ദേശിക്കുന്നതു്. വിപ്ലവപരമായ യാതൊരു സാഹിത്യപ്രസ്ഥാനത്തോടും ഉള്ള യാതൊരു വൈമുഖ്യവും അല്ല, ഇങ്ങനെ ഒരു ഗ്രന്ഥം രചിക്കുവാൻ പ്രേരിപ്പിച്ചതു് എന്നും, വിപ്ലവംകൊണ്ടുള്ള ഗുണദോഷങ്ങളെപ്പററി സ്വതന്ത്രമായ ഒരു ചിന്തനം സാഹിത്യസ്വാതന്ത്ര്യത്തിൻെറ വകഭേദമാണെന്നുള്ള അഭിപ്രായമാണു് ഗ്രന്ഥകാരനുള്ളതെന്നും പ്രത്യേകം പ്രസ്താവിച്ചുകൊള്ളുട്ടെ.

ഈ ഗ്രന്ഥത്തിൽ, ഇന്നു മലയാളസാഹിത്യത്തിൽ പേരും പ്രശസ്തിയും ആൎജ്ജിച്ച പല മാന്യന്മാരുടേയും അഭിപ്രായങ്ങളെ നിഷ്കൎഷിച്ചു പരിശോധിക്കുവാൻ പ്രേരി

തന്നായി. ഇക്കാര്യത്തിൽ ആ മാന്യന്മാരോട്ട് വ്യക്തിപരമായ യാതൊരു പ്രാതികൂല്യത്തിന്നും ഇതേവരെ യാതൊരു കാരണവും ഉണ്ടായിട്ടില്ല എന്നുംകൂടെ പ്രസ്താവിക്കട്ടെ.

നമ്മുടെ നാട്ടിലെ രാജ്യകാര്യം, മതം, സമുദായം, വ്യക്തിജീവിതം എന്നിവയിൽ യഥാർത്ഥമായ ഉൽക്കർഷവും അഭ്യുദയവും കൈവരണം എന്ന ഏക ഉദ്ദേശത്തിൽ രചിച്ച ഈ ഗ്രന്ഥത്തിൽ അഭിപ്രായസ്ഥാപനവ്യഗ്രത നിമിത്തം വല്ല പോരായ്മയും സംഭവിച്ചിട്ടുണ്ടെങ്കിൽ സദയം വായനക്കാർ ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

ഈ ഗ്രന്ഥം ഇത്ര കമനീയമായ വിധം പ്രസാധനം ചെയ്യുന്നതിന്ന് സകല ചുമതലയും വഹിക്കുന്ന തിരുവനന്തപുരം എഡ്യൂക്കേഷണൽ സപ്ലൈസ് ഡിപ്പോ ഭാരവാഹികളോടും, ഭംഗിയായ മുദ്രണകൃത്യം നിർവ്വഹിച്ച ശ്രീധര പ്രിന്റിംഗ് ഹൌസ് കാര്യനിർവ്വാഹകരോടും പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് സ്വതന്ത്രസാഹിത്യാഭിമാനികളുടെ മഹനീയ സമക്ഷം ഈ വിമർശനഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

തിരുവനന്തപുരം }
30—1—1123 }

ഗ്രന്ഥകർത്താ.

# 'പുരോഗമനസാഹിത്യ-'

## 'കോലാഹലം'

### അദ്ധ്യായം 1.

---

അടുത്തകാലത്തു്, ഇക്കണ്ട ഭുവനം ഒട്ടുക്കു് ഒരു 'കോലാഹലം' ഉണ്ടാക്കിയ ലോകമഹായുദ്ധം 'നംബർ ട്ടൂ' ആരെല്ലാം പിടിച്ചിട്ടും പിടി പററാതെ അങ്ങു് താനേ നിന്നു. അല്ലല്ല, ആററംബാംബിൻെറ ചീററം കേട്ടപ്പോൾ താനേ അമന്നു. ഇനി അക്കാര്യങ്ങളെപ്പററി ചിന്തിച്ചിട്ടു് ആവശ്യമേ ഇല്ല എന്നവിധം, ആ യുദ്ധം രണ്ടു കൈയും വിട്ടു നമ്മിൽനിന്നു് അകന്നു. എന്നാൽ, 'ചിന്തിച്ചിട്ടു് ആവശ്യമില്ല' എന്നു തീർപ്പെഴുതാൻ വരട്ടെ. മനുഷ്യൻെറ ചിന്താശക്തിയെ വല്ല ചട്ടങ്ങളും പ്രയോഗിച്ചു തടങ്ങലിൽ പാർപ്പിക്കുവാൻ ആക്കാണു് സാധിക്കുന്നതു്? അതുകൊണ്ടു് ആ യുദ്ധത്തെപ്പററി ഒന്നു വിസ്തരിച്ചു ചിന്തിക്കുകതന്നെ. സഖ്യകക്ഷിക്കാരും അക്ഷപക്ഷക്കാരും അന്നു പാലാഴിമഥനത്തിലെ ദേവാസുരമത്സരം കഥ ടിക്കററുവച്ചു് അഭിനയിച്ചു. ഫാസിസവും നാസിസവും കൂടെ ഒരു സുന്ദോപസുന്ദക്കൂട്ടുകെട്ടിൽ കൂടി യൂറോപ്യൻ തിലോത്തമയെച്ചൊല്ലി ചത്തു. ജപ്പാനും റഷ്യയും ബാലിസുഗ്രീവപ്പോരാട്ടത്തിൻെറ അടവുകൾ പലതും പ്രയോഗിച്ചു. അമേരിക്കയും ഇന്ത്യയും സമാധാന—ആലവട്ടങ്ങൾക്കും ഉടമ്പടി വെഞ്ചാമരങ്ങൾക്കും വേണ്ടി കണക്കററ ആൾശക്തിയും ചക്രശക്തിയും പ്രകടിപ്പിച്ചു. ഓരോ നാട്ടിലും ഈ തക്കങ്ങൾ കാട്ടു് കൺപോളം കരി

ഞ്ചന്തയും കണ്ടാൽ കളി കണ്ടില്ലേൽകാര്യം എന്ന വിനോ
ദരസക്കുളത്തിൽ മൂക്കററം മുങ്ങി. പ്രത്യാശയും നിരാശയും
തമ്മിൽ മഹാമേരുവിനെ വലംവച്ച സൂര്യചന്ദ്രന്മാരുടെ
ഒളിച്ചുകളി ഒട്ടേറെ നടത്തി. വിലക്കയററവും നോട്ടു
പെരുപ്പവും കൂടെ 'തമ്മിൽത്തല്ലിക്കടിപിടികൂടി' ചാക്കി
നടുത്തു അടുത്തില്ല എന്ന പതനം വരെയായി. ഇങ്ങനെ
കാണാവുന്നതോ കേൾക്കാവുന്നതോ ആയ സകല ശക്തി
കളും ഏതേതെല്ലാം വിധത്തിൽ, ആ യുദ്ധത്തിന്റെ
'നൂററിരുപതും ചെന്ന പുരുഷായുസ്സി'ന്നായി ശ്രമിച്ചു
വെങ്കിലും, "വിധിവിഹിതമേവനും ലംഘനം ചെയ്യുമോ?"
എന്ന ഒററ ചോദ്യം അവശേഷിപ്പിച്ച് ആ യുദ്ധം
വെറും അല്പായുസ്സായി യാത്ര പറഞ്ഞു. നമുക്ക് അതൊരു
മഹാഭാഗ്യവും! എന്നാൽ ആ യുദ്ധത്തിന് ഇത്രയെങ്കി
ലും ആയുസ്സിന്നു് ഒരു യോഗമുണ്ടായതു് എങ്ങനെ
എന്നറിയാമോ? പറയാം. കൈത്തോക്കുകൾ, തോൾ
ത്തോക്കുകൾ, യന്ത്രത്തോക്കുകൾ! പീരങ്കികൾ, ടാങ്കുകൾ,
സബ്മറൈനുകൾ, വിമാനങ്ങൾ! തോട്ടാകൾ, വെടിയുണ്ട
കൾ, ബാംബുകൾ, മൈനുകൾ! കപ്പലുകൾ, പാരച്യൂട്ടുകൾ,
റേഡിയോകൾ, രഹസ്യായുധങ്ങൾ! എന്നിങ്ങനെ അന
വധി അനവധി സാധനങ്ങളുടെ നേരിട്ടുള്ള സഹായ
ത്തോടെ. ഏതായാലും, ഗുണത്തിനായാലും, ദോഷത്തി
നായാലും ശരി, ആ യുദ്ധം 'കൊഃണ്ടുപോക്രു' എന്ന അറ
കൊലവാശിയൊന്നും. കാണിക്കാതെ സത്യം ചെയ്തു്ങ്ങ
പിരിഞ്ഞു. മൂന്നു മൊഴി കുരവയും ഇട്ടു പാലയും നെരി
ച്ചുങ്ങു മറഞ്ഞു!

എന്നാലോ? നിസ്സാരമായ ആ രണ്ടാം ലോകമഹാ യുദ്ധത്തേക്കാൾ മഹായുദ്ധമായ ഒരു യുദ്ധം ഇന്നും നടക്കുന്നതേയുള്ളു. ആശയങ്ങളുടെ യുദ്ധം! അഭിരുചികളുടെ സമരം! അഭിപ്രായങ്ങളുടെ മത്സരം! അഭിനിവേശങ്ങളുടെ കലഹം! അസംബന്ധങ്ങളുടെ കലാപം! എന്നു വേണ്ട, തത്വങ്ങളും തത്വാഭാസങ്ങളും തമ്മിൽ കൈയ്യാങ്കളി. അബദ്ധങ്ങളും സുബദ്ധങ്ങളും കൂടെ തോളോട്ടുതോൾ! യുക്തികളും യുക്തിവിഹീനതകളുമായി പല്ലോട്ടുപല്ല്! സിദ്ധാന്തസ്ഥാപനങ്ങളും പക്ഷപാതബുദ്ധികളും കൂടെ വീറോട്ടു വീറ്! സങ്കുചിത ഹൃദയങ്ങളുടെ, വികസിത ശിരസ്സുകളുടെ കൊടി പിടിച്ച യുദ്ധം! ആ യുദ്ധം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നാളെയും മററന്നാളും കൊണ്ടു് അവസാനിക്കാനും പോകുന്നില്ല. ആ യുദ്ധത്തിന് സഹായിക്കുന്ന സംഹാരവസ്തുക്കളുടെ പേരല്ലേ? കേൾക്കുക തന്നെ. ഈശ്വരവിശ്വാസം, നിരീശ്വരബോധം; ആത്മവാദം, വസ്തുമാത്രവാദം; വർണ്ണധർമ്മം, ആശ്രമധർമ്മം; ദ്വൈതം, അദ്വൈതം; സ്വർഗ്ഗരാജ്യം, ശരണത്രയം; സമഷ്ടിവാദം, പ്രഭുത്വവാദം. തൊഴിലില്ലായ്മ, തൊഴിലൊല്ലായ്മ; സമുദായബോധം, വ്യക്തിവേധം; കൊഴുത്ത സ്വേച്ഛാപ്രഭുത്വം, മുഴുത്ത അരാജകത്വം; മാമൂൽ പ്രണയം, വിപ്ലവവിവാഹം എന്നിങ്ങനെ പരസ്പരം ബന്ധിച്ചവയോ അല്ലാത്തവയോ ആയ ആശയങ്ങളുടെ സഹായത്തോടെ നടത്തപ്പെടുന്ന യുദ്ധം. എവിടെയെല്ലാം? തുറമുഖങ്ങളിൽ; കടലിടുക്കുകളിൽ; പർവ്വത ഗുഹകളിൽ; നഗരീ മദ്ധ്യങ്ങളിൽ; കമ്പോളങ്ങളിൽ; കാഴ്ചസ്ഥലങ്ങളിൽ; വിദ്വൽ സദസ്സുകളിൽ; വിഡ്ഢിക്കൂട്ടരങ്ങുകളിൽ. ഈ

യുദ്ധത്തിന്നു മാത്രം രാജിയില്ല, ഉടമ്പടിയില്ല, ഖത്തൊഴി വില്ല, ജീവിച്ചൊഴിവില്ല. പണ്ടു ഗംഗാനദി താളിയോലകളിലെ സ്വർഗ്ഗലോകത്തു നിന്നു് ജഹ്നു മഹർഷിയുടെ വടക്കെപ്പുറമ്പിൽ 'ത്സളത്സളായമാനമായി' പതിച്ചതുപോലുള്ള ഒരു കോലാഹലം. അഭ്യാസം വാസനയുടെ പുറത്തു് കുതിരസവാരി. അസഭ്യം മര്യാദയുടെ മുതുകത്തു് ആനകളി! വിശ്വാസവും യുക്തിയും തമ്മിൽ മുട്ടു താഴ്ത്തിയുള്ള പോട്ടയടി. ആചാരവും നാട്ടു നടപ്പും കൂടെ കൂട്ടിയടി. അതോ ശരി ഇതോ ശരി, അങ്ങനെയോ വേണ്ടതു് ഇങ്ങനെയോ, എന്നു് സംശയം. അസംശയമായ സംശയം. നാരായം മിഴുങ്ങി തൊണ്ണയിൽ തറച്ചിരിക്കും പോലുള്ള ദീർഘാലോചന! മൂക്കിന്നുള്ളിൽക്കൂടെ എലിവാണം പാഞ്ഞ മട്ടിലുള്ള വാഗ്ധോരണി! എന്നു വേണ്ട, ഇത്തരം ആശയങ്ങളുടെ യുദ്ധം അങ്ങേ അററത്തെ 'തന്ത്ര'വും 'മന്ത്ര'വും അടങ്ങിയ രാജ്യതന്ത്രം തൊട്ടു് ഇങ്ങേ അററം ഒട്ടേടം നികത്തുന്ന 'ഒട്ടുപടം' വരേയുള്ള സകല ഗൗരവമേറിയ തുറകളേയും വ്യാപിച്ചു് ലോകത്തു് അറിവിൽ പെട്ടതും പെടാത്തതും ആയ സകല ജീവിതമാർഗ്ഗങ്ങളേയും തടഞ്ഞു്, ഇടയ്ക്കൊന്നു മറഞ്ഞു്, വീണ്ടും ഒന്നുറഞ്ഞു അങ്ങനെ നടമാടിപ്പൂകരം കൂട്ടുന്നു.

ആ സ്ഥിതിക്കു്, ഇങ്ങേ അററം ഒരു ചെറുകുടിലിൽ കഴിഞ്ഞുകൂടുന്ന ഒരാണിനേയും ഒരു പെണ്ണിനേയും അവരുടെ ഒരു കുഞ്ഞിനേയും പോലും ഒന്നിച്ചു് ഒരു 'ആശയ'ത്തിൽ അടിച്ചമർത്താമെന്നോ, ഒരേ അഭിപ്രായത്തിൽ പൂട്ടിയിടാമെന്നോ ഉള്ള മനഃപായസം ബുദ്ധിമാന്മാരുടെ തലപ്പാത്രങ്ങളിൽ അങ്ങനെ ആവി പാറത്തിക്കൊണ്ടുനിൽ

ക്കുകയേ ഉള്ളൂ. പിന്നെയാണോ വന്മാളികകളുടെ നിലമേൽ നിലകളിൽ കഴിഞ്ഞുകൂടുന്ന മാടമ്പിമാരേയോ അവരുടെ ബന്ധുമിത്രാദികളേയോ ഒരു ദേശത്ത് അഥവാ ഒരു രാജ്യത്ത് ഉള്ള വിവിധമനോഭാവക്കാരായ മഹാജനങ്ങളേയോ, ഒരേ ആശയത്തിൽ വരുത്തുവാൻ എത്ര പണിയെന്നു പറയേണ്ടതു്! ആശയങ്ങളുടെ യുദ്ധത്തിൻെറ സ്വഭാവം അത്ര വിസ്താരം ഏറിയതാണ്. അത്ര പരപ്പുള്ളതാണ്. അത്ര നിരപ്പില്ലാത്തതാണ്. വീദാവാശിയും വർദ്ധിച്ചതാണ്. പഴക്കവും തഴക്കവും മുഴക്കുന്നതാണ്. ചെറുഭവനങ്ങളിൽപോലും കാണുന്ന 'പുറവും' പരമാർത്ഥങ്ങളുടേയും പുറരാത്ത പരമാർത്ഥങ്ങളുടേയും കഥ ഇപ്രകാരമാണെങ്കിൽ, ലോകത്തിലെ സകലമാനയാളുകളും ഒരുപോലെ കൈക്കൊള്ളാവുന്ന സുഖദുഃഖങ്ങളുടെയാകട്ടെ അബദ്ധങ്ങളുടെയാകട്ടെ, സംഖ്യകൾക്ക് വല്ല അവസാനവും ഉണ്ടാകുമോ? അവ വർദ്ധിക്കാൻ, അഥവാ വദ്ധിക്കാതിരിക്കാൻ വല്ല പോംവഴിയുമുണ്ടോ? എന്നാൽ അത്തരം ആശയങ്ങൾ കാലം എന്ന ഇന്ദ്രജാലക്കാരൻ ഏതെല്ലാം വിധത്തിൽ മറിച്ചു തിരിച്ചുകൊണ്ടു പോകുന്നു! ഈ ആവശ്യം പ്രമാണിച്ച് എത്രയെത്ര ജനനായകന്മാർ കുഴങ്ങി! ജനപ്രതിനിധികൾ വഴങ്ങി! സമുദായ നേതാക്കന്മാർ പിണങ്ങി. ഭരണതന്ത്രജ്ഞന്മാർ കുനുങ്ങി! മഹാചാര്യന്മാർ പരുങ്ങി! ദീർഘദർശിമാർ ഒരുങ്ങി! അവതാരപുരുഷന്മാർ കുരുങ്ങി! അവരിൽ ഓരോരുത്തരും ലോകത്തെ ഒന്നു നന്നാക്കുവാൻ, തങ്ങളുടെ ഏകാഭിപ്രായച്ചരടിൽ കോർത്തു പിടിക്കുവാൻ, എന്തെന്തെല്ലാം ശ്രമങ്ങൾ നടത്തി! അവരും അവരുടെ ലോകവുംകൂടെ തമ്മിൽതമ്മിൽ നന്നാക്കുവാൻ എന്തെ

ല്ലാം പാട്ടപെട്ടു! അവരും അവരുടെ ചുററും കണ്ടലോക വുംകൂടെ ഒരു കാലത്തു് സ്ഥാപിച്ചു് ഉറപ്പിച്ചു് 'വായ്പെട്ടി' ഭദ്രമായി സൂക്ഷിച്ച എന്തെല്ലാം തത്വങ്ങൾ, സിദ്ധാന്ത ങ്ങൾ, യുക്തികൾ, ബോധങ്ങൾ അവസാനതീർപ്പുകൾ എന്നിവ, അനന്തര കാലഘട്ടത്തിൽ അഗണ്യകോടിയുടെ 'ചുരൽച്ചവററു കുട്ട'യ്ക്കുള്ളിൽ കമിയുന്നു! അവ, തത്വങ്ങ ളേ അല്ല എന്നൊരു വാദം. പരിശോധനാർഹങ്ങളേ അല്ല എന്നൊരു വാശി! ആരെന്തു പറഞ്ഞാലും തങ്ങൾ പിടിച്ച മുയലിന്നു് കൊമ്പും മേൽക്കൊമ്പും കലമാൻ കൊമ്പും എന്നൊരു വിശാല ഹൃദയം! എതിരഭിപ്രായ ക്കാരുണ്ടെങ്കിൽ അവരെയാകെ ഉന്മാദശാലയിലെ സ്ഥിരം സാമാജികന്മാരാക്കാൻ ഉള്ള ഒരു ഉത്സാഹം! കാലത്തി ൻെറ അഥവാ ദേശത്തിൻെറ അല്ലെങ്കിൽ പരിതഃസ്ഥിതി കളുടെ, അതുമല്ലെങ്കിൽ അഭിരുചിയുടെ, ഒന്നുമല്ലാത്തപ ക്ഷം, അഭിപ്രായത്തിൻെറ വ്യത്യാസത്തിരമാലകൾ ആ ഞ്ഞിരമ്പിക്കുതിച്ചുതുടങ്ങുന്നു. അട്ടഹാസത്തോടെ പെട്ടെന്നു ള്ള ഒററപ്പൊട്ടൽ! അതിനുമുമ്പു് കെട്ടിപ്പടുത്തതെല്ലാം അതോടെ നിലം പററുന്നു! ഒരു കൂട്ടർ മഹത്തായ ആദർ ശം എന്നു വാനോളം പുകഴ്ത്തിയതു് മറെറാരു കൂട്ടർക്കു് നരകപ്പുഴുമയുടെ അടിത്തട്ടിൽക്കിടന്നതു് എന്നൊരപ ഹാസം! ഒരു പൊട്ടിച്ചിരി! ഒരു പൊള്ളച്ചിരി! ആകപ്പാ ടെ ആശയങ്ങളുടെ യുദ്ധം! ആദർശങ്ങളുടെ യുദ്ധം! യുക്തികളു ടെ യുദ്ധം. വീക്ഷണകോണങ്ങളുടെ ആയോധനം! ചെ റിയൊരുദാഹരണം പറയട്ടെ. രാജ്യമീമാംസയിൽ നിന്നു വേണോ? അദ്വൈതമതത്തിൽ നിന്നു വേണോ? ധനത ത്വശാസ്ത്രത്തിൽനിന്നു വേണോ? നവീനശാസ്ത്രത്തിൽ

PUBLIC LIBRARY

നിന്നു വേണോ? കലാലോകകലാപത്തിൽനിന്നു വേണോ? ഏതിന്റെയും കഥ ഒന്നു തന്നെ. എന്നാൽ തൽക്കാലം സാഹിത്യത്തിൽ നിന്നാകട്ടെ.

മലയാളത്തിൽ സാഹിത്യകാര്യങ്ങളെപ്പററി എന്തെങ്കിലും ശബ്ദിക്കുന്നതു് ഇംഗ്ലീഷ് അടിത്തറയിൽ നിന്നു് വേണമെന്നു് ഒരു ചിട്ടയായിട്ടുണ്ടു്. അതു കൊണ്ടു് ഇംഗ്ലീഷു സാഹിത്യത്തിൽ അങ്ങനെയാണു് ഇങ്ങനെയാണു് എന്നൊക്കെ പറയാത്തപക്ഷം ഒരു ഗൗരവമില്ലാ. അഥവാ പറയുമ്പോഴും വലിയ ഗൌരവബുദ്ധിയൊന്നും വളരെ സൗകര്യവും കാണുകയില്ലാ. നോക്കുക. ഇംഗ്ലീഷുസാഹിത്യം പതിനഞ്ചാംശതവർഷം തൊട്ടു് വളരാൻ തുടങ്ങിയതാണു്. ചാസർ, സ്പെൻസർ, ബെൻ ജാൺസൺ എന്നുതുടങ്ങി ഷേക്സ്പിയർ, മിൽട്ടൺ പര്യന്തം ഉള്ള കവീന്ദ്രന്മാർ ഗ്രീക്കും ലാററിനും ഇററാലിയനും സാഹിത്യങ്ങളെ ആശ്രയിച്ചും അല്ലാതേയും കുറെ ഏറെ സേവനം നിർവഹിച്ചു. ആ കാലഘട്ടത്തിലെ കാവ്യനാടകാലങ്കാരങ്ങൾ ഏതും 'ക്ലാസിക്ക്' എന്ന വൈദഗ്ദ്ധ്യപ്രധാനപ്രസ്ഥാനത്തിന്റെ ജയക്കൊടികളായി പരിലസിച്ചു. അക്കാലം അങ്ങുകഴിഞ്ഞു. ഇവരെക്കാൾ യഥാൎത്ഥത്തിൽ വാസനാകവിതാപഥത്തിൽ പുറകോട്ടു നിന്നവരും, 'രൂളും കാമ്പസ്സും' 'ചിന്തേരും ചതുരപ്പലകയും'വച്ചു 'ഹിറായിക് കപ്ലററ്'മുതലായ വൃത്തഭേദങ്ങളിൽ പദങ്ങൾ അടുക്കി ശരിപ്പെടുത്തിപ്പോന്നവരും ആയി ഡ്രൈഡൻ, പോപ്പ് മുതലായ മിനുക്കുപണിക്കാർ കുറെ കവിതകളും നാടകങ്ങളും ഉപന്യാസകാവ്യങ്ങളും അലങ്കാരപ്രബന്ധങ്ങളും എഴുതി. അവരുടെ അത്തരം ശ്രമങ്ങൾക്കു് വലിയ പരിപൂൎണ്ണതസിദ്ധിച്ചുവെന്നും അയൽപ

ക്കൊരായ ഫ്രഞ്ചുസാഹിത്യകാരന്മാരോട് അവർ ആളും അവസ്ഥയും അനുസരിച്ച് വേണ്ടപ്പെട്ട എല്ലാം കലശലുകളും കൂട്ടി എന്നും അഭിമാനിച്ചു. ഇംഗ്ലീഷു കവിതയുടെ കുറ്റമററ രൂപം അന്നു തട്ടിക്കൂട്ടിയതിനെ കടന്നു പോകാൻ ആൎക്കുമേ സാധിക്കയില്ല എന്നൊരഭിപ്രായവും പ്രചരിച്ചു. കാലത്തിന്റെ ഘോഷയാത്രയിൽ ഡ്രൈഡൻ പോപ്പു മുതൽപേരുടെ പല്ലക്കും കുത്തുവിളക്കും കുഴലൂത്തും കൊമ്പുവിളിയും എല്ലാം അങ്ങു കഴിഞ്ഞു. കാൾറിഡ്ജ്, വേഡ്സ്വത്ത്, ഷെല്ലി, ബൈറൺ മുതലായ റൊമാൻറിക് പരിഷ്കാരകവികൾ എത്തിയപ്പോൾ അതിനു മുമ്പുള്ളവർ സാഹിത്യദേവതയുടെ തിരുക്ഷേത്രത്തിൽ എരിഞ്ഞടങ്ങിയ തീവെട്ടികളായി മതിൽ ചാരപ്പെട്ടു. പത്തൊൻപതാം ശതവൎഷമാണു് ഇംഗ്ലീഷ് സാഹിത്യത്തിന്റെ പരമാദരണീയമായ കാലഘട്ടം എന്നു് സാഹിത്യചരിത്രകാരന്മാർ തമ്പേറടി തുടങ്ങി. അതാ, അടുത്തെത്തുന്നു, വിക്ടോറിയാ കാലഘട്ടം. അന്നത്തെ വിശ്രുതസാഹിത്യകാരന്മാരായ ടെനിസൺ, ബ്രൗണിങ് സ്വിൻബേൺ തുടങ്ങിയകവികളും, കാർലൈയിൽ, റസ്കിൻ തുടങ്ങിയ ചിന്തകന്മാരും മററും കൂടി ഇംഗ്ലീഷുസാഹിത്യത്തെ വാനോളം ഉയൎത്തുവാൻ ഗ്രന്ഥങ്ങൾ അലമാരക്കണക്കിനു രചിച്ചു. ആ വിരുതന്മാർ അവരുടെ സാഹിത്യതത്വങ്ങളും രചനകളും കൃതികളും ലോകം, എന്നെന്നും ഒരുപോലെ വാഴ്ത്തും എന്ന വലിയൊരു തെററിദ്ധാരണയിൽ ധൂമാശനം ചെയ്തു സുഖിച്ചു. അവരേയും കൊണ്ടു കടന്നു, കാലം. വലിയ താമസമൊന്നും വേണ്ടിവന്നില്ല. ഇരുപതാം ശതവൎഷത്തിന്റെ പുലരി ആരംഭിയ്ക്കുകയായി. വിക്ടോറിയാ

കാലഘട്ടത്തിലെ ആദശ്ങ്ങൾ ശുദ്ധമേ ഹീനങ്ങളും സ്ഥൂല ങ്ങളും, ബുദ്ധിശൂന്യങ്ങളും "ദന്തഗോപുരത്തിനുള്ളി"ലിരു ന്ന് പ്രകൃതിവിലാസം കണ്ടു് ഉമിനീർ പാനത്തിന്ന് പററിയവയും ആണെന്നൊരു 'മതിപ്പു്' അടുത്ത സാഹി ത്യകാരപ്രമാണികൾ പ്രചരിപ്പിച്ചു. ഡബ്ളിയൂ. ബി. യീററ്സ്, ഡി. എച്ച്. ലാറൻസു്, ഡബ്ളിയൂ. എച്ച്. ഓഡ്വൻ തുടങ്ങിയ കവികളും, എച്ച്. ജീ. വെൽസ്, ആർ ണോംഡ് ബെനററ്, ജാൺ ഗാൽസവത്തി തുടങ്ങിയ ഗദ്യകാരന്മാരും, ഏ. സീ. ബെൻസൺ, മാക്സ്ബീയർ ബോഹോം തുടങ്ങിയ വിമശ്കന്മാരും കൂടെ ശവക്കല്ലറ കൾ മിനുക്കിക്കാട്ടുവാനും എച്ചിൽപ്പാന പാത്രങ്ങൾ മണ പ്പിക്കുവാനും ഒരു പുതിയ ദുർവ്വിധിയെ ഏപ്പെടുത്തി. വിക്ടോറിയൻ കാലഘട്ടത്തിലെ സാഹിത്യത്തിനെ മതി ക്കേണ്ടതിനു പകരം, ശരിയ്ക്കൊന്നു 'മെതിച്ചു.' ഈ പുതു പരിഷ്ക്കാരികൾ സാഹിത്യത്തിൻെറ ചന്തവിലയും ചരക്കു വിലയും നിണ്ണയിക്കാൻ ചില തൂക്കങ്ങളും ത്രാസ്സുകളും മുദ്രക്കോലുകളും മുഴക്കോലുകളും പുതുതായി കാണിച്ചു. സാഹിത്യക്കാളവണ്ടിയുടെ പുരോഗമനത്തിനു് 'കാളന്മാ രുടെ' കണ്ണിൽ കാന്താരിമുളകു ഏഴുതി. വാൽ ചുരുട്ടി ക്കടിച്ചു. ചാട്ടയടി തെരുതെരെ നടത്തി. തങ്ങളുടെ പരി ഷ്ക്കാരത്തിന്നപ്പുറം ഇനി ഒരു പരിഷ്ക്കാരവും വേണ്ടതില്ല എന്നവർ തീർപ്പു കല്പിച്ചു. വരട്ടെ; ഇരുപതാം ശതവഷ ത്തിൻെറ മദ്ധ്യഭാഗം ഒന്നു കഴിഞ്ഞുകൊള്ളട്ടെ. ഇപ്പോൾ കത്തുന്ന തീവെട്ടികളിലെ എണ്ണയൊന്നു തീരട്ടെ. അപ്പോ ളറിയാം അപ്പോഴത്തെ കലാശം. മൂന്നാം ലോകമഹാ യുദ്ധമോ, നാലാം സമാധാന പ്രസവവേദനകളോ ഒന്നനു ഭവിക്കട്ടെ. അപ്പോളറിയാം അടുത്ത കഥ!

അല്ലല്ല, ഇംഗ്ലീഷു സാഹിത്യമല്ല, റഷ്യൻ സാഹിത്യമാണു് ഉദാഹരിക്കേണ്ടിയിരുന്നതു്. തക്ക കാരണമുണ്ടു്. ഇംഗ്ലീഷ് സാഹിത്യത്തിലെ വല്ല പൊട്ടോ പൊടിയോ ശരിയ്ക്കു് മലയാളത്തിലേയ്ക്കൊന്നു പരിഭാഷപ്പെടുത്താനെങ്കിലും മലയാളികൾക്കു് സാധിച്ചേയ്ക്കും. റഷ്യൻസാഹിത്യമായാൽ അതിലേയ്ക്കും സാധിക്കയില്ല എന്നൊരു മെച്ചമുണ്ടു്! ചെക്കോവ്വ് എന്നും ടർജനീവ്വ് എന്നും ഡോസ്റ്റവ്സ്കി എന്നും മററും വഴിക്കടച്ചരക്കുപോലെ മലയാളക്കരക്കാർ പറയുന്ന ആ സാഹിത്യകാരന്മാരുടെ ഒരൊററ കൃതിയിലെ ഒരൊററ ഭാഗമെങ്കിലും ഇംഗ്ലീഷു് സാഹിത്യകാരന്മാരായ തർജ്ജമക്കാർക്കുപോലും നിശ്ചയമുള്ളതല്ലത്രേ! നോക്കുക. "കാമൺ റീഡർ" എന്ന ഗ്രന്ഥത്തിൽ 'വെർജീനിയ വുൾഫ്' എന്ന വിദ്വാൻ പറയുന്നു:—

"കഴിഞ്ഞ ഇരുപതു വർഷങ്ങളായി ടോൾസ്റ്റായി ഡൊസ്റ്റവ്സ്കി, ചെക്കോവ്വ് എന്നിങ്ങനെ പേരുകൾ പറഞ്ഞു് സാഹിത്യാസ്വാദനത്തിന്നു് വായനക്കാരെ ക്ഷണിക്കുന്ന ഇംഗ്ലീഷുകാരിൽ ഒന്നോ രണ്ടോ ആളുകൾക്കു് കഷ്ടിച്ചു് റഷ്യൻഭാഷ അറിയാമെന്നേ ഉള്ളു. റഷ്യൻ സാഹിത്യകാരന്മാരുടെ കൃതികളിലെ മഹനീയതകൾ നമുക്കു് മനസ്സിലാകാനുള്ളതു് റഷ്യാഭൂഖണ്ഡം ഒരിക്കലെങ്കിലും കാണുകയോ, റഷ്യൻ ഭാഷയിൽ ഒററവാക്കുപോലും അറിയുകയോ കേൾക്കുകയോ പോലും ചെയ്തിട്ടില്ലാത്ത വിമർശകന്മാരുടെ പ്രസ്താവനകൾ മുഖേന മാത്രമാകുന്നു. ആ വിമർശകന്മാർ ചില തർജ്ജമക്കാരെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണു്. ഈ സ്ഥിതിക്കു് റഷ്യൻ ഭാഷാരീതിയെപ്പററി ഒരു വസ്തു നിശ്ചയമില്ലാതെയാണു് നാം ആ

സാഹിത്യത്തെ വില മതിക്കാൻ ആരംഭിക്കുന്നതു്. റഷ്യൻ ഭാഷയിൽ നിന്നു് ഇംഗ്ലീഷിലേക്കു് ഏതെങ്കിലും ഭാഗം പരിഭാഷപ്പെടുത്തുമ്പോൾ, മൂലഭാഷയിലെ ധ്വനിവിശേഷം വാക്കുകളുടെ ഘനം, പദങ്ങളെ പരസ്പരം ഇണക്കുന്ന സ്വാനധ്വാദി എന്നിവ ഒന്നോടെ നഷ്ടപ്പെടുന്നു. ഇങ്ങനെ ഇംഗ്ലീഷു തർജ്ജമയ്ക്കു വിധേയമാകുന്ന റഷ്യൻ സാഹിത്യകൃതികൾ കാണുമ്പോൾ, റയിൽവേ അപകടത്തിൽപ്പെട്ട മനുഷ്യരുടെ രൂപങ്ങളാണു് ഓമ്മയിൽ എത്തുന്നതു്."

സാഹിത്യകൃതികളിലൂടെ നോക്കിയാൽ നാനാമുഖങ്ങളായ കഷ്ടപ്പാടുകളിലും ദുഃഖങ്ങളിലും മുഴുകി ലോകം വെറുത്തു നടക്കുന്ന നിരാശാഭരിതരാണു് റഷ്യക്കാരെന്നു തോന്നും എന്നും, പക്ഷേ, ആ രാജ്യത്തു് ചെന്നൊന്നു നോക്കുന്നപക്ഷം അവരെപ്പോലെ ഇത്ര പ്രസന്നരും സന്തുഷ്ടരും സംതൃപ്തരും ആഹ്ലാദഭരിതരും ആത്മവിശ്വാസസമ്പന്നരും ആയി മററാരേയും കാണുകയില്ല എന്നും മറെറാരു ആംഗ്ലേയ പണ്ഡിതൻ എഴുതിയിരിക്കുന്നു.

മലയാളസാഹിത്യം സംബന്ധിച്ചാണെങ്കിൽ പരപ്പനങ്ങടിയിലോ, കായംകുളം കമ്പോളത്തിലോ നാഗമ്പടം പാലത്തിലോ, എറണാകുളത്തു് പാക്കിലോ ആലുവാമണൽപ്പുറത്തോ നിൽക്കുന്നവരെപ്പോലെയാണു് ഗോഗോൾ, പുഷ്ക്കിൻ, ലെർമൊൺടോവു് തുടങ്ങിയ വിശ്രുത റഷ്യൻ സാഹിത്യകാരന്മാരെപ്പററി മലയാളവിമർശകന്മാർ സംസാരിക്കുന്നതു്. അവരിങ്ങനെ നടത്തുന്ന പ്രചരണത്തിന്നൊത്തു് അവർക്കു് റഷ്യൻ ഭാഷാസാഹിത്യവുമായി എന്തു പരിചയമാണുള്ളതെന്നു ചോദിച്ചാൽ, ഭാമ

ഹൻ, വാമനൻ, കുന്തളൻ, രുയ്യകൻ, മമ്മടൻ, മഹിമഭട്ടൻ തുടങ്ങിയ ആലങ്കാരികന്മാരെപ്പററി മലയാളപണ്ഡിതന്മാർ അയൽപക്കക്കാരെപ്പോലെ സംസാരിക്കാറില്ലേ, എന്നൊരു ചോദ്യവും ഉണ്ടാകും. ഏതായാലും സമുദ്രതുല്യമായ വാക്പ്രപഞ്ചത്തിൽ സ്വദേശമേത്, വിദേശമേത്?

ഇംഗ്ലീഷ്, ഫ്രഞ്ച്, ഇററാലിയൻ തുടങ്ങിയ സാഹിത്യങ്ങരം ഗ്രീക്ക്, ലാററിൻ മുതലായ ഭാഷകളുടെ സുവർണ്ണകാലങ്ങളിലെ കൃതികളിൽ പററിപ്പിടിച്ച് അഭിവൃദ്ധി നേടിയ കാലത്തൊന്നും റഷ്യയ്ക്കു് പറയത്തക്ക ഒരു സാഹിത്യമേ ഇല്ലായിരുന്നു. അഥവാ, റഷ്യൻ സാഹിത്യചരിത്രം റഷ്യൻ ദേശചരിത്രവുമായി അഭിന്നതയിൽ കഴിഞ്ഞിരുന്നു. സാർഅലക്സാണ്ടർ ഒന്നാമൻ, നിക്കോലസ്സ് ഒന്നാമൻ, അലക്സാണ്ഡർ രണ്ടാമൻ, മൂന്നാമൻ, നിക്കലസ്സ് രണ്ടാമൻ എന്നിങ്ങനെ പഞ്ചമഹീപതിമാരുടെ ഭരണകാലഘട്ടമായ 1815 മുതൽ 1917 വരെയുള്ള ഒരൊററ ശതവഷത്തിനുള്ളിലാണ് റഷ്യൻ സാഹിത്യത്തിന്റെ ഉദയവും അഭിവൃദ്ധിയും. സുപ്രസിദ്ധമായ നെപ്പോളിയൻ പരാജയം, റഷ്യൻ സാമ്രാജ്യത്തിനുള്ളിലെ അടിമത്ത ദൂരീകരണം, സമസ്ത സ്ഥാപനാവിശ്വാസത്തേയും, സകല സ്ഥാപന ശുദ്ധീകരണത്തേയും ലാക്കാക്കിയുള്ള പുനരുജ്ജീവനപ്രധാനമായ 'ശൂദ്ധശൂന്യതാപ്രസ്ഥാനം,' വ്യാവസായികവും സാമ്പത്തികവും ആയ അഭിവൃദ്ധി, മഹാവിപ്ലവം, 'ബോൾഷവിസം' എന്നിങ്ങനെ ആ ഭൂഖണ്ഡത്തിന്നു് മററു യൂറോപ്യൻ ഏഷ്യാഭൂവിഭാഗങ്ങളെ അപേക്ഷിച്ചു മിന്നൽവേഗത്തിൽ മുന്നോട്ടു കയറുവാൻ സാധിച്ചു. പത്തൊൻപതാം ശതവർഷത്തിൻെറ ആദ്യഘട്ടം മുതൽ ഇരുപതാം

ശതവർഷത്തിന്റെ ആദ്യഭാഗം വരെയുള്ള ഈ ഒരു നൂറു വർഷം റഷ്യയിലെന്നപോലെ ആധുനികലോകത്തു് ഒരു രാജ്യത്തിലും ഇത്രത്തോളം മാററത്തിന്മേൽ മാററം വരുത്തുവാൻ ശക്തമായില്ല. മതം, മതവിശ്വാസം, മതവിശ്വാസ ദാസ്യം എന്നിവ വേരോടെ പിഴുതെറിയപ്പെട്ടു. രാജ്യകാര്യത്തിലെ അസ്വാതന്ത്ര്യം, അസമത്വം, അനീതി എന്നിവ ആസകലം തുരത്തപ്പെട്ടു. സാമ്പത്തികമായി നിമിഷം പ്രതി ജനസഞ്ചയം ഉന്നതിയിലേയ്ക്കു് ഇരച്ചുകയറി, സാമുദായികമായ പരിഷ്ക്കാരപടലികളിന്മേൽ പരിഷ്ക്കാരപടലികരം രൂപീകൃതങ്ങളായി. വ്യവസായം സംബന്ധിച്ച അഭിവൃദ്ധി അങ്ങേഅററത്തെ നിലയിൽ എത്തി. വിപ്ലവമനോഭാവം നാട്ടുകാരിൽ ഉണ്ടാകാനും അഭിവൃദ്ധിപ്പെടാനും പരിതഃസ്ഥിതികരം അത്യന്തം അനുകൂലങ്ങളായി. ഒടുവിൽ ഒന്നാം ലോകമഹായുദ്ധകാലത്തു് നാടൊട്ടുക്കു് യുദ്ധത്തിന്നു് വിപരീതമായിനിന്ന കാലഘട്ടത്തിലെ ഭരണം ശുദ്ധമേ അവതാളത്തിൽ കലാശിച്ചു. ഭക്ഷ്യസാധനങ്ങളുടെ ദാരിദ്ര്യംകൊണ്ടു് എരിപൊരിക്കൊണ്ടു ബന്ധുക്കളെപ്പററി അറിഞ്ഞു പട്ടാളക്കാർ തോക്കു് കൈകൊണ്ടു തൊടുകയില്ലെന്നു ശഠിച്ചു. ഭരണാധിപത്യം തകക്കുവാൻ തയ്യാറെടുത്തവക്കു് സേനയുടെ ഈ പിൻതിരിയൽ വളരെ സഹായമായി. ജമ്മനിയിൽ ഉദയംകൊണ്ട മാർക്സ് സിദ്ധാന്താഗ്നിബാണം ലെനിൻ എന്ന മഹാപുരുഷന്റെ പ്രത്യേകപ്രയത്നത്താൽ പ്രഭുക്കന്മാരേയും രാജാധിപത്യക്കാരേയും മുതലാളന്മാരേയും ചാമ്പലാക്കി. റഷ്യാഭൂഖണ്ഡം ഒരു നവപ്രസവത്തിൽനിന്നുണ്ടായ ശിശുവിന്നൊപ്പം വേണ്ട വൈഭവം നേടി.

ഈ കോലാഹലങ്ങളോടൊത്തു വളൎന്ന ഒരു സാഹിത്യത്തിൻെറ കഥ പറയേണ്ടതുണ്ടോ ? പുഷ്കിൻലെർമെൺടവ്, ഗോഗോൾ, ടാൾസ്റ്റായി, ചെക്കോവ് മിഖയിൽ ഷോൽക്കോവ്, മയാക്കോവ്സ്കി, ഡോസ്റ്റവ്സ്കി മാക്സിം ഗോർക്കി തുടങ്ങിയ ഗംഭീരന്മാരുടെ ഒരു സാഹിത്യം കത്തുന്ന ജീവൻെറ എണ്ണയെന്നവിധം അവിടെ അഭിവൃദ്ധി നേടി. ഈ സാഹിത്യം ഒടുവിലൊടുവിൽ റഷ്യാഗവൺമെൻറിൻെറ 'ഗസററു സാഹിത്യം' എന്ന നിലവരെ എത്തുകയുണ്ടായി. ഭരണനീതിക്കു മാർക്സിദ്ധാന്തങ്ങൾ അടിസ്ഥാനമായപോലെ തന്നെ സാഹിത്യത്തിന്നും ആദിമൂലസ്വരൂപം ആ മാർക്സ് സിദ്ധാന്തം തന്നെ എന്നു് വന്നുചേൎന്നു. മിഖയൽ ലിഫ്ഷിററ്സ്, വീകെമ്നവ്, ന്യൂസിനവ്വ്, ഫ്യൂഡർ ലെവിൻ, മാർക് റോസൻഥാൾ മുതലായ വിമൎശക വീരന്മാർ സാഹിത്യത്തിലെ മാർക്സിദ്ധാന്തമൂൎത്തിയുടെ സ്വരൂപം വ്യക്തമാക്കി. 'നിക്കാലോനിക്ററിൻ' എന്ന റഷ്യൻ സാഹിത്യാഭിമാനിയുടെ വാക്കുകൾ വിശ്വസിക്കുവാൻ തയ്യാറുണ്ടോ? അങ്ങനെയാണെങ്കിൽ ദേശാഭിമാനത്തിന്റെ തികവ്, സമുദായബോധത്തിൻെറ മികവ്, ലോകക്ഷേമനിയന്ത്രണത്തിൻെറ അയവ്, എന്നിവയ്ക്കു് റഷ്യൻ സാഹിത്യം പോലൊരു സാഹിത്യം ലോകത്തില്ല എന്നു കാണാം. എന്നാൽ ആ സാഹിത്യത്തെപ്പററി ലിയോൺ ട്രാട്സ്ക്കി എന്ന വിപ്ലവപ്പടത്തലവൻ എന്തുപറഞ്ഞിട്ടുണ്ടു് എന്നും കൂടെ നോക്കാം:—

1938 ആഗസ്ററു സെപ്റ്റംബറിലെ 'പാർട്ടിസാൻ റിവ്യൂ' എന്ന മാസികഗ്രന്ഥത്തിൽ ലിയോൺ ട്രാട്സ്ക്കി

പ്രസ്താവിക്കുന്നതായി മി: ഡീ. എസ്സ്. സാവേജ്ജ് ഉദ്ധരിക്കുന്നതു് നോക്കുക:—

"കലകളെ അടിസ്ഥാനതത്വം ആസ്പദമാക്കി പരിശോധിക്കുമ്പോൾ അവ, സിരകളുടെ പ്രവൎത്തനഫലങ്ങളും, തന്മൂലം പരിപൂൎണ്ണമായ ആത്മാൎത്ഥതയിൽ മാത്രം നിൎവ്വഹിക്കപ്പെടേണ്ടവയും ആകുന്നു. സ്വേച്ഛാപ്രഭുത്വത്തിൽ കഴിയുന്ന രാജാക്കന്മാരുടെ സദസ്സുകളിൽപോലും കലകൾ ആദൎശാത്മകത്വത്തിലാണു പ്രതിഷ്ഠിതങ്ങളായി കാണുന്നതു്, വെറും പൊളികളിൽ.അല്ല. എന്നാൽ സോവിയററ് യൂണിയനിലെ ഉദ്യോഗസ്ഥനിയന്ത്രിതങ്ങളായ കലകളാകട്ടെ—അവിടെ അപ്രകാരം ഉദ്യോഗസ്ഥന്മാരുടെ കൈകാൎയ്യകൎത്തൃത്വത്തിലല്ലാതുള്ള കലകൾ ഇല്ലതന്നെ-വെറും കളവുകളിലും കബളിപ്പുകളിലും പ്രതിഷ്ഠിതങ്ങളായിരിക്കുന്നു. അവിടെ നീതിന്യായം നടത്തലിന്റേയും കലകളുടേയും ലക്ഷ്യം ജനനായകനെ പൊക്കിക്കാട്ടുക, അയാളെപ്പററി മഹദാരാധനായോഗ്യമെന്നവിധം കെട്ടുകഥകൾ ഉണ്ടാക്കുക എന്നിവയാകുന്നു. ഇത്തരം ശുദ്ധമൎയ്യാദകേടുകൾ മനുഷ്യസമുദായചരിത്രത്തിൽ മറെറങ്ങും തന്നെ കാണുകയില്ല."

"സോവിയററുരഷ്യയിലെ ഗദ്യമാകട്ടെ, പദ്യമാകട്ടെ, കഠിനമായ അറപ്പും വെറുപ്പും കൂടാതെ വായിക്കുക കേവലം അസാദ്ധ്യം തന്നെ. ജൎമ്മൻ തോക്കുകളും ധരിച്ചു നിൽക്കുന്ന ഉദ്യോഗസ്ഥനിയന്ത്രകന്മാരുടെ മേൽനോട്ടത്തിൽ തൂലിക, വൎത്തിക, കൎത്തിക എന്നിവ വഹിക്കുന്ന ഉദ്യോഗസ്ഥ കലാകാരന്മാരുടെ രചനാഫലമായ ചിത്ര

ങ്ങളാകട്ടെ, ശില്പങ്ങളാകട്ടെ കാണുകയെന്നതും അതു പോലെ അറപ്പും വെറുപ്പും കൂടാതെ പ്രയാസം തന്നെ."

റഷ്യൻ വിപ്ലവകാലത്തു് സ്റ്റാലിന്നു് തുല്യമോ കൂടു തലോ ആയ സ്ഥാനമുണ്ടായിരുന്ന നേതാവും, ലെനിന്റെ സ്നേഹവിശ്വാസങ്ങൾക്കു് പാത്രീഭവിച്ച ദേഹവും ആയ ലിയോൺ ട്രോട്സ്കി തക്ക അടിസ്ഥാനം കൂടാതെ ഇങ്ങ നെ പ്രസ്താവിക്കുമോ എന്നു സംശയമുള്ളവൎക്കു് റഷ്യൻ ഭാഷ നോക്കി നിശ്ചയിക്കാമെന്നു കരുതാനും നിവൃത്തി യില്ല. എന്നാൽ റഷ്യൻ സാഹിത്യചരിത്രം ഒന്നുരണ്ടു തവണ രചിച്ചിട്ടുള്ളയാളും, റഷ്യൻ സാഹിത്യകാരന്മാരുടെ സ്ഥാനനിൎണ്ണയകാൎയ്യത്തിൽ ഒരു പ്രാമാണികനും ആയ ആണറബിൾ മൊറേസ് ബെയറിങ്ങ് എന്ന മാന്യൻ റഷ്യൻ സാഹിത്യകാരന്മാരുടെ സ്വാതന്ത്ര്യവിലാസത്തോ ടുകൂടിയ സങ്കുചിത ഹൃദയത്തേയും അസ്വാതന്ത്ര്യത്തേയും 'കീൎത്തിച്ചിരിക്കുന്നതു്' നോക്കുക:—

റഷ്യയിൽ, ഇന്നും സാഹിത്യവിമൎശനം പത്രപ്രവ ൎത്തനരീതിയനുസരിച്ചു തന്നെയാണു്. ഇതിന്നു വ്യത്യസ്തത കൾ ഉണ്ടായിട്ടില്ലെന്നോ ഉണ്ടാകുന്നില്ലെന്നോ പറയുന്നില്ല. വോളിൻസ്കി, മെർഷക്കോവ്സ്കി, മുതലായ ഉജ്വല നാമധേയങ്ങൾ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. എന്നാൽ, പൊതുവേ പറയുന്നപക്ഷം, സാഹിത്യകാരന്മാർ രാജ്യ കാൎയ്യപരമായി ഏതു കക്ഷിയിൽ ഉൾപ്പെടുന്നു എന്നതാ ണു് പ്രധാന പ്രശ്നം. വിദേശങ്ങളിലെ പത്രമാസികാദി കളിൽ, അവയുടെ രാജ്യകാൎയ്യപരമായ ചായ്പുകളോടുള്ള അതൃപ്തിനിമിത്തം യാതൊരു ലേഖനസഹായവും ചെയ്യു

യില്ല എന്നു ശഠിക്കുന്ന അനവധി റഷ്യൻ രാജ്യകാര്യ പ്രവൎത്തകരായ സാഹിത്യകാരന്മാരെ എനിക്കറിയാം. ഇംഗ്ലീഷ് വിമൎശനപ്രധാനങ്ങളായ പ്രസിദ്ധീകരണങ്ങളിൽ അങ്ങനെ രാജ്യകാര്യപരമായ പ്രത്യേകതകൾ ഇല്ലെങ്കിലും കഥ ഇതുതന്നെ. നിങ്ങളുടെ അഭിപ്രായത്തോട് അത്രതന്നെ നിരപ്പില്ലാത്ത അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ലേഖനസഹായം ചെയ്യുകയില്ല എന്നു ശഠിക്കുന്നതുപോലെ ഒരു സങ്കുചിത ഹൃദയത്വം കേൾക്കാനുണ്ടോ ? ഇതിന്നൊക്കെ കാരണം, മറെറന്തെല്ലാം സ്വാതന്ത്ര്യങ്ങൾ റഷ്യയിൽ ഉണ്ടായിരുന്നാലും, രാജ്യകാര്യപരമായ സ്വാതന്ത്ര്യം ഇല്ല എന്നതു തന്നെ. ജനസമ്മേളനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിൻെറ കഥയും മേൽപ്പടിതന്നെ. മനസ്സാക്ഷിയനുസരിക്കാനുള്ള സ്വാതന്ത്ര്യം അവിടെ കഷ്ടിച്ചു ചിലൎക്കൊക്കെ ഉണ്ടെന്നേ ഉള്ളു. അനേകവിധത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ട് പത്രസ്വാതന്ത്ര്യത്തിന്നു വലിയ വിഘ്നങ്ങൾ അവിടെ വരുത്തിക്കൂട്ടുന്നു. രാജ്യകാര്യപരമായ സ്വാതന്ത്ര്യസമ്പാദനത്തിന്ന് ഏതു ക്ലേശങ്ങൾ സഹിക്കുവാനും അവിടെ ഇന്നും, അനവധി സാഹിത്യകാരന്മാർ മുന്നോട്ടിറങ്ങുന്നുണ്ട്."

റഷ്യയിലെ ഈ പത്രസ്വാതന്ത്ര്യമില്ലായ്മ നമുക്ക് പക്ഷേ പുത്തരിയാകാം. എന്നാൽ കാര്യം ഏതാണ്ട് പരമാൎത്ഥമാണെന്നുള്ള സംശയം പ്രബലീഭവിക്കുമോ ഇല്ലയോ എന്നു നോക്കുക. അമ്മേരിക്കയിലെ വാൎത്താവിതരണ ഏജൻസിവക ഡയറക്ടരായ മി: കെൻറുകൂപ്പർ

റഷ്യയേയും പത്രസ്വാതന്ത്ര്യത്തേയും പററി ഇങ്ങനെ പറയുന്നു:—

"റഷ്യയൊഴിച്ച് ലോകത്തുള്ള സകല രാജ്യങ്ങളിലും ഭേദംകൂടാതെ പത്രസ്വാതന്ത്ര്യം അനുവദിച്ചു കാണ്മാൻ റഷ്യയ്ക്കു് വളരെ സന്തോഷമുണ്ടു്."

പത്രസ്വാതന്ത്ര്യത്തെപ്പററിയുള്ള ആശയയുദ്ധം ഇങ്ങനെ നിൽക്കുന്നില്ല. അമ്മേരിക്കൻ വാർത്താവിതരണവകുപ്പദ്ധ്യക്ഷൻെറ പ്രസ്താവനയുടെ സാധുത്വം പരിശോധിക്കാൻ മറെറാരു പ്രസ്താവന താഴെ കൊടുക്കട്ടെ:—('ന്യൂയാക്ക് ട്രിബ്യൂൺ' എന്ന പത്രത്തിന്റെ അധിപരായ അമ്മേരിക്കൻ പണ്ഡിതൻ എഴുതുന്നു:—

"സ്വതന്ത്രമായ ഒററപ്പത്രം പോലും അമ്മേരിക്കയിൽ എങ്ങും ഇല്ലെന്നുള്ളതു് നിങ്ങൾക്കും അറിയാം. എനിക്കും അറിയാം. പത്രാധിപരുദ്യോഗത്തിന് എനിക്ക് ആഴ്ചതോറും 150 ഡാളർ ലഭിക്കുന്നുണ്ടെങ്കിൽ അതു എൻെറ സ്വന്തം അഭിപ്രായം പുറമെ കാട്ടാതിരിക്കുവാൻ എനിക്കു ലഭിക്കുന്ന കൈക്കൂലി മാത്രമാണ്."

എന്നാൽ അമ്മേരിക്കയുടെയാകട്ടെ, റഷ്യയുടെയാകട്ടെ, പത്രസ്വാതന്ത്ര്യജ്വരത്തിൻെറ താഴ്ചയുയർച്ചകൾ നിർണ്ണയിക്കുക എന്നതല്ല, നമ്മുടെ ഉദ്ദേശം. അഭിപ്രായഭിന്നിതകളുടേയും ആശയപ്പോരാട്ടങ്ങളുടേയും സ്വഭാവം ഇന്ന വിധമാണു് എന്നു കാണിക്കുവാൻ മാത്രം ഇത്രയും പ്രസ്താവിച്ചു എന്നേ ഉള്ളു.

പത്രസ്വാതന്ത്ര്യമോ, സാഹിത്യമോ, രാജ്യകാര്യമോ, മതമോ, സാമ്പത്തികവ്യവസ്ഥയോ, വ്യവസായവൽക്കരണ

മോ, ശാസ്ത്രസിദ്ധാന്തമോ, കലാപരമാർത്ഥമോ മാത്രമല്ല, ലോകത്തു കാണുന്ന സകലത്തും ഭിന്നഭിന്നാഭിപ്രായങ്ങളാണു് ഭരിക്കുന്നതു്. ദേശം, കാലം, അഭിരുചി എന്നീ ഉപാധികളെ ആശ്രയിച്ച ഈ ഭിന്നതനിമിത്തം എന്തെല്ലാം കോലാഹലങ്ങളാണു ലോകത്തു് ഉണ്ടായിട്ടുള്ളതു്! അഭിപ്രായഭിന്നതകൾ ഇങ്ങനെ അസംഖ്യമാകുമ്പോൾ ഏതു സ്വീകരിക്കണം ഏതു ത്യജിക്കണം എന്ന കാര്യത്തിൽ മനുഷ്യർക്കു തിരിച്ചറിവുണ്ടെന്നു പറയുന്നു. ഈ തിരിച്ചറിവു് അനുസരിച്ചു് ഓരോ അഭിപ്രായം പരിശോധിച്ച സ്വീകരിക്കുന്നതാണു് ആദർശപരമായ രീതി. എന്നാൽ അത്ര ബുദ്ധിമുട്ടു കഴിക്കാത്ത മറെറാരു രീതിയുണ്ടു്. അഭിപ്രായങ്ങളുടെ സാധുതാപരിശോധനയ്ക്കു് പലപ്പോഴും ബഹുജനങ്ങൾക്കു് സൗകര്യപ്പെടാറില്ല. അതിനാൽ തങ്ങൾക്കു് ഇഷ്ടമുള്ള ആളുകളുടെ അഭിപ്രായംതന്നെ സ്വന്തം അഭിപ്രായമായി ജനങ്ങൾ കരുതുന്നു. അഭിപ്രായങ്ങൾ ഓരോരുത്തരും ഏതു സമയത്തും മാററാനും പുതിയ അഭിപ്രായം കൈക്കൊള്ളാനും സാധാരണ, മടിക്കാറില്ല. ഇതിലേയ്ക്കു പല കാരണങ്ങൾ ഉണ്ടാകാമെങ്കിലും തങ്ങൾക്കു് ഇഷ്ടമുള്ളവരുടെ കണ്ണുനീരുകൊണ്ടോ, ചിരിയും സന്തോഷവും കാണ്മാനുള്ള കൗതുകം കൊണ്ടോ, ശ്രമംകൊണ്ടോ, ക്ഷീണംകൊണ്ടോ, ബുദ്ധിശൂന്യതകൊണ്ടോ, വിരോധം കൊണ്ടോ, ദാരിദ്ര്യം കൊണ്ടോ, സമ്പത്തുകൊണ്ടോ, പ്രലോഭനം കൊണ്ടോ, ദ്വേഷം കൊണ്ടോ ഭാവം കൊണ്ടോ പല കാരണങ്ങളാലും ആകാം.

ഇപ്രകാരമോ ഏകദേശം ഇപ്രകാരമോ ഉള്ള പരിതഃസ്ഥിതികളിൽ കേരളസാഹിത്യലോകത്തു ഉദയംചെയ്ത

കാണുന്ന പുരോഗമനസാഹിത്യം എന്ന ആ വിചിത്രശാഖയെപ്പററി ചില അഭിപ്രായങ്ങൾ പറപ്പെട്ടവിക്കാനും മററു ചില അഭിപ്രായങ്ങൾ പരിശോധിക്കാനും ഈ ഗ്രന്ഥത്തിൽ ഉദ്യമിക്കുന്നതു് നിശ്ശേഷം നിഷ്പക്ഷപാതം എന്ന ആദശം മുൻനിറുത്തിയാണു്. എങ്കിലും മനുഷ്യസാധാരണങ്ങളായ കുറവുകൾ അധികം എത്തിപ്പോകാതിരിപ്പാൻ ബഹുജനങ്ങളുടെ കാരുണ്യം പ്രതീക്ഷിച്ചുകൊള്ളട്ടെ.

---

## അദ്ധ്യായം 2.

---

"അഖിലഭാരതപുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ പ്രാദേശികമായ ഒരു ശാഖയാണു് കേരളത്തിലെ പുരോഗമനസാഹിത്യസംഘടനം. അഖിലഭാരതപ്രസ്ഥാനമാകട്ടെ, ലോകം ഒട്ടുക്കും ഉള്ള ഒരു സാഹിത്യപ്രസ്ഥാനത്തിൻെറ ഒരു കൈവഴിയും ആണു്. ഇക്കാര്യം വിസ്മരിച്ചു കൊണ്ടാണു് പലരും ഈ പ്രസ്ഥാനത്തെ വിമശ്നം ചെയ്തു കാണുന്നതു്" എന്നു പുരോഗമനസാഹിത്യഘടന സംബന്ധിച്ച സമ്മേളനത്തിലെ സ്വാഗതപ്രസംഗകത്താവു് നെററിയൊന്നു ചുളിച്ചു്, ചെറിയൊരു മന്ദഹാസത്തോടെ തെല്ലൊരു പുച്ഛരസത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ഈ പ്രസ്താവന കേരളീയപുരോഗമനസാഹിത്യത്തെ സാധൂകരിക്കാൻ ഉള്ള ഒരു ശ്രമമാണു്. എന്നാൽ സ്വാതന്ത്ര്യകേരളത്തിൻെറ ഒരു സാഹിത്യമെന്ന നിലയിലാ

ണ് ഇങ്ങനെ ഒരു സാഹിത്യം ഉദയം ചെയ്തിരുന്നതെങ്കിൽ ആ സ്വാതന്ത്ര്യം പ്രമാണിച്ച ഒരു വിലയെങ്കിലും സിദ്ധിക്കുമായിരുന്നു. സ്വാതന്ത്ര്യം നഷ്ടപ്പെട്ടാലും അന്തസ്സു പരിപാലിക്കാമല്ലോ എന്ന വിധത്തിലാണ് 'കേരളപുരോഗമനസാഹിത്യം' 'ഭാരതപുരോഗമനസാഹിത്യ'ത്തിന്റെ മാതൃക തേടിപ്പോകാനും അതുകൊണ്ടും ബലം പോര എന്നു സംശയിച്ച് 'ലോകം ഒട്ടുക്കുള്ള സാഹിത്യപ്രസ്ഥാനത്തിന്റെ കൈവഴിയാണ്' എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

ശ്രമിക്കട്ടെ; ഏതൊരു കേരളീയനും അഭിമാനിക്കാനുള്ള ഒരു കാര്യമാണ് ഭാരതത്തിന്റെ അനുകരണം. വിശേഷിച്ചു ലോകം ഒട്ടുക്കുള്ള ഒരു സാഹിത്യം മലയാളത്തിന്ന് അപരിചിതം എന്നു വന്നാൽ അതൊരു പോരായ്മയും ആണ്. അതു കൊണ്ട് കേരളത്തിലെ പുരോഗമനം "അഖിലഭാരത പുരോഗമനസാഹിത്യ സംഘടന"യുടേയോ, "ലോകം ഒട്ടുക്കുള്ള സാഹിത്യസംഘടന"യുടേയോ, ഒരു കൈവഴി ആണെങ്കിൽ ആദരണീയംതന്നെ. എന്നാൽ ആ വിധം ഒരാൾ പറഞ്ഞതുകൊണ്ടായില്ല. മറ്റൊരാൾ പറയുന്നതു് കണ്ണും ചിമ്മിവിശ്വസിക്കാൻ പണ്ടും ആരും തയ്യാറായില്ല. ഇന്നും ഇല്ല. അതുകൊണ്ടു് അതൊന്നു പരിശോധിക്കണം.

"അഖിലഭാരതപുരോഗമന സാഹിത്യസംഘടന" യുടെ സ്വഭാവവും സിദ്ധാന്തങ്ങളും എവിടെപ്പോയി കണ്ടുപിടിക്കാം എന്നു ക്ലേശിക്കേണ്ടതില്ല. ആ സംഘടനയ്ക്കു ഒരു മാതൃക വഹിക്കുന്നതായി കേരളത്തിലെ പുരോഗമനസാ

ഹിത്യകാരന്മാർ അംഗീകരിക്കുന്നതു് ബംഗാൾ പുരോഗമനസാഹിത്യ സംഘടനയെ ആയിരിക്കുമല്ലോ ബംഗാൾ പുരോഗമനസാഹിത്യ സംഘടന കേരളപുരോഗമന സാഹിത്യ സംഘടനയ്ക്കു് ഒരു സന്ദേശം അയച്ചിട്ടും ഉണ്ടു്. ആ സന്ദേശത്തിൽ നിന്നും "ഭാരതപുരോഗമനസാഹിത്യസംഘടന"യുടെ സ്വഭാവം ഏകദേശം ഊഹിക്കാം. ആ ഭാഗം നോക്കുക തന്നെ:—

"മനുഷ്യസമുദായത്തെ എല്ലാത്തരത്തിലുള്ള മർദ്ദനങ്ങളിൽ നിന്നും, പക്ഷഭേദങ്ങളിൽ നിന്നും, സംസ്കാരത്തിനു ഇന്നു നേരിട്ടിരിക്കുന്ന ജീർണ്ണിച്ച അധഃപതനത്തിൽ നിന്നും മോചിപ്പിക്കുക എന്ന, ലോകത്തിലെ എല്ലാ മഹാന്മാരായ ബുദ്ധിജീവികളുടേയും സാഹിത്യകാരന്മാരുടേയും പൊതുലക്ഷ്യത്തിലെത്താൻ നിങ്ങളുടെ ഈ സമ്മേളനം വളരെയൊക്കെ പ്രയോജനപ്പെടുമെന്നു് ഞങ്ങൾ ആശിക്കുന്നു".

ബംഗാൾ പുരോഗമനസാഹിത്യക്കമ്മിററിയുടെ ഈ സന്ദേശത്തിൽ നിന്നു് അവർ പുരോഗമന സാഹിത്യത്തിന്റെ ലക്ഷ്യമായി കരുതിയിരിക്കുന്നതു് ഇന്നതാണെന്നു് വെളിപ്പെടുന്നുണ്ടു്. അതായതു്, (1) മനുഷ്യസമുദായത്തെ എല്ലാ തരത്തിലുള്ള മർദ്ദനങ്ങളിൽ നിന്നും വിമോചിപ്പിക്കുക (2) മനുഷ്യസമുദായത്തെ എല്ലാത്തരത്തിലുള്ള പക്ഷഭേദങ്ങളിൽ നിന്നും വിമോചിപ്പിക്കുക. (3) സംസ്കാരത്തിന് ഇന്നു നേരിട്ടിരിക്കുന്ന ജീർണ്ണിച്ച അധഃപതനത്തിൽ നിന്നും മോചിപ്പിക്കുക. ഇങ്ങനെയാണു് മൂന്നു ഉന്നങ്ങൾ. എത്രയോ അഭികാമ്യവും മഹനീയവും ആയ ഉദ്ദേശ്യങ്ങൾ. ആ പുരോഗമനസാഹിത്യ സംഘടന ഉട

ലെട്ടത്തതോ ? അടുത്തകാലത്തു നടമാടിയ അതിഘോര മായ ക്ഷാമത്തിന്റേയും അനേകായിരം ജനങ്ങളുടെ കഠിന വിപത്തുകളുടേയും ജീവനാശങ്ങളുടേയും രംഗമായിരുന്ന ബംഗാളിൽ അശരണയായ സ്ത്രീ പ്രഭാതം മുതൽ സന്ധ്യാ സമയം വരെ പട്ടിണിയായി കഴിച്ചുകൂട്ടി തന്റെ അരുമ സ്സന്താനങ്ങൾക്ക് വെള്ളം തിളപ്പിച്ചു കൊടുക്കുവാൻ നാഴി അരിയുമായി വീട്ടിലേക്കു മടങ്ങുന്ന വഴിയിൽ വിശ ന്നു നടന്ന ഒരുവൻ ആ ഭക്ഷ്യസാധനം പിടിച്ചുപറിച്ചു കടന്നുകളഞ്ഞതുപോലുള്ള അനവധി രംഗങ്ങൾക്ക് കാരണമായ ബംഗാളിൽ! ശവശരീരങ്ങളിൽ നിർബാധം അവകാശം സ്ഥാപിക്കുവാൻ കഴുകന്മാരും കുറുക്കന്മാരും കൂടെ പട്ടാപ്പകൽ യുദ്ധരംഗമാക്കിത്തീർത്ത അനവധി റോഡുകളോടു കൂടിയ ബംഗാളിൽ! പത്തും പന്ത്രണ്ടും നാഴിക നടന്നുചെന്ന് ഒരു നേരത്തെ ആഹാരം ലഭി ക്കുമോ എന്ന പരീക്ഷണത്തിൽ നിശ്ശേഷം തോററ് കാലിന്റെ ശക്തി നിശ്ശേഷം നശിച്ചു തിരിയെ എത്തും മുമ്പു വഴിമദ്ധ്യേവച്ച് ശരീരത്തിൽ നിന്നു ജീവൻ നഷ്ട പ്പെട്ട അനേകമനേകം സ്ത്രീജനങ്ങളുടേയും പുരുഷന്മാരു ടേയും വാസസങ്കേതമായിരുന്ന ബംഗാളിൽ ! അമ്പത്തഞ്ചു ശതമാനം പുരുഷന്മാരും നാല്പത്തിമൂന്നു ശതമാനം സ്ത്രീക ളും ആഹാരം ലഭിക്കാത്ത ഒററക്കാരണത്താൽ നഷ്ടപ്പെട്ട അഞ്ഞൂററിൽപ്പരം കുടുംബങ്ങളോടുകൂടിയ ബംഗാളിൽ ! സർ ജഗദീശപ്രസാദ്, സയ്യദ്‌ബാദുഷ, മിസസ്സ് വിജയ ലക്ഷ്മി പണ്ഡിററ്, ശ്രീ: ജീ. രാമഭദ്രൻ തുടങ്ങിയ ഭാര തീയ നേതാക്കളുടെ ഹൃദയവേദനയുടെ കാഠിന്യം വർദ്ധി

പ്പിച്ച മഹാഘോരദുരിത് സങ്കേതമായ ബംഗാൾ സംസ്ഥാനത്തിൽ!

ആ അത്യന്തം അസ്വസ്ഥമായ ഭാരതഭൂവിഭാഗത്തിലെ സാഹിത്യത്തിനുണ്ടാകേണ്ട പുരോഗമനത്തിൻെറ സ്വഭാവം എത്ര മഹനീയ രീതിയിലാണു് പ്രകാശിക്കുന്നതു് എന്നു നോക്കുക. മനുഷ്യസമുദായത്തെ മർദ്ദനങ്ങളിൽ നിന്നും പക്ഷപാതബുദ്ധികളിൽ നിന്നും വിമോചിപ്പിക്കുവാനും സംസ്കാരത്തിൻെറ ജീർണ്ണിച്ച നിലയിൽ നിന്നു് ആയതിനെ സമുദ്ധരിക്കുവാനും.

സീ. ആർ. ദാസ്സ്, സെൻഗുപ്ത, സുബാസ് ചന്ദ്രബോസ്, രവീന്ദ്രനാഥടാഗ്രർ തുടങ്ങിയ അഭിവന്ദ്യനേതാക്കന്മാരുടെ ജന്മദേശമായ ബംഗാളിലെ പുരോഗമന സാഹിത്യസംഘടനയാണത്രെ, കേരളീയ പുരോഗമന സാഹിത്യത്തിനു മാതൃക. ആ മാതൃകയിൽ ബലമായിപ്പിടിച്ചുകൊണ്ടാണു് കേരളീയ പുരോഗമനക്കാർ സംസ്കാരം ജീർണ്ണിച്ചു പോയതിനെ വാനോളം പൊക്കുവാൻ യത്നിക്കുന്നതു്. ആ ഉദ്യമത്തിൻെറ ഫലമായി നാം കാണുന്നതോ? ഏററവും മേനിയേറിയ കടലാസ്സിൽ, വമ്പിച്ച മുതലാളന്മാരായ പ്രസാധകന്മാരുടെ സ്വകാര്യസ്വത്തെന്ന നിലയിൽ അച്ചടിച്ചു വിട്ടിട്ടുള്ള പട്ടി പ്രണയവും, പൂച്ച ശൃംഗാരവും, കാളക്കാമാവേശവും, വ്യഭിചാര ഡിപ്പോകളിലെ ലൈംഗിക പ്രവർത്തനങ്ങളും, കള്ളുഷാപ്പുകളിലേയും കഞ്ചാക്കടകളിലേയും ചാരായശാലകളിലേയും കൂട്ടക്കുഴപ്പങ്ങളും ആണു്! അതേ; മദ്യഷാപ്പുകളിലെ വില്പനക്കാരികളായ തരുണികളെപ്പിടിച്ചു മടിയിലിരുത്തി മാസ്സവഴക്കുഷ

ങ്ങൾ കൊണ്ടും കൊടുത്തും കഴിയുന്നതു പോലുള്ള രംഗ ങ്ങൾ.

മലയാളവായനക്കാരൻ ഇവിടെയാണ് അമ്പരന്നു പോകുന്നത്. പുരോഗമന സാഹിത്യമോ ? സാഹിത്യ പുരോഗമനമോ ? ഇതോ ? ഇത് ഏതു തരത്തിലുള്ള പുരോഗമനമാണ് ! എന്നൊക്കെയുള്ള സംശയങ്ങൾ തോ ന്നിപ്പോകാം. ഇതാണോ ഭാരതപുരോഗമന സാഹിത്യ സംഘടന ചൂണ്ടിക്കാട്ടിയ മാതൃക ? ആ മാതൃകയെന്നു പേരും പറഞ്ഞ് അറപ്പും വെറുപ്പും തോന്നിക്കുന്ന കഥക ളും കവിതകളും അവയെയൊക്കെ താലോലിക്കാൻ, ദേവ ദാസിയാട്ടത്തിലെ നട്ടുവ സ്ഥാനം കൈയ്യേല്ക്കുന്ന അഭി നന്ദനപടലികളും ! എന്താണ് ഇങ്ങനെയൊരു നില വന്നു ചേരാൻ കാരണം ? പ്രത്യക്ഷത്തിൽ കാണുന്ന ഈ അയുക്താഭാസത്തിന്ന് എന്താണ് ഹേതു ? എന്നാലോ ചിക്കുമ്പോൾ മാത്രമാണ്, മലയാളത്തിലെ പുരോഗമന സാഹിത്യം "ലോകം ഒട്ടുക്കുള്ള ഒരു സാഹിത്യപ്രസ്ഥാന ത്തിൻെറ ഒരു കൈവഴിയാണ്" എന്ന് മുമ്പ് ചൂണ്ടിക്കാ ണിച്ച വസ്തുത ഓർമ്മയിൽ എത്തുന്നത്.

ലോകം ഒട്ടുക്കുള്ള ഒരു പുതിയ സാഹിത്യപ്രസ്ഥാ നം മലയാളികൾക്കു മാത്രം യാതൊരു പരിചയത്തിലും എത്തിയിട്ടില്ല എന്നു വന്നാൽ അതൊരു പോരായ്മ തന്നേ യാണല്ലോ. എന്നാൽ "ലോകം ഒട്ടുക്ക്" എന്നു പറയു മ്പോൾ സംസ്കൃതം, ഗ്രീക്ക്, ലാററിൻ, അറബി, പേഴ് സ്യൻ, ചൈന, ജപ്പാൻ എന്നീ സാഹിത്യങ്ങൾ കൂടെ ഉൾപ്പെടുകയില്ലേ ? എന്നു ചോദ്യം. ഇല്ല, എന്നുത്തരം.

കാരണം എന്തെന്നല്ലേ? രണ്ടാം ലോകമഹായുദ്ധം അരങ്ങെത്തു് എത്തിയതോടുകൂടി 'ലോകം' എന്ന വാക്കിന്റെ അർത്ഥം വ്യാപിച്ചു വ്യാപിച്ചു യൂറോപ്പു ഭൂഖണ്ഡം എന്നതുവരെ എത്തിയിട്ടുണ്ടു്. ആ വികാസം അത്രകൊണ്ടും നില്ക്കാതെ, സാഹിത്യ സംബന്ധമായിപ്പറയുമ്പോൾ പാരീസ്സു പട്ടണം വരെ വ്യാപിക്കുന്നു. അതായത്തു് ഇന്നത്തെ യൂറോപ്യൻ പ്രധാന നഗരികളായ പാരിസ്സ്, ലണ്ഡൻ, മാസ്കോ എന്നിവിടങ്ങളിൽ പ്രചരിക്കുന്ന സാഹിത്യം, ഇന്നു പ്രചരിക്കുന്ന സാഹിത്യം. പാരിസ്സിൽ ക്രിസ്തുവർഷം പത്തൊൻപതാം ശതവർഷത്തിന്റെ മദ്ധ്യത്തിൽ ഗദ്യശാഖ സംബന്ധിച്ചും, ഇററലി, ജർമ്മനി, റഷ്യ എന്നിവിടങ്ങളിൽ ഇരുപതാം ശതവർഷത്തിന്റെ ആരംഭത്തിൽ സാഹിത്യശാഖ സംബന്ധിച്ചും ഉണ്ടായ പുരോഗമന രീതികളുടെ 'അടയാളസഹിതം' എടുത്ത പകപ്പാണു് കേരളത്തിലെ ഇന്നത്തെ പുരോഗമനസാഹിത്യം എന്നു കരുതി സമാധാനപ്പെടണം!

ഈ യൂറോപ്യൻ സാഹിത്യത്തിന്റെ സ്വഭാവം, അത്തരം സാഹിത്യം അവിടെ പ്രചരിക്കാൻ ഇടയായ പരിതഃസ്ഥിതികൾ എന്നിവയെപ്പററി ഈ സന്ദർഭത്തിൽ തെല്ലൊന്നാലോചിക്കാതെ തരമില്ല. എന്നാൽ ആ വിധത്തിലുള്ള ഒരു യൂറോപ്യൻ സാഹിത്യത്തിലെ സൂക്ഷ്മമായ അന്വേഷണംകൊണ്ടു് മലയാളവായനക്കാർക്കു് മുമ്പേ തന്നെ ക്ലേശകരമായ ജീവിതത്തെ കൂടുതൽ ക്ലേശത്തിലേക്കു് നയിക്കാം എന്നേ ഉള്ളൂ. അതിനാൽ യൂറോപ്പിലെ സാഹിത്യം ഇന്നലെ എങ്ങനെയായിരുന്നു, ഇന്നെ

THE KOTTAYAM PUBLIC LIBRARY, KOTTAYAM.

ങ്ങനെ, നാളെ ഏതു വിധത്തിലെല്ലാം എത്താൻ പോകുന്നു എന്നതിനെക്കാൾ മലയാള സാഹിത്യത്തെ യൂറോപ്യൻ സാഹിത്യത്തിലെ പല പുതിയ ദശാസന്ധികളോടും തൊട്ടുത്തി നമ്മുടെ സാഹിത്യത്തിന്നു് ഒരു 'അന്തർദ്ദേശീയത്വം' എങ്ങനെ, ആർ വരുത്തിവെച്ചു എന്നുള്ള അന്വേഷണമാണ് കൂടുതൽ ആവശ്യകം. ആ അഖിലലോകബന്ധസ്ഥാപനം കൊണ്ടു് പണ്ടു് നിത്യസുഭിക്ഷതയിൽ നടമാടിയിരുന്ന ഭാരതീയ ഗ്രാമങ്ങളെ ക്ഷാമപ്പിശാചിന്റെ തുറന്ന വായ്ക്കുള്ളിലേയ്ക്കു് ഉരുളയാക്കി എറിയുവാൻ യൂറോപ്യൻ സാമ്രാജ്യപ്രഭുക്കന്മാർ നിവ്വഹിച്ച ആ അഖിലലോകബന്ധം പോലൊരു ബന്ധമാണോ മലയാള സാഹിത്യത്തിന്നു സിദ്ധിക്കുന്ന ഈ മഹനീയത എന്നും ഒന്നന്വേഷിക്കേണ്ടതായിട്ടുണ്ടു്.

മലയാളത്തിലെ പുരോഗമനസാഹിത്യ സംഘടന കണ്ടു് സന്ദേശം അയച്ചവരുടെ കൂട്ടത്തിൽ മഹാകവി ഉള്ളൂർ അവർകൾ ഇങ്ങനെ എഴുതി:—

"മലയാളത്തിലെ സാഹിത്യം ഇന്നും കൗമാരദശയെ തരണം ചെയ്തിട്ടില്ല."

പ്രൗഢമായ മലയാളസാഹിത്യം, ഇനിയും കൗമാരദശയെ തരണം ചെയ്തിട്ടില്ല എന്നു്, ആ സാഹിത്യത്തിൽ അര ശതവഷകാലത്തോളം നിരന്തര വ്യവസായം നടത്തിയ ഒരു മഹാൻ പ്രസ്താവിക്കുന്നു. എന്നാൽ ഈ പ്രസ്താവന അത്ഥവത്തല്ല എന്നു പറവാനും തരമില്ല. അമിതവികാസം പ്രാപിച്ചു കാണുന്ന യൂറോപ്യൻ സാഹിത്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാളത്തിലെ സാഹി

ത്വം ഇന്നും കൗമാരഭൂമിയെ തരണം ചെയ്തിട്ടില്ല എന്നുവേണം പറയേണ്ടത്. എന്തെന്നാൽ, മിക്കവാറും പതിനഞ്ചാം ശതവർഷം തൊട്ട് ഉദ്ദേശം അഞ്ഞൂറുവർഷമായി നാടകം, കഥ, നോവൽ, വിമർശനം, ചെറുകഥ, കാവ്യം എന്നീ പല പല ശാഖകളിലുമായി അനവധി സഹസ്രം ഗ്രന്ഥങ്ങളോടും, ക്ലാസിസം, റൊമാൻറിസിസം, ഐഡിയലിസം, റീയലിസം, നാച്ചുറലിസം എന്നീ വിപുലപ്രസ്ഥാനങ്ങളോടും ഓരോന്നിലും ഭിന്നഭിന്ന ശാഖകളോടും, ഉപശാഖകളോടുംകൂടി ഭിന്നാഭിരുചിക്കാരും, പ്രത്യേകവാസനാസമ്പന്നരും ആയ അനേകശതം സാഹിത്യകാരന്മാരുടെ പരിലാളനത്തിൽ കഴിഞ്ഞുകൂടിയവയാണ്, യൂറോപ്യൻ സാഹിത്യങ്ങൾ. ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻ ഇററാലിയൻ, സ്കാൻഡിനീവിയൻ, റഷ്യൻ തുടങ്ങിയ ആ ഓരോ സാഹിത്യവും, അമിത പ്രൗഢിയിൽ എത്തി വികാസവും വികാസത്തിന്മേൽ വികാസവും പ്രാപിച്ച് "ഇനി എങ്ങോട്ട്" എന്ന ചിന്തയിൽ മണിമന്ദിരങ്ങളും പൂങ്കാവനങ്ങളും കുളവും കായലുകളാക്കി, സ്വശക്തിയും അയൽശക്തിയും, പ്രഭുശക്തിയും സാധാരണശക്തിയും രാജശക്തിയും മന്ത്രിശക്തിയും പുരോഹിതശക്തിയും തത്വശാസ്ത്രജ്ഞശക്തിയും അങ്ങേ അററം ദൈവശക്തിയും പൊടിഭസ്മമാക്കി എഞ്ചിൻശക്തിയിൽ ഒരു കാലും അണുബാംബുശക്തിയിൽ മറെറാരു കാലും ചേർത്തുനിലകൊള്ളുന്നു. ആ യൂറോപ്യൻ സാഹിത്യ ദേവതയ്ക്ക് വാസനയും ദുർഗ്ഗന്ധവും തുല്യം. സന്മാർഗ്ഗവും അസന്മാർഗ്ഗവും തുല്യാദരണീയം. സ്ത്രീജന ചാരിത്രവും, പെരുമ്പറയടിച്ച വേശ്യാവൃത്തിയും ഒപ്പം.

രാമചരിതം മുതൽ ഇരയിമ്മൻതമ്പിക്കൃതികൾ വരെ ലളിത സുന്ദരമായ വിധത്തിൽ കാലംകഴിച്ചു്, കൊല്ലവർഷം 1050-നു ശേഷം തൊട്ടുമാത്രം, യൂറോപ്യൻ സാഹിത്യത്തിലെ കുടുംബാട്ടങ്ങൾ കുറവായ ഇംഗ്ലീഷുശാഖയോടു് ഏതാണ്ടൊരു ബന്ധംനേടി കേവലം അറുപതു വർഷകാലംകൊണ്ടു് അല്പാല്പമായി വികാസം പ്രാപിക്കുന്നതേയുള്ളൂ, മലയാള സാഹിത്യം. ജീവിതരീതികളിലെ വിവിധതയും ദേശങ്ങളെ ബാധിക്കുന്ന പലേതരം പ്രശ്നങ്ങളും സമാധാനങ്ങളും ആണു് സാഹിത്യത്തിൽ പ്രതിഫലിക്കേണ്ടതെങ്കിൽ ഒന്നാം ലോകമഹായുദ്ധകാലമായ 1914-ാം വർഷം വരെ കേരള നിവാസികളുടെ ജീവിതത്തിന്നു് അത്ര വലിയ വിവിധതകളോ രാജ്യങ്ങൾക്കു് അനന്തങ്ങളായ പ്രശ്നങ്ങളോ അഭിമുഖീകരിക്കാനില്ലായിരുന്നു. എന്നാൽ പാശ്ചാത്യപരിഷ്കാരത്തിൻേറയും, സംസ്കാരക്കുറവിൻേറയും അംശങ്ങൾ കേരളീയരുടെ ജീവിതത്തെ ചുവടോടെ ഒന്നുലച്ചു. മഹായുദ്ധത്തിൻെറ അനന്തരഫലങ്ങൾ 1918-ാം വർഷത്തോടുകൂടി കേരളക്കരയിലും ധാരാളം കണ്ടുതുടങ്ങി. കേരളീയ സാഹിത്യത്തിൻെറ, യൂറോപ്യൻ മാതൃകയനുസരിച്ചുള്ള കേരളീയ സാഹിത്യത്തിന്റെ, കൗമാരദശ ആരംഭിക്കുന്നതേയുള്ളൂ. ഈ നിലയിൽ ഇംഗ്ലീഷ്, ഫ്രഞ്ചു് ഇററാലിയൻ, ജർമ്മൻ എന്നു തുടങ്ങിയ സകല യൂറോപ്യൻ സാഹിത്യ രീതികൾക്കും ഏക പ്രമാണം ഇംഗ്ലീഷുസാഹിത്യം മാത്രമായി. ഫ്രഞ്ചു്, ഇററാലിയൻ, ജർമ്മൻ തുടങ്ങിയ സാഹിത്യ പ്രഭുകുടുംബിനികളുടെ അട്ടത്തെങ്ങും എത്തിനോക്കുവാൻ പോലും തുനിയാതെ

ഇംഗ്ലീഷ് സാഹിത്യപ്രഭൃതിയുടെ ചുവട്ടടികൾ നോക്കി യാത്ര തുടൎന്ന മലയാളസാഹിത്യ കുമാരികയുടെ കോമള കരതലം, അതാ, പൊട്ടിച്ചിരിയും പൊള്ളച്ചിരിയും പൊഴിച്ചു് ആടിക്കുഴഞ്ഞു് അട്ടഹാസം മുഴക്കിപ്പോന്ന യൂറോപ്പ്യൻ സാഹിത്യ പ്രൗഢയുടെ പാണി കഞ്ചുകങ്ങളിൽ തിളങ്ങുന്ന, "കോമളമായ് തുമ്പുകൂൎത്ത" വിരലുകളുമായി ഒരാൾ കോൎത്തു പിടിപ്പിക്കുന്നു. മി: ഏ ബാലകൃഷ്ണപിള്ള, കേസരിപ്പത്രാധിപർ.

രാജ്യകാൎയ്യങ്ങളിൽ എന്നപോലെ സാഹിത്യകാൎയ്യങ്ങളിലും വളരെ അത്യുഗ്രനും അമിതവാദിയും എന്ന യശസ്സു നേടിയ പ്രസ്തുതമാന്യൻ മലയാളികളായ യൂറോപ്പ്യൻ ചരിത്രനിഷ്ണാതരിൽ ഒരാളാണു്. സാഹിത്യകാൎയ്യങ്ങളിൽ കൊല്ലവൎഷം 1100-നു് (ക്രി: വ: 1925) ശേഷം മാത്രമാണു് പ്രബോധകൻ, കേസരി എന്നീ വാരികകളുടെ ആധിപത്യത്തിൽ ഇദ്ദേഹം ഒരു യൂറോപ്പ്യൻ സാഹിത്യ ഇറക്കുമതിക്കു് മുതിരുകയുണ്ടായതു്. യൂറോപ്പ്യൻ സാഹിത്യത്തിലെ ഏതു ചട്ടവട്ടവും മുറയും മലയാളികൾക്കു് ജനനം തൊട്ടു പരിചയമുള്ളവ പോലെ ഭാവിച്ചു്, അന്നോളമുണ്ടായിരുന്ന സംസ്കൃത ഭാഷാഭിജ്ഞർ കൂടെയായ വിമൎശകന്മാരിൽനിന്നു് നിശ്ശേഷം ഭിന്നമായ ഒരു മാൎഗ്ഗം മി: ബാലകൃഷ്ണപിള്ള അവലംബിച്ചു.

പ്രബോധകൻെറ പല ലക്കങ്ങളും കേസരിയുടെ സമ്പുടങ്ങളും കൊല്ലവൎഷം 1103-മുതൽ 1110-വരെയുള്ള ഏതാണ്ടു കാലങ്ങളിൽ പ്രസിദ്ധീകരിച്ച അനവധി ലേഖനങ്ങൾ അന്നേവരെ മലയാളസാഹിത്യത്തിനു് കേവ

ലം അപരിചിതമായിരുന്ന ഒരു വിചിത്രസാഹിത്യമാൎഗ്ഗം ചൂണ്ടിക്കാട്ടി പ്രചരിപ്പിച്ചു. ഈ കാലഘട്ടത്തിനുള്ളിൽ ഈ സാഹിത്യാഭിമാനി രചിച്ച ചില ഉപന്യാസങ്ങൾ 'നവലോകം' എന്ന പേരിൽ ഒരു ഗ്രന്ഥരൂപത്തിൽ ക്രിസ്തുവൎഷം 1935 ന് കൊല്ലവൎഷം 1110-ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആ ഗ്രന്ഥത്തിൽ 'കേരളീയകലകളും ഫ്യൂച്ചറിസവും' എന്ന ഉപന്യാസത്തിൽ മലയാളസാഹിത്യത്തിനു് ഒരു കടുത്ത പരിവൎത്തനം വരുത്തുവാൻ ഗ്രന്ഥകാരൻ കാണിക്കുന്ന കാരണങ്ങൾ നോക്കുക:—

"യാഥാൎത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള വൈമനസ്യം, കഴിഞ്ഞകാലത്തെപ്പററിയുള്ള അതിയായ ബഹുമാനം, വൎത്തമാനകാലത്തെക്കുറിച്ചുള്ള പുച്ഛം, ആദൎശഭ്രാന്തു്, അപ്രവൃത്തിയോടുള്ള അസഭാവം എന്നീ ദൂഷ്യങ്ങൾ ആദ്ധ്യാത്മികതത്വത്തിന്റെ ആധിക്യം നിമിത്തം (കേരളീയകലകൾ ഉൾപ്പെടെയുള്ള) ഭാരതീയ സുന്ദരകലകളേയും ബാധിച്ചിട്ടുണ്ടു്. തന്മൂലം ഒരു നവലോകത്തിന്റെ സൃഷ്ടിയിൽ ഇവിടത്തെ സുന്ദരകലകൾ ഇതരരാജ്യത്തിലെ കലകൾപോലെ സഹായകരമായിത്തീരുന്നില്ല."

നവലോകസൃഷ്ടിക്കു് ഒരു ആവശ്യം തോന്നിയതു് അഭിനന്ദനീയം തന്നെ. എന്നാൽ അതിലേയ്ക്കു് സുന്ദരകലകളെ അടിച്ചു വിടുന്ന സമ്പ്രദായം കേവലം വിചിത്രമായിരിക്കുന്നു. യൂറോപ്പിലെ വിവിധദേശങ്ങളായ ഗ്രീസ്സ്, റോം, സ്പെയിൻ, പോർട്ടുഗൽ, നാർവേ, സ്വീഡൻ, ജൎമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിൽ നവലോകസൃഷ്ടി നിർവഹിച്ചതു് അവിടത്തെ സുന്ദരകലകളാണെ

ങ്കിൽ കേരളത്തിലും അങ്ങനെയായിക്കൊള്ളട്ടെ എന്നു സമ്മതിക്കാം. എന്നാൽ സുന്ദരകലകളായ സംഗീതം സാഹിത്യം, ചിത്രമെഴുത്തു്, ശില്പവിദ്യ എന്നിവയ്ക്കു തന്നെ ജനനവും വികാസവും സിദ്ധിക്കുന്നതു് ജനസമുദായത്തിൻെറ നാനാമുഖമായ പ്രയോജനകലാവികാസങ്ങൾക്കും നവനവതത്വങ്ങൾക്കും ശേഷമായിരിക്കും എന്ന കഥ, ഏതൊരു രാജ്യചരിത്രം പരിശോധിച്ചാലും ബോദ്ധ്യപ്പെടും. ജനസമുദായപരിഷ്കാരത്തെ ഒരു വൃക്ഷമായി കല്പിക്കാമെങ്കിൽ ആ വൃക്ഷത്തിലെ മനോഹരകുസുമങ്ങളുടെ സ്ഥാനമാണു് സുന്ദരകലകൾക്കുള്ളതു്. പുരാതന ഗ്രീസ്സിലെ ജനസമുദായജീവിതരീതികൾ, നഗരീസംസ്ഥാനങ്ങളുടെ രൂപീകരണം, ചിന്താവികാസം, റോമൻ ജനസമുദായങ്ങളുടെ ആവിർഭാവം, സ്വാതന്ത്ര്യസ്ഥാപനപരങ്ങളായ ഗ്രീക്കു സമരങ്ങൾ, കാർത്തേജു യുദ്ധങ്ങൾ, റോമൻസാമ്രാജ്യസ്ഥാപനം, റോമൻസാമ്രാജ്യാധഃപതനം, പള്ളികളുടെ ഉൽക്കർഷം, ഇസ്ലാംസംസ്കാരസങ്കലനം, ഫ്യൂഡലിസം എന്ന പ്രഭുത്വാശ്രയിജീവിതരീതി, സ്ത്രീജനാഭിമാനരക്ഷകമായ ഷിവൽറി അഥവാ വീരപുരുഷത്വം, കുരിശുയുദ്ധങ്ങൾ, മാദ്ധ്യമികകാലഘട്ടത്തിലെ നാനാമുഖവികാസങ്ങൾ, പുതുരാജ്യക്കണ്ടുപിടിത്തങ്ങൾ, ജനസമുദായത്തിൻെറ സംസ്കാരപരിവർത്തനങ്ങൾ, മതപരങ്ങളായ കലഹങ്ങൾ, നവീനയന്ത്രക്കണ്ടുപിടിത്തങ്ങൾ, സാമ്പത്തികമായ അമിതവികാസം, മുതലാളത്തങ്ങൾ, സാമുദായിക വിപ്ലവങ്ങൾ, പ്രഭുത്വസംഹാരപരാക്രമങ്ങൾ, എന്നിങ്ങനെ അനവധി സംഭവങ്ങളോടുകൂടി കാണപ്പെടുന്ന യൂറോപ്യൻ ചരിത്രഗതിയിൽ സംസ്കാരസൂചകങ്ങളായി സുന്ദര

 No: 11499

കലകാം അവിടവിടെ വികാസം പ്രാപിച്ചിട്ടുണ്ട് എന്നല്ലാതെ ഒരു നവലോകം സൃഷ്ടിക്കുവാൻ ആ കലകാം ഉതകി എന്നു പറയുന്നതു് കലാനുമോദനം സംബന്ധിച്ച അങ്ങേ അററത്തെ അതിശയോക്തിയാണ്. ജനാധിവാസം കുറഞ്ഞ ഭൂഭാഗങ്ങളിലേക്ക് ജനങ്ങാം കുടിയേറിപ്പാക്കുന്നു. ജീവസന്ധാരണം എന്ന ആവശ്യത്തിലേയ്ക്കു് പല പ്രയോജനകലകളും അവർ വശത്താക്കുന്നു. മനുഷ്യസമുദായം ഈ വിധം പരിഷ്കൃതദശയിൽ എത്തുന്നതോടുകൂടി സുന്ദരകലകാം രൂപമെടുക്കുന്നു. കലാകാരന്മാരുടെ ബുദ്ധിവികാസം നാനാമുഖമായി പ്രകാശിച്ചു് ആ കലകാംക്കു് നാംതോറും എന്നപോലെ പല പരിഷ്കാരങ്ങളും ഏർപ്പെടുന്നു ഇങ്ങനെ ജനസമുദായപരിഷ്കാരത്തിൻെറ സന്താനമാകുന്ന സുന്ദരകലാസമുച്ചയം ചിലപ്പോാം ആ പരിഷ്കാരത്തെ നിയന്ത്രിക്കുകയും ചെയ്യേക്കാം. എന്നല്ലാതെ സുന്ദരകലകാംകൊണ്ടു് ലോകം സൃഷ്ടിക്കാം എന്നു കരുതുന്നതു് പുതിയൊരു 'വിശ്വാമിത്രനയം' തന്നെ.

ഭാരതഖണ്ഡത്തിലെ സുന്ദരകലകളെ മുന്നോട്ടു കടക്കാൻ സമ്മതിക്കാതെ ചെറുക്കുന്നതായി 'നവലോക' ഗ്രന്ഥകാരൻ പറയുന്ന ഉപാധികാം സകലതിനും കാരണം ഭാരതീയരുടെ 'ആദ്ധ്യാത്മികത്വം' ഒന്നു മാത്രമാണത്രേ. എന്നാൽ ഈ 'ആദ്ധ്യാത്മികത്വം' ഒന്നുമാത്രമാണു് ഭാരതഭൂഖണ്ഡത്തിന്ന് യൂറോപ്പ്യൻ മുതലായ ഇതരലോകങ്ങളുടെ ബഹുമാനം നേടിക്കൊടുക്കുന്നതു് എന്നു കാണിക്കാൻ തീരെ വിഷമമില്ല. "ഇന്നു

ലോകത്തു ജീവിച്ചിരിക്കുന്ന ഏററവും വലിയ മഹാൻ" എന്നു് അമേരിക്കയിലെ മത പുരോഹിതൻെറ ബഹുമാനത്തിന്നു്, എന്നുവേണ്ട, ആധുനികലോകത്തുള്ള അനേകകോടി സംസ്കാരസമ്പന്നന്മാരുടെ പ്രശംസയ്ക്കു് പാത്രീഭവിച്ച മഹാത്മാ ഗാന്ധിദേവനിൽനിന്നു് ഈ 'ആദ്ധ്യാത്മികത്വം' ഒന്നു മാററാമെങ്കിൽ അവശേഷിക്കുന്നതു് ഗുജറാത്തി സ്വദേശിയായ മി: എം. കേ. ഗാന്ധി മാത്രമായിരിക്കും! അഖില ലോകാഭിവന്ദ്യനും ഭാരതനവലോകത്തിൻെറ സൃഷ്ടിക്കു് അത്യധികം സഹായം ചെയ്ത യഥാർത്ഥജനനായകനും ആയ സ്വാമിവിവേകാനന്ദനിൽനിന്നും അദ്ദേഹത്തിൻെറ ആദ്ധ്യാത്മികത്വം ഒന്നുമാററിനോക്കുക. എന്തായിരിക്കും കഥ? മഹാപരാക്രമശാലികളായ യൂറോപ്യൻ നിഷ്ഠുര യുദ്ധവീരന്മാരുടെ കൈവശം അകപ്പെട്ട ഭാരതഭൂദേവിയെ സ്വതന്ത്രമാക്കുവാൻ നടക്കുന്ന യത്നങ്ങളുടെയെല്ലാം ചുവടായിക്കാണുന്ന ഈ 'ആദ്ധ്യാത്മികത്വം' കേസരിപ്പത്രാധിപർ, സമസ്തന്യൂനതകൾക്കും കാരണമായി പറയുന്ന ആദ്ധ്യാത്മികത്വം, പാശ്ചാത്യരായ, ഭൗതിക സംസ്കാരത്തിൽ മുന്നണി പരിപാലിക്കുന്ന വിശ്രുതചിന്തകന്മാരുടെ വീക്ഷണകോണത്തിൽ പോലും എങ്ങനെ പ്രതിഫലിക്കുന്നു എന്നു നോക്കുക:—"പടിഞ്ഞാറെറ പരിഷ്കാരം ശുദ്ധമേ കൃത്രിമവും, കുഴങ്ങിയതും, സ്വാർത്ഥമാത്രപ്രസക്തവും, സാദൃശ്യരഹിതങ്ങളായ സാങ്കേതിക വിജയങ്ങളോടുകൂടിയതും നിരാശാജനകമായ അകപ്പോടുകളിൽ ചാടിക്കുന്നതും ആണു്. ആത്മശക്തിയെ നിശ്ശേഷം അസ്തമിപ്പിച്ചു് ബാഹ്യശരീരത്തിൻെറ മാഹാ

ത്ത്യത്തെ അതു സ്ഥാപിക്കുന്നു. പ്രയോഗപരിനിഷ്ഠിതമായ നവീനശാസ്ത്രം വളൎന്നുകൊണ്ടേയിരിക്കുന്ന ജനസമുദായത്തിൻെറ നിമിഷംപ്രതി വൎദ്ധിക്കുന്ന ആവശ്യങ്ങളെ അഭിമുഖീകരിക്കുന്നതായി കാണുന്നുണ്ടു്. എന്നാൽ, യഥാൎത്ഥമായ മനുഷ്യപുരോഗമനം യഥാൎത്ഥജ്ഞാനത്തെ മാത്രം ആധാരമാക്കിയതാണു്. ചിന്നിച്ചിതറിക്കാണുന്ന മനുഷ്യസമുദായം ശുദ്ധമേ ഔദ്ധത്യത്തിൻെറ മറയിൽ യാഥാൎത്ഥ്യങ്ങൾ ഏവയാണെന്നു് മനസ്സിലാക്കാതെ ഓരോ ബുദ്ധിശൂന്യതകളിൽ ചെന്നു പതിക്കുന്നു. സംഘടിതമായ മതശക്തി, അവിടെ കേവലം പരാജയം അടയുന്നു. ദൈവവിശ്വാസം അപ്രത്യക്ഷമാകുന്നു. മനുഷ്യസാധാരണമായ ഔദ്ധത്യത്തേയും നീചത്വത്തേയും സ്പൎശമാത്രത്താൽ ദൂരീകരിക്കേണ്ട ദേവാലയങ്ങൾക്കു് മനുഷ്യസ്വഭാവവൈകല്യങ്ങളുടെ ചികിത്സയിലുള്ള വൈഭവം നിശ്ശേഷം നഷ്ടപ്പെടുന്നു. കൂടുതൽ രാജ്യങ്ങൾ സ്വായത്തമാക്കുവാനുള്ള വ്യഗ്രതയും, 'പൊന്നാശ'യും കൊടുമ്പിരിക്കൊണ്ടു് ഇനിയും ഒരു യുദ്ധത്തിനു് ഇടയാകുന്ന പക്ഷം, അനവധി ക്രിസ്തുമതഭക്തന്മാർ പോരാട്ടച്ചട്ടങ്ങൾ അനുസരിച്ചുള്ള കൂട്ടക്കൊലകൾക്കു് തയ്യാറായി ഭ്രാന്തുപിടിച്ചു് ഉഴറുകയായിരിക്കും, സംഭവിക്കുന്നതു്. സദാചാരപരമായ നിശ്ശേഷഭഞ്ജനം അത്രമേൽ വൈദികസിദ്ധാന്തങ്ങളുടെ പ്രാമാണികതയെ നശിപ്പിച്ചുകഴിഞ്ഞു. ഭൗതികമായ ശാസ്ത്രാഭിവൃദ്ധി നെട്ടംകാൽവെയ്പും കളോടെ അനുക്ഷണം കുതിച്ചുകയറുന്നു. മുന്നോട്ടും പിന്നോട്ടും അനങ്ങാതെ കാണുന്ന ക്രിസ്തുമതത്തെ അപ

ഫസിക്കുവാൻ വസ്തുമാത്ര ദർശികളായ യുക്തിവാദിവിച ക്ഷണന്മാർ മുന്നിട്ടുകയറുന്നു."

"സൗന്ദര്യാരാധകമായ ഗ്രീസ്സിനോടു നമുക്കുള്ള കട പ്പാടു് മഹത്ത്തന്നേയാണു്. എന്നാൽ നമ്മുടെ ആഭ്യ ന്തര ജീവിതമാകട്ടെ, ആദ്ധ്യാത്മിക ഭാരതത്തോടു് അഗാ ധമായി കടപ്പെട്ടതാകുന്നു".

ഏണസ്ററു്, പീ. ഫോർവിററ്സ്

("വേദവും വേദാന്തവും")

നവലോകഗ്രന്ഥകാരൻ തുടൎന്നു പറയുന്നു:—

"ഭൗതികവാദികളും, നവീനശാസ്ത്രതത്വങ്ങൾക്കു് അതിയായ പ്രാധാന്യം നൽകുന്നവരും ആയ 'സോഷ്യലി സ്റ്റ്" കക്ഷിക്കാരുടെ ആവിർഭാവം ഭാരതീയരുടെ രാഷ്ട്രീയജീ വിതത്തിലും സാമ്പത്തികജീവിതത്തിലും ഒരു നവജീവൻ ഉണ്ടാക്കാൻ ഇടയുണ്ടെന്നു് മുമ്പു പറഞ്ഞുവല്ലോ. ഇതു പോലെ ഭാരതീയരുടെ കലാപരമായ ജീവിതത്തിലും സോഷ്യലിസ്ററു കക്ഷിക്കാരോടും, കമ്മ്യൂണിസ്ററുകക്ഷി ക്കാരോടും അരാജകകക്ഷിക്കാരോടും ചില കാര്യങ്ങളിൽ സാദൃശ്യമുള്ള ഒരു കക്ഷിക്കാർ ഒരു പുതിയ പ്രസ്ഥാനം തുടങ്ങിയാൽ മാത്രമേ, ഭാരതീയ സുന്ദരകലകൾ സജീവമാ യിത്തീൎന്നു് ഭാരതീയൎക്കു് ഗുണകരമായിത്തീരുകയുള്ളു. ഈ പുതിയ പ്രസ്ഥാനം യൂറോപ്പിലെ കലാലോകത്തിൽ ഒരു ഇരുപത്തിയഞ്ചുവൎഷത്തിനുമുമ്പു തുടങ്ങിയ 'ഫ്യൂച്ചറിസം' എന്ന പ്രസ്ഥാനത്തോടു് (ഇതിനു ഭൂതകാലവൈരുദ്ധ്യവാ ദം എന്നുള്ള മലയാളം പേർ കൊടുക്കാമെന്നു് ഇടയ്ക്കു പറ ഞ്ഞുകൊള്ളട്ടെ.) വീക്ഷണ കോടിയിൽ ഏറെക്കുറെ

സാദൃശ്യമുള്ള ഒന്നായിരിക്കണമെന്നാണ് എനിക്കു തോന്നുന്നത്."

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിലെ സോഷ്യലിസ്ററു കക്ഷിക്കാർ, സാധാരണ കമ്മ്യൂണിസ്ററുകൾ, വെറും അരാജകകക്ഷിക്കാർ എന്നിങ്ങനെ മൂന്നുതരക്കാരായ വിപ്ലവമനോഭാവക്കാരുടെ തത്വങ്ങൾ അനുസരിച്ച് മലയാള സാഹിത്യവും പരിഷ്കൃതമാകണം എന്നു ഗ്രന്ഥകാരൻ ഉപദേശിക്കുന്നു. ഈ മൂന്നു കൂട്ടരിൽ സോഷ്യലിസ്ററു കക്ഷിക്കാരായ കാൺഗ്രസ്സു പ്രവൎത്തകരെയാണ് അദ്ദേഹം പ്രാധാന്യത്തിൽ ഗണിച്ചിരിക്കുന്നത്. എന്നാൽ കാൺഗ്രസ്സു സോഷ്യലിസ്ററു കക്ഷിയുടെ ഉദ്ദേശങ്ങളിൽ മികച്ചു നിൽക്കുന്നത്, "ബ്രിട്ടീഷുസാമ്രാജ്യത്തിൽനിന്നു് നിശ്ശേഷം വിമുക്തമാകുന്ന വിധത്തിലുള്ള പരിപൂൎണ്ണസ്വാതന്ത്ര്യവും ഒരു സോഷ്യലിസ്ററുസമുദായത്തിൻെറ സ്ഥാപനവും" ആണ്. കാൺഗ്രസ്സുസോഷ്യലിസ്ററുകക്ഷിക്കാർ എത്ര മാത്രം ശുദ്ധഭൗതികവാദികളായാലും അവർ വൈദേശികത്വം കൊണ്ടുള്ള അടിമത്തം ആദരണീയമായി കരുതുന്നില്ല. എന്നാൽ അവരുടെ പേരും പറഞ്ഞു് ആരംഭിക്കുന്ന പുതിയ സാഹിത്യ പരിഷ്കാരമാകട്ടെ, "ഇരുപത്തിയഞ്ചു വൎഷത്തിനുമുമ്പു"ള്ള ആ ഭൂതകാലത്തെ ആശ്രയിച്ച് ഇററാലിയൻ അന്തരിക്ഷത്തിൽ ഭൂലോകദൎശനം കഴിക്കുന്നതാകുന്നു.

'ഭൂതകാല വൈരുദ്ധ്യവാദം' എന്നു പേരു കൊടുത്തിരിക്കുന്ന ഈ 'ഭാവിസംവിധാനപ്രസ്ഥാനം' അതിൻെറ

ജനനത്തിൽ 'ഭ്രതകാല'ത്തെ ആശ്രയിക്കുന്ന സ്വഭാവം 'നവലോക'ഗ്രന്ഥകാരൻ ഇങ്ങനെ വെളിപ്പെടുത്തുന്നു.

"1908-ന് സമീപിച്ചു ഉത്സാഹികളും ധീരരും ബുദ്ധിമാന്മാരും ആയ ഏതാനും ഇററാലിയൻയുവാക്കന്മാർ തുടങ്ങിയ പ്രസ്ഥാനമാണ് 'ഫ്യൂച്ചറിസം'. ഇതിന്റെ തത്വചിന്തകൻ ബോച്ചിയോണിയും ഇതിൻെറ നായകനും പ്രധാന കവിയും നാടകകത്താവും ഫ്രാൻസിസ്ക്കോ മാരിനെററിയും ആണ്".

"കേരളത്തിൽ ഈ ഫ്യൂച്ചറിസ്ററു പ്രസ്ഥാനം അതിൻെറ കുററങ്ങളും കുറവുകളും അറിഞ്ഞുകൊണ്ടു തുടങ്ങുവാൻ വേണ്ട ധൈര്യവും ബുദ്ധിശക്തിയും ഉള്ള യുവസാഹിത്യകാരന്മാർ ഉണ്ടെങ്കിൽ അവർ ഒട്ടും കാലവിളംബമെന്യേ മുന്നോട്ടു വന്നു പ്രവത്തിച്ചാൽ കൊള്ളാം."

നവലോക ഗ്രന്ഥകാരൻെറ ഈ ക്ഷണവും, അതനുസരിച്ച് അദ്ദേഹം കേസരിപ്പത്രത്തിൻെറ പലേപല ലക്കങ്ങളിലും നടത്തിപ്പോന്ന പ്രചരണവും, ശാന്തമായി, ഒച്ചപ്പാടൊന്നും ഉണ്ടാക്കാതെ, കേരളീയ സാഹിത്യക്കളരികളിൽ അഭ്യാസത്തിന്നു മുതിന്ന് അനേകം യുവാക്കന്മാരെ അത്യധികമായി ആകർഷിച്ചു. ഏകദേശം ആ കാലഘട്ടത്തിൽ തന്നെ സോഷ്യലിസം, കമ്മ്യൂണിസം, അരാജകത്വം എന്നീ യൂറോപ്യൻ പരിഷ്കാരത്തിരമാലകളും കേരളഭ്രവിഭാഗത്തിൽ ഗണനീയമായവിധം സ്വൈരം നടത്തി. എന്നാൽ യൂറോപ്പിൽ അത്തരം ആശയങ്ങൾ എത്തിച്ചേന്നതിനും പ്രതിഷ്ഠ പ്രാപിച്ചതിനും കേരളക്കരയിൽ

വന്ന ചേർന്നതിനും തമ്മിൽ നിസ്സാരമായ ഒരു വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. യൂറോപ്പു ദേശങ്ങളിൽ ഒഴിച്ചു കൂടാൻ വയ്യാത്ത പരിതഃസ്ഥിതികളിൽ. കേരളദേശത്താകട്ടെ, ആഡംബരത്തിന്നും അലങ്കാരത്തിന്നും ആയി! ഒന്നാം ലോകമഹായുദ്ധത്തിൻെറ അവസാനഘട്ടത്തിൽ യൂറോപ്പിലുണ്ടായ ജനസമുദായ പരിവൎത്തനങ്ങളും അതു സംബന്ധിച്ചു വർദ്ധിച്ച അസ്വാസ്ഥ്യങ്ങളും കേരളക്കരയിൽ നേരിട്ട് അനുഭവിക്കുവാൻ ഒരു കാലത്തും സാധിക്കുന്നതല്ല. രാജ്യകാര്യാഭിനിവേശങ്ങൾ നിമിത്തം റഷ്യ, ജൎമ്മനി, ഇററാലി, റുമേനിയ, പോളണ്ട് എന്നു തുടങ്ങിയ രാജ്യങ്ങളിൽ എത്ര ദയനീയമായ സാമാന്യ ജനപീഡകളാണ് നടമാടിയിരുന്നത്! റഷ്യയിൽ യാഥാസ്ഥിതികത്വം ഒന്നു മാററി ബഹുജനങ്ങൾക്ക് ഭരണാവകാശങ്ങൾ ലഭിക്കുന്നതിന് ജീവൻ ബലി അൎപ്പിച്ചവരുടെ സംഖ്യ മുപ്പത്തി അഞ്ചു ലക്ഷത്തിൽപ്പരമായിരുന്നു. ജൎമ്മനിയുടെ ആക്രമണം നിമിത്തം അന്നു നാടു വിട്ടോടിയ, വീടും കൂടും ഇല്ലാത്ത, പാവപ്പെട്ടവരുടെ കഥയോ? തിന്നാനും കുടിക്കാനും യാതൊരു വസ്തു കാണാതെ പട്ടിണിയും ക്ഷീണവും ദാഹവും വിശപ്പുംകൊണ്ട് നാവു വരണ്ടു തൊണ്ണയുണങ്ങി സൈബീരിയൻ മണലരണ്യത്തെ അഭയം പ്രാപിച്ചവരുടെ സംഖ്യ ആരുടേയും ഉൾത്തടം ഒന്നു കിടുക്കുന്നതായിരുന്നു. ക്ഷാമം, ഭക്ഷണമില്ലായ്മ, ദീൎഘയാത്രകൾ, ജനസംഖ്യാധിക്യം എന്നീ മഹോപദ്രവങ്ങൾക്ക് പരിപൂൎണ്ണത വരുവാനോ എന്നു തോന്നുമാറ് നാനാവിധ സാംക്രമികരോഗങ്ങളുടെ ആക്രമണത്തിൽപെട്ടു മൃതിയടഞ്ഞവരുടെ സംഖ്യ

ഒരു ലക്ഷത്തി എഴുപത്താറായിരമായിരുന്നു! പോളണ്ടു്, ഗലീഷ്യ, റുമേനിയ എന്നിവിടങ്ങളിലെ പ്രകൃതിവിഭവ ദാരിദ്ര്യവും ക്ഷാമങ്ങളും പീഡകളും പട്ടിണികളും റഷ്യയിൽ നിന്നും ഒട്ടും കുറഞ്ഞതല്ലായിരുന്നു. സമാധാന ഉടമ്പടികളുടെ 'ഭീമൻഗദ' കൊണ്ടുള്ള പ്രഹരത്താൽ പൊളിഞ്ഞ കവിൾത്തടത്തോടുകൂടിയ ജർമ്മനിയുടെ അസ്വാസ്ഥ്യം, സകല അതിരുകളും കടന്നതായിരുന്നു. യുദ്ധവിജയം നേടി എന്നു് അഭിമാനിച്ചുപോന്ന ഇംഗ്ലണ്ടു്, ഫ്രാൻസു മുതലായ മഹാരാജ്യങ്ങളിലെ സാധാരണ ജനങ്ങളുടെ ദുരിതാനുഭവങ്ങളും പീഡകളും ശുദ്ധസങ്കല്പത്തിൽ യാതൊരു കേരളീയ കവിക്കുപോലും ഒരിക്കലും ഉദ്ദേശിക്കാൻ പാടില്ലാത്ത വിധത്തിലും ആയിരുന്നു ആത്മികവും, സാമുദായികവും സദാചാരപരവും ആയ കെട്ടുപാടുകൾ എല്ലാം പൊട്ടിത്തെറിച്ചു. യൂറോപ്പു ഭൂഖണ്ഡം ജീവിതത്തിൻെറ സകല വശങ്ങളിലും അന്നു്, അതിദ്രുതഗതിയിൽ മാറിക്കൊണ്ടിരുന്നു. സ്വന്തം സ്ഥിതിയും അവസ്ഥയും നഷ്ടപ്പെട്ടു് കാലമാകുന്ന മഹാസമുദ്രത്തിൻെറ നീലജലത്തിൽ മുങ്ങി മറിഞ്ഞ യൂറോപ്യൻ ലോകത്തിൻെറ ചില്ലു നിഴലുകൾ കേരളക്കരയിലെ അരാജകത്വത്തിന്നു് ഇങ്ങനെ താങ്ങായി നിന്ന സന്ദർഭത്തിലാണു് ഫ്യൂച്ചറിസം കേരളീയകലകളിൽ വന്നു ചേരേണ്ട, അഥവാ, വരുത്തേണ്ട അത്യാവശ്യകതയെപ്പററി കേസരിപ്പത്രാധിപർ അവർകൾ പ്രസ്താവിക്കുകയുണ്ടായതു്. യുവജനങ്ങളെ പ്രബോധിപ്പിക്കുകയുണ്ടായതു്.

"ഭൂതകാലത്തെക്കുറിച്ചുള്ള അതികഠിനമായ അധിക്ഷേപങ്ങളും വർത്തമാനകാലത്തെപ്പററിയുള്ള സ്തുതിഗീത

ങ്ങളും" ആണു് ഫ്യൂച്ചറിസ്ററു സാഹിത്യകാരന്മാരുടെ പ്രധാന ലക്ഷ്യം എന്നു ഗ്രന്ഥകാരൻ പറയുന്നു. "ഫ്യൂച്ചറിസം, ബുദ്ധിയെ അപലപിക്കുകയും ജന്മവാസനകളെ വാഴ്ത്തുകയും ചെയ്യുന്നു" എന്നും അദ്ദേഹം പറയുന്നുണ്ടു്. 'ഫ്യൂച്ചറിസ്ററു' നാടകങ്ങളിൽ ദീർഘ അങ്കങ്ങളോ രംഗങ്ങളോ പാടില്ല എന്നും, സിനിമാ രംഗങ്ങളെ അനുകരിച്ചു് അവ ഹ്രസ്വവും അർത്ഥവത്തും ആയിരിക്കണമെന്നും മാരിനററി വാദിക്കുന്നതു് ഗ്രന്ഥകർത്താവു് പ്രചരിപ്പിക്കുന്നു. ഫ്യൂച്ചറിസ്ററു കവിയുടെ ലക്ഷ്യം ഇങ്ങനെയാണത്രേ:—

"ഞാൻ വായനക്കാരനെ വല്ലതും ധരിപ്പിക്കണമെന്നു വിചാരിച്ചിട്ടല്ല എൻെറ കൃതി രചിച്ചതു്. എൻെറ കവിത എൻെറ സ്വന്തം അനുഭവം എന്നിൽ ഉളവാക്കിയ വികാരത്തെ എനിക്കു തൃപ്തിവരത്തക്കവണ്ണം പ്രകടിപ്പിക്കണമെന്നു വിചാരിച്ചു മാത്രമേ ഞാൻ എഴുതിയിട്ടുള്ളു. അതു വായിക്കുന്നവർ അതു മനസ്സിലാക്കിയേ തീരൂ എന്നു് എനിക്കു വിചാരമില്ല."

'കല കലയ്ക്കുവേണ്ടി' എന്ന പത്തൊൻപതാം ശതവർഷത്തിലെ യൂറോപ്യൻ സാഹിത്യകാരന്മാരിൽ ചിലർ വാദിച്ചുപോന്ന തത്വത്തിൻെറ ഒരു ഏകദേശച്ഛായയാണു് ഇവിടെ കാണുന്നതു്. "വായനക്കാരനെ വല്ലതും ധരിപ്പിക്കണമെന്നു് ഉദ്ദേശി"ക്കാതെ രചിക്കപ്പെടുന്ന കവിതയാണു് കേരളീയ ലോകത്തിൻെറ പുരോഗമനത്തിന്നു് ഉതകുന്നതു് എന്ന വസ്തുത, വളരെ രസകരമായിരിക്കുന്നു! ഇങ്ങനെയുള്ള ഒട്ടനേകം വൈചിത്ര്യങ്ങളാണു് ഈ പുതിയ സാഹിത്യപ്രസ്ഥാനം മുഖേന കാണുന്നതു്.

എന്തു പരിഷ്കാരം ഉദ്ദേശിച്ചാണു് ഈ പ്രസ്ഥാനത്തെ മലയാളത്തിലേക്കു ക്ഷണിക്കുന്നതു് എന്ന കാര്യം ഈ ഉപന്യാസത്തിൻെറ പല ഭാഗങ്ങളിൽനിന്നും ക്രോഡീകരിച്ചു ഗ്രഹിക്കേണ്ടതായിരിക്കുന്നു. "ഭൂതകാലത്തെക്കുറിച്ചുള്ള അതികഠിനമായ അധിക്ഷേപം" ഈ ഉദ്ദേശങ്ങളിൽ മികച്ചു നിൽക്കുന്നു. "ഭൂതകാലത്തോടും പഴയതിനോടും ഉള്ള വെറുപ്പു്, സമകാലീന ജീവിതത്തിലെ സംഗതികളെ മാത്രമേ കലയുടെ വിഷയമാക്കുകയുള്ളു എന്ന നിഷ്ഠ, വിപ്ലവമനഃസ്ഥിതി" എന്നിക്കാര്യങ്ങളിൽ കേരളീയ ഫ്യൂച്ചറിസം യൂറോപ്യൻ ഫ്യൂച്ചറിസത്തെ മാതൃകയാക്കണമെന്നു് അദ്ദേഹം കരുതുന്നു. കൂടാതെ "ബാഹ്യഭാവ വൎണ്ണനയുടെ ആവശ്യത്തെ അതിശയോക്തിപൂർവ്വം ചൂണ്ടിക്കാണിക്കുകയാണു് ഭാരതത്തിലെ ഫ്യൂച്ചറിസ്ററു പ്രസ്ഥാനാക്കാർ ചെയ്യേണ്ടതു്" എന്നും അദ്ദേഹം പറയുന്നു.

"ബാഹ്യഭാവ വൎണ്ണനയും ആന്തരികഭാവ വൎണ്ണനയും വേണ്ടവിധത്തിൽ കലൎത്തിയിട്ടുള്ള ഒരു കുററമററ കലാപ്രസ്ഥാനം ഭാവിയിൽ തുടങ്ങുന്നതിനു് ഒരു താൽക്കാലികമാൎഗ്ഗമായിരിക്കണം, കേരളത്തിലേയും ഭാരതത്തിലേയും ഫ്യൂച്ചറിസ്ററു പ്രസ്ഥാനം" എന്നു് അദ്ദേഹം പറയുമ്പോൾ ഭാരതീയകലകളുടെ ഭാവിസംവിധാനപരിപാടിയിൽ വളരെ ശ്രദ്ധയുള്ള ഒരു യഥാൎത്ഥനിരൂപകൻെറ വിലയേറിയ നിർദ്ദേശമാണു് കേരളസാഹിത്യലോകത്തിനു ലഭിക്കുന്നതു്. ആയതു് ആദരണീയമാണെന്നും പറഞ്ഞുകൊള്ളട്ടെ.

എന്നാൽ ഈ നവസിദ്ധാന്തം കേവലം യുക്തി ഭിന്നമായ വിധത്തിലാണു മലയാളത്തിലേക്കു അവതരിപ്പിക്കുന്നത് എന്നൊരു വിചിത്രത കാണുന്നുണ്ട്. എന്തെന്നാൽ ആന്തരികഭാവവർണ്ണന ഭാരതീയസാഹിത്യത്തിൽ കൂടിപ്പോയി എന്ന് ആവലാതിപ്പെടുന്ന 'നവലോക' ഗ്രന്ഥകാരൻ ബാഹ്യഭാവവർണ്ണനയ്ക്കു പ്രാധാന്യം കൊടുക്കുവാൻ യൂറോപ്പിലെ 'ആന്തരികഭാവ വർണ്ണനക്കാരെ' അനുകരിച്ച് ഒരു പ്രസ്ഥാനം ഏർപ്പെടുത്തുകയാണ്. അദ്ദേഹം തന്നെ പറയുന്നു:—"ഒരു ഫ്യൂച്ചറിസ്റ്റ് കലാകാരൻ ഒരു റെയിൽവേ എഞ്ചിന്റെ ചിത്രം വരയ്ക്കുമ്പോൾ എഞ്ചിനെ അല്ല അതിലുള്ള ശക്തിയെ, അതിന്റെ ചലനത്തെയാണ് അയാൾ വരയ്ക്കാൻ ശ്രമിക്കുന്നത്" ഇതു തീച്ചയായും ആന്തരികഭാവവർണ്ണനയാണ്. അദ്ദേഹം ആവലാതിപ്പെടുന്നതാകട്ടെ, ബാഹ്യഭാവവർണ്ണന, പരിതഃസ്ഥിതിയുടെ വർണ്ണന, ഭാരതീയ കലകളിൽ വേണ്ടിടത്തോളം ഇതുവരെ ഉണ്ടായിട്ടില്ല എന്നുമാണ്. "അതിനാൽ ഈ ബാഹ്യഭാവവർണ്ണനയുടെ ആവശ്യത്തെ അതിശയോക്തിപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ് ഭാരതത്തിലെ ഫ്യൂച്ചറിസ്ററു കലാകാരന്മാർ ചെയ്യേണ്ടതു്" എന്നും അദ്ദേഹം പറയുന്നു. പരസ്പരവിഭിന്നത സ്പഷ്ടം!

എന്നാൽ യൂറോപ്യൻസാഹിത്യം ഇരുപതാം ശതവർഷത്തിന്റെ ആരംഭത്തിൽ അംഗീകരിച്ചവയോ പരസ്പരവിഭിന്നങ്ങളായി ഗണിച്ചവയൊ ആയ ക്ലാസിസം, റൊമാന്റിസിസം, ഐഡിയലിസം, റീയലിസം, നാച്ചറലിസം, എന്നിവയേയോ, ക്യൂബിയിസം, ഡാഡായിസം, എക്സ്

പ്രഷ്ഷണിസം, ഇംപ്രഷ്ഷണിസം, അക്കാഡമിസം, ബീമിസം, സെന്നിത്തിസിസം, വോട്ടിസിസം എന്നിവയേയോ പററി നിഷ്കർഷിച്ചുള്ള വിവരണങ്ങളും ഉദാഹരണങ്ങളും മനസ്സിലാക്കാൻ ഏർപ്പെടുന്നവരുടെ അന്വേഷണത്തിൽ മാത്രം പക്ഷേ വ്യക്തമാകാവുന്ന 'ഫ്യൂച്ചറിസം' മലയാള സാഹിത്യത്തിൽവെച്ചു പിടിപ്പിക്കുവാൻ നവലോകഗ്രന്ഥകർത്താവ് ശ്രമിച്ചതിൻെറ കാരണം വേറെ കിടക്കുന്നു!

"പുതിയ ആശയങ്ങളുടെ പ്രകടനത്തിനല്ല, പഴയവയുടെ നശീകരണത്തിനാണ് ഇവർ ഒരുമ്പെട്ടിരിക്കുന്നതു്" എന്നും, "സകല പഴയ സ്ഥാപനങ്ങളും നശിപ്പിക്കണം എന്നു വാദിക്കുന്ന അരാജകകക്ഷിക്കാർ രാഷ്ട്രീയലോകത്തിലുണ്ടല്ലോ. ഇതുപോലെ കലാലോകത്തിലുള്ള അരാജക കക്ഷിക്കാരാണ് ഫ്യൂച്ചറിസ്ററു കലാകാരന്മാർ" എന്നും, അദ്ദേഹം പ്രസ്താവിക്കുന്നു. കൂടാതെ, "പൗരസ്ത്യരിൽ ഭാരതീയരെപ്പോലെ ആദ്ധ്യാത്മികത്വം മികച്ചിട്ടുള്ളവർ മററാരുമില്ലതന്നെ. ജപ്പാൻകാർ, ചീനന്മാർ എന്നിവരെ അപേക്ഷിച്ച് ഭാരതീയർക്കുള്ള പുരോഗതിയില്ലായ്മയുടെ രഹസ്യവും ഇതാകുന്നു" എന്നും അദ്ദേഹം രഹസ്യം വകതിരിച്ചു മനസ്സിലാക്കി കേരളീയ സാഹിത്യകാരന്മാർ പഴയവയെ സകലതും നശിപ്പിക്കണമെന്നും ആദ്ധ്യാത്മികത്വം തൊട്ടുതെറിക്കാത്ത ശുദ്ധഭൗതികവാദികളായിത്തീരണമെന്നും ഉപദേശിക്കുകയും ചെയ്യുന്നു. അതാണ് ഉദ്ദേശം! അതാണ് രഹസ്യം!

കേരളത്തിലാകട്ടെ, ഭാരതഖണ്ഡത്തിലാകട്ടെ ഒരു 'നവലോകം' വന്നുചേരാത്തതുകൊണ്ടു" വളരെ അസ്വാ

സ്ഥ്യം അനുഭവിച്ച ജനസ്സേഹിയായ കേസരിപ്പത്രാധിപർ യൂറോപ്യൻ സാഹിത്യത്തിലെ ഉദ്ഗ്രന്ഥങ്ങളായ പല തത്വങ്ങളും സിദ്ധാന്തങ്ങളും സ്വാധീനമാക്കിയതു് അഭിനന്ദനീയം തന്നെ. എന്നാൽ സാഹിത്യത്തിൽത്തന്നേയായാലും കേരളത്തിൽ ഗണ്യമായ ഒരു പരിവർത്തനം ബലാൽക്കാരമായി വരുത്തുവാൻ ശ്രമിച്ച അദ്ദേഹത്തിന്റെ യത്നം പരിഷ്കാരപ്രസക്തി എന്ന ഒററക്കാര്യത്താൽ മാത്രമേ സാധൂകരണാർഹമാകയുള്ളൂ. ആ പരിഷ്കാരാഭിനിവേശം കൊണ്ടായാലും ശരി, ആദ്ധ്യാത്മികത്വത്തെ നിശ്ശേഷം നശിപ്പിച്ചു് ശുദ്ധഭൗതികത്വം കേരളത്തിൽ സ്ഥാപിക്കാൻ 'ഇനിയൊരു' ചാർവ്വാകൻ തന്നെ പുറപ്പെട്ടാലും സാധിക്കുമോ എന്ന കാര്യം കണ്ടറിയാനിരിക്കുന്നതേയുള്ളൂ. ബഹുമാന്യനായ ഈ സാഹിത്യപരിഷ്കാരിയുടെ നിർദ്ദേശങ്ങളും സിദ്ധാന്തങ്ങളും അദ്ദേഹം ഹൈന്ദവ വായനക്കാരേയോ ക്രൈസ്തവ വായനക്കാരേയോ അഥവാ മുസ്ലീം വായനക്കാരേയോ ആരെ ഉദ്ദേശിച്ചാണു പ്രചരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു്?

ജനസമുദായാംഗങ്ങളെ സംബന്ധിച്ചേടത്തോളം ഈ ആദ്ധ്യാത്മികത്വം എത്ര ദൂരത്തു് വലിച്ചെറിഞ്ഞാലും പോയിപ്പോകൊഴിയുന്നതല്ല. ഹൈന്ദവജീവിതവിജയത്തിന്റെ ആണിക്കല്ലായി നിൽക്കുന്നതു് ഈ ആദ്ധ്യാത്മികത്വം ആകുന്നു. നാലായിരത്തിൽപ്പരം സംവത്സരങ്ങൾക്കു മുമ്പു് ഭാരതഖണ്ഡത്തിൽ പ്രചരിച്ച ആ ആദ്ധ്യാത്മികത്വം തന്നേയാണു് ഇന്നും അഖണ്ഡമായ, അച്ഛേദ്യമായ, അക്ഷോഭ്യമായ മാഹാത്മ്യത്തോടെ വിലസുന്നതു്.

ആ ആദ്ധ്യാത്മികത്വം ലൗകികജീവിതത്തിന്റെ പരാജയത്തിനല്ല, വിജയത്തിനാണ് കാരണമായിത്തീന്നിരിക്കുന്നത്. ആ ആദ്ധ്യാത്മികത്വത്തെ മതോപദേഷ്ടാക്കളെന്നോ, പുരോഹിതന്മാരെന്നോ, ചിന്തകന്മാരെന്നോ ഉള്ള പേരിൽ ഏതാനും പണ്ഡിതന്മാർ പലവിധത്തിലും അധഃപതിപ്പിച്ചിട്ടുണ്ടാവാം. സങ്കുചിതങ്ങളായ സിദ്ധാന്തങ്ങളായും അർത്ഥമില്ലാത്ത ആചാരങ്ങളായും മാററി മറിച്ചിട്ടുണ്ടാവാം. എന്നാൽ യഥാർത്ഥമായ ആദ്ധ്യാത്മികത്വം, ഹൈന്ദവ സംസ്കാരത്തിന്ന് ആദിമൂലമായ ഭാരതീയാദ്ധ്യാത്മികത്വം എപ്പോഠം കൈവിടുന്നുവോ അപ്പോഠം മനുഷ്യൻ വിദ്യാസമ്പന്നനായ കാട്ടാളൻ എന്ന നിലയിൽ എത്തിപ്പോകുന്നതാണ്.

ബുദ്ധിശാലികളായ പാശ്ചാത്യ പണ്ഡിതന്മാരിൽ അപൂർവ്വം ചിലരൊഴിച്ചുള്ളവർ ശുദ്ധമേ വസ്തുമാത്ര വാദികളായി കലാശിച്ചിട്ടുള്ളതു് അവക്ക് ഭാരതീയരുടെ ആദ്ധ്യാത്മികത്വത്തെപ്പററി യാതൊരു ബോധവും ഇല്ലായ്കനിമിത്തമാണ്. മനുഷ്യനു മൃഗസഹജങ്ങളായ ആവശ്യങ്ങളും വികാരസംതൃപ്തികളും മാത്രമേ ആവശ്യമുള്ളു എന്നു് അവർ കരുതുന്നു. തന്നിമിത്തം അവിടങ്ങളിൽ അടിയ്ക്കടി വിപ്ലവങ്ങളും ഏകശാസനഭരണങ്ങളും അതൃപ്തികളും നടമാടുന്നു. സഹോദരങ്ങളെ നിശ്ശേഷം വെറുത്ത് അവരുടെ കണ്ഠരക്തത്തിൽ ആറാടുവാനും, സ്വാർത്ഥപരതകളിൽ മുഴുകാനും മാത്രമേ അവർ സകല പരിഷ്കാരാഭിവൃദ്ധികളോടും ശ്രമിക്കുന്നുള്ളു. വ്യക്തിത്വ നിഷ്ഠമായ ആദ്ധ്യാത്മിക ജ്ഞാനത്തിൽ പരിപൂണ്ണത പ്രാപിക്കാൻ അവക്ക് സാധിച്ചിട്ടില്ല.

ഹൈന്ദവജനതയുടെ ആദിസമ്പത്തായ വേദങ്ങൾ ഉപവേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, ദർശനങ്ങൾ എന്നിവയും രാജയോഗം, കർമ്മയോഗം, ജ്ഞാനയോഗം എന്നീ ആദ്ധ്യാത്മിക മുറകളും, അവ ഏതേതു് ജീവിതയാനങ്ങൾ അവലംബിക്കുന്നവരേയും എങ്ങനെയാണു് പരിപൂർണ്ണമായ ആത്മസാക്ഷാൽക്കാരത്തിലേക്കു നയിക്കുന്നതെന്നും ഉള്ള വസ്തുതകളും പരിമിതമായ ഈ ഗ്രന്ഥത്തിൻെറ ഒന്നോ രണ്ടോ പുറം കൊണ്ടു് വ്യവഹരിച്ചു് അവസാനിപ്പിക്കാമെന്നുള്ളതല്ല.

"ജപ്പാൻകാർ, ചീനന്മാർ എന്നിവരെ അപേക്ഷിച്ചു് ഭാരതീയർക്കുള്ള പുരോഗതിയില്ലായ്മയുടെ രഹസ്യവും ഇതാകുന്നു" എന്നു് അദ്ദേഹം 1910-ൽ എഴുതിയതു് ഇന്നു് എത്ര വലിയ ഒരു വിനോദത്തിന്നു വക നൽകുന്നു! ജപ്പാൻെറ പുരോഗമനത്തിന്നു് ആദ്ധ്യാത്മികത്വം ഒരു തടസ്സമായില്ല. ശരിതന്നെ. ഇൻഡ്യയുടെ പുരോഗമനത്തിനാകട്ടെ ആദ്ധ്യാത്മികത്വം തടസ്സവുമാണു്. കാലത്തിൻെറ ഗതിവിശേഷത്തിൽ ആദ്ധ്യാത്മികത്വവിഹീനമായ ചൈനയും ജപ്പാനും നിഷ്പക്ഷപാതികളായ ലോകരുടെ ദൃഷ്ടിയിൽ ഭാരതഖണ്ഡത്തേക്കാൾ ഉയർന്ന സ്ഥാനം ഇക്കാലത്തു് അർഹിക്കുന്നുണ്ടോ ?

ജപ്പാൻകാരുടെ ക്രമാഭിവൃദ്ധമായ നിലയെപ്പററി ഒരുകാലത്തു് ഭാരതീയർക്കു വളരെ ബഹുമാനം തോന്നിയിരുന്നു. എന്നാൽ, ലൗകികമായ അതിമോഹത്തിൽ കുടുങ്ങി, പാശ്ചാത്യപരിഷ്കാരത്തെ അതേപടി പകർത്തി

ആത്മികവികാസം നിശ്ശേഷം അവഗണിച്ച് സാമ്രാജ്യദുഷ്പ്രഭുത്വത്തിന്നു മോഹിച്ച ജപ്പാൻ അതാ, ആററം ബാംബിൻെറ ബാലപാഠം പഠിച്ച് തോററു തകന്ന് ആ ഭാരതീയരുടെ സഹതാപത്തിന്നുപോലും പാത്രീഭവിക്കാത്ത ഒരു പൈശാചികമർദ്ദനനയത്തെ സ്മരണയിൽ എത്തിച്ചു ശയിക്കുന്നു! ചൈനയാകട്ടെ, അതിപുരാതനകാലം തൊട്ടേ ഏററ പരിഷ്കാരം പുരോഗമനപരമായി അഭിവൃദ്ധിപ്പെടുത്തി എങ്കിലും, ഡാക്ടർ സൻയത്സെൻ, ചിയാങ്കൈഷക്ക് എന്നീ നേതാക്കന്മാരുടെ സമർത്ഥമായ നിയന്ത്രണത്തിൽ ഒരു സ്വതന്ത്രപ്രജാധിപത്യസ്ഥാപനമായി എങ്കിലും ജപ്പാൻെറ ആവത്തിച്ചാവത്തിച്ചുള്ള ആക്രമണങ്ങളാൽ എത്രമാത്രം മമ്മം നുറുങ്ങി വേദനിക്കുകയാണുണ്ടായതു്. ആ ഒരു അവസ്ഥാവൈപരീത്യം ഭാരതഭൂമിക്ക് ഇന്നുവരെ നേരിട്ടിട്ടുണ്ടോ? നേരിടുന്നതാണോ?

മോക്ഷം! മടിക്കുത്തിൻെറ മോക്ഷം തന്നെയാണു് (വിടുതൽ തന്നേയാണു്) മോക്ഷം എന്നും, അംഗനമാരുടെ ആലിംഗനം തന്നേയാണു് സൗഖ്യം എന്നും, ചാമ്പലായിത്തീരുന്ന ദേഹം എങ്ങനെയാണ് മരണശേഷം പ്രവൃത്തിക്ഷമമാകുന്നതു് എന്നും മററും ചാർവാകൻ പ്രചരിപ്പിച്ച വിചിത്ര സിദ്ധാന്തങ്ങളെ എതിർത്തുനിന്ന ഭാരതഖണ്ഡം, അലക്സാണ്ടർ ചക്രവത്തിയുടെ ആക്രമണം തൊട്ടു് മുഗൾസാമ്രാജ്യാധിപന്മാരുടെ സ്വേച്ഛാപ്രഭുത്വാവസാനംവരെ വെട്ടും മുറിവും ഏറെറങ്കിലും നാശമടയാത്ത ഭാരതഖണ്ഡം, വൈദേശിക സാമ്രാജ്യത്തിൻെറ നാനാമുഖദുരിതഫലങ്ങൾ അനുഭവിച്ചിട്ടും

സമാധാനപരമായ അന്തരിക്ഷം താമസിയാതെ വന്നുചേരുമാറ് നിസ്തുലതേജസ്സോടെ വിലസുന്നതു് ആ ആദ്ധ്യാത്മികതത്വത്തിൻെറ മാഹാത്മ്യം ഒന്നുമാത്രത്താലാണു്. ഭാരതഖണ്ഡത്തിൻെറ ഭൗതികമായ സകലപുരോഗമനമാർഗ്ഗങ്ങളും ആദ്ധ്യാത്മികതത്വത്തിൻെറ അനുശാസനങ്ങൾക്കു് നിശ്ശേഷം വിധേയമാകേണ്ടതും ആകുന്നു.

അക്കഥകൾ എന്തായാലും, 'എഫ് റ്റീ മാരി നെറ്റി' യുടെ 'ഫ്യൂച്ചറിസ'ത്തെപ്പററി 'നവലോക'ഗ്രന്ഥകാരൻ ഏററവും സംഗ്രഹിച്ച രീതിയിൽ മാത്രമുള്ള വിവരണമാണു കൊടുക്കുന്നതു്. അതിനാൽ ഇന്നത്തെ പുരോഗമനസാഹിത്യതത്വങ്ങൾക്കു് മാർഗ്ഗദർശകമായ ആ പ്രസ്ഥാനത്തിൻെറ പൂർണ്ണസ്വരൂപം നമുക്കു് അന്വേഷിച്ചു് അറിയേണ്ടിയിരിക്കുന്നു. ആ അന്വേഷണത്തിൽ നിന്നു സിദ്ധിക്കുന്ന പരമാർത്ഥങ്ങൾ താഴെ കൊടുത്തുകൊള്ളട്ടെ:—

ഇരുപതാം ശതവർഷത്തിൻെറ ആരംഭത്തിൽ യൂറോപ്പുഖണ്ഡം പൊതുവേ വസ്തുമാത്രവാദത്തിന് ക്രൂട്ടക്രൂളത്തരങ്ങായി. അവിടത്തെ കലാലോകത്തിൽ പുതുപരീക്ഷണങ്ങളുടെ സ്വഭാവം വർദ്ധിച്ചു. ശുഭസന്ദായകമായ ഒരു ഭാവി കലകൾക്കു് കൈവരുത്തണം എന്ന ഉദ്ദേശത്തോടെ, പാരിസ്സ്, റ്റ്യൂറിൻ, ലണ്ഡൻ, മാസ്കോ മുതലായ വിവിധ നഗരികളിലെ കലാപ്രണയികൾ ചിത്രമെഴുത്തു്, സംഗീതം, ശില്പകല, സാഹിത്യം എന്നീ സുകുമാരകലകൾ മനുഷ്യപുരോഗതിക്കു് ഏതേതെല്ലാം വിധത്തിൽ സഹായകമാകും എന്നു അതിനിഷ്കൂർഷയോടെ ചിന്തിച്ചു.

ഫ്രാൻസ്, ജമ്മനി, ഇററലി എന്നീ പരിഷ്കൃതരാജ്യങ്ങളിലെ ഓരോ കലാനിരൂപകന്മാരും പരിഷ്കാരികളും സിദ്ധാന്തസ്ഥാപനത്തിന്ന് മുന്നോട്ടിറങ്ങി. അക്കൂട്ടത്തിൽ ഇററലി സ്വദേശിയും പാരിസ്സിൽ വിദ്യാഭ്യാസം നിർവ്വഹിച്ച് ഫ്രഞ്ചുസാഹിത്യത്തോടു കൂടുതൽ പ്രതിപത്തി നേടിയ യുവാവും ആയ 'എഫ് ററീ മാരിനെററി' തന്റെ മുപ്പത്തിയൊന്നാമത്തെ വയസ്സിൽ റ്വൂറിൻ നഗരിയിൽ വെച്ച് പ്രഖ്യാപനം ചെയ്ത ഒരു പുതുകലാസിദ്ധാന്തമാകുന്നു, 'ഫ്യൂച്ചുറിസം' അഥവാ 'ഭാവിസംവിധാന' പ്രസ്ഥാനം.

അക്കാലത്ത് യൂറോപ്പിൽ പ്രചരിച്ചിരുന്ന ബുദ്ധിശക്തിയുടെ മേന്മയ്ക്കുള്ള സ്ഥാനം ഗണ്യമായ വിധം കുറച്ച് ശരീരശക്തിക്ക് കൂടുതൽ സ്ഥാനം നൽകിയാണ് ഫ്യൂച്ചുറിസത്തിൻെറ പോക്ക്. ബുദ്ധിശക്തിപരമായ ആധിപത്യത്തിൽ പ്രചരിച്ചുപോന്ന സൗന്ദര്യബോധത്തിൻെറ കഴുത്തിനു കത്തി വെയ്ക്കുകയായിരുന്നു 'ഫ്യൂച്ചുറിസ'ത്തിന്റെ പ്രധാനകൃത്യം. ഏതൊരു വസ്തുവിലേയും സൗന്ദര്യത്തെക്കാരം സൗന്ദര്യമില്ലായ്മയെ വേണം ചിത്രീകരിക്കേണ്ടതു് എന്ന ഒരു വിചിത്രത! അതുപോലെ തന്നെ ബാഹ്യമായി കാണുന്ന ഭാവത്തിന്നു് യാതൊരു പ്രാധാന്യവും നൽകാതെ ആന്തരികഭാവത്തിന്ന് ഗണനീയത നൽകുക മറെറാരു പ്രത്യേകതയായി ഇവർ ഗണിച്ചു. ആത്മശക്തിയെക്കാരം ശരീരശക്തി പ്രധാനം. മനുഷ്യരുടെ ഞരമ്പുകളെ രക്തംകൊണ്ടു നിറയ്ക്കുക, പദപ്രയോഗസുഭഗതകൾക്കുള്ള അമിതപ്രാധാന്യം നിശ്ശേഷം അവഗണിക്കുക

എന്നിവ അവർ ഒരു പൂജ്യമയായി കരുതി. ഉരുക്കു യന്ത്രത്തിൻെറ സൗന്ദര്യവും ശക്തിയുമാണ് അവർ ആത്മശക്തിയേക്കാൾ ആകർഷകമായി കരുതിയതു്.

'മാരിനെററി'യുടെ പുതിയ കലാപരിഷ്ക്കാരത്തിൽ അദ്ദേഹത്തിൻെറ കൂട്ടുകാരായി അൺബെർട്ടോ ബോച്ചിയാണി, കേരിയാ കാരാ, ജിയാക്കിമോ ബാല്ലാ, ല്യൂജി റസ്സോളോ, ഗിനോ സെവിറണി എന്നീ യുവാക്കന്മാരും കൂടെ ഫ്യൂച്ചുറിസപ്രസ്ഥാനം യൂറോപ്പിൽ പ്രചരിപ്പിക്കുവാൻ ശ്രമിച്ചു.

മാരിനെററിയുടെ പുരോഗമനപ്രസ്ഥാനത്തിൻെറ അതിപ്രധാനമായ ഒരു തത്വം, പഴയവ സകലതിനേയും ഒന്നോടെ അധിക്ഷേപിക്കുക എന്നതാണു്. കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരുടെ ഭൂതകാലസാഹിത്യ നിന്ദനത്തിൻെറ ചുവടു് ഇവിടെയാണു കാണുന്നതു്. ഇതു കൂടാതെ തൻെറ പുതുപ്രസ്ഥാനത്തിനു് നൂററിൽപ്പരം മററു ലക്ഷണങ്ങൾ ഉള്ളതായി ആ കലാപരിഷ്ക്കാരി പ്രസ്താവിക്കുന്നുണ്ടു്. അവയിൽ ഒട്ടുമുക്കാലും, ഉത്ഭവസ്ഥാനം ഇന്നതു് എന്നു് ആരേയും അറിയിക്കാതെ ദൈവദൂതന്മാരിൽ നിന്നു് തങ്ങൾക്കു് സിദ്ധിച്ച ദിവ്യമായ അറിവു് അടിസ്ഥാനമാക്കി എന്ന മട്ടിൽ ഇന്നത്തെ പുരോഗമനച്ചെറുകഥയെഴുത്തുകാരും കവിതക്കാരും മലയാളത്തിൽ ധാരാളം പ്രചരിപ്പിച്ചിട്ടുണ്ടു്. എല്ലാ തത്വങ്ങളിലും മികച്ചുനിൽക്കുന്ന ഏകതത്വം, നിലവിലിരിക്കുന്ന സകലതിനേയും തകർക്കുക എന്നതാണു്. വായനക്കാ

രന്ന് അതികഠിനമായ വേദനയും വെറുപ്പും തോന്നത്തക്ക വിധത്തിൽ രചന നിർവ്വഹിക്കുക മറെറാരു ഉപദേശമാകുന്നു. ഇന്നോളം അറിയപ്പെടുന്ന സംസ്കാരബോധത്തിന്ന് നിശ്ശേഷം വിപരീതമായ വിധത്തിൽ കലാപ്രകടനം നടത്തുക അടുത്ത ലക്ഷണമാണ്. വിദ്വാന്മാരുടെ അഭിനന്ദനത്തിന്നോ ആദരവിന്നോ പാത്രീഭവിക്കാതെ കലാപ്രകാശനം നിർവഹിക്കുക മറെറാരു ലക്ഷണം. കാര്യകാരണബന്ധത്തിന്നു പൊരുത്തമുണ്ടാകണം എന്ന നിർബന്ധം വച്ചുകൊള്ളാതിരിക്കുക അടുത്ത പ്രത്യേകതയാകുന്നു. പ്രസന്നത, കോമളത എന്നിവയെ പരോക്ഷമായിപ്പോലും താലോലിക്കാതിരിക്കുക അടുത്ത മഹനീയത. ഉരുക്കുയന്ത്രത്തിൻെറ സൗന്ദര്യപ്രശംസ ഒട്ടും അപ്രധാനമല്ലാത്ത ഇനിയൊരു വിശിഷ്ട സിദ്ധാന്തമാണ്. എന്തിന്നേറെ! കരുതിക്കൂട്ടിക്കൊണ്ടുള്ള കിരാതത്വം അഥവാ മൃഗീയത്വം കലകളിലൂടെ വെളിയ്ക്കാക്കുക എന്നതുവരെ ഈ ലക്ഷണങ്ങൾ അഭിവൃദ്ധി പ്രാപിക്കുന്നു!

ഇങ്ങനെ വളരെ വളരെ നിയമങ്ങളോടും വലിയ വലിയ ശുഭപ്രതീക്ഷകളോടും കൂടിയാണ് എഫ്. ററി. മാരിനെററി യൂറോപ്പുഖണ്ഡത്തിൽ പുരോഗമനപ്രസ്ഥാനം സ്ഥാപിക്കുകയുണ്ടായത്. എന്നാൽ ആ പ്രസ്ഥാനം അനുസരിച്ച് കൃതികൾ രചിക്കുവാൻ, അദ്ദേഹത്തിന്ന് അനേകം അനുഗാമികളും അഭിനന്ദകന്മാരും ഉണ്ടായിട്ടും ഒരൊററയാൾപോലും മുന്നോട്ടുവന്നില്ല. ശ്രീ. ബാലകൃഷ്ണപിള്ള അവർകൾ തന്നെ പറയുന്നു:—

"ആ പ്രസ്ഥാനക്കാൎക്ക് അവരുടെ രീതി അനുസരിച്ച് ശ്രേഷ്ഠമായ ഒരു കൃതിയും ഇതുവരെ നിൎമ്മിക്കാൻ സാധിച്ചിട്ടില്ല."

അസൂയാൎഹമായ ഈ നില വേഗം കരഗതമാക്കുവാൻ വെമ്പൽ കൊള്ളുന്ന കേരളത്തിലെ ചില മാന്യന്മാർ കണക്കാറും, യാതൊരു അടിസ്ഥാനം കൂടാതേയും ഭൂതകാലസാഹിത്യത്തെ അവഹേളിക്കുവാൻ എത്ര ബദ്ധശ്രദ്ധരായി എന്നു നോക്കുക:—"പഴയതിനെ പഴയതെന്നു പറഞ്ഞു് തിരസ്കരിക്കുന്നതു് ബുദ്ധിശൂന്യതയാണു്. ഞാൻ തന്നെ പഴയ സ്ക്കൂളിൽപ്പെട്ട ആളാണ്. പഴയതിൽനിന്നു വിടാതെ പുതിയതിനു വേണ്ടിയാണു് ഞാൻ പ്രയത്നിക്കുന്നതു്" എന്നു്, ഭാരതീയ പുരോഗമനസാഹിത്യകാരന്മാരുടെ പ്രതിനിധി എന്ന നിലയിൽ ശ്രീ ഹരീന്ദ്രനാഥശതോപാദ്ധ്യായർ വ്യക്തമായ ഭാഷയിൽ പ്രസ്താവിച്ചതു് കേട്ടിട്ടും, അദ്ദേഹത്തിൻെറ സാന്നിദ്ധ്യം, "ആനയ്ക്കു് നെററിപ്പട്ടം കൊടുത്തതുപോലെ സമ്മേളനത്തിന് ഒരു ഭൂഷണമായി മാത്രം കരുതിയാൽ പോര" എന്ന് ഭക്തികൊണ്ടു താഴ്ത്തിയ ശിരസ്സോടുകൂടിയ പുരോഗമനസാഹിത്യകാരന്മാർ വാഴ്ത്തിയിട്ടും എഫ് റ്റീ മാരിനെററിയുടെ ഇററാലിയൻ കൊടിക്കീഴിൽ ഞെളിഞ്ഞുനിന്നു സംസാരിക്കുന്നതു നോക്കുക:—

"നമ്മുടെ സാഹിത്യം ഏതാനും അലസധനികന്മാരുടേയും നാടുവാഴികളുടേയും പ്രഭുക്കളുടേയും സുഖോപകരണമായി കഴിഞ്ഞുപോന്നിരുന്നു." (മി: എം. പീ. പാറം)

നമ്മുടെ ഭാഷ ഇന്നുവരെ അറബിക്കടലിൻേറയും മലയപർവ്വതത്തിൻേറയും ഇടയ്ക്കുള്ള താഴ്‌വരയിൽനിന്നു് നാലു പൊള്ളച്ചിരി ചിരിച്ചതേയുള്ളൂ."

(മി: ജോസഫ് മുണ്ടശ്ശേരി)

"കേവലം വിനോദത്തിനോ പാണ്ഡിത്യപ്രകടനത്തിനോ ഉള്ള ഒരു ഉപായമെന്നതിൽ കവിഞ്ഞു് നമ്മുടെ സാഹിത്യത്തിന് സൃഷ്ടിപരമായി എന്തു മേന്മയാണുണ്ടായിരുന്നതു്.?" (മി: ചങ്ങമ്പുഴ കൃഷ്ണപിള്ള)

"കലയുടെ പരമോദ്ദേശ്യത്തെപ്പോലും വിസ്മരിച്ചു് ഭാവത്തേക്കാൾ രൂപത്തിന്നു പ്രാധാന്യം കല്പിച്ചു് അധഃപതനത്തിൻെറ അങ്ങേ അററം വരെ എത്താറായിക്കിടന്ന നമ്മുടെ സാഹിത്യം." (മി: ആർ. എസ്സ്. കുറുപ്പ്)

"പഴയതിനെ സംശയദൃഷ്ടിയോടുകൂടി മാത്രമേ നാം വീക്ഷിക്കൂ." (മി: എസ്സ് ഗുപ്തൻ നായർ)

"പ്രാചീന സാഹിത്യത്തിലെ അശ്ലീലത്തിന് വല്ല അതിരും അളവും ഉണ്ടോ? രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഭോഗവാസനകളുടെ ബീഭത്സരൂപം പൂണ്ട ചിത്രങ്ങളല്ലേ അതിലധികവും?" (മി: കുററിപ്പുഴ കൃഷ്ണപിള്ള)

എന്നാൽ യൂറോപ്യൻ ഫ്യൂച്ചിറിസക്കാരുടെ യാഥാർത്ഥ്യത്തെ 'നവലോകം' മതിക്കുന്നതു നോക്കുക:—

"ഒരുപുതിയ കലാലോകത്തെ ക്രമേണയുള്ള പരിണാമം കൊണ്ടല്ല, ഉടനടിയുള്ള വിപ്ലവം കൊണ്ടുമാത്രമേ സൃഷ്ടിക്കാവൂ എന്നു വാദിക്കുന്നവരാണ് ഇവർ. കലയ്ക്കു സജീവമായ പ്രേരകശക്തി ജനസമൂഹത്തിൻെറ മേൽ

വേണമെങ്കിൽ കാലത്തിനനുസരിച്ച് കലാരീതികൾമാറേറണ്ടതാണെന്നുള്ള ആശാസ്യമായ തത്വത്തെ അപൂർണ്ണമായും അവ്യക്തമായും ഒരുപക്ഷേ തെററായുമുള്ള രീതിയിൽ ഇവർ പ്രകടിപ്പിക്കുകയാണു് ചെയ്യുന്നതെന്നും അവസാനമായി പറഞ്ഞുകൊള്ളട്ടെ".

പൊതുജനങ്ങൾക്കും കാലത്തിനും ഒരു പുതിയ നേരമ്പോക്കു് എന്ന നിലയിൽ മാരിനെററിയുടെ തത്വങ്ങൾ അനുസരിച്ച് രചന നടത്തുവാൻ യൂറോപ്പിൽ ശ്രമംനടത്തിയവരിൽ പലരും കരുതിക്കൂട്ടിയുള്ള 'കാട്ടാളത്വ'ത്തിൽ നിന്നു പിൻ തിരിഞ്ഞതേയുള്ളു. പ്രസ്തുത ഇററാലിയൻ സിദ്ധാന്തകർത്താവിൻെറ അന്തേവാസിത്വം ഏററ 'പാആലോ ബിസ്സി' എന്ന കവി തന്നേയും ഉരുക്കുയന്ത്രസൗന്ദര്യത്തെ വാഴ്ത്തി ചില കവിതകൾ രചിക്കുകയുണ്ടായി എങ്കിലുംവളരെ എളുപ്പം ആ രീതി വിട്ടു പിന്മാറി. സിദ്ധാന്തസ്ഥാപകനായ മഹാൻതന്നെ 1938-ൽ റായൽ 'ഇററാലിയൻഅക്യാഡമി'യിലെ ഒരു അംഗമായതോടുകൂടി ഫ്യൂച്ചറിസത്തോടു യാത്രപറഞ്ഞുപിരിഞ്ഞു! അദ്ദേഹം സ്ഥാപിക്കുകയുണ്ടായ 'ഫ്യൂച്ചറിസം' പാരിസ്സിൽ എത്തി അല്പമൊന്നുവിശ്രമിച്ചശേഷം ലണ്ടനിലേയ്ക്കു തിരിച്ചുവെന്നും വഴിമദ്ധ്യേ എന്തോ അപകടത്തിൽപെട്ടുവെന്നും യൂറോപ്യൻ സാഹിത്യപ്രാമാണികന്മാർ പറയുന്നു. അഥവാ 'ക്യൂബിയിസം' 'എക്സ്പ്രഷണിസം' എന്നിവയുടെ കൂട്ടുകെട്ടോടുകൂടി 'വോർട്ടിസിസം' എന്ന പേരിൽ അവിടേയും കുറെയൊക്കെ പ്രചരിച്ചു.

വിപ്ലവാത്മകമായ കലാപരിഷ്കാരപദ്ധതി എന്ന നിലയിൽ ഇററലിയിൽ ജന്മമെടുത്ത ഫ്യൂച്ചറിസത്തെ മലയാളത്തിൽ പ്രതിഷ്ഠിക്കുവാൻ ഉദ്യമിച്ച കലാവിലാസരസികനും വിശാലാശയനും, നിശ്ശേഷം സ്വതന്ത്രനും ആയ 'നവലോക' ഗ്രന്ഥകാരനോടുള്ള സകല ബഹുമതികളോടും കൂടിത്തന്നെ ഒരു ചോദ്യം അവശേഷിക്കുന്നു. ഇററലിയിലെ ഈ പരിഷ്കാരം കേരളസാഹിത്യത്തിനും കേരളീയക്കും എത്രത്തോളം അനുഗുണമാകും എന്നു്, സിസിലി മുതൽ മിലാൻ വരേയും ജിനോവ മുതൽ വെനീസ്സുവരേയും വ്യാപിച്ച ഇററലിയിലെ പ്രകൃതിമനോഹരതകൾ, ചരിത്രപരമായ പ്രാധാന്യങ്ങൾ, പുരാതന പ്രാഭവങ്ങൾ, കലാപരമായ വികാസങ്ങൾ എന്നിവ യൂറോപ്യൻ ചരിത്രപഠിതാവിനെ അത്യധികം ആകർഷിച്ചു എന്നു വരാം. സാഹിത്യപരമായി ആലോചിക്കുമ്പോൾ പതിന്നാലു പതിനാറു എന്നീ രണ്ടു ശതവർഷങ്ങളിൽ ചാസർ തുടങ്ങി മിൽട്ടൻ വരേയുള്ള ഇംഗ്ലീഷുകവികൾക്കു് ഇററാലിയൻ സാഹിത്യം ചില പ്രചോദനങ്ങളും മാതൃകകളും നൽകിയിരുന്നു എന്നു സമ്മതിക്കാം. ഡാൻറേറ, പെറ്റ്റാക്കു്, ബൊക്കാഷ്യോ, ആരിയോസ്റ്റ റാസ്സോ എന്നീ ഇററാലിയൻ സാഹിത്യകാരന്മാർ അക്കാലത്തു ചെലുത്തിവന്ന സ്വാധീനശക്തി ഇംഗ്ലീഷുസാഹിത്യത്തിൽ പതിനേഴാം ശതവർഷത്തിൻെറ മദ്ധ്യത്തോടെ തന്നെ നിശ്ശേഷം അസ്തമിച്ചു. ആ ഇംഗ്ലീഷു സാഹിത്യത്തോടു് മലയാളത്തിനു് എന്തെങ്കിലും ഒരു ബന്ധം സിദ്ധിക്കുന്നതു് പത്തൊൻപതാം ശതവർഷത്തിൻെറ അന്ത്യപാദം തൊട്ടു

മാത്രമാണു്. ഇംഗ്ലീഷുസാഹിത്യം ഉദ്ദേശം അഞ്ചു ശത വർഷക്കാലമായി നേടിയ വികാസത്തിന്റെ ഏകദേശച്ഛായ പോലും വഹിക്കുവാൻ മലയാളം ഇന്നോളം ശക്തമായിട്ടില്ല എന്ന വസ്തുത ആലോചിക്കുമ്പോൾ, ഇംഗ്ലീഷിനേയും ഫ്രഞ്ചിനേയും കടന്നുനില്ക്കുന്ന ഇററാലിയൻ സാഹിത്യത്തിലെ അതിക്ലേശകരമായ ഒരു പ്രസ്ഥാനം മലയാളത്തിലേയ്ക്കു പകർത്തുന്നതു് സ്വാഭാവികമായിരിക്കുമോ?

അഥവാ, ഒരു വിധത്തിൽ ബലം പ്രയോഗിച്ചു് ആ ഇററാലിയൻ സാഹിത്യ രീതി മലയാളത്തിലും നടപ്പിൽ വരുത്താമെന്നു വരട്ടെ. അപ്പോൾ മറെറാരു ചോദ്യത്തിനു് വകയുണ്ടു്. സാഹിത്യം ജീവിതത്തിൽനിന്നു് ഉടലെടുക്കുന്നതോ, അതോ, ജീവിതം സാഹിത്യത്തിന്റെ പുറകേ ഓടിക്കൊള്ളേണ്ടതോ ? ഫ്രഞ്ചുകാരുടെ ജീവിതരീതികൾ ഫ്രഞ്ചുസാഹിത്യത്തിനും, ഇററാലിയർ ഇംഗ്ലീഷുകാർ എന്നിവരുടെ ജീവിതരീതി അതാതു സാഹിത്യങ്ങൾക്കും പുഷ്ടി വരുന്നതിനു നിമിത്തമായേക്കും; ജീവിതരീതികൾ കാലസ്വഭാവത്തേയും പരിതഃസ്ഥിതികളേയും ആശ്രയിച്ചിരിക്കാം. ഇററലിദേശക്കാരനായ മാരിനെററി 'ഫ്യൂച്ചറിസം' സ്ഥാപിച്ചതു തന്നെ ആദ്യമായി ഫ്രഞ്ചുസാഹിത്യത്തിലാണു്. കാരണം, അക്കൂട്ടരുടെ ജീവിതരീതിയുടെ ഫലമായിട്ടു് അത്തരം സാഹിത്യത്തിന്നു് അവിടെ പ്രസക്തിയുണ്ടാകും എന്നതായിരിക്കണം. ആ രീതി ഇംഗ്ലണ്ടിൽ അത്ര പ്രചാരത്തിലല്ലാത്തതിനാലാണു് അവിടെ ഫ്യൂച്ചറിസം വ്യാപിക്കുകയുണ്ടാകാത്തതു്. ഇങ്ങനെ ഇംഗ്ലണ്ടിനു തന്നെ അപരിചിതമായ ഒരു ജീവിതരീതി മലയാളത്തിൽ പ്രചരിക്കും എന്നു കരുതേണ്ടതു് എങ്ങനെയാണു് ?

സങ്കല്പം. ശുദ്ധസങ്കല്പം! അതായത് ഇരുപതാം ശതവൎഷത്തിന്റെ ആരംഭത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ കാണ്മാനുണ്ടായിരുന്ന ഒരു ജീവിതരീതിയാണ് ഇന്നത്തെ മലയാളക്കരയിലും ഉള്ളത് എന്ന് കണ്ണിറുക്കെ അടച്ച് സങ്കല്പിച്ചുകൊള്ളുക. "ദന്തഗോപുരത്തിനുള്ളിലിരുന്നു" പ്രകൃതിവൎണ്ണന നിർവഹിക്കുംപോലെ! കേരളത്തിന്റെ ഒരു മൂലയ്ക്കെങ്ങാനും ഇരുന്ന് കേരളം യൂറോപ്പു ദേശമാണെന്ന് സങ്കല്പിച്ചു കൊള്ളുക! പുരോഗമന സാഹിത്യപ്രണയികൾ ഏതെങ്കിലും ഒരു തത്വം അതിപ്രധാനമായി കരുതുന്നുണ്ടെങ്കിൽ അതായത്, സാഹിത്യം ജീവിതയാഥാൎത്ഥ്യങ്ങളെ പ്രതിബിംബിപ്പിക്കണം എന്നുള്ളതാണ്. എന്നാൽ കേരളസാഹിത്യത്തിൽ എത്തുന്ന 'ഫ്യൂച്ചറിസം' കേരളീയരുടെ ജീവിതയാഥാൎത്ഥ്യങ്ങളുടെ ഫലമായിട്ടല്ല, കലാശിക്കുന്നത്. എന്തെന്നാൽ, ഫ്യൂച്ചറിസത്തിന്റെ പ്രധാന തത്വമായ 'ഭൂതകാലനിന്ദനം' യാതൊരു കേരളീയർക്കും പൊതുവേ സ്വീകരിക്കാവുന്നതാകയില്ല. അപ്രകാരമൊരു ഭൂതകാലനിന്ദനം കേവലം ആത്മഹത്യാസദൃശമായിരിക്കുന്നതും, ഭൂതകാലനിന്ദനത്തോടുകൂടി കേരളീയർ കാട്ടാളപ്പട്ടം ഏറെറടുക്കുവാൻ സ്വയം മുതിരുന്നതിനോടു തുല്യമായിരിക്കുന്നതും ആകുന്നു. കൂടാതെ ആദ്ധ്യാത്മികതത്വത്തിന്നു പേരെടുത്ത ഭാരതഭൂഖണ്ഡത്തിന്റെ ഏകദേശമാതൃകയിൽ കഴിയുന്ന ഒരു നിസ്തുലമായ സ്ഥിതിവിശേഷം കേരളത്തിനുണ്ട്. മതബോധം, സദാചാരനിയമം, എന്നിവ സംബന്ധിച്ച് കേരളത്തിന്നു നിയതങ്ങളായ ആദൎശങ്ങൾ ഉണ്ട്. ആ വക ആദൎ

ങ്ങൾ യാതൊന്നുമില്ലാതെ, ജീവിതത്തിൽ അതികഠിനമായ അതൃപ്തിയും നിരാശയും വർദ്ധിച്ച് കാലമഹാസമുദ്രത്തിലെ നീലജലത്തിനുള്ളിൽ മുങ്ങിക്കുഴങ്ങുന്ന യൂറോപ്പിലെ ഇഹപരവിശ്വാസമില്ലായ്മയും, അസ്വാസ്ഥ്യവുമല്ല കേരളത്തിന്റെ പ്രധാനലക്ഷണം. ഇവിടത്തെ അസ്വാസ്ഥ്യം, ആദ്ധ്യാത്മികതക്കുറവുകൊണ്ടുള്ളതല്ല. സാമ്പത്തികമോ സമത്വസൗഖ്യമോ മാത്രമാണ്. ആ സ്ഥിതിക്കു വളരെ ബുദ്ധിമുട്ടി കഴിച്ച് 'ഫ്യൂച്ചറിസം' മുതലായ പുതുമകൾ കേരളസാഹിത്യത്തിൽ അവതരിപ്പിക്കുക എന്നത് ഒരുവക രസം തന്നെയാണ് എങ്കിലും, കേരളീയജീവിതരീതിക്കും സംസ്കാരത്തിന്നും നിരപ്പു വരാത്ത അത്തരം നവസാഹിത്യമാതൃകകൾ ഈ നാട്ടിൽ കേവലം ക്ഷണികങ്ങളായിരിക്കുകയേ ഉള്ളൂ.

---

## അദ്ധ്യായം 3.

---

"മനുഷ്യസമുദായത്തെ എല്ലാത്തരത്തിലും ഉള്ള മർദ്ദനങ്ങളിൽ നിന്നും, പക്ഷപാതബുദ്ധികളിൽ നിന്നും സംസ്കാരത്തിന്നു നേരിട്ടിരിക്കുന്ന ജീർണ്ണമായ അധഃപതനത്തിൽ നിന്നും വിമോചിപ്പിക്കുക" എന്നതാണല്ലോ, പുരോഗമനസാഹിത്യ സംഘടനയുടെ ഉദ്ദേശം. ഈ ഉദ്ദേശത്തോടെ 1945 മേ മാസം 29, 30 എന്നീ തീയതികളിൽ തിരുവിതാംകൂറിലെ കോട്ടയത്തു് ആ സംഘടന

സംബന്ധിച്ച സമ്മേളനം ഏതേതു് പരിതഃസ്ഥിതി കളിൽ ആയിരുന്നു എന്നൊന്നു് പരിശോധിക്കേണ്ടേ? അഥവാ ലോകമഹായുദ്ധത്തിൻെറ അങ്ങേ അറ്റത്തെ നിലയായ 1945-ൽ പുരോഗമനസാഹിത്യത്തിലേയ്ക്കു കാൽകുത്തിയ കേരളഭൂമിയുടേയും, പുരോഗമനസാഹിത്യ ത്തിൻെറ വളത്തുശാലയായ അഖിലഭാരതഭൂമിയുടേയും പ്രസവഗൃഹമായ യൂറോപ്യൻ ഭൂഖണ്ഡത്തിൻേറയും നില കരം എന്തായിരുന്നു എന്നൊന്നു ചെറുതായി അന്വേഷി ക്കാം.

ഫ്രഞ്ചു്, റഷ്യ, ഇംഗ്ലണ്ടു്, ജമ്മനി, ഇററലി എന്നീ യൂറോപ്യൻ രാജ്യങ്ങരം ജനസംഹാരകമായ അനേ കമനേകം പരിപാടികളിൽ പങ്കെടുത്തു് യാതൊരു സൈചരവും സമാധാനവും കൂടാതെ കഴിഞ്ഞിരുന്നു. യൂറോ പ്യൻ ക്ഷേമശരീരത്തിൻെറ സകല ഞരമ്പുകളും തകന്നു് അന്തർവ്വീയ്യവും ആത്മശക്തിയും അസ്തമിച്ചു് അധഃപതന ത്തിന്റെ അടിത്തട്ടിൽ ആണ്ടുപോയ ആ ഭൂഖണ്ഡം അടുത്ത ജീവിതം ഉണ്ടോ എന്ന സംശയത്തിൽ കഴിഞ്ഞിരുന്നു. ഭാരതഭൂമിയിലെ കിഴക്കൻ തുറമുഖനഗരികളും പടിഞ്ഞാ റൻ കടലോരപ്പട്ടണങ്ങളും കീഴ്മേൽ മറിഞ്ഞവിധം വദ്ധി ച്ച അസചാസ്ഥ്യത്തിൻെറ സങ്കേതങ്ങളായി. ഭക്ഷണ ദാരിദ്ര്യം, ഭരണസംബന്ധമായ അവകാശലാഭം ഇല്ലാത്തതു നിമിത്തമുള്ള അതൃപ്തി, ജനനായകന്മാരുടെ ബന്ധനം, 1942 ആഗസ്ററു വിപ്ലവത്തിൻെറ അനന്തരഫലം എന്നി വകൊണ്ടു് സാധാരണൻേറയും അസാധാരണൻേറയും ജീവി തം പൊതുവേ അപകടത്തിൽപ്പെട്ടിരുന്നു. സകല അസചാ

സ്ഥ്യങ്ങൾക്കും കാരണമായ വിദേശീയഭരണം അസ്തമിപ്പിക്കുവാൻ ഒരുവശത്തു് സകല ശ്രമങ്ങളും നടന്ന ഘട്ടത്തിൽ തന്നെ മറെറാരു വശത്തു് ആ വിദേശഭരണക്കാർ ഏറ്റെപ്പെട്ട യുദ്ധത്തിനുവേണ്ടി ആത്മപരിത്യാഗത്തിന്നു് അനവധി ലക്ഷം യുവാക്കന്മാർ മററു സകല ഉദ്യമങ്ങളിൽ നിന്നും പിന്മാറിയിരുന്നു. കൃഷി, വ്യവസായം, വാണിജ്യം എന്നിങ്ങനെ ഏതൊരു രാജ്യത്തിൻേറയും ഉൽകൃഷ്ടത്തിന്നു കാരണമാകുന്ന മാർഗ്ഗങ്ങളിലെ അഭിവൃദ്ധി വിദേശീയരുടെ നയവിശേഷത്തേയും ആ നയവിശേഷം അവശേഷിക്കുകയോ നശിക്കുകയോ എന്ന സംശയത്തിൽ നടത്തിയ യുദ്ധയത്നങ്ങളേയും ആശ്രയിച്ചിരുന്നു. ചുരുക്കത്തിൽ ഗ്രാമീണരുടെ നില ഒന്നാകെ അധഃപതിച്ചു്, നാഗരികരുടെ ലൗകിക വിജയമാർഗ്ഗങ്ങൾ അനുക്ഷണം ആപത്തിന്നു് അഭിമുഖമായി ഭാരതീയ ബഹുജനലക്ഷങ്ങൾ അങ്ങേ അററത്തെ അസ്വാസ്ഥ്യം അനുഭവിച്ച ഒരു കാലഘട്ടമായിരുന്നു, 1945.

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ട ആ വിചിത്രകാലഘട്ടത്തിൽ കേരളക്കര ഒരു ആശയയുദ്ധക്കളത്തിൽ എത്തുകയായിരുന്നു. കേരളക്കരയിലെ ദേശവിഭാഗങ്ങളായ തിരുവിതാംകൂർ കൊച്ചീ മലബാർ എന്നിവിടങ്ങളിലും യൂറോപ്യൻയുദ്ധത്തിൻെറ ഘോരഫലങ്ങൾ ചില സ്പർശനങ്ങൾ നടത്തി എന്നല്ലാതെ, യൂറോപ്പിൻേറയോ ഭാരതഭൂമിയുടേയോ അസ്വാസ്ഥ്യങ്ങളുടെ ഒരു ഏകദേശാംശമെങ്കിലും കൊണ്ടു് കടുത്ത പരിവത്തനങ്ങൾക്കു് ഈ നാട്ടുകാർ തയ്യാറായില്ല. ഗുണവും കമ്മവും ആസ്സദമാക്കിയാണു് ഞാൻ ചാതുർവ്വണ്യം സൃഷ്ടിച്ചതു്

എന്നു് ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പ്രസ്താവിക്കുന്നുണ്ടു് എങ്കിലും 'രൂപാ പണം ചക്രം കാശി'ന്നെ പ്രധാനമായി അടിസ്ഥാനമാക്കിയ കേരളത്തിലെ ജാതിവ്യത്യാസം 1945 ൽ കൂടിയിരുന്നില്ല. കുറഞ്ഞുമില്ല. ബാഹ്യമായി വിയോജിക്കാനും വേർതിരിയാനും സൗകര്യപ്രദമായ ഹിന്ദു, ക്രൈസ്തവമുസ്ലീം മതങ്ങളുടെ പേരിൽ ജനസമുദായങ്ങൾ ഓരോ പ്രത്യേക തട്ടുകളിൽ 1945-നു മുമ്പു് പുലർത്തിവന്ന നിലയ്ക്കു് ആ വർഷത്തിലോ അതിനെത്തുടർന്നോ യാതൊരു വ്യത്യാസവും വന്നുചേർന്നില്ല. യുദ്ധത്തിന്റെ ആരംഭത്തിനു മുമ്പുതന്നെ തിരുവിതാംകൂറിലെ സമുദായപരിഷ്കാരം ഉദ്ദേശിച്ചു് ഉടലെടുത്ത 'ക്ഷേത്രപ്രവേശനം' എന്ന സ്വാതന്ത്ര്യപ്രഖ്യാപനവും അഭിമുഖീകരണവും ഏഴോ എട്ടോ സംവത്സരത്തെ സാവകാശം ലഭിച്ചിട്ടുപോലും കൊച്ചിയിലോ കോഴിക്കോട്ടോ എത്തിനോക്കുകപോലും ഉണ്ടായില്ല. പൊതുവെ കർഷകരാജ്യമെന്നു പറയാവുന്ന ഇൻഡ്യയുടെ തെക്കേ അറ്റത്തെ തെക്കുവശമായ കേരളത്തിലെ നട്ടെല്ലെന്നു പറയപ്പെടുന്ന കൃഷിക്കാരൻ, കൃഷിക്കാവശ്യമുള്ള വിത്തു്, ഉരം, കന്നുകാലികൾ, ഉപകരണങ്ങൾ എന്നിവയ്ക്കുവേണ്ടി സമീപസ്ഥങ്ങളായ ബാങ്കുകൾക്കു് കടപ്പെട്ടു് കൃഷിസ്ഥലങ്ങൾതന്നെ നഷ്ടപ്പെട്ടു പട്ടിണിയ്ക്കിരയായ ആ സ്ഥിതിവിശേഷം 1945-നു മുമ്പെന്നപോലെ അന്നും ക്രമപ്രകാരം തുടർന്നു വന്നു. സാധുജനങ്ങൾ പാടുപെട്ടുണ്ടാക്കുന്ന ഉല്പന്നസാധനങ്ങൾ മുതലാളിമാർക്കു് സ്വാധീനപ്പെടുത്തുവാൻ ഉദ്യമിച്ചു് അതുമുഖേന ലഭിക്കുന്ന സ്വത്തുകൊണ്ടു് സമ്പന്നന്മാരായ മനുഷ്യ

ഇത്തിരിക്കണ്ണികൾ തിന്നും കുടിച്ചും മദിച്ചും മുടിച്ചും മൂടിവച്ചും മുതൽക്കൂട്ടിയും മുന്നണിയിൽ എത്താൻ കുതികൊണ്ടിരുന്ന ആ സ്ഥിതിവിശേഷം 1940-ന് മുമ്പെന്നപോലെ അഭിവൃദ്ധി പ്രാപിച്ചു. 45-ലും ബാഹ്യലോകത്തെ തുറിച്ചുനോക്കിപ്പോന്നു. യഥാർത്ഥപരിഷ്കാരത്തിന്റെ അടയാളമായ സ്വാതന്ത്ര്യചിന്ത, സ്വാതന്ത്ര്യഭാഷണം, സ്വാതന്ത്ര്യരചന എന്നിവ 45-ന് മുമ്പെന്നപോലെ ആ വർഷത്തിലും കേരളമുറ അനുസരിച്ച് നടന്നുപോന്നിരുന്നു. നവീനശാസ്ത്രത്തിന്റെ വികാസം അങ്ങേ അററത്തെ നില പ്രാപിച്ചുഎന്നും, യന്ത്രവ്യവസായശാലകൾ ഭൂലോകത്തെ ഗ്രസിച്ചു എന്നും ഉള്ള ആശയങ്ങൾ വിദേശഗ്രന്ഥങ്ങളിലുള്ളവ, പാഠശാലയാവശ്യം പുരസ്കരിച്ച് കേരളീയർ മനസ്സിലാക്കിയതു് പ്രായോഗികമാക്കാൻ 1945-ന് മുമ്പു നടത്തിയ ശ്രമങ്ങളിൽ നിന്നും ആ വർഷത്തിൽ ഗണനീയമായ അഭിവൃദ്ധികൾ ഒന്നും കാണപ്പെട്ടില്ല. അന്തർദ്ദേശീയപ്രാധാന്യം ഓരോ രാജ്യത്തിലും പല പുതുമയും ഉണ്ടാക്കിയിട്ടും, കന്യാകുമാരിയും ന്യൂസീലൻഡും, ഗുഡ്ഹോപ്പുദ്വീപും സെൻറുലാറൻസുന്ദരിയും, വെസൂവിയസ്സും, സിന്ധുഗംഗാസമതലവും വത്തിക്കാനും മട്ടാഞ്ചേരിയും ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളായിട്ടും, കേരളീയന്റെ രാജ്യഭരണരീതിയിലും, സാമുദായികാചാരങ്ങളിലും, മതാചാരാനുവർത്തനങ്ങളിലും യാതൊരു മാററമോ മറിപ്പോ വന്നുചേന്നു 1945-നെ ഒരു വിപ്ലവവർഷത്തിലേയ്ക്കു നയിച്ചില്ല.

എന്നാൽ പ്രസംഗമണ്ഡപങ്ങളിലും വർത്തമാനപത്രപംക്തികളിലും കാണുന്ന വാക്പ്രവാഹത്തിന്റെ സ്വഭാ

വമോ അപ്രകാരമല്ലായിരുന്നു. "ലോകം ആകപ്പാടേ ഒരു പരിവത്തനഘട്ടത്തിൽ എത്തിയിരിക്കുന്നു"; "പണ്ടത്തെ നിലകൾ എല്ലാം മാറിപ്പോയിരിക്കുന്നു"; മനുഷ്യനും പ്രകൃതിയും സൂര്യചന്ദ്രന്മാരും കൂടെ 'ആളറിയാത്തവിധം' മാറിപ്പോയിരിക്കുന്നു. ജീവിതരീതിയും, ശാസ്ത്രങ്ങളും, കലയും, ഉപജീവനമാർഗ്ഗവും പാടേ മാറിയിരിക്കുന്നു. കുളി, ഊണു്, ഇരിപ്പു്, കിടപ്പു്, ചുമ, സംചാരം മുതലായതുപോലും മാറിയിരിക്കുന്നു എന്നൊരു വൃഥാപ്രചരണം നാടൊട്ടുക്കു് നടക്കുന്നുണ്ടു്.

കേരളലോകത്തു് 1945 കൊണ്ടു് വല്ല മാററവും വന്നിട്ടുണ്ടെങ്കിൽ പ്രഭുജനങ്ങളുടെ ജീവിതരീതികളിൽ മാത്രമാണു്. അനേകായിരം സംഖ്യ സംചത്തുള്ള പ്രഭുക്കന്മാൎക്കു് മററുള്ളവർ എല്ലു മുറിഞ്ഞു പാടുപെട്ടു പണം കുമിക്കാൻ വഴിയുണ്ടാക്കിക്കൊടുത്തിരുന്നതിനു് തെല്ലൊരു തടസ്സം നേരിട്ടു. പണത്തിൻെറ ആധിക്യം നിമിത്തം 'അഞ്ചുപേക്കൊരു കാർ' എന്ന അമേരിക്കൻ ചിട്ട ഇവിടെ നടപ്പിലാക്കാമെന്നു കരുതി കാറുകൾക്കു് ആൎഡറുകൾ നൽകി ബാങ്കു ചെക്കിൽ ഒപ്പിടുവാൻ മഷി മുക്കിയ പേനയെടുത്ത ധനാഢ്യന്മാൎക്കു് വലിയൊരു ഇച്ഛാഭംഗം മാററം നേരിട്ടു. "സമ്പന്നനാകുംവണ്ണം തനിക്കു ഭുജിക്കണം; സുഖമന്ദിരത്തിങ്കൽ വാസവും ചെയ്തീടണം" എന്ന പ്രമാണക്കാരായ പുത്തു പരിഷ്കാരികൾ സാധാരണന്മാരുമായി ഇടപെട്ടപ്പോൾ ആദ്യത്തെക്കൂട്ടൎക്കു മുമ്പു ലഭിച്ചതുപോലുള്ള ബഹു

മതികരം സിദ്ധിക്കാത്ത ഒരു മാററം നേരിട്ടു. വിദ്യാഭ്യാസം വിജയകരമാക്കി സർക്കാർപ്പണികളിലും സക്കാർ നിയന്ത്രകപ്പണികളിലും ഏൎപ്പെട്ടു പോന്നവൎക്ക് അലവൻസിനത്തിൽ ലഭിച്ചതു നാമമാത്രകത്തുകകളായിപ്പോയി എന്നൊരു മാററം. കാറിൽത്തന്നെ ഊണും കളിയും ശയനവുമായി കഴിഞ്ഞ കണ്ണൂരുക്കാപ്രഭു കുടുംബിനിമാൎക്ക് പവൻ സൗകര്യംപോലെ കിട്ടാതെ മനോഭാവത്തിന്ന ഒരു മാററം സിദ്ധിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തിലാകട്ടെ, അതിന്നുമുമ്പുള്ള കാലങ്ങളിലാകട്ടെ, നാട്ടിലെ നട്ടെല്ലെന്ന് അലങ്കാര ഭാഷയിൽ മാത്രം വാഴ്ത്തിപ്പോന്നിരുന്ന കൃഷിക്കാരൻെറ ഉല്പന്നവിഭവങ്ങൾ എല്ലാം വിദേശങ്ങളിലേയ്ക്കു തിരിച്ച് പകരം ചില രാജകീയക്കടലാസുകഷണങ്ങൾ നാടൊട്ടുക്കു പറന്നു. വിഭവസമൃദ്ധവും സമാധാനപ്രധാനവും ആയ കാലത്തുതന്നെ വിദേശികൾ സാമാനവില നിശ്ചയിച്ചതോടുകൂടി വിഷമിച്ച കൎഷകൻെറ സ്ഥിതിയെ ഈ പുതിയ പരിതഃസ്ഥിതി ഒന്നുകൂടെ കുഴക്കി. യൂറോപ്യൻ ഭൂഖണ്ഡത്തിൽ പഴയ പതിവുകൾ അനുസരിച്ച് ആവൎത്തിക്കപ്പെട്ടതും, ചാണക്യൻ മുതലായ ഭാരതീയാൎത്ഥശാസ്ത്രജ്ഞന്മാർ യുദ്ധകാലങ്ങളിൽ സ്വീകരിച്ചു പോന്നതും കേരളത്തിന്ന് അപരിചിതമായിരുന്നതും ആയ ഭക്ഷ്യസാധന ഓഹരിയേപ്പാട് നാടൊട്ടുക്കു പരന്നു. അതു സംബന്ധിച്ച നിയന്ത്രണങ്ങളിലും മൂടിവെപ്പുകളിലും പണക്കാരും പ്രഭുക്കന്മാരും തങ്ങൾക്ക് കൂടുതലായി സിദ്ധിക്കുന്ന സൗകര്യങ്ങൾ കൊണ്ട് സ്വന്തം നില, കല്പകാ

ലത്തിലായാൽ പോലും മാറിപ്പോകാത്തവിധം വേണ്ട യത്നങ്ങൾ നടത്തി. കൃഷി, ചില്ലറ വ്യവസായം എന്നിവയിൽ ഏർപ്പെട്ടവർക്ക് സമ്പത്ത് വർദ്ധിച്ചുവെങ്കിലും ഭക്ഷണം അത്ര ഗണ്യമായി കുറഞ്ഞു. പട്ടിണിക്കാരായ കൂലിവേലക്കാർക്ക് ലഭിക്കുന്ന വേതനം കൊണ്ട് നിത്യാവശ്യങ്ങൾ തികയാതെയായി. ഭക്ഷണസാധനങ്ങൾ ലഭിക്കാത്ത കുറവു ധന പ്രഭുത്വത്തിൻെറ വാഗ്ദാന സ്വരൂപത്തിലുള്ള നോട്ടുകളുടെ കാഴ്ചയാൽ കുറയുമെന്ന് ഭരണാധിപർ പ്രമാദിച്ചു. വ്യവസായശാലകൾ, ഭൂമിശാസ്ത്രപ്രതിപാദനങ്ങൾക്ക് മാത്രം പരവുന്ന വിധത്തിൽ, അഥവാ, പുണ്യക്ഷേത്രങ്ങളുടെ സംഖ്യയിൽ, കേരളക്കരയിൽ അപൂർവ്വം ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും വ്യവസായശാലകളേക്കാൾ ഭീരുത്വം വ്യവസായ ഉടമസ്ഥന്മാരെ ബാധിച്ചു പണം കൈവശപ്പെടുത്തുന്നതിൽ കടുതായ മത്സരങ്ങൾ ജനിച്ചു. ഈ മത്സരങ്ങളുടെ ബലം ഒന്നു വർദ്ധിപ്പിച്ച് ആദർശപരമായ ഒരു ലോകവ്യവസ്ഥ യൂറോപ്യൻ ഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കിയ ജനോത്തേജകന്മാർ വ്യവസായജീവനക്കാരേയും മേൽപ്പടി ഉടമസ്ഥന്മാരേയും തമ്മിൽ പാടുള്ളടത്തോളം അകററി. രാജ്യഭരണത്തിലെ പരിപൂർണ്ണസ്വാതന്ത്ര്യം സിദ്ധിച്ച് സർവ്വഥാ സ്വതന്ത്രരായ പാശ്ചാത്യസാധാരണജനങ്ങളുടെ സാമുദായികവും സാമ്പത്തികവും ആയ ഉദ്യമങ്ങൾ മുന്നും പിന്നും നോക്കാതെ കേരളക്കരയിലും വരുത്താമെന്നു വാദിച്ച ആ ഉത്തേജകന്മാരും വ്യവസായശാലികളും കേരളത്തിലെ സകല സൗഖ്യക്കുറവുകളുടേയും വേരു

കണ്ടുപിടിക്കാതെ കായും പൂവും തട്ടിത്തകൎത്തു കവരങ്ങളിൽ കൈവച്ചു. ലോകമഹായുദ്ധം അന്തരിക്ഷം ഒട്ടുക്കു് അസ്വാസ്ഥ്യമാക്കുന്നു എന്ന കാൎയ്യ കണ്ടു കേരളക്കരയിൽ, അന്നോവരെ യൂറോപ്പു ചരിത്രം ആസകലം വെളിപ്പെടുത്തിപ്പോന്ന സകല അസ്വാസ്ഥ്യങ്ങളും സകല അവകാശങ്ങളും ഉടനടി ലഭിക്കണമെന്നുള്ള ബുദ്ധിപൂർവകമായ ആവേശത്തോടും അഭിനിവേശത്തോടും കൂടി പേന എടുത്തവരും വച്ചവരും, കാക്കിപ്പടച്ചട്ട ഒരിക്കൽ ഇട്ടവരും ഇടാത്തവരും, മററാദായ മാൎഗ്ഗങ്ങളിൽ സുഖിച്ചവരും സുഖിക്കാത്തവരും നായകന്മാരായിനിന്നു് നാടൊട്ടുക്കു് ഒരു അസ്വാസ്ഥ്യം കൂടുതലായി പ്രചരിപ്പിച്ചു. മഹായുദ്ധം, കുറഞ്ഞപക്ഷം ഒരു നൂറുവൎഷമെങ്കിലും നിലനിൽക്കുമെന്നും അതിനിടയ്ക്കു ചുററുപാടും വളരെ ആകർഷകങ്ങളായ മാററങ്ങളും വരുത്തിക്കൊള്ളാമെന്നും ഉള്ള ചിന്തയിൽ കേരളീയ സമുദായ പുരോഗമനക്കാർ വർദ്ധിച്ച ഉത്സാഹം പ്രദൎശിപ്പിച്ചു.

ഇപ്പ്രകാരമോ, ഏകദേശം ഇപ്പ്രകാരമോ ഉള്ള പരിതഃസ്ഥിതികളിൽ ആയിരുന്നു, കേരളസൗഭാഗ്യലക്ഷ്മിയുടെ നീണ്ടിരുണ്ട വാർമുടിക്കെട്ടിൽ യൂറോപ്യൻ സരസ്വതിയുടെ പുൽത്തൊപ്പി വച്ചുപിടിപ്പിക്കുവാൻ ഒരു പുരോഗമന സാഹിത്യയജ്ഞം 1945 മെമാസം 29, 30 എന്നീ തീയതികളിൽ നിർവ്വഹിക്കപ്പെട്ടതു്. ആ രണ്ടു ദിവസങ്ങൾ വെറും രണ്ടു ദിവസങ്ങളായിരുന്നു എന്നു നിസ്സാരമായി കണക്കാക്കാൻ പാടുള്ളതല്ല! എന്തെന്നാൽ, കന്യാകുമാരി മുതൽ കാസർകോഡു വരെയുള്ള കേരളക്കരയിലെ

ശാന്തശീലരും വിപ്ലവവിമുഖരും ആയ സാമാന്യജനങ്ങളെ ആകമാനം സ്വന്തം സരസ്വതീപ്രസാദം അനുസരിച്ചു് തോന്നിയ വിധം മൊഴിച്ചാർത്തിൽ അനുഗ്രഹിയ്ക്കുവാൻ ചില ഭാഷാഭിമാനികൾ മുതിർന്നതു് ആ ദിവസങ്ങളിൽ ആയിരുന്നു. കേരളത്തിലേയും, ഭാരതഖണ്ഡത്തിലേയും ആത്മികസംസ്കാരത്തിന്നു ശവപ്പെട്ടി നിർമ്മിക്കുവാൻ ചിറവുളി ചീകുളിയും മുഴക്കോലും വീതുളിയും ഒരുക്കിക്കൂട്ടിയതു് ആ രണ്ടു ദിവസങ്ങളിലും ആയിരുന്നു. സ്വന്തം നാട്ടിലെ ഉൽപ്പന്നങ്ങളെ യൂറോപ്യൻ മുതലാളിമാർക്കു് ചുരുങ്ങിയ വിലയ്ക്കു തട്ടിച്ചുകൊടുത്ത ദല്ലാളന്മാരുടെ നയവിശേഷം സ്വീകരിച്ചു് കേരളസംസ്കാരമൃതത്തെ കുടംകണക്കിന് അറബിക്കടലിലേക്കു വലിച്ചെറിയുവാൻ ജനസഞ്ചയത്തെ പണ്ഡിതശ്രേഷ്ഠന്മാർ പ്രോത്സാഹിപ്പിച്ചു വിട്ടതു് ആ രണ്ടു ദിവസങ്ങളിൽ ആയിരുന്നു. അതേ; അഖില കേരളപുരോഗമന സാഹിത്യ സംഘടന! കായംകുളത്തു തുടങ്ങി ഇടപ്പള്ളിയിൽ എത്തി എറണാകുളത്തു് തലകാട്ടി തൃശ്ശൂരിൽ കൊടി പിടിച്ചു് കോഴിക്കോട്ടു് മത്സരിച്ചു് ആലപ്പുഴ വിശ്രമിച്ചു് ചേത്തലെ സാഫല്യം നേടിയ ഒരു സാഹിത്യത്തിൻെറ രചനാസൗകുമാര്യം വഴിപോലെ കാട്ടിയ ഒരു സംഘടന. ഭൗതികസംസ്കാരത്തിൻെറ അങ്ങേഅററത്തെ നിലയിലെത്തി ഇന്ദ്രിയസുഖങ്ങളുടെ ക്ഷണികതയാൽ നിരാശാഭരിതരായി നാൽക്കാലികളുടെ ജീവിതസ്വഭാവം ഒന്നു പരീക്ഷിക്കാൻ തുടങ്ങിയ വിദേശീയ മേധാവികളുടെ സംസ്കാര ശൂന്യതയ്ക്കു് കേരളക്കരയിൽ കളമൊരുക്കുക കഴിച്ചുവിടുവാൻ കാളേജധ്യാപകന്മാർ കണ്ടുപിടിച്ച ഒരു സംഘടന!

തങ്ങളുടെ നിശ്ശേഷം സംശയാസ്പദങ്ങളായ അഭി പ്രായങ്ങൾ ഒന്നു് പരിശോധിക്കാൻ പോലും അന്യക്ക് അവകാശമില്ല എന്ന മഹത്തായ ഹൃദയവിശാലതയിൽ പ്രതികൂലകക്ഷികളെ ശുദ്ധയാഥാസ്ഥിതികന്മാരെന്നും, പിൻതിരിപ്പന്മാരെന്നും, പുരോഗതിക്കു വിലങ്ങടിച്ചു നിൽക്കുന്നവരെന്നും മററും ചില സൗജന്യപ്പേരുകൾ നൽകി പുകഴ്ത്തി പ്രസംഗിച്ചു്, ഉൽഘോഷിച്ചു്, തമ്പേ റടിച്ച് ഹൃദയവിശാലതയുടെ ഏററവും വിസ്താരമേറിയ വേലികൾ പരിപാലിച്ചു പോരാൻ ചില അഭിപ്രായ സാഹിഷ്ണുക്കൾ നിരന്തരം യത്നിച്ചതു് ഈ രണ്ടു ദിവസങ്ങളിലും ആയിരുന്നു. ഫാസിസ്ററു വിപ്ലവത്തെ ഇററലിയിൽ പുഷ്ടിപ്പെടുത്തുവാൻ പേരെടുത്ത പുരോഗമനസാഹിത്യസംഘടനയോടു് ഇളയസഹോദരസ്ഥാനം വഹിക്കുന്ന ഒരു സംഘടന! റഷ്യയിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന 'ല്യൂണാകാർക്സി' എന്ന പുരോഗമനപ്രണയി എസനിയൻ എന്നും ബ്ളാക്, ഗ്ലൂലീവു് എന്നും പേരുകളുള്ളവരും അല്ലാത്തവരും ആയ അനവധി സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു് രൂപീകരിച്ച സോവിയററുദ്യോഗസ്ഥസാഹിത്യസംഘടനയുടെ ഒരു പുതിയപകർപ്പുസംഘടന. "നമ്മുടെ പാഠശാലകളിലെ ധർമ്മാസ്ഥപ്രസക്തി തൃപ്തികരമാംവിധം പുരോഗതി പ്രാപിച്ചുവരുന്നുണ്ടു്" എന്നു് റഷ്യൻ സ്ഥാനപതിസ്ഥാനക്കാരത്തിയായ 'മാഡം ഏ കാളൻഡായി' എന്ന റഷ്യൻവീരവനിത അഭിനന്ദനം രേഖപ്പെടുത്തിയ പ്രത്യേക സംസ്കാരത്തിൻെറ ജീവനാഡിയായ ഒരു സംഘടന. "സ്ത്രീ പുരുഷന്മാരുടെ സംഭോഗാഭിലാഷങ്ങൾ ഏററും സാധൂകരിക്കത്തക്കവെയും, അ

തെപ്പററിയുള്ള ഭയാശങ്കകൾ ശുദ്ധമേ ബുദ്ധിശൂന്യങ്ങളും ആണു്" എന്ന പുത്തു സന്മാർഗ്ഗബോധത്തിന്റെ വൈദ്യുത ദീപപ്രകാശത്തിൽ തിളങ്ങുന്ന ഒരു മണിമേട സംഘടന. ഇററലി ദേശക്കാരനായ എഫ്. ററി. മാരിനെററി 1909 ഫെബ്രുവരിമാസം 20-ാംനു- ററ്യൂറിൻ നഗരിയിൽവെച്ചു പ്രഖ്യാപനം ചെയ്ത ഭൂതകാലവൈരുദ്ധ്യവാദകോലാഹലത്തിന്റെ മുപ്പത്തിയാറാമത്തെ വാർഷികമഹോത്സവസംഘടന !

ആ സംഘടനയുടെ പ്രാധാന്യം അധികം താമസിയാതെ പ്രസിദ്ധപ്പെടുത്തുകയുണ്ടായ പുരോഗമനസാഹിത്യം എന്തിന്നു് ? എന്ന ചോദ്യത്തലക്കെട്ടു വഹിക്കുന്ന 'ഉത്തര' ഗ്രന്ഥം മുഖേന ഏതൊരു കേരളീയന്നും സുപരിചിതമാകുമാറു് പ്രസിദ്ധീകരിക്കപ്പെട്ടതു് മിക്കവാറും ഒരു പുതിയ 'മനിഫസ്റ്റോ' (സിദ്ധാന്ത പ്രഖ്യാപനപത്രിക) ആയി കലാശിച്ചിട്ടുണ്ടു്. വിശ്രുതസാഹിത്യകാരനും കലാപ്രണയിയും ആയ ശ്രീ: ഹരീന്ദ്രനാഥശതോപാദ്ധ്യായർ ഉൽഘാടനം ചെയ്ത ആ സംഘടനയിലെ സമ്മേളനം സംബന്ധിച്ചു് ആ രണ്ടു ദിവസങ്ങളിൽ നടത്തിയ പ്രസംഗങ്ങൾ ശ്രദ്ധിച്ചു് ആവത്തിച്ചു് വായിക്കുന്ന ഏതൊരാളിന്നും ഗ്രന്ഥനാമമായ ചോദ്യം തന്നെ ആവത്തിപ്പാനുണ്ടാകും എന്ന പരമാത്ഥം കണ്ടുപിടിച്ചു് ആ നാമധേയം നിർവ്വഹിച്ചവരുടെ ദീർഘദർശിത്വം കേവലം അഭിനന്ദനീയമാണെന്നു പറയാം.

ഏതായാലും 1945 മേ മാസം 29, 30 എന്നീ തീയതികൾ കോട്ടയം പട്ടണവുമായി ചേരേണ്ടപടി ചേർന്ന

പ്പോൾ, വിശേഷിച്ചു മലയാളസാഹിത്യം ഒന്നു പരിഷ്കരിക്കുവാൻകൂടെ ഏതാനും മാന്യന്മാരും ഒരുമ്പെട്ടപ്പോൾ സിദ്ധിച്ച ഫലം അവാച്യമായ ഒരു കോലാഹലം തന്നേയായിരുന്നു. 'വിവേകോദയം' പത്രാധിപരായിരുന്ന മഹാകവി കുമാരൻ ആശാൻ ചിത്രയോഗത്തിലെ പദ്യങ്ങളെ വാഴപ്പിണ്ടികഷണം പോലെ അരിഞ്ഞുതള്ളിയതു കണ്ടിട്ടു വള്ളത്തോൾ മഹാകവി, ലീലാകാവ്യത്തിലെ ഛന്ദസ്സുകൾ ഒന്നുരുക്കി അവയിൽ കലന്ന വെള്ളത്തീയവും ചെമ്പും വേർതിരിക്കുവാൻ നടത്തിയ ശ്രമം ഇത്ര വലിയ കോലാഹലത്തിനു ഇടയാക്കിയില്ല. ചെറുശ്ശേരി എന്നതു ഇല്ലപ്പേരോ ഇല്ലാത്തപ്പേരോ എന്നൊരു ഇല്ലവഴക്കിന്റെ ഇല്ലായ്മവഴക്കിൽ കക്ഷിചേന്ന മെ. കുണ്ടൂർ നാരായണമേനോൻ, കവനോദയം മാസികക്കർ, സി. ഐ. രാമൻനായർ, പി. കെ. നാരായണപിള്ള എന്നീ ആറും, ഇടം, തീയതിനിണ്ണയിപ്പുവിദഗ്ദ്ധന്മാർ വളരെ മത്സരബുദ്ധിയൊന്നുമില്ലാതെ നടത്തിയ വാഗസ്ത്രപ്രയോഗപടലിയിലും ഇത്ര വലിയ കോലാഹലം ലഭിച്ചിരുന്നില്ല. സ്ഥാനത്യാഗം ചെയ്ത കൊച്ചീ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂത്തിഘട്ടത്തിൽ കെ. പി. കറുപ്പൻ എന്ന പണ്ഡിതകവി രചിച്ച 'ബാലാകലേശം' എന്ന നാടകത്തെ ആത്മപോഷിണി അധിപരായിരുന്ന കെ. രാമകൃഷ്ണപിള്ള രൂക്ഷമായൊന്നു വിമശിച്ച സന്ദഭത്തിൽ എതിരിടാനെത്തിയ മി: ടി. കെ. കൃഷ്ണമേനാന്റെ ഉദ്യമപ്രത്യുദ്യമങ്ങളിലും ഇങ്ങനെയൊരു വമ്പും വാശിയും കണ്ടില്ല. സാഹിത്യകുശലൻ സി. വി യും സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയും തമ്മിൽ രാജ്യകാര്യങ്ങളെ സാഹിത്യവ്യ

മായി കൂട്ടിക്കുഴക്കി 'പാറപ്പുറം' ആസ്വദമാക്കി 'പിളർപ്പും' കീറാപ്പുറവും പ്രസിദ്ധപ്പെട്ടതു കണ്ടു് ഇരുവരുംകലി കൊണ്ടു് കൈ തിരുമ്മിയ കാലത്തും ഇത്രയ്ക്കൊരു നടുക്കം തട്ടുകയുണ്ടായില്ല മലയാള കവിതപ്പെൺകൊടിയ്ക്കു് ആശയ 'അരിമണി'യൊന്നു കൊറിക്കാനില്ലെങ്കിലും ദ്വിപ്രാസത്തരിവളയൊന്നു കിലുക്കേണ്ടതല്ലേ എന്ന രമണീയാഭിപ്രായത്തിൽ വിഖ്യാതനായ കേരളവമ്മ വലിയ കോയിത്തമ്പുരാനും പ്രിയ ഭാഗിനേയൻ പ്രൊഫസ്സർ തമ്പുരാനും കൂടെ നടത്തിയ സാഹിത്യത്തറവാട്ടുവഴക്കടിപ്പു്ഘട്ടങ്ങളിലും ഇത്രയ്ക്കൊരു ഭയാശങ്കകൾക്കു് കാരണമുണ്ടായില്ല. എന്നു വേണ്ട, പഴയ മനോരമയുടെ ലക്കപ്പഴമകളിൽ മൂലൂർക്കവി, ഒടുവിൽക്കവി, നടുവിൽക്കവി, എന്നിങ്ങനെ ഒട്ടനേകം പദ്യക്കമ്പച്ചക്രക്കാർ പൊഴിച്ച എലിവാണകോലാഹലങ്ങളിലും ഇത്ര വിനോദരസം കലന്നിരുന്നില്ല. എന്തിനേറെ, കോഴിക്കോട്ടു സാമൂതിരിപ്പാടും പതിനെട്ടരകവികളുംകൂടെ പേർ പെററു പുകഴ്കൂട്ടിയ ആ മലബാർ അരങ്ങത്തു ശുണ്ഡീരനാട്ടുകാരനായ ഉദ്ദണ്ഡപണ്ഡിതർ എത്തി കാക്കശ്ശേരി തുടങ്ങിയ പ്രതിപക്ഷികളുമായി നടത്തിയ വാപ്പടവെട്ടുകളിലും (ഭാവി)ശരീരത്തെ ഇങ്ങനെ തട്ടിക്കൂട്ടുവാനുള്ള മാററം തെളിഞ്ഞു പോന്നിരുന്നില്ല

എന്തെന്നാൽ "പുഴുത്ത" സമുദായത്തെ "മുഴുത്ത" സൂക്ഷ്മതയോടേ ചിത്രീകരിക്കുവാനല്ലാതെ, പ്രകൃതിസൗന്ദര്യമെന്നും, സംതൃപ്തജീവിതരീതി എന്നും മററും കഥയില്ലാത്ത പാട്ടുപാടുന്ന 'റൊമാൻറിക്ക' പ്രണയിയുടെ ഇരു

ചെവിയും ചെമ്പരുത്തിപ്പൂവാക്കി വിട്ടവാൻ വേണ്ട 'കൊടിൽനിർമ്മാണഫാക്ടറി' അന്നാണു് ഉദ്ഘാടനം ചെയ്യപ്പെട്ടതു്. സ്ത്രീത്വത്തിന്റെ അതിപുരാതനമായ പാവനതയും മഹത്വവും, രക്തമാംസങ്ങളുടെ തലയററ നൃത്തചാതുരിയും വ്യഭിചാരഡിപ്പോകളിലെ ക്യാഷുബില്ലുകൾക്കായി കൈമാററാൻ സമ്മതമില്ലാത്ത എഴുത്തുകാരനെ, ശിക്ഷാമധുരിമയിൽ ആറാടിക്കുവാൻ സാഹിത്യകോടതി വെമ്പൽകൊണ്ടതു് ആ സന്ദർഭത്തിൽ ആയിരുന്നു! വായനക്കാരുടെ ചെവികൾക്കുള്ളിൽ കതിനാക്കുററികൾ തിരുകിക്കയററി അവയ്ക്കു തീ കൊടുക്കുമ്പോൾ ഉണ്ടാകാവുന്ന ബ്രഹ്മാനന്ദം അനുഭവിക്കാൻ ഇടവരുത്താത്ത ചെറുകഥകളാകട്ടെ, കവിതകളാകട്ടെ ചെറുകഥകളും കവിതകളും അല്ല എന്നു് വിധിയെഴുതുവാൻ തലയോടിളക്കി മഞ്ഞക്കട്ടി വച്ചുപിടിപ്പിച്ച സാഹിത്യഗംഭീരന്മാർ മുതിർന്നതു് ഈ മഹനീയ ദിവസങ്ങളിലായിരുന്നു. പച്ചക്കതിരു വീശുന്ന നെൽപ്പാടങ്ങളേയും അവയെ അനുഗ്രഹിക്കുന്ന മഴ, ചൂടു്, വെളിച്ചം എന്നിവ നൽകുന്ന പ്രകൃതിശക്തികളേയും നിശ്ശേഷം മറന്നു്, കേരളീയോൽപ്പന്നങ്ങളെ വിദേശീയ മുതലാളിക്കു് അടിമപ്പെടുത്തുക നിമിത്തം ദിവസംപ്രതി പട്ടിണിക്കും ദാരിദ്ര്യത്തിനും അടിമയായി നശിക്കുന്ന ബഹുലക്ഷം കഷകരെ നിശ്ശേഷം മറന്നു്, പാവപ്പെട്ട വ്യവസായശാലകളിലെ ചാരിത്രലേലക്കാരികളുടെ വാക്കും, നോക്കും കുറിച്ചെടുത്തു പ്രസിദ്ധപ്പെടുത്തുന്നതാണു് മുക്തിമാർഗ്ഗം എന്നു് ഒരു പുതുവിജ്ഞാനം വെളിച്ചത്താക്കിയ. ഒററ സന്ദർഭം!

സൂര്യോദയവും ചന്ദ്രാസ്തമനവും കണ്ടു സന്തോഷിക്കാൻ മുതിരുന്ന പാതിപ്പട്ടിണിക്കാരൻെറ മുമ്പിൽ കളകണ്ഠികളുടെ കുചകുംഭോദയവും, കാമാതുരകളുടെ നിതംബബിംബാസ്തമനവും ചിത്രീകരിച്ചു കാട്ടുവാൻ അക്ഷരവിദ്യാപതികൾക്കു് ഗുഢോപദേശങ്ങൾ വഷിച്ച ഒരു നിസ്തുല സന്ദർഭം. കേരളഗ്രാമങ്ങളിൽ ഒരു കാലത്തു നടമാടിയിരുന്ന വിഭവസമൃദ്ധിയും സമാധാനജീവിതവും പാക്കപ്പൽ, ആവിക്കപ്പൽ, പുകവണ്ടി, മുതലായ വാഹനങ്ങൾവഴി കടന്നെത്തി അപഹരിച്ചു രാജ്യത്തെ ഒരററംതൊട്ടു് മറേറ അററംവരെ സമ്പത്തിൻെറ ശോഷണത്തിന്നു കാരണമാക്കിയവക്കു് പങ്കാപിടിക്കാനും ബൂട്ട്സ് തുടയ്ക്കാനും ഉച്ചരിക്കേണ്ട മന്ത്രങ്ങൾ രൂപീകരിച്ചുവിട്ട ഒരു ദിവ്യസന്ദർഭം! "ഹരി, ഹരി, സുകൃതസ്തോമമേ നീ ജയിച്ചു" എന്നല്ലാതെ മറെറന്തു പറയാനാണു് ഈ സന്ദർഭത്തിൽ സാധിക്കുന്നതു്?!

"ഏതെങ്കിലും ഒരു പ്രസ്ഥാനത്തോടു് എതിർപ്പു് ഉണ്ടാകുന്നതു് അതു ജീവിക്കുന്നു എന്നതിൻെറ ലക്ഷണമാണു്" എന്നുള്ള വിജയഭേരിയും താക്കിക്കൊണ്ടാണു് "പുരോഗമനസാഹിത്യം എന്തിനു്?" എന്ന ചോദ്യക്കാരുടെ പുറപ്പാടു്. ഈ പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നതു്, പുരോഗമനസാഹിത്യത്തോടു് പലക്കും കലശലായ എതിർപ്പു് ഉണ്ടെന്നും, ആ എതിർപ്പു് പ്രസ്തുത സാഹിത്യത്തിൻെറ ജീവന്നു് കാരണമായി ഭവിക്കുന്നു എന്നും ആണല്ലോ. ആ സ്ഥിതിക്കു് ഈ സാഹിത്യത്തെ എതിർപ്പുകാർ മറെറാരു പ്രകാരത്തിൽ വളത്തിവിടുകയല്ലേ?

ണെന്നും ആ ഭോഷന്മാൎക്ക് ഇക്കാൎയ്യം മനസ്സിലാകാതിരിക്കുന്നതു് വലിയൊരു നേരമ്പോക്കായിരിക്കുന്നു എന്നുമാണു് ആശയത്തിന്റെ സാരം. അതിനാൽ പുരോഗമനസാഹിത്യം വൎദ്ധിക്കാതെയിരിക്കണമെങ്കിൽ യാതൊരു മനുഷ്യരും അതിനെ എതിൎത്തുപോകരുതു് എന്നൊരു മുന്നറിവും ദയാപൂൎവ്വം ഈ പ്രസ്താവനയിൽ ഉള്ളടക്കം ചെയ്തു കാണുന്നുണ്ടു്.

യുക്തി വളരെ പററിയതുതന്നെ. എന്നാൽ, "ഏതെങ്കിലും ഒരു" പ്രസ്ഥാനത്തോട് എതിൎപ്പുണ്ടാകുന്നതു് അതു ജീവിക്കുന്നു എന്നതിന്റെ ലക്ഷണമാണോ? ആണെങ്കിൽ ഈ പൊതുതത്വം പുരോഗമനസാഹിത്യത്തിന്റെ കാൎയ്യത്തിൽ എന്നതുപോലെ ഭൂതകാലസാഹിത്യത്തെ സംബന്ധിച്ചും എന്തുകൊണ്ടു് അംഗീകരിക്കാൻ പാടില്ല? രാമചരിതകാലംതൊട്ടു് കൊല്ലവൎഷം 1120 വരെയുള്ള സകല കൃതികളേയും എതിൎക്കുക എന്നതാണല്ലോ പുരോഗമനസാഹിത്യകാരന്മാരുടെ പ്രധാന കൃത്യം. ആ പഴയ പ്രസ്ഥാനത്തോടു് ഇങ്ങനെ കരുതിക്കൂട്ടിയ ഒരു എതിൎപ്പു് ഉണ്ടാകുന്ന സ്ഥിതിക്കു്, ഭൂതകാലരചിതങ്ങളായ ആ വക ഗ്രന്ഥങ്ങളെല്ലാം പൂൎവ്വാധികം ജീവനോടെ വിലസുന്നു എന്നുതന്നെയാണല്ലോ ഗ്രഹിക്കേണ്ടതു്. അതിനാൽ എത്രകാലം പുരോഗമനസാഹിത്യവും ഭൂതകാലവൈരുദ്ധ്യവാദവും നിലനിൽക്കുന്നുവോ, അത്രയുംകാലം, മലയാളസാഹിത്യത്തിലെ പഴയ പാട്ടുകൾതൊട്ടു് പുരോഗമന കൃതികളുടെ ആരംഭം വരെയുള്ള സകല ഗ്രന്ഥങ്ങളും സജീവങ്ങളായി വൎത്തിക്കും എന്നു

തന്നെ സമ്മതിക്കണം! ഇങ്ങനെ എത്രമാത്രം എതിർപ്പ് ഉണ്ടായിട്ടും ആ ഭൂതകാലസാഹിത്യം, മററാരുടേയും താങ്ങും തുണയും കൂടാതെ ആ എതിർപ്പ് ഒന്നുകൊണ്ടുമാത്രം സജീവമായിക്കഴിയുന്നു എന്നതു് ആ സാഹിത്യത്തിന്റെ മെച്ചമെന്നു വേദണ്ഡ, ഗണിക്കാൻ ? അഥവാ ആ ഭൂതകാല സാഹിത്യത്തെ പള്ളാന്തുരുത്തിയിൽ കെട്ടിത്താഴ്ത്തുക. പിറ്റേദിവസം മേൽഭാഗത്തു് പൊങ്ങിയെത്തുന്നതു കാണാം. വീണ്ടുമെടുത്തു പോസ്ററുമാർട്ടം നടത്തുക. "എന്നാലും പുനരുണ്ടൊരു ദോഷം, ഇന്ദ്രാദികളതു ബോധിക്കേണം."

---

## അദ്ധ്യായം 3.

---

അഖിലകേരളപുരോഗമനസാഹിത്യസംഘടനയുടെ പ്രവൎത്തകസമിതിയിലെ പ്രസിഡൻറായി മി: എം. പീ. പാൾ എം. എയും. മററനേകം സാഹിത്യ പ്രണയികളും കൂടെ നടത്തിയ ചില പ്രസ്താവനകളാണു് ഇന്നത്തെ പുരോഗമനസാഹിത്യ തത്വശാസ്ത്രമെന്ന നില യിൽ പ്രസിദ്ധീകൃതമായ "പുരോഗമനസാഹിത്യം എന്തി ന്? " എന്ന ഗ്രന്ഥത്തിലെ ഉള്ളടക്കം. ഈ പ്രസ്താവന കൾ കഴിഞ്ഞിട്ടു് ഏകദേശം വൎഷം ഒന്നര ആയി എങ്കിലും, ഇവയൊരോന്നും പരിശോധിക്കുവാൻ താമസിച്ചു പോയി എങ്കിലും ഒരു സാഹിത്യത്തിന്റെ ആയുസ്സിൽ ഒന്നര

വർഷം അത്ര ദീർഘമായ കാലംപ്പെട്ടമല്ല. മാത്രമല്ല, ഇന്നും സാഹിത്യവിമർശകന്മാരിൽ ചിലർ 'പുരോഗമനപരമായ ആശയങ്ങൾ' എന്നൊരു നാണയം കൈകാര്യം ചെയ്തു വരുന്നുണ്ട്. ഈ 'പുരോഗമനം' എന്ന വിശേഷണത്തിന്ന് കല്പിച്ചുകൂട്ടിവരുത്തിയിട്ടുള്ള അസംബന്ധങ്ങളായ ആശയങ്ങൾ ഇന്നിന്നിവയാണെന്ന പ്രത്യേകിച്ചു പരിശോധിക്കുന്നതു് യഥാർത്ഥ പുരോഗമനത്തിൻെറ സ്വഭാവം വിശദമാക്കുവാനാണെന്നും അതിലേയ്ക്കു് കാലതാമസം നേരിട്ടിട്ടില്ല എന്നുംകൂടെ പ്രസ്താവിച്ചുകൊള്ളട്ടെ.

1945 മേ 29-ാംനു- യിലെ. സമ്മേളനത്തിലെ സ്വാഗതപ്രസംഗം എന്ന നിലയിൽ "മലയാളസാഹിത്യത്തിൻെറ കുറവുകൾ" എന്ന തലക്കെട്ടിൽ മി: പാറം നിർവ്വഹിച്ച പ്രസംഗത്തിൽ ലോകത്തുള്ള സാഹിത്യപ്രസ്ഥാനങ്ങളെ സ്പർശിച്ചുകൊണ്ടു് മി: പാറം, എഫ്റി മാരിനെററിയുടെ 'ഭൂതകാല വൈരുദ്ധ്യവാദം' ഇദംപ്രഥമമായി പരീക്ഷിക്കുന്നതു് ഇങ്ങനെയാണു്:—

"സംസ്കൃതത്തോടു് എത്രയെങ്കിലും കടപ്പെടുന്നതിൽ നമ്മുടെ യാഥാസ്ഥിതികപണ്ഡിതന്മാർക്കു് യാതൊരു വിരോധവും ഇല്ലെന്നതന്നേയല്ല, ആ കടപ്പാടു് ഒരു ഭൂഷണമായിട്ടും കൂടിയാണു് അവർ പരിഗണിക്കുന്നതു്."

കേരളത്തിൽ യാഥാസ്ഥിതിക പണ്ഡിതന്മാരാണു് സംസ്കൃതത്തോടു് കടപ്പെട്ടതു് എന്നും ഉൽപ്പതിഷ്ണു പണ്ഡിതന്മാരൊക്കെ സംസ്കൃതത്തെ വലിച്ചെറിയുകൊട്ടുകയാണു് എന്നും അദ്ദേഹം കരുതി സുഖിക്കുന്നു. എന്നാൽ ഉൽപ്പതിഷ്ണുക്കളും എന്നോ വിപ്ലവകാരികളും

എന്നോ തമ്പോറടി നടത്തുന്ന പുരോഗമന പണ്ഡിതന്മാർ പോലും തങ്ങളുടെ സാഹിത്യമാർഗ്ഗത്തിനുള്ള പേരിന്നു് സംസ്കൃതത്തോടാണു് കടപ്പെട്ടിരിക്കുന്നതെന്ന വസ്തുത അദ്ദേഹം ഓക്കുന്നില്ല. പുരോഗമനസാഹിത്യകാരന്മാക്കു് ആരാദ്ധ്യരും മാതൃക നൽകുന്നവരും ആയ ഇംഗ്ലീഷ്, ജമ്മൻ, ഫ്രഞ്ചു്, റഷ്യൻ മുതലായ ഭാഷാസാഹിത്യങ്ങളിലെ അനവധി പണ്ഡിതന്മാർ സംസ്കൃതത്തോടു കടപ്പെട്ടിട്ടുള്ള വസ്തുത അദ്ദേഹം എന്തു കാരണത്താലോ മറന്നു പോയി!

മലയാളത്തിന്നു് സംസ്കൃതഭാഷയോടുള്ള കടപ്പാടിനെ ഇത്ര വലിയ പുച്ഛരസത്തോടെ വീക്ഷിക്കുന്ന മാന്യൻ, ഇംഗ്ലീഷുഭാഷയ്ക്കു് ഗ്രീക്കിനോടോ, ലാററിനോടോ, ഫ്രഞ്ചു്, ഇററാലിയൻ, സ്പാനിഷ് എന്നു തുടങ്ങിയ ഭാഷകളോടോ, പോരെങ്കിൽ സംസ്കൃതത്തോടുതന്നേയുമോ ഉള്ള കടപ്പാടിനെപ്പററി ധാരാളം അറിവുള്ള ആളുമാണു്. മി: ററി. ജി. ടക്കർ (ഡീലിററു്) എന്ന ഇംഗ്ലീഷുഭാഷാ പ്രഫസർ രചിച്ചിട്ടുള്ള "ഇംഗ്ലീഷുഭാഷയ്ക്കു് വൈദേശികഭാഷകളോടുള്ള കടപ്പാടു്" എന്ന വിപുലഗ്രന്ഥം മി: പാഠം വായിച്ചിരിക്കുവാൻ ഇടയുണ്ടല്ലോ. ആ ഗ്രന്ഥത്തിൽ, "ഇംഗ്ലണ്ടിലെ സാഹിത്യത്തിന്നു് ഗണ്യമായ സഹായം ചെയ്തിട്ടുള്ള സകല സാഹിത്യങ്ങളിലും വച്ചു് ഗ്രീക്കു സാഹിത്യത്തിനുള്ള സ്ഥാനം പ്രഥമവും പ്രാധാന്യമുള്ളതും ആകുന്നു" എന്ന വാചകം വായിച്ചിരിക്കാം. ഇതിൽ നിന്നു് "ഗ്രീക്കിനോടു് എത്രയെങ്കിലും കടപ്പെടുന്നതിന്നു് നമ്മുടെ യാഥാസ്ഥിതികആംഗ്ലേയപണ്ഡിതന്മാക്കു് യാതൊരു വിരോധവും ഇല്ല എന്നു മാത്രമല്ല, ആ കടപ്പാടു്

ഒരു ഭൂഷണമായിട്ടും കൂടെയാണ് അവർ പരിഗണിക്കുന്നതു്" എന്നൊരു മലയാളനാട്ടുകാരൻ മലയാളത്തിൽ പ്രസ്താവിച്ചാൽ ആ പ്രസ്താവനയ്ക്കുള്ള ഗൗരവം തന്നെയാണ് മി: പാലിന്റെ മുൻപറഞ്ഞ വാചകത്തിനും സിദ്ധിക്കുന്നതെന്ന് അദ്ദേഹത്തിന് അറിഞ്ഞുകൂടാതെയല്ല!

സംസ്കൃതസാഹിത്യത്തോടു് കല്പിച്ചു കൂട്ടിയുള്ള ഈ അനാസ്ഥയും വൈരവും പുരോഗമനസാഹിത്യപ്രചാരകന്മാരിൽ ഏറിയ ക്രമം കണ്ടുവരുന്നുണ്ട്. ജയദേവകൃതിയായ 'ഗീതഗോവിന്ദം' എന്ന സംസ്കൃതസുന്ദരഗാനം 'ദേവഗീതം' എന്ന പേരിൽ മലയാളത്തിലേയ്ക്കു് വിവർത്തനം ചെയ്തു സ്വന്തം ശക്തി വെളിപ്പെടുത്തിയ മി: ചങ്ങമ്പുഴ കൃഷ്ണപിള്ള 'സാഹിത്യചിന്തകൾ' എന്ന ഉപന്യാസത്തിൽ ഇങ്ങനെ പറയുന്നു:—

"മലയാളസാഹിത്യത്തിന് സംസ്കൃതവുമായുണ്ടായിരുന്ന സുദൃഢമായ ബന്ധം കാലഗതിയിൽ ക്രമേണ അഴിഞ്ഞഴിഞ്ഞു് ഇപ്പോൾ ഏതാണ്ട് അററുപോകാറായിരിക്കുന്നു."

"യാഥാസ്ഥിതികപണ്ഡിതന്മാർ" എന്നു് പ്രസംഗകർത്താവു് ഉദ്ദേശിക്കുന്നതു് ആരേയാണെന്നു വ്യക്തമാകുന്നില്ല. സംസ്കൃതഭാഷാപണ്ഡിതന്മാരെ ഒട്ടുക്കു സൂചിപ്പിക്കുന്നതാണ് ഈ പ്രയോഗം എന്നു കരുതുവാനില്ല. യാഥാസ്ഥിതികത്വം ഇല്ലാത്തവരായും ചില സംസ്കൃതപണ്ഡിതന്മാർ ഉണ്ടായിരിക്കുമെന്നു പക്ഷേ അദ്ദേഹം കരുതിയിരിക്കാം. അക്കൂട്ടത്തിലല്ല മലയാളസാഹിത്യത്തോടു പ്രതിപത്തിയുള്ള പണ്ഡിതന്മാരെ അദ്ദേഹം കരുതിയിരിക്കുന്നതു് എന്നു തോന്നുന്നു. എന്നാൽ രാമചരിതകാവ്യ

ത്തിന്റെ രചനാകാലം തൊട്ടു് മലയാള കവന സാഹി ത്യത്തിൽ രചനാചതുരമായി അഭ്യുത്സുകത കാണിച്ചുപോന്ന സകല പണ്ഡിതന്മാരും സകല കവികളും സംസ്കൃത ഭാഷയിൽ പാണ്ഡിത്യം നേടിയവരായിരുന്നു എന്ന കഥ അദ്ദേഹം എങ്ങനെ വിസ്മരിച്ചു എന്നു മനസ്സിലാകുന്നില്ല. ഉണ്ണുനീലിസന്ദേശകർത്താവു്, ചന്ദ്രോത്സവകാരൻ, ഗാഥാകർത്താവു്, എഴുത്തച്ഛൻ, ചമ്പൂകാരന്മാർ, ആട്ടക്കഥാരചയിതാക്കൾ, കുഞ്ചൻനമ്പ്യാർ, ഇരയിമ്മൻതമ്പി എന്നിങ്ങനെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ വരെയുള്ളവരും, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ചാത്തുക്കുട്ടി മന്നാടിയാർ, നടുവത്തു കവികൾ, ഒറവങ്കര, "കുണ്ടൂരുള്ളൂരൊട്ടുവു് നവവാല്മീക" തുടങ്ങിയവർ, കേസീ, വീസി, പന്തളം എന്നുവേണ്ട പുരോഗമനക്കാരുടെ ആരാദ്ധ്യകവിയായ മഹാകവി കുമാരൻ ആശാൻപോലും സംസ്കൃതഭാഷയിൽ അഗാധമായ പാണ്ഡിത്യം നേടിയിരുന്നു. അവരെല്ലാപേരും സംസ്കൃതത്തോടു "എത്രയെങ്കിലും കടപ്പെട്ടുന്നതിൽ" യാതൊരു വൈമുഖ്യവും ഭാവിക്കാത്തവരും ആയിരുന്നു. അവർ എവരേയും ഒന്നായി ബാധിക്കുന്നവിധം പ്രസംഗകർത്താവു് പറയുന്നതു് ഇങ്ങനെയാണു്:—

"പണ്ടു് എഴുത്തച്ഛനെന്നൊരു കാരണവൻ ദ്രാവിഡ തറവാട്ടിലെ ഒരു പെണ്ണിനെ സംസ്കൃതവരനു് വേളി കഴിച്ചുകൊടുത്തു. ഭർത്താവു കൊടുക്കുന്ന ഒരു സമ്മാനം ഭാര്യയ്ക്കു അഭിമാനഭംഗം കൂടാതെ സ്വീകരിക്കാമല്ലോ. എന്നാൽ മററു സാഹിത്യവുമായുള്ള വേഴ്ച അനുവാദനീയമല്ല. അങ്ങനെയുള്ള സാഹിത്യത്തെ കൈകൊട്ടിപ്പുറത്താ

 No: 11499

ക്കുവാൻ നമ്മുടെ പണ്ഡിതന്മാൎക്ക് സാധിക്കാത്തതു് പരിശ്രമത്തിൻെറ കുറവുകൊണ്ടല്ല."

"എഴുത്തച്ഛനെന്നൊരു കാരണവൻ" എന്ന പ്രയോഗത്തിലെ പുച്ഛരസവും, "ദ്രാവിഡതറവാട്ടിലെ ഒരു പെണ്ണിനെ" എന്നതിൽ ലയിച്ചിരിക്കുന്ന ആക്ഷേപവും കാണുമ്പോൾ മി: പോൾ ആ "ദ്രാവിഡതറവാട്ടിലെ" പെണ്ണിൻെറ ഈൎഷ്യാഭരിതനായ കാമുകനായിട്ടാണു് നിലകൊള്ളുന്നതെന്നു തോന്നും! "മററു സാഹിത്യവുമായുള്ള വേഴ്ച അനുവദനീയമല്ല"ത്രേ! ഈ അഭിപ്രായം ഏതു പണ്ഡിതരാണു് എവിടെവച്ചാണു പ്രകടിപ്പിച്ചിട്ടുള്ളതു്? "അങ്ങനെയുള്ള സാഹിത്യത്തെ കൈകൊട്ടിപ്പുറത്താക്കുവാൻ" ആരാരെല്ലാം ശ്രമിച്ചു? ആ ശ്രമമെല്ലാം വിഫലമായതു മി: പാളിൻെറ ആ വിശാലമായ അന്യസാഹിത്യപ്രണയം നിമിത്തം ആയിരിക്കുമോ?

"പുരോഗമന സാഹിത്യകാരൻ, സംസ്കൃതത്തിൻെറ മഹനീയമായ പാരമ്പര്യത്തിൽ തഴച്ചു വളൎന്ന ജാതിപ്പകയും മാമൂൽക്കെട്ടുപാടും അടിമത്വവും അന്ധവിശ്വാസവും" കാണുന്നുണ്ട"ത്രേ! അവയെ അയാൾ ശക്തിപൂൎവ്വം പ്രതിഷേധിക്കുന്നുണ്ടത്രേ! ജാതിപ്പക, മാമൂൽക്കെട്ടുപാടു്, അടിമത്വം, അന്ധവിശ്വാസം എന്നിവയെ സംസ്കൃത സാഹിത്യം പ്രചരിപ്പിക്കുകയാണോ അതോ അവയെ എതിൎക്കുകയാണോ എന്നന്വേഷിക്കത്തക്കവിധം ആ ഭാഷയിൽ പ്രാവീണ്യം സമ്പാദിക്കുകയുണ്ടായി എന്നു് ഊഹിക്കപ്പെടേണ്ട പ്രസംഗകൎത്താവിൻെറ ഈ അഭിപ്രായം കേവലം അന്തസ്സാരശൂന്യമായിരിക്കുന്നു. അഥവാ ഈ നാലു ന്യൂന

തകളും സംസ്കൃതസാഹിത്യത്തിൽ കാണിക്കുവാൻ സാധിക്കു മെങ്കിൽ അതിനെക്കാരം ക്രൂരതലായി പുരോഗമനസാഹിത്യകാരന്മാർ മാതൃകയാക്കി വച്ചിരിക്കുന്ന യൂറോപ്യൻ സാഹിത്യത്തിൽനിന്നു ചൂണ്ടിക്കാട്ടുവാനും സാധിച്ചേയ്ക്കും. യൂറോപ്യൻ സാഹിത്യം പരിശോധിക്കുമ്പോൾ ഗ്രീക്കുകാരുടെ പരിഷ്കൃതകാലം തൊട്ടു ഇങ്ങോട്ട് അടിമത്തത്തെ ആ സാഹിത്യം എത്ര കൃത്യമായി പരിപാലിച്ചു പോന്നു എന്നു കാണാം. പണ്ടത്തെ ഗ്രീക്കുനഗരികളിലെ ജനങ്ങളിൽ വളരെ അപൂർവ്വമായി മാത്രം സ്വാതന്ത്ര്യപൌരന്മാരും വിപുലമായ സംഖ്യയിൽ അടിമകളും ആണുണ്ടായിരുന്നതു്. പൌരത്വവും പൌരാവകാശവും ഗ്രീസ്സിൽ ജനനത്തേയും കുടുംബസ്ഥിതിയേയും ആശ്രയിച്ചിരുന്നു. ഒരു സ്വാതന്ത്ര്യ പൌരന്നു് അഞ്ചോ ആറോ അടിമകരം എന്ന കണക്കിലായിരുന്നു അവിടെ അടിമത്തം നടമാടിയിരുന്നതു്. റോമൻ സാമ്രാജ്യത്തിൻെറ പ്രാഭവകാലത്തു് പോലും അടിമകളെ പരസ്യമായി ക്രൂരമൃഗങ്ങൾക്കു് ഇരയാക്കി വിട്ടുപോന്ന സമ്പ്രദായം പോലെ സംസ്കൃതസാഹിത്യത്തിൽ ഒരൊററ ഉദാഹരണമെങ്കിലും മി: പാളിന്നു പറയുവാൻ സാധിക്കുന്നതാണോ ? ഈജിപ്റ്റു്, മെസപ്പൊട്ടോമിയാ, ഗ്രീസ്സ് എന്നിവിടങ്ങളിലെ പരിഷ്കാരവും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന റോമൻ സാമ്രാജ്യത്തിൻെറ പരമോച്ചകോടികാലത്തെ നില ഇങ്ങനെയാണു് അടിമത്തം പുലർത്തിയതെങ്കിൽ സംസ്കൃതഭാഷനിമിത്തം വന്നുചേർന്ന അടിമത്തം നിസ്സാരമായിരുന്നു എന്നു് ആർക്കാണു് പറയാൻ വയ്യാത്തതു് ?

'അന്ധവിശ്വാസ'ത്തെപ്പററിപ്പറയുകയാണെങ്കിൽ യൂറോപ്യൻ സാഹിത്യത്തിൽ കാണാവുന്നിടത്തോളമുള്ള വിശ്വാസാന്ധ്യങ്ങൾ സംസ്കൃതസാഹിത്യത്തിൽ നിന്നു ലഭിക്കുകയില്ല എന്നു സംശയംകൂടാതെ പറയാം. രാജ്യഭരണകാര്യം സംബന്ധിച്ച ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരെപ്പോലെ റോമിലുണ്ടായിരുന്ന ദേവന്മാരും, അവരുടെയൊക്കെ മേലദ്ധ്യക്ഷനായ ജൂപ്പിററും, മിനർവാ, വീനസ്സ തുടങ്ങിയ ദേവതമാരും, അന്ധവിശ്വാസത്തിൻെറയല്ലെങ്കിൽ മറെറന്തിൻെറ ഫലമായിട്ടാണു് ആ യൂറോപ്യൻ സിഹിത്യത്തിൽ കടന്നു കൂടിയിട്ടുള്ളതു് ?

"മാമൂൽക്കെട്ടുപാടും ജാതിപ്പകയും" സംസ്കൃതസാഹിത്യത്തിൽ കാണുന്നതിൽ എത്രയോ ഉപരിയായി യൂറോപ്യൻ സാഹിത്യത്തിൽ കാണാം. എന്നാൽ ജാതിപ്പക ഭാരതഖണ്ഡത്തിലെന്ന പോലെയല്ല, ജനവിഭാഗപ്പക എന്ന രൂപത്തിൽ മാത്രമായിരിക്കും. താഴ്ന്ന നിലക്കാർ, ഇടത്തരക്കാർ, പ്രഭുക്കന്മാർ, പുരോഹിതന്മാർ എന്നീ നാലിനങ്ങളിലും പെട്ട ജനസമുദായ വ്യക്തികൾ ഗ്രീക്ക്, റോമൻ എന്നീ പരിഷ്കാരങ്ങളെ പ്രതിഫലിപ്പിക്കുന്ന സാഹിത്യഗ്രന്ഥങ്ങളിൽ തുടങ്ങി പതിനെട്ടാം ശതവഷ്ത്തിൻെറ മദ്ധ്യഭാഗമായ ഫ്രഞ്ചുവിപ്ലവകാലത്തു് വരേയും ആ രാജ്യത്തിൽ വിശേഷിച്ചു യൂറോപ്പിൽ എത്ര ഭയാനകവും അസ്വസ്ഥവും ആയ ഒരു അന്തരിക്ഷമാണു് സൃഷ്ടിച്ചതെന്ന കഥ യൂറോപ്യൻ ചരിത്രപഠിതാക്കളെ വിശേഷിച്ച് അറിയിക്കേണ്ടതായിട്ടില്ല.

"സംസ്കൃതത്തിൽ നിന്നുതന്നെയാണെങ്കിലും അങ്ങോട്ടൊന്നും കൊടുക്കാനില്ലാതെ എപ്പോഴും ഇങ്ങോട്ടു വാങ്ങിക്കൊണ്ടിരിക്കുന്ന ഭാഷ വെറും തെണ്ടി ഭാഷയാണെന്ന് അയാരം വിചാരിക്കുന്നു" എന്നും, "അങ്ങോട്ടുമിങ്ങോട്ടും കൊണ്ടും കൊടുത്തുമിരിക്കുന്ന ഭാഷയാണ് ജീവനുള്ള ഭാഷ" എന്നും "എന്നും അധമർണ്ണസ്ഥാനത്തു് വർത്തിക്കുന്ന ഭാഷയിൽ ആർക്കും അഭിമാനം കൊള്ളാൻ സാധിക്കുകയില്ല" എന്നും പ്രസംഗകർത്താവ് ചില ഭാഷാസിദ്ധാന്തങ്ങളോ, ഭാഷാപ്രയോഗരഹസ്യങ്ങളോ വെളിപ്പെടുത്തുന്നതിന് 'പുരോഗമന'വുമായി യാതൊരു ബന്ധവും ഇല്ല എങ്കിലും ബഹുരസകരമാണ്. "അങ്ങോട്ടൊന്നും കൊടുക്കാനില്ലാതെ എപ്പോഴും ഇങ്ങോട്ടു വാങ്ങിക്കൊണ്ടിരിക്കുന്ന ഭാഷ"യത്രേ! ഈ ഘട്ടത്തിൽ മി: പാറ ഭാഷകളെ 'അരിയും കറിയും വെയ്ക്കിൽ ഏപ്പെട്ടിരിക്കുന്ന പെണ്ണുങ്ങളായിട്ടാണോ സങ്കല്പിക്കുന്നതു്' എന്നു തോന്നും. ഭാഷകൾക്ക് പരസ്പരം ബന്ധമുണ്ടായിരിക്കുക ലോകസഹജമാണ്. ഭാരതഖണ്ഡത്തിലെ പുരാതനകാലംതൊട്ടേ ഉള്ള പൊതു ഭാഷയായ സംസ്കൃതത്തിൽനിന്നു് ബംഗാളി, ഹിൻദി, മഹാരാഷ്ട്രി, ഗുജറാത്തി മുതലായ അനവധി ഭാഷകൾ ജന്മമെടുത്തിട്ടുണ്ടു്. ആ ഭാഷകൾ, അക്കാര്യം പ്രമാണിച്ചു് സംസ്കൃതത്തിന് ഒന്നും കൊടുക്കാനില്ലാതെ എപ്പോഴും "ഇങ്ങോട്ടു്" വാങ്ങിക്കൊണ്ടിരിക്കുന്ന ഭാഷകളാണു്. ആ വിശ്രുതഭാരതീയ ഭാഷകളെക്കൂടെ ഈ 'തെണ്ടി' ഭാഷാലിസ്റ്റിൽ ഉൾപ്പെടുത്തുന്ന മി: പാറ ഈ പ്രസ്താവന മലയാളത്തിൽ തന്നെ നിർവ്വഹിച്ചിരിക്കുന്നതു് ബുദ്ധി

പൂർവ്വമായിട്ടാണെന്നതിൽ സംശയമില്ല. "എന്നും അധമർണ്ണസ്ഥാനത്തു വർത്തിക്കുന്ന ഭാഷയിൽ ആർക്കും അഭിമാനം കൊള്ളാൻ സാധിക്കുകയില്ല" എന്ന് അദ്ദേഹം തീർത്തുപറയുമ്പോൾ ലോകപ്രസിദ്ധമായ ഇംഗ്ലീഷുഭാഷയെ ഈ നിയമത്തിൽനിന്ന് അദ്ദേഹം എങ്ങനെ ഒഴിച്ചു നിറുത്തുന്നുവെന്നു മനസ്സിലാകുന്നില്ല. ആ ഭാഷ, പുരോഗമനസാഹിത്യകാരന്മാരുടെ നിരന്തരമായ പ്രശംസയ്ക്കു പാത്രീഭവിക്കുന്ന ആ ഇംഗ്ലീഷു ഭാഷ, ഗ്രീക്ക്, ലാററിൻ, ഫ്രഞ്ച്, ഇററാലിയൻ, സ്പാനിഷ് എന്ന ഭാഷകളോടും സാഹിത്യത്തോടും "എന്നും" അല്ല "എന്നെന്നേയ്ക്കും" അധമർണ്ണസ്ഥാനത്ത് വർത്തിക്കുന്ന ഒരു ഭാഷയാണെന്ന കാര്യം പ്രസംഗകർത്താവ് നിശ്ശേഷം വിസ്മരിച്ചിരിക്കുന്നു. അല്ലാത്ത പക്ഷം, ഗ്രീക്ക്, ലാററിൻ, ഫ്രഞ്ച്, ഇററാലിയൻ, സ്പാനിഷ് എന്നീ ഭാഷകളിലോ സാഹിത്യങ്ങളിലോ ഇംഗ്ലീഷു ഭാഷ നൽകിയ സാധനങ്ങളും സാമഗ്രികളും ഒന്നു ചൂണ്ടിക്കാണിക്കുവാൻ അദ്ദേഹത്തിന് ഒരല്പം ദയാശീലം ഉണ്ടായിരിക്കേണ്ടതാണു്. "അധമർണ്ണസ്ഥാനത്ത് വർത്തിക്കുന്ന ഭാഷയിൽ ആർക്കും അഭിമാനം കൊള്ളാൻ സാധിക്കുകയില്ലത്രേ! ഈ വാചകശകലംകൊണ്ട് അദ്ദേഹം, മലയാള ഭാഷയ്ക്കു് സംസ്കൃതത്തിനോടുള്ള കടപ്പാടിന്മേൽക്കാട്ടുന്ന പുച്ഛരസമാണ് തെളിയിക്കുന്നതെങ്കിൽ ആ മലയാളഭാഷയെപ്പററി അദ്ദേഹം അത്ര വളരെ അഭിമാനിക്കേണ്ട തന്നെ! ഭാഗ്യവശാൽ കേരളഭൂഖണ്ഡത്തിലെ ജനസംഖ്യയ്ക്കു് അത്ര വലിയ കുറവൊന്നും വന്നിട്ടില്ല. അദ്ദേഹം അവമാനകരം എന്നു കരുതുന്ന ആ മലയാളത്തിന്റെ കടപ്പാടിന്മേൽ അഭിമാനം കൊള്ളുവാൻ

അനേകലക്ഷം ഭാഷാഭിമാനികൾ ഇന്നു കേരളഖണ്ഡത്തിൽ ജീവിച്ചിരിക്കുന്നു! ഇന്നലെ ഉണ്ടായിരുന്നു, നാളെ വർദ്ധിച്ച സംഖ്യയിൽ ഉണ്ടാവുകയും ചെയ്യും.

ലോകത്തു് ഭാഷകൾക്കു തമ്മിൽ പല ബന്ധങ്ങളും കാണും. പരസ്പരബന്ധമില്ല എന്നു കരുതുന്ന ഭാഷകൾക്കു് തമ്മിൽ പോലും ഇമ്മാതിരി ബന്ധം പല വിധത്തിലും സംഭവിക്കുന്നു എന്നതു്, ഭാഷാ തത്വശാസ്ത്രപരമായ ഒരു വസ്തുതയാകുന്നു. ദേശങ്ങൾ, ശീതോഷ്ണാവസ്ഥ, ഉച്ചാരണാവയവങ്ങളുടെ ജന്മസിദ്ധമായ സ്വഭാവം എന്നിവയനുസരിച്ചു് ഭിന്നഭിന്നഭാഷകൾ ലോകത്തു കാണുന്നതുപോലെ തന്നെ അവ എത്രമാത്രം ദൂരസ്ഥിതങ്ങളായിരുന്നാലും അവയുടെ അക്ഷരമാലകളിലോ, പദപ്രയോഗങ്ങളിലോ, വാക്യഘടനാരീതിയിലോ ചില ബന്ധങ്ങൾ കണ്ടുവരുന്നുണ്ടു്. അതു നിമിത്തം ഒരു ഭാഷ മറെറാരു ഭാഷയ്ക്കു് കടപ്പെട്ടുപോയി എന്നോ അടിമത്തത്തിൽ ആയി എന്നോ പറഞ്ഞു് ആരും അപഹസിക്കാറില്ല. വിസ്തൃതവും പരിഷ്കൃതവും ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ വിജയത്തിന്നു് ഇംഗ്ലീഷു ജനസമുദായത്തിന്നു പ്രധാനസഹായം നൽകിയതും ആയ അമേരിക്കാഭൂഖണ്ഡം ഒരു 'തെണ്ടി' ഭൂഖണ്ഡമല്ലെന്നു കാണുവാനുള്ള ഔദാര്യം മി: എം. പീ. പാളിന്നുണ്ടായിരിക്കുമല്ലോ. എന്നാൽ അവിടത്തെ ഭാഷ അദ്ദേഹത്തിൻെറ 'ഭാഷ' യിൽ ഒരു 'തെണ്ടി' ഭാഷ എന്നു വേണം പറവാൻ. അതായതു് ഇംഗ്ലണ്ടിലെ ഭാഷ തന്നെ. അമേരിക്കക്കാർ ക്രിസ്തുവർഷം 1774 ജൂലായി 4-ാനു- ഭരണസംബന്ധമായി

KOTTAYAM PUBLIC LIBRARY KOTTAYAM.

ഇംഗ്ലണ്ടുമായുള്ള ബന്ധം നിശ്ശേഷം വിട്ടുവെന്നു പ്രഖ്യാപനം ചെയ്തിട്ടും, ഇന്നും അവിടത്തെ ഭാഷയായി ഇംഗ്ലീഷിനെത്തന്നെ സ്വീകരിച്ചിരിക്കുന്നു. ഇതിൽ കൂടുതലായ ഒരു അടിമത്തമാണോ മലയാള ജനസമുദായത്തിൻെറ സാഹിത്യത്തിൽ അപൂൎവ്വമായോ അല്ലാതെയോ സംസ്കൃത സാഹിത്യത്തിൻെറയോ സംസ്കൃതഭാഷയുടേയോ കൈയേറ്റം കൊണ്ടു സംഭവിക്കുന്നതു്? അഥവാ, സംസ്കൃതഭാഷയ്ക്കു് മലയാളത്തിൽ മാത്രമല്ല അങ്ങനെയൊരു ബന്ധത്തിന്നു സാധിച്ചിട്ടുള്ളതു. സകല ഭാരതീയ ഭാഷകളും, ഗ്രീക്കു്, ലാററിൻ, കെൽററിക്കു്, നാർഡിക്കു്, സ്ലാവിക്കു് എന്നുള്ള അത്യന്തം വിദേശീയങ്ങളും പുരാതനങ്ങളും ആയവയും, റഷ്യ, ഫ്രഞ്ചു് തുടങ്ങിയ ഇന്നത്തെ അതി വിദേശീയ ഭാഷകളും സംസ്കൃതഭാഷയോടു് ബന്ധമുള്ളവയാണു്. അവ സംസ്കൃതത്തിൽനിന്നു പദപ്രയോഗങ്ങൾ പോലും കടമെടുത്തിട്ടുള്ളതല്ലാതെ സംസ്കൃതഭാഷയ്ക്കു് ആ ഗ്രീക്കോ, ലാററിനോ, കെൽററിക്കോ, നാർഡിക്കോ, സ്ലാവിക്കോ ഇംഗ്ലീഷോ, ഫ്രഞ്ചോ, റഷ്യനോ കടം നൽകിയതായി, 'തെണ്ടി' എന്ന പേരു കേൾപ്പിക്കാത്തവിധം കടം നൽകിയതായി, എത്ര പ്രയോഗങ്ങൾ മി: പാളിന്നു് ചൂണ്ടിക്കാണിക്കാൻ സാധിക്കും? 'രാജ്' എന്നും 'അഗ്നി' എന്നും ഉള്ള സംസ്കൃതപദങ്ങൾക്കു് ലാററിൻ ഭാഷയിൽ 'റെക്സ്' എന്നും 'ഇഗ്നിസ്' എന്നും വാക്കുകൾ ഉള്ളതു നോക്കുക. സംസ്കൃതത്തിൽ നക്തം, പിതാ, ദിവ്യം, പാണി, ദ്വാരം എന്നീ പദങ്ങൾക്കു് ഇംഗ്ലീഷിൽ തന്നെ നൈററ്, ഫാദർ, ഡി

വെൻ, പാം, ഡോർ, എന്നീ സമാന പ്രയോഗങ്ങൾ കാണുന്നതു് നോക്കുക. സംസ്കൃതത്തിലെ നഭസ്സ്, റഷ്യൻ ഭാഷയിലെ 'നിബോ' ആണു്. ആര്യശാഖയിൽപെട്ട ഇൻഡോ യൂറോപ്യൻ ഭാഷകൾ തമ്മിലുള്ള ഈ ബന്ധത്തെപ്പററി 'ഇൻഡോ യൂറോപ്യൻ ഫിലോളജി' ഭാരത-യൂറോപ്യ-ഭാഷാമൂലതത്വശാസ്ത്രം ആദ്യന്തം ഒന്നു പരിശോധിച്ചാൽ ഗ്രീക്ക്, ലാററിൻ മുതലായ അതിപ്രൗഢ പുരാതന ഭാഷകൾക്കും സംസ്കൃതത്തിനും തമ്മിലുള്ള ബന്ധം എങ്ങനെയയെന്നു് നല്ലപോലെ വിശദമാകുന്നതാണു്.

അഥവാ, മി: എം. പീ. പാൾ പറയുന്നപോലെ മലയാളം സംസ്കൃതഭാഷയുടെ വാലിൽ തൂങ്ങിയല്ല കഴിയുന്നതു് എന്നും ആ ഭാഷ ദ്രാവിഡകുടുംബത്തിൽപെട്ടതാണെങ്കിലും തമിഴിൽനിന്നു ഗണ്യമായ സ്വാതന്ത്ര്യം പ്രാപിച്ചതാണെന്നും, സംസ്കൃതഭാഷയുടെ പല നിയമങ്ങളും വലിച്ചു ദൂരത്തെറിഞ്ഞിട്ടുള്ളതാണെന്നും ഉള്ള വസ്തുതകൾ പ്രസംഗകർത്താവിന്നു് അപരിചിതമാണെങ്കിൽ അദ്ദേഹം 'കേരളപാണിനീയം' എന്ന വ്യാകരണഗ്രന്ഥത്തിൻെറ അവതാരക ഭാഗം ഒന്നു വായിച്ചു നോക്കുവാൻ സവിനയം അപേക്ഷിക്കുകയല്ലാതെ ഗത്യന്തരമില്ല.

"അടിമത്വത്തെ ഇത്രമാത്രം മാനിക്കുന്ന മറെറാരു ഭാഷയുണ്ടോ?" എന്നൊരു ചോദ്യം ചോദിച്ചുകൊണ്ടു് പ്രസംഗകർത്താവു് സംസ്കൃത വ്യാകരണാഭ്യാസം മലയാളകവിതാസ്വാദനത്തിന്നു് അത്യന്താപേക്ഷിതം എന്നൊരഭിപ്രായം സ്വയമേ പുറപ്പെടുവിച്ചു് ഇങ്ങനെ വീണ്ടും ചോദിക്കുന്നു:—"കവിത വായിച്ചു മനസ്സിലാക്കുന്നതിന്നു പോ

ലും ഒരന്യ ഭാഷയുടെ വ്യാകരണം പഠിച്ചിരിക്കണമെന്ന വരുന്നതു് ലജ്ജാവഹമായി നാം കരുതാത്തതു എന്തു കൊണ്ടു്?"

മി: പാളിൻെറ അഭിപ്രായത്തിൽ വ്യാകരണപാഠം ഇത്ര നിഷിദ്ധമായിരിക്കുന്നതിൻെറ രഹസ്യം അജ്ഞാതമാണു്. മലയാളകവിത വായിച്ചു മനസ്സിലാക്കുവാൻ മലയാളവ്യാകരണംപോലും 'പഠിച്ചിരിക്കണ'മെന്നില്ല എന്ന കാര്യം അത്തരം കവിതകൾ വായിച്ചിട്ടുള്ളവക്ക് അറിയാം. വസ്തുത ഇങ്ങനെയിരിക്കെ അന്യഭാഷയുടെ വ്യാകരണം പഠിച്ചിരിക്കണമെന്നു വന്നിട്ടുള്ളതായി അദ്ദേഹത്തിന് എങ്ങനെ ബോദ്ധ്യപ്പെട്ടോ? തുടന്നു അദ്ദേഹം ആവലാതിപ്പെടുന്നു:— "സാമാന്യവിദ്യാഭ്യാസമുള്ളവക്കുപോലും നമ്മുടെ കവിതയിൽ മുക്കാലെ അരയ്ക്കാലും അജ്ഞാതമായിട്ടാണു് ഇരിക്കുന്നതു്." ഇങ്ങനെ "മുക്കാലേ അരയ്ക്കാലും" അജ്ഞാതമാക്കിയിരിക്കുന്ന ആ 'സാമാന്യവിദ്യാഭ്യാസ' ക്കാരുടെ "സാമാന്യവിദ്യാഭ്യാസ" സ്വഭാവംകൂടെ അദ്ദേഹം ആരാഞ്ഞു മനസ്സിലാക്കിയിരിക്കും! "ടിപ്പണി കൂടാതെ വായിച്ചു മനസ്സിലാക്കത്തക്ക എത്ര പദ്യകൃതികൾ മലയാളത്തിലുണ്ടു്?" എന്നദ്ദേഹം ചോദിക്കുമ്പോൾ 'ടിപ്പണി' എന്നാൽ വ്യാകരണസൂത്രമെന്നോ മറ്റോ ആണു് അദ്ദേഹം കരുതിയിരിക്കുന്നതു് എന്നു തോന്നിപ്പോകും. ടിപ്പണികൂടാതെ വായിച്ചു മനസ്സിലാക്കത്തക്ക കവിതകളേ അദ്ദേഹം മലയാളത്തിൽ വായിക്കയുള്ളായിരിക്കാം. ഈ നിയമം ഇംഗ്ലീഷുസാഹിത്യത്തെ ബാധിക്കുമോ ഇല്ലയോ എന്നു അദ്ദേഹത്തോടു് ഒന്നു ചോദിക്കാതെ തരമില്ല.

അഥവാ ടിപ്പണി ഉണ്ടെങ്കിൽ 'കവിത' വായിച്ചുമനസ്സിലാക്കാം എന്നു കരുതുന്ന മി: പോളിൻെറ കവിതാരസാസ്വാദനത്തിൽ നമുക്കു് അത്രവളരെ പരിഭ്രമത്തിനു കാൎയ്യമില്ല. കവിതയെന്നാൽ ടിപ്പണി മുഖേന വശത്താക്കേണ്ട ഒരു സാധനമെന്നു കരുതുന്ന പണ്ഡിതന്മാരും പുരോഗമനത്തിൽ ഉൾപ്പെട്ടുവെന്നു വരാം.

ഇങ്ങനെ മലയാളം, ഭാഷയെന്ന നിലയിൽ സംസ്കൃതത്തോടു കടപ്പെട്ടിരിക്കുന്നതു് അദ്ദേഹത്തിൻെറ ആക്ഷേപത്തിന്നു പാത്രമായി. സംസ്കൃതവ്യാകരണം അദ്ദേഹത്തിന്റെ അഭിരുചിയെ കലശലായ പുച്ഛരസത്തിൽ മുഴുകിച്ചു. സംസ്കൃതപദങ്ങൾ മലയാളകവിതയിൽ കാണുന്നതു് കേവലം പഴിക്കത്തക്കതും ആയി. ഈ മൂന്നു വിധത്തിലുള്ള പ്രതിഷേധവുംകൊണ്ടു് അദ്ദേഹം ഒരു സംസ്കൃതഭാഷാഭിജ്ഞനോ, അനഭിജ്ഞനോ എന്ന കാൎയ്യം വളരെ കൗശലത്തോടെ വായനക്കാരെ മനസ്സിലാക്കി വിരമിക്കുകയാണു്.

മലയാളത്തിനു് സംസ്കൃതഭാഷയോടുള്ള കടപ്പാടും ബന്ധവും എത്ര വലിയ അവഹേളനത്തിനു് പാത്രീഭവിച്ചാലും, കടപ്പാടും ബന്ധവും തന്നേയാണു്. എന്നുവച്ചു് മലയാളം സംസ്കൃതത്തിനോടു് വല്ല അടിമത്തത്തിലുമാണു് കഴിയുന്നതെന്നു ലേശംപോലും തെററിദ്ധരിക്കേണ്ടതില്ല. 'പാണിനീയപ്രദ്യോതം' 'പ്രയോഗദീപിക' 'മണിദീപിക' മുതലായ സംസ്കൃതവ്യാകരണ ഗ്രന്ഥങ്ങൾ ഓരോ പണ്ഡിതന്മാർ മലയാളികളെ ഉദ്ദേശിച്ചിട്ടു രചിച്ചിട്ടുണ്ടു് എങ്കിലും യാതൊരു സംസ്കൃതവ്യാകരണനിയമവും മലയാളഭാഷയെ വരിഞ്ഞിറുക്കികെട്ടിനിറുത്തുന്നില്ല. സംസ്കൃത

ത്തിൻെറ ആശ്രയം ലേശംപോലും കൂടാതെ മലയാളം സ്വതന്ത്രഭാഷ തന്നെയാകുന്നു. യുക്തിയുക്തവും ഹൃദയംഗമവും സ്വാതന്ത്ര്യവും ആയി ഭാഷാസാഹിത്യകാര്യങ്ങളിൽ വേണ്ട ചർച്ച നടത്തുവാൻ അതിവൈഭവശാലിയായ പ്രൊഫസ്സർ ഏ. ആർ. രാജരാജവമ്മ, മലയാളഭാഷയുടെ മഹനീയസ്വാതന്ത്ര്യത്തെ ഭാഷാശാസ്ത്രതത്വങ്ങൾ അനവധി ഉദാഹരിച്ചു ഏററവും വിജയകരമായി സമർത്ഥിച്ചിട്ടുണ്ട്. എന്നാൽ അതെല്ലാം ഒരുവക മലയാളം മുൻഷിമാരുടേയോ അദ്ധ്യാപകന്മാരുടേയോ ഹീനഗ്രന്ഥങ്ങളാണെന്നു കരുതി അവയുമായി യാതൊരു പരിചയവും സമ്പാദിക്കാതെ ഒരു മാന്യൻ കറകളഞ്ഞ അസംബന്ധം എന്ന നിലയിൽ ഇത്തരം യുക്തിവിഹീനതകൾ പ്രഖ്യാപനം ചെയ്യുന്നതു കാണുമ്പോൾ......!

"നമ്മുടെ സാഹിത്യം ഇനിയും വേണ്ടത്ര കേരളീയമായിട്ടില്ല എന്നാണു നാം ധരിക്കേണ്ടത്" എന്നു മി: പാൾ അടുത്തതായി ഒരു മുന്നറിവ് തരുന്നു. 'നമ്മുടെ സാഹിത്യം' എന്ന് അദ്ദേഹം ഊഹിക്കുന്നത് പുരോഗമനസാഹിത്യകാരന്മാരുടെ സാഹിത്യം എന്ന അർത്ഥത്തിലാണെങ്കിൽ ആ പ്രസ്താവന എത്രയും പരമാർത്ഥമാണ്. എന്നാൽ പുരോഗമനസാഹിത്യസംഘടനയുടെ സമ്മേളനത്തിൽ ആ സാഹിത്യകാരന്മാരെ അവഹേളിച്ചാൽ എന്താണ് അടുത്ത ഫലമെന്ന് അദ്ദേഹത്തിന് അറിയാം. അതിനാൽ "നമ്മുടെ സാഹിത്യം" എന്ന വാക്കുകൾക്ക് മലയാളസാഹിത്യം എന്നായിരിക്കും അദ്ദേഹം അർത്ഥം കുറിക്കുന്നതു്. അപ്പോൾ 'മലയാളസാഹിത്യം' ഇനിയും കേരളീയ

മായിട്ടില്ലത്രേ! മി: പാറം ഉദ്ദേശിക്കുന്ന കേരളീയത്വത്തിന്റെ സ്വഭാവം, പക്ഷെ അദ്ദേഹത്തിനു മാത്രമേ അറിയാവൂ. "നമ്മുടെ സാഹിത്യം "ഇനിയും" "വേണ്ടത്ര" കേരളീയമായിട്ടില്ല! എന്നാണു നാം ധരിക്കേണ്ടതെന്നു് അദ്ദേഹം പറയുന്നു. ഇതു് ഇന്നെന്നപോലെ പത്തോ ഇരുപതോ ശതവർഷം കഴിഞ്ഞശേഷവും ഒരാളിന്നു സാഹിത്യത്തെപ്പററി പറയാമെന്നുള്ളതും കേവലം അവ്യവസ്ഥിതവും ആണു്. മലയാളസാഹിത്യം ഇനിയും വേണ്ടത്ര കേരളീയമായിട്ടില്ലപോൽ! കേരളീയം എന്നതിന്നു് അദ്ദേഹം കല്പിക്കുന്ന അർത്ഥം കേരളസംസ്കാരം പ്രകാശിപ്പിക്കുന്നതു് എന്നായിരിക്കുമല്ലോ. അതെ; അങ്ങനെതന്നെ. അദ്ദേഹം പറയുന്നു:—"അവനവൻെറ നാട്ടിലെ സംസ്കാരത്തിലും ജനതാബോധത്തിലും ഭാഷാശൈലിയിലും വേരൂന്നാത്ത സാഹിത്യം ക്ഷുദ്രജീവിയായിരിക്കും." എന്നു്. "അതിനു ജനസാമാന്യഹൃദയത്തിൽ സ്ഥാനം കിട്ടുകയില്ല" എന്നുംകൂടെ. പുരോഗമനസാഹിത്യഗ്രന്ഥങ്ങളുടെ ഭാവി ഇത്ര ശരിക്കു കണ്ടുപിടിച്ച മാന്യന്മാർ അധികമില്ല എന്നു തന്നെ പറയാം. " അവനവൻെറ നാട്ടിലെ സംസ്കാരത്തിലും ജനതാബോധത്തിലും ഭാഷാശൈലിയിലും വേരൂന്നാതെ, ഏതെങ്കിലും സാഹിത്യം മലയാളത്തിലുണ്ടെങ്കിൽ ആയതു് ആ പ്രസിദ്ധപ്പെട്ട പുരോഗമനസാഹിത്യം തന്നേയാണു്. ഇതു് യഥാസ്ഥിതികത്വംകൊണ്ടോ സങ്കുചിതബുദ്ധിത്വം കൊണ്ടോ, സാഹിത്യപരിഷ്കാരത്തിൽ ബദ്ധതാല്പര്യത്തോടുകൂടിയ മാന്യസുഹൃത്തുക്കളുടെ ശ്രമത്തെ അപലപിക്കണമെന്ന ഉദ്ദേശം കൊണ്ടോ പറയുന്നതല്ല. അവനവൻെറ നാട്ടിലെ 'സംസ്കാര'ത്തിലല്ല കേരളത്തിലെ

പുരോഗമനസാഹിത്യം വേരൂന്നിയിരിക്കുന്നതു്. അതിനാൽ അത്തരം സാഹിത്യം ക്ഷുദ്രജീവിയായരിക്കും എന്നു മി: പാൻ പറയുന്നതു് ഒരു വിലയേറിയ പരമാൎത്ഥമാണു്. "അതിനു് ജനസാമാന്യഹൃദയത്തിൽ സ്ഥാനം കിട്ടുകയില്ല" എന്നദ്ദേഹം പറയുന്നതും അക്ഷരംപ്രതി ശരിയാണു്.

അവനവന്റെ നാട്ടിലെ സംസ്കാരത്തിലും ജനതാബോധത്തിലും വേണം സാഹിത്യം വേരൂന്നേണ്ടതെന്നു് മി: പാൻ പ്രസ്താവിക്കുന്നതു്, മലയാളസാഹിത്യം സംസ്കൃതസാഹിത്യത്തിന്റെ ചുവട്ടടി ആശ്രയിച്ചു പോകുന്നു എന്നും ആയതു് കേവലം അനാശാസ്യം എന്നും കാണിക്കാനായിരിക്കാം. എന്നാൽ അദ്ദേഹം ഏതൊരു സംഘടനയുടെ പ്രചാരകനായിട്ടു് നിന്നാണോ സംസാരിക്കുന്നു, ആ സംഘടന പുലൎത്തുവാനുദ്ദേശിക്കുന്ന സാഹിത്യമാണു്, അഥവാ, പുരോഗമനസാഹിത്യമാണു് കേരളനാട്ടിന്റെ സംസ്കാരത്തിലും ജനതാബോധത്തിലും വേരൂന്നാത്തതു്. ആ സാഹിത്യത്തിന്റെ വേരു കിടക്കുന്നതു് കേരളക്കരയിലല്ല, യൂറോപ്പു ഭൂഖണ്ഡത്തിലാണു്. ഒന്നാംലോകമഹായുദ്ധത്തോടുകൂടി യൂറോപ്യൻ രാജ്യങ്ങളും അവിടത്തെ ആത്മിക സാമുദായിക ജീവിതങ്ങളുടെ മനോഹരതകളും പാടേ തകിടം മറിഞ്ഞു. രാജ്യകാര്യം സംബന്ധിച്ചു് അസംതൃപ്തരായ അനവധി യുവാക്കന്മാർ ഇരുമ്പുയന്ത്രങ്ങളുടെ ശക്തിയിൽ വിശ്വസിച്ചു വെറും വസ്തുമാത്രവാദികളായി. സൗന്ദൎയ്യബോധവും ഗാംഭീൎയ്യവും, സാമുദായികങ്ങളായ മൂല്യബന്ധങ്ങളും നിശ്ശേഷം തകൎന്നു. മനുഷ്യരുടെ ഞരമ്പുകളെ രക്തം

കൊണ്ടു നിറയ്ക്കണമെന്നും, വാക്കുകൾക്ക് ആത്മികമോ സൗന്ദര്യപ്രകാശകമോ ആയ ഒരു ശക്തി ഉണ്ടായിരിക്കരുത് എന്നും അവർ നിശ്ചയിച്ചു. മനുഷ്യവികാരങ്ങളെ കുറുന്തടി മുഖേന പ്രകാശിപ്പിക്കാൻ സാധിക്കുമെങ്കിൽ അങ്ങനേയും ആകാം. എന്നവർ നിശ്ചയിച്ചു. 'സ്ത്രീ'യെന്നും 'സൗന്ദര്യം' എന്നും ഉള്ള രണ്ടാശയങ്ങൾ വേർപിരിക്കാൻ പാടില്ലാത്തവിധത്തിൽ സാഹിത്യത്തിൽ എത്തിപ്പോയതിനെ വേർതിരിച്ചു വകതിരിച്ചു കാട്ടണമെന്നുള്ളതാണ് തങ്ങളുടെ ഉദ്ദേശം" എന്ന് ഇററാലിയൻ പുരോഗമനസാഹിത്യത്തിൻെറ സ്ഥാപകനായ മാരിനററി തന്നെ പറയുന്നു. ആവേശപ്രധാനം, പ്രാദേശനായോഗ്യം, സംസ്കാരവിരുദ്ധം, വൈദഗ്ദ്ധ്യവിരുദ്ധം, കാര്യകാരണബന്ധവിരുദ്ധം, സൗന്ദര്യബോധവിരുദ്ധം, വികാരരസവിരുദ്ധം, ദുർഗ്ഗന്ധപൂർണ്ണം, എന്നീവിധത്തിൽ വായനക്കാരനെ ശ്വാസം മുട്ടിച്ചുകൊല്ലിക്കാനുള്ള ഒരു സാഹിത്യപദ്ധതിയാണ് യൂറോപ്പിലെ പുരോഗമനസാഹിത്യപദ്ധതി. ഈ പദ്ധതിയാണ് അവനവൻെറ നാടായ കേരളഭൂഖണ്ഡത്തിലെ സംസ്കാരത്തിന്നു വിരുദ്ധം.

അവനവൻെറ നാട്ടിലെ "സംസ്കാരം" എന്നു പറയുമ്പോൾ കേരളസാഹിത്യം കേരളീയ സംസ്കാരമാണല്ലോ കാട്ടേണ്ടതു്. കേരളീയസംസ്കാരത്തിൻെറ സ്വഭാവം എന്തായിരിക്കും? രാജ്യഭരണം, മതബോധം, സമുദായരീതികൾ, വ്യക്തിപരമായ വേഷം, സാമുദായികാചാരങ്ങൾ, വ്യക്തിനടപടികൾ, അഭിരുചികൾ, അഭിപ്രായങ്ങൾ നിയമം, സൗന്ദര്യബോധം, സൗന്ദര്യാസ്വാദനശക്തി എന്നിവ കേര

ളീയരിൽ എങ്ങനെകാണുന്നുവോ അവയ്ക്ക് നേരേ വിരുദ്ധവും അവയെ ആക്രമാനം വെട്ടിക്കുരുതികഴിക്കുന്നതും ആയ ഒരു സംസ്കാരമാണ് യൂറോപ്യൻ പുരോഗമനസാഹിത്യത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു്.

മാഡം 'സിമരുണോവി' എന്ന റഷ്യൻ വനിത, "പ്രവദ്" എന്ന റഷ്യൻ പത്രത്തിൽ, പുരോഗമനസാഹിത്യകാരന്മാരുടെ ആരാദ്ധ്യ ഭൂമിയായ റഷ്യയിലെ അനുരാഗപ്രകടന രീതികളെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു:—

"നമ്മുടെ യുവജനങ്ങൾക്കു് ചില പ്രത്യേക തത്വങ്ങൾ ഉണ്ടു്. ആ തത്വങ്ങളെയെല്ലാം താഴെപ്പറയുന്ന വിശ്വാസമാണു് ഭരിക്കുന്നതു്. അതായതു്, ലിംഗസംബന്ധമായ തീവ്ര വികാരങ്ങൾ സംബന്ധിച്ചടത്തോളം ശുദ്ധമേ 'നാൽക്കാലി'ക്കാമാവേശത്തിന്റെ ലക്കു് എത്ര കണ്ടു കൂട്ടതലായി എത്താൻ സാധിക്കുമോ അത്ര കണ്ടു് നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റായിരിക്കും."

കൊന്നവനെയല്ല ചത്തവനെയാണു് ശിക്ഷിക്കേണ്ടതു്; അദ്ധ്യാപകന്മാരെ ശിഷ്യന്മാരും മാതാപിതാക്കന്മാരെ സന്താനങ്ങളും വെട്ടിക്കൊല്ലുന്ന രംഗങ്ങളാണു് കാണിക്കേണ്ടതു്; എന്നു തുടങ്ങി യൂറോപ്യൻ സംസ്കാരത്തിന്റെ നിശ്ശേഷമായ അധഃപതനം കാട്ടുന്ന അവിടത്തെ പുരോഗമനസാഹിത്യത്തിലെ സംസ്കാരവും കേരളീയ സംസ്കാരവും ഭിന്നഭിന്നങ്ങളാണെന്ന കാര്യം മി: പാളിനെപ്പോലുള്ള ഒരു വിശിഷ്ട പണ്ഡിതനെ പ്രത്യേകം എഴുതി അറിയിക്കേണ്ടതുണ്ടോ? നിരാശാപരവശരായ ജർമ്മൻ സാഹിത്യകാരന്മാർ, ഇററാലിയൻ കലാപ്രണയികൾ, ഫ്രഞ്ച്

സാഹിത്യവിശാരദന്മാർ എന്നിവർകൂടി പ്രതിഷ്ഠിച്ചതും കറ കളഞ്ഞ നാസ്തികത്വത്തിലും വസ്തുമാത്രവാദത്തിലും അസഹ്യമായ ദുഃഖമാത്ര രംഗ ചിത്രീകരണത്തിലും ഏർപ്പെട്ടതും ആയ ആ പുരോഗമനസാഹിത്യമത്രേ, ജനസാമാന്യ ഹൃദയത്തിൽ സ്ഥാനം കിട്ടാതെ വിഷമിക്കുന്നതു്. "നമ്മുടെ" സാഹിത്യത്തിന് ഒരു വിധം കേരളീയത്വം ഇപ്പോഴം സിദ്ധിച്ചിട്ടുള്ളതിനെ പൊട്ടിച്ചു ചിതറി പൊടിഭസ്മമാക്കി ആ ഭസ്മംവാരിയണിഞ്ഞു ചിതാ സമീപത്തു് ചണ്ഡനൎത്തനം ചെയ്യുന്ന ഒരു ഘോരമൂൎത്തിയായിത്തീരുന്നതുകൊണ്ടാണു് പുരോഗമനസാഹിത്യത്തിന്നു കേരളീയത്വം നഷ്ടപ്പെടുന്നതു്.

പുരാതനസാഹിത്യത്തെ സ്ഥാനത്തും അസ്ഥാനത്തും കണക്കററു ദൂഷിക്കുക എന്നതു് പുരോഗമനപ്പേരുകാരുടെ ഒഴിക്കവെയ്യാത്ത ഒരു പരിപാടിയാണു്. ആ പരിപാടിയിലേക്കു്, അനന്തരം, മി: പാറം പ്രവേശിക്കുന്നു:—

"നമ്മുടെ സാഹിത്യം ഏതാനും അലസധനികന്മാരുടേയും, നാടുവാഴികളുടേയും പ്രഭുക്കളുടേയും സുഖോപകരണമായി കഴിഞ്ഞുപോന്നിരുന്നു. ചതുരംഗത്തേക്കാൾ മാനനീയമായ ഒരു സ്ഥാനം സാഹിത്യത്തിനുണ്ടെന്ന് വെളിപ്പെട്ടുതുടങ്ങിയിട്ടു ഏറെനാളായിട്ടില്ല."

ഇവിടെയും 'നമ്മുടെ സാഹിത്യം' എന്ന പദയുഗമത്തിന്നു പുരോഗമനസാഹിത്യം എന്നു അൎത്ഥം കൊടുക്കുന്നതാണു് ഔചിത്യബോധമുള്ള ഒരു വ്യാഖ്യാതാവിന്റെ ധൎമ്മം. എന്തെന്നാൽ ഏതാനും 'അലസധനിക'ന്മാരുടേയും 'നാടുവാഴി'കളുടേയും 'പ്രഭു'ക്കളുടേയും സുഖോപക-

രണമാക്കുവാനാണു് ആ സാഹിത്യപ്രണയികൾ ഇത്രയേറെ പരിശ്രമിക്കുന്നതെന്നു കാണാം 'പ്രസാധക'ന്മാരായ "അലസധനികന്മാർ" 'ഗ്രന്ഥകാര'ന്മാരായ "നാട്ടുവാഴികൾ" 'കച്ചവടക്കാ'രായ "പ്രഭുക്കന്മാർ" എന്നീ മൂന്നിനക്കാരും! ഈ മൂന്നു കൂട്ടർക്കും സുഖമായി നിന്നു മെതിക്കത്തക്ക വിധത്തിൽ കേരളീയരിൽ ഒരു അവശലോകം കണ്ടെത്ത ആരാധനാപ്രതിപത്തിയോടെ വിസ്തൃതമായ തോതിൽ കാട്ടി നില കൊള്ളുന്നു: 'പാവങ്ങ'ളെന്നും 'പട്ടിണി'ക്കാരെന്നും മററും കാണുന്നവരെ കഥാപാത്രങ്ങളാക്കി സാഹിത്യരചന നിർവഹിക്കുക. ഓരോ ഗ്രന്ഥത്തിൻേറയും പതിപ്പുകൾ തീരെ ആയാസം കൂടാതെ വിററഴിഞ്ഞുകൊള്ളും. ഭൂതകാലനിന്ദനവും സൗന്ദര്യാസ്വാദനനിഷേധവും കൂടെയായാൽ ഗ്രന്ഥങ്ങൾ വളരെയെളുപ്പം ചെലവാകും. സ്ത്രീപുരുഷന്മാരുടെ അഴിഞ്ഞ ഭ്രാന്താട്ടങ്ങളും നഗ്നമായ മൃഗീയതവും തണുത്തു മരവിച്ച ഒരു സൂക്ഷ്മദർശനാട്ടക്കാരൻെറ രീതിയിൽഏററവും വിസ്തൃതരൂപത്തിൽ വിവരിക്കുകയും കൂടെ വേണം. വ്യഭിചാരഡിപ്പോകൾ, കള്ളുഷാപ്പുകൾ മുതലായ രംഗചിത്രീകരണങ്ങളും കൂടെയായാൽ കഥ കേമം!

എന്നാൽ പ്രസംഗകർത്താവിൻെറ ഉദ്ദേശം അതായിരിക്കുകയില്ല. 'നമ്മുടെ സാഹിത്യം' എന്നു അദ്ദേഹം ഉദ്ദേശിക്കുന്നതു് മലയാളസാഹിത്യം ആയിരിക്കും. ഈ "നമ്മുടെ സാഹിത്യ"കാരൻ, ആ സാഹിത്യം അലസധനികന്മാരുടേയും നാട്ടുവാഴികളുടേയും പ്രഭുക്കളുടേയും സുഖോപകരണമായി എങ്ങനെ കണ്ടു ? നമ്മുടെ സാഹിത്യത്തെ

ഇങ്ങനെ ഒരു സുഖോപകരണമാക്കിയതായി അദ്ദേഹം കരുതുന്നതു് ഏതുകാലത്തിലെ, ഏതു സാഹിത്യഗ്രന്ഥത്തെ ലക്ഷ്യമാക്കിക്കൊണ്ടാണു്? കേരളത്തിൻെറ സുവർണ്ണദശയായിരുന്ന ആദിപെരുമാക്കന്മാരുടെ കാലത്തു് ക്രിസ്ത്യാനികഠം, ജൂതന്മാർ, മഹമ്മദീയർ എന്നിവക്കു് സ്ഥാനങ്ങളും പദവികളും മററും നൽകിയ ഭാസ്കരരവിവർമ്മ, സ്ഥാണുരവിഗുപ്തപ്പെരുമാഠം, വീരരാഘവചക്രവർത്തി എന്നീ രാജാക്കന്മാരുടെ കാലത്തെ "നമ്മുടെ സാഹിത്യ" മാണോ, സുഖോപകരണമായിരുന്നു എന്നു് അദ്ദേഹം പറയുന്നതു്? ആ സാഹിത്യത്തിലെ പ്രസ്തുതസുഖോപകരണഭാഗങ്ങഠം അദ്ദേഹം ഒന്നു ചൂണ്ടിക്കാട്ടിത്തരുമോ? അതോ മലയാളനാട്ടിലെ പുരാതനമായ വീര്യശൗര്യധൈര്യങ്ങഠം സകലയാളുകളിലും ഒരു പോലെ നടമാടിയിരുന്നതായി വർണ്ണിക്കുന്ന ഭദ്രകാളിപ്പാട്ടു്, പുള്ളുവൻപാട്ടു്, നിഴൽക്കുത്തുപാട്ടു്, മാവാരതംപാട്ടു്, കോളേരിപ്പാട്ടു്, പടപ്പാട്ടു്, ഓണപ്പാട്ടു്, കൃഷിപ്പാട്ടു് മുതലായി സാധാരണജനസഞ്ചയത്തിൻെറ ആഹ്ലാദവും ഉന്മേഷവും അനുക്ഷണം വർദ്ധിപ്പിച്ചുപോന്ന നാനാഗാനസഞ്ചയമാണോ ആ പ്രബലസുഖോപകരണമായ "നമ്മുടെ സാഹിത്യം"? അതോ, ഭടജനങ്ങളെ ഉന്മേഷഭരിതരാക്കുവാൻ രാമായണകഥയിലെ വീര്യശൗര്യങ്ങഠം പ്രതിപാദിക്കുന്ന, മലയാളം തമിഴിൻെറ പിടിയിൽ നിന്നു പിരിഞ്ഞു് സ്വതന്ത്ര ഭാഷയാകുന്നതിനുള്ള ശ്രമങ്ങഠംക്കു വേണ്ട ഉദാഹരണങ്ങഠം എടുക്കത്തക്കവിധം ലളിതവും മനോഹരവും സാധാരണജനങ്ങഠംക്കു വായിച്ചു മനസ്സിലാക്കാവുന്ന വിധം രചിക്കപ്പെട്ട രാമ

ചരിതമാണോ പ്രഭുസുഖോപകരണമെന്നു് മി: പാൾ തെ റ്റിദ്ധരിച്ചിട്ടുള്ളതു്? ആര്യസംസ്കാരവും വൈഷ്ണവമത മാഹാത്മ്യവും മനുഷ്യസ്വഭാവവിവിധതയും രചനാസൗകുമാര്യവും പ്രത്യേകം പ്രകാശിപ്പിക്കുന്ന കണ്ണശ്ശരാമായണം, കണ്ണശ്ശഭാരതം, കണ്ണശ്ശഭാഗവതം, ഭാഷാഭഗവൽഗീത എന്ന അനർഘകാവ്യരത്നങ്ങൾ ഏതു പ്രഭുക്കളുടേയും ഏതേതു നാട്ടുവാഴികളുടേയും ഏതെല്ലാം അലസധനികന്മാരുടേയും പായ്ത്തെറുക്കുന്നതിനും പങ്കാവീശുന്നതിനും ആണു് ഉപകരിക്കുന്നതെന്നു് മി: പാൾ കരുതുന്നതു്? സാഹിത്യവ്യാകരണനിയമങ്ങൾ അക്കാലത്തെ രീതിയനുസരിച്ചു് അനുശാസിച്ചു പോന്നതും അനവധി സാധാരണന്മാരുടെ ജീവിതരീതിക്കു ഉദാഹരണമാകാവുന്ന പദ്യങ്ങളോടുകൂടിയതും ആയ 'ലീലാതിലക'മോ പ്രഭുസുഖോപകരണം? തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരെയുള്ള ഭൂഭാഗങ്ങളിലെ ചന്തക്കച്ചവടക്കാരേയും "കണ്ടപെണ്ണുങ്ങളേയും" നാടൻ വ്യവസായപ്രസക്തരേയും കാമിനീകാമുകന്മാരേയും കേരളീയപ്രകൃതിവിഭവസൗന്ദര്യത്തേയും ഒട്ടും മതി വരാത്തവിധത്തിൽ ചിത്രീകരിച്ചിരിക്കുന്ന 'ഉണ്ണുനീലിസന്ദേശ'മാണോ നാട്ടുവാഴിസുഖോപകരണമായ സാഹിത്യം? ഭാരതീയാന്തരിക്ഷത്തിന്നു് അനുയോജിച്ച മഹാഭാഗവതം കഥാഭാഗം സ്വീകരിച്ചു് തനിക്കേരളീയമെന്ന നിലയിൽ അത്യന്തം ഉചിതങ്ങളായ വർണ്ണനകളോടും കഥാപാത്രങ്ങളോടും കൂടി രചിക്കപ്പെട്ടിട്ടുള്ള കൃഷ്ണഗാഥ — വെറും 'കാലിപ്പിള്ളാ'രുടെ പയ്യുമേച്ചിൽച്ചരിതം കൂടെ അടങ്ങിയ ആ കാവ്യരത്നമാണോ മി: പാൾ കരുതുന്ന അലസധനികസുഖോപകരണം? അതോ, ഭാഷാ ഉന്ന

ഷധചമ്പു, കൊടിയവിരഹംചമ്പു, മുതലായ ചമ്പൂകാവ്യങ്ങളല്ലാ ? ആ ചമ്പൂകാവ്യസമുച്ചയത്തിൽ നിഴലിടുന്ന തനികേരളീയമായ അന്തരിക്ഷത്തിൻേറയും കേരളീയകവികളുടെ സ്വാതന്ത്ര്യത്തിൻേറയും സ്വഭാവം ഒന്നു മനസ്സിലാക്കുവാൻ മി: പാളിന്നു ഇതേവരെ സൌകര്യമുണ്ടായിട്ടുണ്ടോ ? സംസ്കൃതപുരാണകഥകളിലെ സംസ്കാരം മലയാളത്തിലേയ്ക്കു് ഇറക്കുമതി കഴിക്കുവാൻ രചിക്കപ്പെട്ട ആട്ടക്കഥകൾ കേരളീയ ബഹുജനങ്ങളുടെ ആഹ്ലാദാനുഭവം എന്ന ലക്ഷ്യത്തിന്മേലാണ് അന്നും ഇന്നും പ്രചരിക്കുന്നതു്. ആട്ടക്കഥകൾ ഒരു വക ഗതാനുഗതികതത്തിൻെറ മുദ്ര കൊണ്ടു വായനക്കാരുടെ അല്പാപഹാസത്തിന്നു് പാത്രീഭവിക്കുന്നവയാണു് എന്ന വസ്തുത മറച്ചുവയ്ക്കുന്നില്ല. എന്നാൽ അവ "അലസധനികന്മാരുടേയോ, നാടുവാഴികളുടേയോ പ്രഭുക്കന്മാരുടേയോ" സുഖോപകരണമാകുന്ന ശയ്യയോ ഉപധാനമോ, 'മധു'വോ, കാമിനീശരീരമോ ആണെന്നു പറയാൻ നിവൃത്തിയില്ലതന്നെ 'നമ്മുടെ സാഹിത്യം' എന്നു് അദ്ദേഹം അത്ര ഹൃദയവിശാലതയോടെ പറയുകനിമിത്തം ആട്ടക്കഥാസാഹിത്യം കഴിഞ്ഞു് "ഏറെനാളായിട്ടില്ലാ"ത്തകാലം·വരേയുള്ള സാഹിത്യം അദ്ദേഹത്തിൻെറ പ്രതിപാദനത്തിന്നു വിഷയീഭവിച്ചിരിക്കാം. കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ ഇരയിമ്മൻതമ്പിയുടെ നാനാകവനങ്ങൾ, എന്നിവ കഴിഞ്ഞു് ആധുനിക ദശയിലേയ്ക്കു കടക്കുന്നതോടുകൂടിയാണോ അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ള "ഏറെനാളാ"യിട്ടില്ലാത്ത കാലഘട്ടത്തിൻെറ ഉദയം ? അദ്ദേഹം പറയുന്നു: —

"ചതുരംഗത്തേക്കാറം മാനനീയമായ ഒരു സ്ഥാനം സാഹിത്യത്തിനുണ്ടെന്ന് വെളിപ്പെട്ടു തുടങ്ങീട്ട് ഏറെ നാളായിട്ടില്ല." ഈ വാക്യത്തിലെ "ഏറെനാറം" എന്നതുതന്നെ മി: പാളിൻെറ അതിരു കടന്ന ഔദാര്യത്തിൻെറ ഫലമാണ്. അങ്ങനെ ഒരു ഔദാര്യാതിരേകത്തിന് പോകാത്ത പക്ഷം അദ്ദേഹം, 1945-മേമാസം 29-ാനു- ആയ പുരോഗമനപ്രസ്ഥാനദിവസം തൊട്ടാണ് സാഹിത്യത്തിന്ന് മാനനീയമായ ഒരു സ്ഥാനം സിദ്ധിക്കുന്നതെന്നു പറയുമായിരുന്നു! സാഹിത്യത്തെ ചതുരംഗത്തോടോ ചീട്ടുകളിയോടോ കള്ളുകുടിയോടോ താരതമ്യപ്പെടുത്തുകയുന്നും ഇന്നലെയും തുടങ്ങിയതല്ല. കാവ്യരസാസ്വാദനം മദിരാസ്വാദനത്തിന്ന് (മദ്യാസ്വാദനത്തിന്നു) തുല്യമാണെന്നു ചില രസികന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ഏതായാലും നമ്മുടെ സാഹിത്യത്തിന്നു "ഏറെനാളാ"കുന്നതുവരെ ചതുരംഗത്തോടൊപ്പമായിട്ടെങ്കിലും ഉള്ള ഒരു മാനനീയസ്ഥാനം നൽകുവാനെങ്കിലും ഈ മാന്യ പണ്ഡിതന്നു സാധിച്ചുവല്ലോ! വലിയ കാര്യം!

"ചതുരംഗത്തേക്കാറം മാനനീയമായ ഒരു സ്ഥാനം സാഹിത്യത്തിനുണ്ടെന്നു വെളിപ്പെട്ടു തുടങ്ങിയിട്ടു ഏറെ നാളായിട്ടില്ല." എന്നു മലയാളസാഹിത്യത്തെപ്പററി ഒരു ആധുനികപണ്ഡിതൻ പറയുമ്പോറം സാഹിത്യസ്വഭാവാന്വേഷണംസംബന്ധിച്ച് അദ്ദേഹത്തിനുള്ള ഉത്തരവാദിത്വത്തിൻെറ നില ഏതുവിധമാണെന്നു പറയേണ്ടതില്ല. 'ചതുരംഗം' കേവലം വിനോദപരമായ ഒരു വിഹാരമാകുന്നു. മലയാളസാഹിത്യത്തിൻെറ സ്വഭാവവും ഇങ്ങ

ന്നെ വിനോദപരമാണു് എന്നു പറയുന്ന ഒരാളിന്നു്, അദ്ദേഹത്തിൻെറ 'ഏറെ നാളാ'യിട്ടില്ലാത്ത ആ സാഹിത്യത്തെപ്പററി എത്ര ദൃഢമായ പരിചയമാണുണ്ടായിരുന്നതെന്നു വിശേഷിച്ചു പ്രസ്താവിക്കേണ്ടതായിട്ടില്ല. അദ്ദേഹം പറയുംപോലെ "സാഹിത്യത്തിന്നു് ജീവിതത്തോടു് അവിച്ഛിന്നമായ ബന്ധമുണ്ടെന്നും, അതു സമുദായശരീരത്തിൻെറ അകത്തും പുറത്തും മേലും കീഴും വ്യാപിക്കുന്നുണ്ടെന്നും, അതു ജീവിതത്തിൻെറ പ്രതിബിംബം മാത്രമല്ല, അതിപ്രധാനമായ ഒരംഗമാണു് എന്നും ഉള്ള ബോധം" മലയാളസാഹിത്യകാരന്മാരിൽ ആക്കുംതന്നെ ഉണ്ടായിരുന്നില്ല എന്ന അത്ഥത്തിൽ ആ "ബോധത്തിൽ നിന്നുമാണു പുരോഗമനസാഹിത്യം ഉണ്ടായതു്" എന്നു് ഒരു പുരോഗമനപക്ഷപാതി പ്രസ്താവിക്കുമ്പോൾ മലയാളസാഹിത്യത്തിൻെറ സാക്ഷാൽ സ്വഭാവം മനസ്സിലാക്കിയവരും, ഇംഗ്ലീഷ്, ഫ്രെഞ്ചു്, ഇറ്റാലിയൻ, റഷ്യൻ എന്നീ സാഹിത്യങ്ങളോടു് കഷ്ടിച്ചു് തുല്യപ്പെടുത്താവുന്ന നില കേവലം എഴുപതു വഷംകൊണ്ടു് മലയാളത്തിന്നു സിദ്ധിച്ചു എന്നു സ്ഥാപിക്കാൻ സാധിക്കുന്നവരും ആയ സാഹിത്യാഭിമാനികൾക്കു തെല്ലൊരു മന്ദഹാസം മാത്രമേ ഉണ്ടാകുവാൻ ഇടയുള്ളു.

"മനുഷ്യനിമ്മിതമായ കലകളും സ്ഥാപനങ്ങളും ഒരു വക ഋസ്വഭാവം കാട്ടുന്ന"താണു് അടുത്തതായി പ്രസംഗകത്താവിന്റെ ദൃഷ്ടിയിൽ പെടുന്നതു്. ആദ്ധ്യാത്മിക പ്രചോദനത്തിൽനിന്നുദിച്ച മതം വൈദികസംഘടനയായിത്തീരുന്നു എന്നും, വ്യക്തികളുടെ ക്ഷേമത്തിന്നു് ഉതകു

വിച്ച രാഷ്ട്രം തന്നിക്കു താൻ പോരുന്ന നില അവലംബിക്കു ന്നു എന്നും അക്കൂട്ടത്തിൽ "കാവ്യം വെറും അലങ്കാരമായും, അലങ്കാരം വെറും സങ്കേതമായും പരിണമിക്കുന്നു" എന്നും അദ്ദേഹം ആവലാതിപ്പെടുന്നു. 'കാവ്യം' എന്നും 'അലങ്കാരം' എന്നും ഉള്ള പദങ്ങൾ പ്രയോഗിച്ചാൽ മാത്രം മതി എന്ന ഉദ്ദേശമുള്ള ഒരാളിന്ന് ഇതിനേക്കാൾ അവ്യക്തമായി കുറെക്കൂടെ പറയുവാൻ സാധിച്ചേക്കും. അദ്ദേഹം ഈ പ്രകൃതത്തിൽ 'കാവ്യം' എന്നും 'അലങ്കാരം' എന്നും രണ്ടു വാക്കുകൾ പ്രയോഗിച്ചിരിക്കുന്നതു് അദ്ദേഹത്തിനു കുറെക്കൂടെ ഭദ്രമെന്നു തോന്നുന്ന 'കല'യിലേയ്ക്കു കടക്കുവാനുള്ള സൗകര്യം കരുതി മാത്രമാണു്. "കല കലയ്ക്കുവേണ്ടി" എന്നു പത്തൊൻപതാം ശതവർഷത്തിൽ യൂറോപ്യൻസാഹിത്യാന്തരിക്ഷത്തിൽ ബഹുപ്രചാരത്തിലിരുന്ന ഒരു വാദവും അതുസംബന്ധിച്ച പ്രതിവാദവും ഈ സന്ദർഭത്തിൽ ഒന്നു സൂചിപ്പിച്ചു വിടുവാനായിട്ടാണു് കാവ്യവും അലങ്കാരവും ഒന്നു സ്പർശിച്ചു ധന്യനാകാം എന്നു മി: പാൾ കരുതുന്നതു്. എന്നാൽ സംസ്കൃതാലങ്കാരികന്മാരുടെ ഈ സാങ്കേതികപദങ്ങൾ അദ്ദേഹം അത്ര നിസ്സാരമായ വിധത്തിൽ പെരുമാറാനുള്ളവയല്ല എന്നും കല കലയ്ക്കുവേണ്ടി എന്ന തത്വത്തേക്കാൾ കൂടുതലായി കല, ജീവിതത്തിനുവേണ്ടി എന്ന തത്വം ആസ്പദമാക്കി സാഹിത്യശാസ്ത്രരചന നിർവഹിച്ചിട്ടുള്ള അനവധി സംസ്കൃതാലങ്കാരികന്മാർ ഉണ്ടെന്നും അദ്ദേഹം ഓർത്തിരുന്നാൽ കൊള്ളാം.

ഈ വസ്തുത മി: പാൾ തന്നെ മറെറാരു പ്രകാരത്തിൽ സമ്മതിക്കുന്നുണ്ടു്. കല കലയ്ക്കുവേണ്ടി എന്നതിനെ എതിർത്തുകൊണ്ടു് അദ്ദേഹം പറയുന്നു:—"ഏതാ

യാലും "ഇന്ത്യ ഭാരതത്തിലെ സാഹിത്യസിദ്ധാന്തങ്ങൾക്ക് തീരെ വിപരീതമാണ്. ഇവിടെ ധർമ്മോപദേശം കാവ്യത്തിൻെറ പ്രധാനോദ്ദേശമായി പണ്ടുമുതൽക്കേ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അതുതന്നേയാണു് പുരോഗമനസാഹിത്യത്തിൻെറ സിദ്ധാന്തവും."

ഈ പ്രസ്താവന അല്പം പ്രാധാന്യമുള്ളതും മി: പാളിൻെറ പ്രസ്തുത പ്രസംഗത്തിൽ ആരംഭം തൊട്ടേ മലയാള സാഹിത്യത്തെപ്പററി അദ്ദേഹം നടത്തിയിട്ടുള്ള ആരോപണങ്ങൾക്ക് നേരെ വിരുദ്ധവും ആകുന്നു. അദ്ദേഹത്തിൻെറ, യാഥാസ്ഥിതികപണ്ഡിതന്മാരുടെ സംസ്കൃതദാസ്യം എന്ന ആക്ഷേപവും, സംസ്കൃതത്തിൻെറ പാരമ്പര്യത്തിൽ തഴച്ചു വളന്നതായി അദ്ദേഹം പറയുന്ന ജാതിപ്പക മുതലായ അധിക്ഷേപവും, സംസ്കൃതം അടിമത്തത്തെ മാനിക്കുന്നതായി പറയപ്പെടുന്ന രീതിവിചിത്രതയും, നമ്മുടെ സാഹിത്യം നാട്ടുവാഴികളുടേയും അലസധനികരുടേയും പ്രഭുക്കന്മാരുടേയും കളിക്കോപ്പായിരുന്നു എന്ന ആരോപണവും, എന്നുവേണ്ട സംസ്കൃതസാഹിത്യത്തിലെ അനഘകൃതികളേയും അവയെ അനുകരിച്ചുപോന്ന മലയാളഗ്രന്ഥങ്ങളേയും പററി അദ്ദേഹം പ്രകാശിപ്പിച്ച പുച്ഛരസവും ഈ പ്രസ്താവനയോടെ നിശ്ശേഷം ശകലിതമാകുന്നു. അതേ, "ഇവിടെ", ഈ ഭാരതഖണ്ഡത്തിൽ, കന്യാകുമാരി മുതൽ ഹിമാലയപർവ്വതം വരെയെത്തുന്ന ഈ വിപുല മഹാരാജ്യത്തിലെ സാഹിത്യത്തിൻെറ പരമമായ ലക്ഷ്യം, ധർമ്മോപദേശമാണ്. ധർമ്മത്തിൻെറ ഉപദേശമാണ്. ജീവിതത്തിലെ മർമ്മഭാഗത്തെ സ്പർശിക്കുന്ന ധർമ്മത്തിൻെറ

ഉപദേശമാണു്. ഭാരതീയസാഹിത്യവും ആ സാഹിത്യത്തെ അനുകരിച്ച മലയാളസാഹിത്യവും ആധുനിക സാഹിത്യ പുരോഗമനക്കാരുടെ പട്ടച്ചട്ടയിടീലുകൾക്കും, തറേപ്പറടികൾക്കും, 'രേ രേ' വിളികൾക്കും മുമ്പുതന്നെ, എത്രയോകാലംമുമ്പുതന്നെ, യഥാൎത്ഥ 'പുരോഗമന'രീതിയിൽത്തന്നെയാണു് ക്രമേണ പരിപുഷ്ടമായിക്കൊണ്ടിരിക്കുന്നതു്. ആ സ്ഥിതിക്കു് ഇവിടെ പുതിയൊരു പുരോഗമനപ്രഖ്യാപനത്തിന്റെയും പ്രചരണത്തിന്റേയും ആവശ്യം, പുരോഗമനസാഹിത്യപ്രചാരകന്മാർ കരുതുംപോലെ ഇല്ല. ഇവിടത്തെ സാഹിത്യം അടിമത്തത്തെയല്ല മാനിക്കുന്നതു്. അടിമത്തമില്ലായ്മയെയാണു്:—നോക്കുക:—

"ദാസഭാവത്തെക്കാട്ടിൽ നല്ലതു മൃതിതന്നെ"

ഹാസഭാജനമായാലെന്തെടോ സുഖം പിന്നെ ?

"ക്ഷോണീകോണശതാംശപാലനകലാദുൎവ്വാരഗൎവ്വാനലക്ഷുഭ്യല്ലുബ്ധനരേന്ദ്രചാടുരചനാം ധന്യാംന മന്യാമഹേ"

"ഭൂവിൻകോണിലെ നൂറ്റിലൊന്നു തറയെപ്പാലിച്ചോരുൾത്തണ്ടഹങ്കൃതീ-
താവിക്കേറിഞെളിഞ്ഞിടും നൃപനെ ഞാൻ ക്രൂട്ടാക്കിടുന്നില്ല താൻ"

കാദംബരി എന്ന സംസ്കൃതഗദ്യകാവ്യത്തിലെ 'ശുകനാസോപദേശം' എന്ന ഘട്ടം മി: പാഠം വായിച്ചിട്ടുണ്ടോ എന്നു സംശയിക്കേണ്ടതില്ല. വായിച്ചിരുന്നുവെങ്കിൽ സംസ്കൃതഭാഷ അടിമത്തത്തെ മാനിക്കുന്ന ഒരു ഭാഷയാണെന്നു പറവാൻ അദ്ദേഹത്തിനു് ഒരിക്കലും ധൈര്യം വരികയില്ലായിരുന്നു. "മനുഷ്യവൎഗ്ഗത്തിന്റെ" ബ്രാഹ്മണക്ഷത്രിയ

വൈശ്യാദികളായ കരിങ്കൽ മതിൽക്കെട്ടിൽപ്പെട്ടുന്നവരു ടെയല്ല സാക്ഷാൽ മനുഷ്യവർഗ്ഗത്തിൻെറ "സർവ്വതോമുഖ മായ പുരോഗമനത്തിനായി വിനിയോഗിക്കപ്പെട്ട അസുല ഭമായ പ്രതിഭാശക്തി"യാണു സംസ്കൃതസാഹിത്യത്തിലെ ഭൂരിഭാഗവും എന്നു കാണിക്കുവാൻ ഇത്തരം ഒരു ചെറുഗ്ര ന്ഥത്തിൻെറ ഒന്നോ രണ്ടോ വശം ചെലവുചെയ്യുന്ന തുകൊണ്ടു് മതിയാകയില്ല. ആ സാഹിത്യത്തിലേയും ആ സാഹിത്യത്തെ അനുകരിച്ചു രചിച്ചിട്ടുള്ള മലയാളസാഹി ത്യത്തിലേയും ഗ്രന്ഥങ്ങൾ അവധാനതയോടെ ഒന്നു വായിച്ചു മനസ്സിലാക്കുകതന്നെ വേണം. അതിനു സമ യമോ സൗകര്യമോ ലഭിക്കാത്തവർ "നാലുപേർ കേട്ടാൽ നിരക്കാത്തവസ്തു"ക്കളെ ഉൽഘോഷണം ചെയ്യാൻ മുതിര രുതു്.

പുരോഗമനക്കെണിയിൽ പെടാത്ത ഭാരതീയസാഹി ത്യം ധർമ്മോപദേശപ്രധാനമാണെന്നു സമ്മതിക്കുന്ന പ്ര സംഗകർത്താവു് അടുത്ത ക്ഷണത്തിൽ 'വീണേടംകൊണ്ടൊ രു വിദ്യ'യെടുക്കുന്നു:—

"ധർമ്മമെന്താണെന്നുള്ള കാര്യത്തിലേ വിവാദത്തി നു് വകയുള്ളു."

രണ്ടാം ലോകമഹായുദ്ധത്തിൻെറ ശിരസ്സിൽ പാദം വച്ചു നില്ക്കുന്ന കാലത്തു് നടക്കുന്ന ഒരു സാഹിത്യസ മ്മേളനത്തിലേ സ്വാഗതപ്രസംഗകർത്താവിൻെറ വാചക മാണിതു്! "ധർമ്മം എന്താണെന്നുള്ള കാര്യത്തിലേ വിവാ ദത്തിനു വകയുള്ളു"! എന്നു്. സകലജനസ്വീകാര്യമായ ധർമ്മം ഇന്നതാണെന്നു് ആക്കെങ്കിലും ഇതേവരെ സ്ഥാപി

ക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സവിനയം അദ്ദേഹത്തോ ടൊന്നു ചോദിച്ചുകൊള്ളട്ടെ.

"ധമ്മം"! അതേ; ആ അതിവിപുലാശയം ഉൾക്കൊള്ളുന്ന പദത്തിൻെറ സ്വഭാവം ഒന്നു ചച്ച് ചെയ്തു സ്ഥിരപ്പെടുത്തി വിവാദങ്ങൾക്കെല്ലാം ഒരു വിരാമം ഇടുക എന്നതായിരുന്നോ, പുരോഗമനസാഹിത്യസമ്മേളനത്തിൻെറ ഉദ്ദേശം? അങ്ങനെയാണെങ്കിൽ ഇന്ദുലേഖാപരിണയത്തിനു തിരിച്ച സൂരിനമ്പൂരിപ്പാട്ട് കല്യാണിക്കുട്ടിയേയും കൊണ്ടു് ഇല്ലത്തേയ്ക്കു മടങ്ങിയ കഥയാണു് ഈ വമ്പിച്ച പുരോഗമനസന്നാഹം നമ്മുടെ സ്മരണയിൽ എത്തിക്കുന്നതു് !

"ധമ്മമെന്താണെന്നുള്ള കാര്യത്തിലേ വിവാദത്തിനു വകയുള്ളു" എന്നു മി: പാൾ പറയുമ്പോൾ അദ്ദേഹം ഏതോ ഒരു പുതുമയിൽ പ്രവേശിക്കുകയാണെന്നു് പക്ഷേ, ഒരു തെററിദ്ധാരണയുണ്ടാകാം. എന്നാൽ പരിഷ്കാരത്തിൻെറ ആരംഭഘട്ടം തൊട്ടു് ധമ്മത്തെപ്പററിയുള്ള അഭിപ്രായങ്ങൾ ദേശം, കാലം, പരിതഃസ്ഥിതികൾ എന്നിവയെ ആശ്രയിച്ചു ഭിന്നഭിന്നങ്ങളായിത്തന്നെ കാണപ്പെട്ടു. യഥാത്ഥത്തിൽ ആശയം സംബന്ധിച്ച യുദ്ധം എന്നതു തന്നെ ധമ്മത്തെപ്പററിയുള്ള വിവരണങ്ങളുടെ ഭിന്നാഭിന്ന സ്വഭാവം അടിസ്ഥാനമാക്കി മാത്രമാണു്.

പ്രകൃതത്തിൽ പുരോഗമനസാഹിത്യസംഘടനാസദസ്സിലെ പ്രസംഗമണ്ഡപത്തിൽ നിൽക്കുന്ന മി: പാൾ ഏതൊന്നിനെപ്പററിയുള്ള ധമ്മത്തെയാണുദ്ദേശിക്കുന്നതു് എന്നു മനസ്സിലാകുന്നില്ല. ജീവിതധമ്മമാണോ ? അതോ,

ജീവിതം സംബന്ധിച്ച ഒട്ടനേകം ഉപാധികളുടെ ധർമ്മമാണോ, അദ്ദേഹത്തിന്റെ വിവക്ഷിതം? രാജധർമ്മമോ പ്രജാധർമ്മമോ, ഭരണധർമ്മമോ? മന്ത്രിധർമ്മമോ, രാജ്യകാര്യോപദേഷ്ടൃധർമ്മമോ? സ്ത്രീധർമ്മമോ പുരുഷധർമ്മമോ? പിതൃധർമ്മമോ പുത്രധർമ്മമോ ബന്ധുധർമ്മമോ? ആചാര്യധർമ്മമോ ശിഷ്യധർമ്മമോ? ഗൃഹധർമ്മമോ സാമുദായികധർമ്മമോ? സംസ്ഥാനധർമ്മമോ? വർണ്ണധർമ്മമോ ആശ്രമധർമ്മമോ? ഏതു ധർമ്മമാണ് അദ്ദേഹം ഉദ്ദേശിക്കുന്നതായാലും ശരി ധർമ്മത്തിനെപ്പററി സാർവ്വത്രികമായ അംഗീകരണം സിദ്ധിക്കുന്ന ഒരു സമാധാനം പറവാൻ ആർക്കും എളുപ്പത്തിൽ സാധിക്കയില്ല. അതിനാൽ "ധർമ്മം എന്താണെന്നുള്ള കാര്യത്തിലേ വിവാദത്തിന്നു വകയുള്ളു" എന്നതു സ്വന്തം ധർമ്മം പ്രഖ്യാപനം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന എതിരഭിപ്രായങ്ങളെ അദ്ദേഹം നേരത്തേ കാണുന്നു എന്ന വസ്തുത മാത്രമേ വെളിപ്പെടുത്തുന്നുള്ളു. ഏതായാലും, ആ ഭാഗം ഒരു വരിമാത്രം കൊണ്ട് അവസാനിപ്പിച്ചിരിക്കുന്നതിൽ അദ്ദേഹം അവലംബിച്ച ഔചിത്യബോധം പ്രശംസനീയംതന്നെ.

"സാഹിത്യത്തിൽ എന്തെങ്കിലും ഉദ്ദേശം കുത്തിച്ചെലുത്തിയാൽ അതു വെറും പ്രചരണസാഹിത്യമാകും എന്നൊരു ആക്ഷേപം ഉണ്ട്" എന്നതത്രേ, അദ്ദേഹത്തിന്റെ അടുത്ത ആവലാതി. തീർച്ചയായും ആക്ഷേപകരം തന്നെ. ഈ കാര്യത്തിൽ ആവലാതിപ്പെട്ടിട്ട് യാതൊരു കാര്യവും ഇല്ല. അദ്ദേഹവും ആ വസ്തുത സമ്മതിക്കുന്നില്ലേ എന്നു നോക്കുക:—

പരോക്ഷമായിട്ടെങ്കിലും പ്രചരണം നടത്താനുള്ള സാഹിത്യം ഏതാണെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്?" എന്നാണു് ഈ മാന്യന്റെ ചോദ്യം. ഇവിടെ, "പരോക്ഷമായിട്ടെങ്കിലും" എന്ന പദപ്രയോഗത്തിൽ തന്നെ അദ്ദേഹം തന്നത്താനേ സ്വന്തം ചോദ്യത്തിന്നു മറുപടി പറയുന്നു. സാഹിത്യത്തിൽ ഉദ്ദേശം പരോക്ഷമായിരിക്കുന്നതു് നന്നല്ലെന്നു പറയുന്നില്ല. എന്നാൽ എന്തെങ്കിലും ഉദ്ദേശം "കുത്തിച്ചെലുത്തുന്നതു്" തീച്ചയായും ആക്ഷേപകരം തന്നെ. 'കുത്തിച്ചെലുത്തുക' എന്ന പ്രയോഗത്തിന്റെ ആശയവ്യാപ്തിയിൽ അദ്ദേഹം കണ്ണടച്ചു കളയുന്നു!

"സാഹിത്യവ്യവസായം ഇനിമേൽ ആകസ്മികമായിരിക്കാതെ ഉൽബുദ്ധവും സദാചാരനിഷ്ഠവും ആയ പന്ഥാവിൽ തുടങ്ങണമെന്നാണു് ആഗ്രഹിക്കുന്നതു്." എന്നു മി: പാഠ പറയുമ്പോഠ മലയാളത്തിൽ ഇതേവരെ കാണപ്പെട്ട സാഹിത്യം കേവലം "ആകസ്മികം" ആയിപ്പോയെന്നും, രണ്ടാം ലോകമഹായുദ്ധത്തിന്റെ പരിതഃസ്ഥിതികളിൽ "ആകസ്മിക"മായി വന്ന ചേന്ന 'പുരോഗമനസാഹിത്യവിനോദം' മാത്രമാണു് ഉൽബുദ്ധമെന്നും സദാചാരനിഷ്ഠമെന്നും അദ്ദേഹം ഉദ്ദേശിക്കുന്നുണ്ടെന്നും കരുതേണ്ടിയിരിക്കുന്നു. കഴിഞ്ഞ എണ്ണൂററിൽപ്പരം സംവത്സരങ്ങളായി മലയാളസാഹിത്യകാരന്മാർ രചിച്ച സകല കൃതികളും കേവലം ആകസ്മികം. അവയിൽ ഒന്നുപോലും "ഉൽബുദ്ധ"വും അല്ല! അവയിലൊന്നും യാതൊരു സദാചാരവും ഇല്ല! പററാം. ഇങ്ങനെയുള്ള ഉൽബുദ്ധപ്രസ്താവനകഠക്കു് വേണ്ട കാരണം ഇല്ലാതല്ല. മദ്രാസ് സവ്വകലാ

ശാല, മലയാളസാഹിത്യം നിർബന്ധിതപാഠ്യ വിഷയമാക്കിയതുകൊണ്ടുള്ള തകരാറിന് മി: പാളിനെ കുററം പറഞ്ഞിട്ട് യാതൊരു കാര്യവും ഇല്ല! പാഠ്യഗ്രന്ഥങ്ങളായിട്ടും അദ്ദേഹത്തിനു മലയാളസാഹിത്യഗ്രന്ഥങ്ങളുമായി ബഹു പരിചയം സിദ്ധിച്ചതിൽ അത്ഭുതപ്പെടാനും ഇല്ല! കേവലം "ആകസ്മികം"!

"സദാചാരം ധർമ്മം എന്നിങ്ങനെയുള്ള ശബ്ദങ്ങൾക്ക് ശാസ്ത്രാധിഷ്ഠിതവും നിഷ്കൃഷ്ടവും ആയ ഒരു അർത്ഥം കല്പിക്കേണ്ടിയിരിക്കുന്നു. പൂർവ്വികന്മാർ വ്യവസ്ഥ ചെയ്തുവച്ചിരിക്കുന്നതെല്ലാം സദാചാരവും മററുള്ളതെല്ലാം ദുരാചാരവും ആണെന്ന് വകവച്ചു കൊടുക്കാൻ ഇന്നുള്ളവർ തയ്യാറല്ല."

എന്നദ്ദേഹം പറയുമ്പോൾ സദസ്യർക്കോ വായനക്കാർക്കോ പെട്ടെന്നൊരു വിചാരം തോന്നുന്നതു് പ്രസംഗകർത്താവ് "സദാചാരം" "ധർമ്മം" എന്നിങ്ങനെയുള്ള ശബ്ദങ്ങൾക്ക് "ശാസ്ത്രാധിഷ്ഠിത"വും "നിഷ്കൃഷ്ട"വും ആയ അർത്ഥങ്ങൾ കല്പിക്കാൻ പോകുന്നു എന്നായിരിക്കും. എന്നാൽ അദ്ദേഹമാകട്ടെ, ആ അസുഖകരമായ ഉദ്യമത്തിനു മുതിരാതെ സമയച്ചുരുക്കത്താൽ ആയിരിക്കാം, ഒരു പ്രായോഗികകുശലൻെറ മട്ടിൽ സ്വന്തം പ്രസംഗം അവസാനിപ്പിക്കുവാനുള്ള കുറുക്കുവഴി അന്വേഷിക്കുകയാണു്!

എന്താണ് "സദാചാരം"? എന്താണു് "ധർമ്മം"? വിശേഷിച്ചു സാഹിത്യവുമായി ബന്ധിക്കുമ്പോൾ "സദാചാര"ത്തിൻെറ സ്വഭാവം എന്താണു്? ധർമ്മത്തിൻെറ യഥാർത്ഥരൂപം ഏതാണു്?

'സദാചാര'ത്തിന്നും 'ധൎമ്മ'ത്തിന്നും ലക്ഷണങ്ങളോ വിവരണങ്ങളോ നൽകാൻ കോപ്പിടുന്ന ഒരാളിന്നു് വിശ്ര മിക്കാൻ രണ്ടു പദങ്ങൾ ഉണ്ടു്. ഒന്നു് അനിശ്ചിതത്വം; മറെറാന്നു അസ്പഷ്ടത! എന്തെന്നാൽ സത്തുക്കളുടെ ആചാ രമാണു് സദാചാരം. ആരാണു് സത്തുക്കൾ? സത്തുക്ക ളുടെ ലക്ഷണമെന്താണു്? സത്തുക്കളുടെ ലക്ഷണം ഇന്ന തെന്നു പറയുന്ന ആൾ സത്തോ അസത്തോ? ആചാരം എന്നാൽ എന്താണു്? ആചാരത്തിൻെറ സ്വഭാവം എ ന്തു്? ആചാരത്തിൻെറ സ്വഭാവം നിൎണ്ണയിക്കുന്ന ആൾ ആരു്? ആ ആൾ ആചാരം അനുവൎത്തിക്കുന്നോ അനുവ ൎത്തിക്കാതിരിക്കുന്നോ? ഇങ്ങനെയുള്ള അനവധി ചോദ്യ ങ്ങൾ വന്നു ചേരാതെ തരമില്ല. 'സത്തുക്കൾ' എന്നാൽ തന്നെ ഇന്നത്തെ സത്തുക്കളോ, ഇന്നലത്തെ സത്തുക്കളോ? നാളത്തെ സത്തുക്കളോ? ആചാരം ഇന്നലെ വരെ കണ്ടു തോ, ഇന്നു കാണുന്നതോ, നാളെ കാണ്മാൻ പോകുന്ന തോ?

ഏതായാലും, മനുഷ്യൻെറ പെരുമാററം മററു ജീവി കളുടെ പെരുമാററംപോലെ അല്ല. അല്പം ചില വ്യത്യാ സങ്ങളെങ്കിലും ഉണ്ടു്. നിങ്ങൾ ഒരു പരിചയക്കാര നെക്കാണുമ്പോൾ ഒന്നു ചിരിക്കുന്നു. ഒരു കാമുകൻ കാമിനിയെക്കാണുമ്പോൾ സന്തോഷത്താൽ അധരപുടം കൊണ്ടു് ഒരു ചലനം നിർവ്വഹിക്കുന്നു. കാമിനി കമിതാ വിനെ ഒന്നു കടാക്ഷിക്കുന്നു. ഇത്തരം പെരുമാററങ്ങൾ ഒരു വണ്ടിക്കാളയെയക്കാണുന്ന പശു പ്രകടിപ്പിക്കാറില്ല. കാഴ്ചബംഗ്ലാവിൽ കാണുന്ന കടുവാ കാണ്മാനെത്തുന്ന മനു

ഷ്യരെക്കണ്ടു പുച്ഛരസത്തിൽ ചുണ്ടൊന്നു കോട്ടാറില്ല. അത്തരം പെരുമാററങ്ങൾ മൃഗജാതിയിൽ കാണ്മാനില്ല. മനുഷ്യനിൽ ആ വക പെരുമാററങ്ങൾ അനവധിയുണ്ടു്. ഈ പെരുമാററങ്ങൾ തന്നെ, ആൾ, പരിതഃസ്ഥിതികൾ, കാലം എന്നിവ അനുസരിച്ചു ഭിന്നഭിന്നങ്ങളായി കലാശിക്കുന്നു. ക്രിമിനൽ കോടതിയിൽ പ്രതിസ്ഥാനത്തു നില്ക്കുന്ന സുന്ദരിയെക്കണ്ടു് മജിസ്രേട്ടു് തന്നത്താൻ ചുണ്ടൊന്നുകടിക്കാറില്ല. ജാമാതാവും പുത്രിയുമായി ശയനരങ്ഗത്തു് ദീപരഹിതമായി വിശ്രമിക്കുന്ന കാഴ്ചകാണ്മാൻ എത്ര ആകാംക്ഷ വർദ്ധിക്കുന്ന മാതാവും ഞെക്കുവിളക്കു് തെളിക്കാറില്ല! ഇതൊന്നും മനുഷ്യരുടെ പൊരുമാററങ്ങളിൽ സാധാരണ ഉൾപ്പെടുന്നില്ല. ഇങ്ങനെയോ ഇതിലും കൂടുതൽ വിചിത്രമായോ ഉള്ള വിധത്തിൽ പല പെരുമാറ്റങ്ങളും സംഭവിച്ചുകൂടന്നുമില്ല. ഏതായാലും ജീവിതത്തിൽ ചില കാര്യങ്ങളെല്ലാം മനുഷ്യർ നല്ലതെന്നു കരുതുന്നു. ക്രൂരത, അടിമിത്തം, ഭീരുത്വം, അസത്യം, സ്നേഹമില്ലായ്മ എന്നിവ സകലതും ഒരുപോലെ ചീത്തയാണെന്നു മനുഷ്യർ കല്പിക്കുന്നു. ഈ ചീത്തക്കാര്യങ്ങൾപോലും കാര്യസാദ്ധ്യത്തിനുവേണ്ടി സ്വീകരിക്കുമ്പോൾ നന്നാണെന്നും ചിലപ്പോൾ വന്നുകൂടുന്നു

ഏതായാലും 'സദാചാരം' എന്നതു് പതിവുകളെ ആശ്രയിക്കുന്നു. പതിവുകളാകട്ടെ, ശീതോഷ്ണസ്ഥിതികളേയും അന്തഃകരണബോധത്തേയും ആശ്രയിച്ചിരിക്കുന്നു എന്നു സാമാന്യേന പറയാം. എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ എങ്ങനെയെല്ലാം ഉണ്ടായിരുന്നാലും 'സദാചാരം' എന്നൊരാശയം ലോകത്തിന്റെ ആരംഭകാലം

മുതൽ ഇന്നോളം പ്രചാരത്തിൽ കാണുന്നുണ്ട്. അത്തരം ആചാരങ്ങളെ നിമിഷം പ്രതി ലംഘിക്കുന്നവൎക്ക് കൂടിയും ആ ആചാരങ്ങൾ സദാചാരങ്ങളാണല്ലോ എന്നൊരു ബോധം തോന്നാറുമുണ്ട്. വ്യക്തിനിയമം, സമുദായനിയമം, രാജ്യനിയമം എന്നിങ്ങനെയുള്ള സകല നിയമങ്ങളും 'സദാചാര'ത്തെ അടിസ്ഥാനമാക്കിയിരിക്കുന്നതിനാൽ സാൎവ്വലൗകികവും സാൎവ്വകാലികവും അവ്യതിചലിതവും ആയ ഒരു നില "സദാചാര"ത്തിന്നു് ആൎക്കുമേ കല്പിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ "പൂൎവ്വികന്മാർ വ്യവസ്ഥചെയ്തുവച്ചിരിക്കുന്നതെല്ലാം സദാചാരവും മററുള്ളവയെല്ലാം ദുരാചാരവും ആണെന്നു വക വച്ചു കൊടുക്കുവാൻ" ആരും ആരേയും ഒരു കാലത്തും നിർബന്ധിക്കാറില്ല. ഓരോ രാജ്യത്തിലേയും നിയമവും ദണ്ഡനീതിയും അനുസരിച്ചുള്ള സദാചാരങ്ങളെ കരുതിക്കൂട്ടി ലംഘിക്കുന്ന ആളുകൾ സ്വന്തം കവിതാസന്താനങ്ങളോടോ, മുത്തുകുകളോടോ തീരെ വാത്സല്യം കുറഞ്ഞവരും ആയിരിക്കും എന്നുമാത്രം!

"ധൎമ്മ"ത്തിൻെറ സ്വഭാവവും മുൻപറഞ്ഞതിൽ നിന്നു വളരെ വ്യത്യസ്തമല്ല. ശബ്ദത്തിൻെറ നിരുക്തം അനുസരിച്ചു് വല്ലതും നിശ്ചയിക്കാമെങ്കിൽ ധരിക്കപ്പെടുന്നതു് ധൎമ്മം എന്നു മനസ്സിലാക്കാം. അതായതു്, പുലൎത്തുന്നതു് അഥവാ സൂക്ഷിക്കുന്നതു്, അല്ലെങ്കിൽ അനുവൎത്തിക്കുന്നതു് "ധൎമ്മം".

'ധൎമ്മം' എന്ന ഈ പദപ്രയോഗവും അതിൽ അന്തൎഭവിച്ചിരിക്കുന്ന ആശയവും, ഒരു തത്വം എന്ന നിലയിലും ഒരു പുരുഷൻ എന്ന വിധത്തിലും പ്രാചീന ഭാരതഗ്രന്ഥങ്ങളിൽ കീൎത്തിക്കപ്പെടുന്നുണ്ടു്. തത്വം എന്ന

വിധത്തിൽ നോക്കുമ്പോൾ സത്യം, സദാചാരപരമായി അനുയോജിച്ചതു്, സമീചീനമായ പ്രവൃത്തി, ആദ്ധ്യാത്മിക കൃത്യം, ആദർശം, സാർവ്വലൗകികമായ നിയമം ദൈവിക നീതിന്യായസാരം, ആദർശയാഥാർത്ഥ്യങ്ങളുടെ സങ്കലനം, സങ്കേതങ്ങളുടെ സമാഹാരം, അന്തർദ്ദേശീയ നിയമസാരം, സാമുദായിക സ്ഥാനനിർണ്ണയത്തിനുള്ള ഉപാധി, പ്രവൃത്തി നിവൃത്തിനിയാമകാംശം, കർമ്മസിദ്ധാന്തം, ഭക്തിനിയമം എന്നിങ്ങനെ പതിനാറുവിധത്തിൽ വ്യാഖ്യാനിക്കപ്പെടാമെന്നു് ഗാൽത്തറസ് എച്ച്. മീസ്. (എം. ഏ. എൽ. എൽ. ഡീ.) എന്ന പാശ്ചാത്യപണ്ഡിതൻ അദ്ദേഹത്തിൻെറ വിപുലഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. ചുരുക്കത്തിൽ ഇഹപരലോകങ്ങൾ സംബന്ധിച്ച ജീവിതത്തിന്നു് നിയാമകമായ സകലശ്രേഷ്ഠതത്വങ്ങളും ആണു് ധർമ്മം എന്ന പദം കൊണ്ടു് വ്യവഹരിക്കപ്പെടാവുന്നതു്. പ്രകൃതിയുടെ വിസ്തൃതവികാസത്തിലൂടെ നെടുനീളത്തിൽ വ്യാപരിക്കുന്ന ഋജുരേഖയാണു് ധർമ്മം എന്നു് മാക്സ്മുള്ളർ എന്ന ആ വിഖ്യാതപണ്ഡിതരത്നം അഭിപ്രായപ്പെടുന്നു. ലോകാവസാനംവരെ മനുഷ്യജീവിതത്തിന്നു നേരിടാവുന്ന സകല പരിതഃസ്ഥിതികളിലും അവനെ നിയന്ത്രിക്കുക എന്നതാണു് ധർമ്മത്തിൻെറ പ്രധാന സ്വഭാവം. "ഈ ധർമ്മത്തിന്നു് നിഷ്കൃഷ്ടമായ ഒരർത്ഥം കല്പിക്കേണ്ടിയിരിക്കുന്നു" എന്നു മി. എം. പീ. പാൾ പറയുമ്പോൾ മുൻകാണിക്കപ്പെട്ട വിവിധാശയങ്ങളോടു് അദ്ദേഹം അനുകൂലിച്ചുള്ള ശാസ്ത്രനിഷ്കർഷയോടെണാ സ്വീകരിക്കുന്നതു്, അതോ, ആധുനിക യൂറോപ്പിലെ 'മെററീരിയലിസം' എന്ന വസ്തുമാത്രവാദത്തിലെ ഡയലക്ററിക്കൽ,

ഹിസ്റ്റാറിക്കൽ തുടങ്ങിയ സൂക്ഷ്മവ്യത്യാസങ്ങളനുസരിച്ചു ള്ള ജന്തുധമ്മമാണോ ഉദ്ദേശിക്കുന്നതു് എന്ന കാര്യം അ വ്യക്തമാക്കി അങ്ങനെ വിടുകയാണു്. അതുകൊണ്ടു് വല്ല രെ ഭയാശങ്കകൾക്ക് വഴിയും ഇല്ല!

സദാചാരം, ധമ്മം എന്നിവയെപ്പററി ശബ്ദമാത്രക മായ പ്രസ്താവന നടത്തിയശേഷം പ്രസംഗകത്താവു് ബർ ണാഡ്ഷായുടെ "മിസിസ്വാറൻെറ ജീവിതവൃത്തി" എ ന്ന നാടകാഭിനയം ഇംഗ്ലണ്ടിൽ നിരോധിക്കപ്പെട്ടതും "ആൻറണിയും ക്ലിയോപ്പാട്രയും എന്ന ഷേക്സ്പിയർ കൃതിനിരോധിക്കപ്പെടാത്തതും സംബന്ധിച്ചു് ഒരു ലണ്ടൻ പൗരൻെറ നിലയിൽ ചില ചോദ്യങ്ങൾക്ക് മുതിരുകയാ ണ്. മറെറന്തു പറയട്ടെ; നാടകശാലകളും രംഗങ്ങളും ഒരു സുകുമാരകലാപ്രദശ്നത്തിന്നു് ഉദ്ദേശിക്കപ്പെട്ടവയായ തിനാൽ അവയ്ക്കു് സാമുദായികമായി ജനസഞ്ചയത്തെ അധഃപതിപ്പിക്കുന്നതിനോ ഉന്നമിപ്പിക്കുന്നതിനോ സാ ധിച്ചേക്കും. ഇന്ന ഇന്ന വിധത്തിലുള്ള അഭിനയങ്ങൾ അനുവദനീയങ്ങളെന്നും ഇന്നിന്നവ അപ്രകാരമല്ല എന്നും നിണ്ണയിക്കുന്നതു് ഓരോ നാട്ടിലെയും സംസ്കാരവും അഭിരു ചിയും അനുസരിച്ചായിരിക്കുമല്ലോ യുവസുന്ദരിമാരുടെനഗ്ന നൃത്തനങ്ങൾ നടക്കുന്ന നാടകശാലകൾ പാരീസ്സ പട്ടണ ത്തിൽ ദുർല്ലഭമല്ലെന്നു പറയുന്നുണ്ടു്. അത്തരം നഗ്നനൃത്ത നത്തെ എന്തുകൊണ്ടു് ഇംഗ്ലണ്ടും വിശേഷിച്ചു് ലണ്ടൻ പട്ടണവും അംഗീകരിക്കുന്നില്ല എന്നു ചോദിച്ചാൽ ഇംഗ്ലീ ഷുമഹാജനങ്ങൾക്ക് അതു സമ്മതമല്ലാത്തതുകൊണ്ടു് എന്നു് അവർ ഉത്തരം പറയും എന്നു മാത്രം.

പ്രസങ്ഗാവസാനത്തിൽ മി. പാഠം പുരോഗമനസാഹിത്യത്തിൻെറ ആകെക്കൂടിയുള്ള സ്വഭാവം വിശദമാക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ആ ഭാഗത്ത് അദ്ദേഹം ഒരു യഥാർത്ഥ സംസ്കാരസമ്പന്നനായ കേരളീയ പണ്ഡിതൻ എന്ന നിലതന്നെ പരിപാലിക്കുന്നുണ്ട്. "പുരോഗമനസാഹിത്യത്തിൻെറ മനോഭാവവും വീക്ഷണഗതിയും സാർവ്വലൗകികമായിരിക്കണം" എന്നു തുടങ്ങി, "പ്രകൃത്യാ പരിവർത്തനവിമുഖനായ മനുഷ്യനെ കർത്തവ്യനിരതനും അമോഘചിന്തകനും പുരോഗമനേച്ഛുവും ആക്കാൻ അതു സമർത്ഥമാകണം" എന്നതുവരേയുള്ള ഭാഗങ്ങൾ കേരളസാഹിത്യത്തിലെ യഥാർത്ഥ പുരോഗമനസാഹിത്യത്തിൻെറ രൂപീകരണത്തിന് അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങളാകുന്നു. അവയിൽ യാതൊരു വിപ്രതിപത്തിക്കും യാതൊരാശങ്കക്കും അവകാശവും ഇല്ല. എന്നാൽ ഒരു കാര്യം മാത്രം അദ്ദേഹത്തെ ഒന്നു ഓർമ്മപ്പെടുത്തണം എന്നേ ഉള്ളൂ. വാല്മീകിയുടെ ആദികാവ്യം മുതൽ കേരളസാഹിത്യത്തിൽ 1120 വരെ അഥവാ 1945 വരേയുള്ള ഉൽകൃഷ്ടങ്ങളായ സാഹിത്യ ഗ്രന്ഥങ്ങൾ എല്ലാം ഈ പറഞ്ഞ ലക്ഷണങ്ങളോടുകൂടിയവയാണ് എന്നിരിക്കെ, ശർക്കരയ്ക്കു മധുരമുണ്ടെന്നു സ്ഥാപിക്കാനോ, സൂര്യൻ പകലുദിക്കുന്നു എന്നു സമർത്ഥിക്കാനോ ഒരു വലിയ സംഘടനയുടേയും അതു സംബന്ധിച്ച കോലാഹലങ്ങളുടേയും ആവശ്യം എന്താണ്? എന്നുമാത്രം!

---

# അദ്ധ്യായം 5

പുരോഗമനസാഹിത്യത്തിൻെറ ലോകം വെല്ലുന്ന പുത്തമയെ നാട്ടൊട്ടുക്ക് പ്രചരിപ്പിക്കുവാൻ യത്നംനടത്തിയ സാഹിത്യ പരിഷ്ക്കാരാഭിനിവേശം, മി. എം. പി. പാളിൻെറ പ്രസംഗത്തിൽ നിന്നു് ഇന്ന വിധം തെളിഞ്ഞു എന്നു നമുക്കു മനസ്സിലായി. അദ്ദേഹത്തിൻെറ നവമാർഗ്ഗപ്രകാശനത്തിൽ അനുജാതത്വം കൈക്കൊള്ളുന്ന മററുതാനും മാന്യന്മാരുടെ യുക്തികളും യുക്തിവിഹീനതകളും കൂടെ ഏകദേശം ഒന്നു മനസ്സിലാക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കേണ്ടിയിരിക്കുന്നു. ഇവരിൽ മെ. ജോസഫ് മുണ്ടശ്ശേരി, ചങ്ങമ്പുഴ കൃഷ്ണപിള്ള, ടി. എൻ. ഗോപിനാഥൻ നായർ, ആർ. എസ്സ്. കുറുപ്പ്, എസ്സ്. ഗുപ്തൻനായർ, കുററിപ്പുഴ കൃഷ്ണപിള്ള, ജി. ശങ്കരക്കുറുപ്പ് എന്നിവർ പുരോഗമനസാഹിത്യത്തിൻെറ സാക്ഷാൽ സ്വരൂപം വ്യക്തമാക്കുവാൻ പ്രസംഗിച്ചതോ എഴുതി പ്രസംഗിച്ചതോ ആയ വചോ ഗുംഭങ്ങളിലേക്കുകൂടെ ഒന്നു കണ്ണോടിക്കുകതന്നെ. എന്നാൽ ഒരു സൗകര്യം എല്ലാ പ്രസംഗങ്ങളെ സംബന്ധിച്ചും പ്രധാനമായി കാണുന്നതു് ഒരേ കാര്യം തന്നെ എല്ലാപേരും ഒരുപോലെ ആവൎത്തിക്കുന്നുണ്ടു് എന്നുള്ളതാണു്. കാര്യഭാഗങ്ങളും പ്രതിപാദനരീതിയും പരാക്ഷേപവും എല്ലാം ഒന്നുതന്നെ. ഈ ഒരു സൗകര്യം ആസ്പദമാക്കി നോക്കിയാൽ അക്കൂട്ടരുടെ പ്രതിപാദനങ്ങളിൽ ഗണ്യമായ ഒരു ഭാഗം അച്ചടിച്ചിട്ടില്ല എന്ന വിധത്തിൽ

നമുക്ക് യാതൊരു സുഖാസുഖങ്ങളും ഉണ്ടാക്കാതെ കഴിഞ്ഞുകൂടുന്നു.

"നമ്മുടെ ഭാഷ ഇന്നുവരെ അറബിക്കടലിൻേറയും മലയ പർവ്വതത്തിൻേറയും ഇടയ്ക്കുള്ള താഴ്വരയിൽനിന്ന് നാലു പൊള്ളച്ചിരി ചിരിച്ചതേ ഉള്ളു" എന്ന മുഖവുരയും കൊണ്ടാണ് മി. ജോസഫ് മുണ്ടശ്ശേരിയുടെ പ്രസംഗം ആരംഭിക്കുന്നതു്. ഇതിൻെറ അത്ഥം മലയാളഭാഷ കടലിൻേറയും പർവ്വതത്തിൻെറ ഇടയ്ക്കുള്ള താഴ്വരയിൽ നിന്നു 'നാലു പൊള്ളച്ചിരി' ചിരിച്ചതേയുള്ളു എന്നാണു്. എന്നാൽ ഇത്തരം പ്രതിപാദനങ്ങൾ കേട്ട് നാലു പൊള്ളച്ചിരിയും പൊട്ടിച്ചിരിയും കൂടെ ചിരിക്കാൻ ആ ഭാഷയ്ക്കു തന്നെ തെല്ലൊരു സൗകര്യം കൂടുതലായി പ്രസംഗകത്താവു നൽകുന്നുണ്ടു്. "സാഹിത്യം ഭാഷമാത്രമായാൽ പിന്നെ അതുണ്ടോ ദേശസീമകളെ അതിലംഘിക്കുന്നു?" എന്നദ്ദേഹം അട്ടഹാസമായി ചോദിക്കുന്നുണ്ടു്. ഭാഷ നാലു പൊള്ളച്ചിരി ചിരിച്ചു എന്നു ആദ്യമായും സാഹിത്യം ഭാഷമാത്രമായാൽ അതു് ദേശസീമകളെ ലംഘിക്കയില്ല എന്നു തുടർന്നും പ്രസ്താവിക്കുമ്പോൾ ഭാഷയ്ക്കും സാഹിത്യത്തിന്നും തമ്മിലുള്ള അഭിന്നതയാണ് പ്രസംഗകത്താവ് സ്ഥാപിക്കുന്നതു്. ഇങ്ങനെയൊരു അഭിന്നത അനാശാസ്യമെന്നു പ്രസംഗകത്താവുതന്നെ കരുതുന്നു. ആ അഭിന്നതയിൽ അദ്ദേഹം ചെന്നു ചാടിപ്പോയതു് നോക്കുക. സാഹിത്യത്തിന്നും ഭാഷയ്ക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു സ്ഥാപിക്കാനാണ് അദ്ദേഹത്തിൻെറ അടുത്ത ഉദ്യമം. "ആശയപരമായി മേന്മ കൂടുതൽ കൂടുതൽ ഉണ്ടായിട്ടു വേണം, നമ്മുടെ സാഹിത്യത്തിന്നു് ഒരഖില ഭാരത

ബന്ധവും ഒരഖില ലോകബന്ധവും ഉണ്ടാകുവാൻ" എന്നു പറയുമ്പോൾ അതു് ഭാഷയെ സ്പർശിക്കാത്തതാണെന്നു് അദ്ദേഹം കരുതുന്നില്ല എന്നു ഗണിക്കേണ്ടിയിരിക്കുന്നു. "അങ്ങനെ ഒരഭിലാഷം നമ്മുടെ സാഹിത്യത്തിന് വേണമെന്നായിട്ടുള്ളതു് തന്നെ ഇടക്കാലത്തു മാത്രമാണു്" എന്നുപറയുന്ന പ്രസംഗകർത്താവു് ഈ "ഇടക്കാലം" കൊണ്ടു കുറിക്കുന്നതു് ഏതൊരു കാലത്തെ ആയിരിക്കുമോ? ഈ ഇടക്കാലത്തിൻെറ അവ്യക്തത ആ പ്രതിപാദനത്തിന്റെ ശക്തി ഗണ്യമായി കുറിയ്ക്കുന്നുണ്ടു്. അഥവാ, "ഈ സമ്മേളനം പ്രസ്തുത അഭിലാഷത്തിൻെറ ആദ്യത്തെ പ്രത്യക്ഷ പ്രകടനമാണു്" എന്നു മി. മുണ്ടശ്ശേരി പറയുമ്പോൾ ഇടക്കാലത്തു് നടന്നതെല്ലാം ചില 'പരോക്ഷ' പ്രകടനങ്ങളായിരുന്നു എന്നും അദ്ദേഹം നിശ്ചയിക്കുന്നു. ഏതായാലും 1945 മെമാസം, 29-30 എന്നിത്തീയതികളിലാണു് മലയാള സാഹിത്യം "ആശ്ചര്യപരമായി മേന്മ കൂടുതൽ കൂടുതൽ നേടുവാൻ" ആരംഭിക്കുന്നതു്. എന്നു മി. മുണ്ടശ്ശേരി ഒരു സാഹിത്യ ചരിത്രകാരൻെറ നിലയിൽ കണക്കു കുറിക്കുന്നതു് ഇതേവരെയുള്ള മലയാള സാഹിത്യ ചരിത്രം സംബന്ധിച്ച, കരുതിക്കൂട്ടിയ അജ്ഞതയേയോ കല്പിച്ചുകൂട്ടിയ അഭിജ്ഞതയേയോ കാട്ടിക്കൊണ്ടാലും ഈ പ്രതിപാദനം കേട്ടു് ആരും അമ്പരന്നു പോകയില്ല.

ആ ആശ്ചര്യപരമായ മേന്മ ഇതാ, അടുത്തുതന്നെ വെളിപ്പെടുന്നു:—"ശക്തിയും നൈപുണ്യവും അഭ്യാസവും കൊണ്ടു് അഖിലഭാരതപ്രശസ്തി നേടിയിട്ടുള്ള ശ്രീ ഹരീന്ദ്രനാഥചട്ടോപാദ്ധ്യായയെക്കൊണ്ടു്" എന്നൊരു പ്രയോഗ

ത്താൽ തന്നെ. അദ്ദേഹത്തിൻെറ സാഹിത്യം ആശയപരമായ എത്ര വലിയ മേന്മയാണു വഹിക്കുന്നത്. "ഹ... ശതോപാദ്ധ്യായയെ" എന്ന പ്രയോഗം കൊണ്ടു് ആ ഗംഭീരകലാപരിഷ്കാരിയെ ഒരു 'സ്ത്രീ'യാക്കി ഉയർത്തിയ മി: മുണ്ടശ്ശേരിയുടെ ഭാഷാഗുണവൽഗണന ആശ്ചര്യകരം തന്നെ!

പ്രസ്തുതസമ്മേളനത്തിൻെറ മേന്മ വിസ്തരിക്കുന്ന കൂട്ടത്തിൽ എഴുതാൻ സ്വന്തം ഭാവനയുള്ള യുവസാഹിത്യകാരന്മാരുടെയെല്ലാം സംഘടനയാണു് "ഇതെന്നു" പറയുന്നതോടുകൂടി അഖിലകേരളസാഹിത്യപരിഷത്തു് പോലെയുള്ള സ്ഥാപനങ്ങൾ "എഴുത്തുനിറുത്തിയവരുടെ" സംഘടനകളായി ഭവിച്ചിരിക്കുന്നു" എന്നു മി. ജോസഫ് പറയുന്നു. അ. കേ. സാ. പരിഷത്തിൽപ്പെട്ട ഒരായാളാണു് മി. ജി. ശങ്കരക്കുറുപ്പു്. മി. ജോസഫ് തന്നേയും ആ സംഘടനയിലെ ഏതോ സംഘത്തിലെ ഒരംഗമാണു്. പക്ഷേ, മി. ജോസഫിൻെറ അടുത്തെത്തി അ. കേ. സാ. പരിഷത്തു്സംഘടനക്കാർ പേനവച്ചു നമസ്കരിച്ചു തങ്ങളെല്ലാം എഴുത്തു നിറുത്തി എന്നു മൂന്നുരു ആവർത്തിച്ചു പറഞ്ഞു പിരിഞ്ഞിരിക്കാം! കുറകളഞ്ഞ അസംബന്ധങ്ങൾ പ്രസംഗത്തിലെത്തിയതോ പോകട്ടെ. അച്ചിട്ടു് ഗ്രന്ഥത്തിൽക്കൂടെ കൊള്ളിച്ചിരിക്കുന്നതാണു് ആശ്ചര്യകരം!

"ഉത്തമമായ സാഹിത്യം സങ്കേതജ്ഞാനത്തിൽ നിന്നല്ല, ജീവിതാനുഭവത്തിൽ നിന്നാണു് ഉടലെടുക്കേണ്ടതു്" എന്നു മി. മുണ്ടശ്ശേരി പറയുന്നു. ശരിതന്നെ. എന്നാൽ ഉത്തമമോ ഉത്തമോത്തമമോ ആയ സാഹിത്യത്തി

നും സാഹിത്യത്തിലെ സാങ്കേതികജ്ഞാനത്തിനും തമ്മിൽ ബന്ധമുണ്ട് എന്ന വസ്തുത അദ്ദേഹത്തിന്ന നിഷേധിക്കാൻ സാധിക്കയില്ല. സാഹിത്യം സാങ്കേതികജ്ഞാനത്തിൽ നിന്നു ഉടലെടുക്കുന്നതായി എങ്ങും കേട്ടുകേൾവി പോലും ഇല്ല. സാങ്കേതികജ്ഞാനം സാഹിത്യപോഷണത്തിന് സഹായമായേക്കും എന്നേ ഉള്ളു. ബാലികാബാലന്മാരുടെ വിദ്യാഭ്യാസപരിപോഷണത്തിന്ന് അദ്ധ്യാപനം സഹായിക്കാം. ആ അദ്ധ്യാപനം ആ ബാലികാബാലന്മാരുടെ വിജ്ഞാനഗ്രഹണത്തിന്ന് കാരണമാകും എന്ന് ആരെങ്കിലും തെറ്റിദ്ധരിക്കാറുണ്ടോ ?" പദങ്ങളും വാക്യങ്ങളും ഛന്ദസ്സുകളും അലങ്കാരങ്ങളും സ്വാധീനിച്ചതുകൊണ്ട് ആരും സാഹിത്യകാരനാകുന്നില്ല" എന്നദ്ദേഹം പറയുന്നു. "സാഹിത്യകാരനാകുന്നില്ല" എന്നു പറയുന്നവരും ഇങ്ങനെയുള്ള പ്രസ്താവനമാത്രംകൊണ്ട് സഹിത്യകാരരാകുന്നില്ല.

"അഥവാ" പദങ്ങൾക്കും വാക്യങ്ങൾക്കും ഛന്ദസ്സുകൾക്കും അലങ്കാരങ്ങൾക്കും" ഇത്രയേറെ പാതിത്ത്യം വന്നു പോയതു് 1945 മേ, 29, 30 എന്നീത്തീയതികൾ തൊട്ടായിരിക്കുമോ ? അതോ, അതിന്നുമുമ്പും ഇതാണോ കഥ ? ഭാവിയുടെ കഥയും ഇങ്ങനെയായിരിക്കുമോ ? പദങ്ങൾക്കും വാക്യങ്ങൾക്കും ഛന്ദസ്സുകൾക്കും അലങ്കാരങ്ങൾക്കും" പക്ഷേ, മി. ജോസഫ് മുണ്ടശ്ശേരിയുടെ സാഹിത്യത്തിൽ സ്ഥാനം ഇല്ലായിരിക്കാം. ലോകത്തു് ഇതേവരെ അറിയപ്പെട്ടിട്ടുള്ള എല്ലാ സാഹിത്യങ്ങളിലും "പദങ്ങൾക്കും വാക്യങ്ങൾക്കും ഛന്ദസ്സുകൾക്കും അലങ്കാരങ്ങൾക്കും" അത്യുന്നതമായ ഒരു സ്ഥാനമാണുള്ളതെന്ന കാര്യം മി. മുണ്ടശ്ശേരി

ക്ക മനസ്സിലായിട്ടില്ലെങ്കിൽ ആശ്ചര്യകരമാണു്. ചെറുകഥ, നോവൽ, കവിത, നാടകം, വിമർശനം എന്നുതുടങ്ങിയ സാഹിത്യശാഖകളിൽ ഏതൊന്നു പരിശോധിച്ചാലും പ്രാചീനകാലത്തോ, ആധുനികകാലത്തോ ഉള്ളവ പരിശോധിച്ചാലും, ഭാരതഖണ്ഡത്തിലോ യൂറോപ്പിലോ അമ്മേരിക്കയിലോ ഉള്ള സാഹിത്യം പരിശോധിച്ചാലും, പേഴ്സ്യനോ ചൈനീസ്സോ ജാപ്പനീസ്സോ ആയ സാഹിത്യം പരിശോധിച്ചാലും പദങ്ങൾക്കും വാക്യങ്ങൾക്കും ഛന്ദസ്സുകൾക്കും അലങ്കാരങ്ങൾക്കും ഉള്ള സ്ഥാനം അതിമഹനീയമെന്നു കാണുവാൻ തീരെ വിഷമമില്ല. പദങ്ങളും വാക്യങ്ങളും കൂടാതെ ഒരു സാഹിത്യം ഉണ്ടോ? ഉണ്ടെങ്കിൽ എവിടെയാണു്? സാഹിത്യം, എന്ന പദത്തിൻെറ അർത്ഥം തന്നെ പദങ്ങളുടേയും ആശയങ്ങളുടേയും സഹിതത എന്നല്ലേ? പദങ്ങൾ മുഖേനയല്ലാതെ ഏതു സാഹിത്യമാണു് മി. ജോസഫ് മുണ്ടശ്ശേരി ഇതേവരെ പരിചയിച്ചു പോന്നതു്? 'ഉക്തിഗുംഭ'ങ്ങളിൽ നിന്നു പദങ്ങളും വാക്യങ്ങളും ഒന്നു മാററാമെങ്കിൽ അവശേഷിക്കുന്ന അംശങ്ങൾകൊണ്ടാണോ അദ്ദേഹം സാഹിത്യസേവനം നിർവഹിക്കുന്നതു്?

"ജീവിതവും സാഹിത്യവുമായി ബന്ധപ്പെട്ടുമ്പോൾ ജീവിതത്തിൻെറ മാററങ്ങൾ സാഹിത്യത്തിലും മാററങ്ങൾ ഉണ്ടാക്കുന്നതാണു്." എന്നൊരു പ്രസ്താവന നിർവ്വഹിക്കുന്ന പ്രസംഗകർത്താവു് "ഒരു പഴയ കേരളീയൻെറ ജീവിത"ത്തെ വലിയൊരു പുച്ഛരസത്തോടെ ഇങ്ങനെ വീക്ഷിക്കുന്നു:—"വെളുപ്പിനേ കുളിയും തേവാരവും കഴിഞ്ഞു് മൂഷ്ടാന്നം ഭുജിച്ചു് ഭോഗനിദ്രാദികളുമായി കഴിഞ്ഞ

ഒരു പഴയ കേരളീയന്റെ ജീവിതത്തിൽ പറയത്തക്ക പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല."

ഈ "പഴയ കേരളീയൻ" മുണ്ടശ്ശേരി അവർകൾക്കു മാത്രം പരിചിതരായ പഴയ കേരളീയരുടെ ഒരു മാതൃകയായിരിക്കാം. "കുളിയും തേവാരവും കഴിഞ്ഞു" എന്ന ഭാഗംകൊണ്ട് വല്ല നമ്പൂരിമാരേയും ആയിരിക്കാം പ്രസംഗകർത്താവ് ഉദ്ദേശിക്കുന്നതു്. "മൃഷ്ടാന്നം ഭുജിച്ചു" ഭോഗനിദ്രാദികളുമായി കഴിഞ്ഞു" എന്നു പറയുമ്പോൾ അതു വെറും പഴയ കേരളീയനല്ല. പുതിയ "കേരളീയൻ"തന്നേയായിരിക്കാം. ഏതായാലും വളരെ അധഃപതിച്ച അത്തരം കേരളീയന്മാരുടെ വല്ല പാരമ്പര്യവും വല്ല മെച്ചവും വരുത്തുന്നതായി ചിലർ ഭാവിച്ചേക്കാം. എങ്കിലും അത്തരം ആളുകളല്ല പഴയ കാലത്തു കേരളത്തിൽ ഉണ്ടായിരുന്നതു് എന്ന കാര്യം മി. ജോസഫ മുണ്ടശ്ശേരിക്കു അറിവില്ലെങ്കിൽ അദ്ദേഹം കേരളചരിത്രം ഒന്നു പഠിച്ചു നോക്കേണ്ടതാണു്. ഏതു "കേരളീയ"നായിരുന്നാലും ആ കേരളീയന്റെ ജീവിതത്തിൽ പറയത്തക്ക 'പ്രശ്ന'ങ്ങളൊന്നും ഉണ്ടായിരുന്നില്ലത്രേ! 'ഉത്തരം' എഴുതുവാനും അയാൾക്കു് അത്ര വലിയ വിഷമങ്ങളും ഇല്ലായിരിക്കുമല്ലോ എന്നു സമാധാനപ്പെടണം! അടുത്ത പ്രസ്താവന അന്നത്തെ കേരളീയരുടെ സമുദായം ഇടുങ്ങിയതായിരുന്നു എന്നാണു്. കേരളീയ ചരിത്രത്തിന്നു നൽകുന്ന ഇത്തരം വിലയേറിയ സൂചനകൾ അജ്ഞതയിൽ പക്ഷേ കഴിഞ്ഞുകൂടുന്ന വല്ല അനന്തര പരമ്പരകൾക്കും പ്രയോജനപ്പെട്ടേയ്ക്കും!

ഇന്നത്തെ സ്ഥിതികളെല്ലാം മാറിപ്പോയി എന്നുപറയുന്ന കൂട്ടത്തിൽ "റിക്ഷാക്കാരനുപോലും വായിക്കാൻ അ

ഗ്രഹമുണ്ട്" എന്നു കേരളീയരുടെ സമത്വ-സ്വാതന്ത്ര്യസാഹോദര്യങ്ങൾക്കു വേണ്ട സാഹിത്യം ചമയ്ക്കുവാനുള്ള ഉപദേശം കൊടുക്കുന്നയാൾ പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ കേരളീയ വൻപ്രഭുത്വം അനുസരിച്ചുള്ള നോട്ടത്തിൽ 'റിക്ഷാക്കാര'നോളം താഴ്ന്നയാൾ ആരുമില്ല! "റിക്ഷാക്കാരനുപോലും" എന്ന പ്രയോഗത്തിന്റെ അർത്ഥം അതുതന്നെയായിരിക്കുമല്ലോ. സാമാന്യജനങ്ങളുടെ തൊഴിൽപരമായ താഴ്ചയുയർച്ചകളെ ഇങ്ങനെ പുച്ഛരസത്തോടെ വീക്ഷിക്കുന്ന ഇദ്ദേഹത്തിന് മനുഷ്യരെ മനുഷ്യരായി കണക്കാക്കുവാൻ എത്ര കാലമായിരിക്കും വേണ്ടിവരുന്നത്! അടുത്ത സാഹിത്യസംഗീതവാചകം 'കേൾക്കുക'തന്നെ.

"അവനുമുണ്ടായിരിക്കുന്നു പൗരാവകാശബോധം" റിക്ഷാത്തൊഴിൽകാരെ ഇതിൽക്കൂടുതൽ അവമാനിക്കാൻ മറ്റൊന്നും ആവശ്യമില്ല. 'പൗരാവകാശബോധം' ഇന്നാർക്കെല്ലാമേ ഉണ്ടായിരിക്കാവൂ എന്നു വല്ല നിയമവും ഉണ്ടോ ? പൗരാവകാശബോധം ഏതു തൊഴിൽ സ്വീകരിച്ചും മാനമായി കാലക്ഷേപം കഴിക്കുന്നവർക്ക് ഉണ്ടാകാൻ പാടില്ലാത്ത ഒരു ബോധമായിരിക്കുമോ ? ഇദ്ദേഹം റിക്ഷാക്കാരന്റെ ഗ്രന്ഥപാരായണ പ്രതിപത്തിയും പൗരാവകാശബോധവും പ്രസ്താവനാവിഷയമാക്കുന്നത് സാഹിത്യം സാമാന്യജനങ്ങൾക്ക് വേണ്ടിയാണെന്നു സ്ഥാപിക്കാൻ കൂടെയാണെന്നു വരുമ്പോൾ ആ സാമാന്യ ജനങ്ങളോട് അദ്ദേഹത്തിനു തോന്നുന്ന ആത്മാർത്ഥത വ്യാഖ്യാനത്തിനും അപ്പുറമാണ്!

"സാമ്പത്തികനീതിയെ കാലോചിതമായി പരിഷ്കരിച്ച് സമസ്തവ്യക്തികൾക്കും ഏറെക്കുറെ ജീവിത

ത്തിൽ ക്ഷേമമുണ്ടാക്കിക്കൊടുക്കുക എന്നത്ത് ഇന്നത്തെ മഹാപ്രശ്നങ്ങളിൽ ഒന്നാമത്തേതായിരിക്കുന്നു."

ഇതു് ഇന്നത്തെ പ്രശ്നമല്ല, വളരെ പഴയകാലംതൊട്ടേ ഉള്ള പ്രശ്നമാണു്. സ്വകാര്യ സ്വത്തെന്നുള്ള ഏർപ്പാടില്ലാതെ എല്ലാപേരും എല്ലാപേരുടേയും സുഖക്ഷേമങ്ങൾ ആധാരമാക്കി പ്രവർത്തിക്കണമെന്നുള്ള മഹനീയാദർശം 'മൂർ' എന്ന ഗ്രന്ഥകാരന്റെ "യുട്ടോപ്യയാ" യിൽ പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ സാമ്പത്തികമായ ഈ സമസ്ത ജനസമത്വം മാത്രം കൊണ്ടു രാജ്യകാര്യപരമായ സ്വാതന്ത്ര്യസിദ്ധി ഉണ്ടാകായ്ക നിമിത്തം ഈ ആദർശത്തിന്നു് തീരെ പ്രചാരമില്ലാതെയായി. ഇന്നത്തെ മഹാപ്രശ്നങ്ങളിൽ ഒന്നാമത്തേതു് എന്നുപറയുമ്പോൾ "ഏറ്റെക്കുറെ" എന്നും "കാലോചിതമായി" എന്നും മററും ചില 'കഷ്ടിപിഷ്ടി' കളുടെ ആവശ്യമില്ലെന്നും മനസ്സിലാക്കേണ്ടതുണ്ടു്.

അതെന്തായാലും "ഒരു പ്രത്യേക സംഘടനയ്ക്കും കാഹളം ഊത്തുന്നവനായിരിക്കണം സാഹിത്യകാരനെന്നു വാദിക്കുന്നത്തു് സാഹസമാണു്" എന്നു പറയുന്നതിനോളം വിചിത്രമായി മറെറാന്നുമില്ല. പുരോഗമനസാഹിത്യസംഘടനയ്ക്കു് ഊത്തുന്ന കാഹളത്തിൻെറ ഒരു വശം അധരപുടത്തിൽ നിന്നുതാഴ്ത്തിവച്ചുംകൊണ്ടല്ല പ്രസംഗകർത്താവ് ഇങ്ങനെ പറയുന്നതെന്നുംകൂടെ ഓർമ്മിക്കുമ്പോഴാണു് ആ വൈചിത്ര്യത്തിൻെറ സാക്ഷാൽ സ്വഭാവം വെളിപ്പെടുന്നതു്.

അടുത്തതായി "Values of Life ജീവിതത്തിൻെറ മൂല്യങ്ങൾ"—ഇവയെ അവധാരണം ചെയ്തിട്ടുവേണം ഒരു

വൻ സാഹിത്യകാരനാകാനെങ്കിൽ അവൻെറ ജോലി ഒരു പിള്ളേർ കളിയല്ലെന്നു സ്പഷ്ടം" എന്നൊരു വാചകമാണു് കാണുന്നതു്. എന്താണു് ഈ 'വാല്യൂസ് അഫ് ലൈഫ്' അഥവാ ജീവിതമൂല്യങ്ങൾ എന്നൊന്നും പ്രസംഗകർത്താവു് ശബ്ദിക്കുന്നില്ല. സാമാന്യജനജീവിതത്തെ സാരമായി സ്പർശിക്കത്തക്കവിധത്തിൽ നിർവ്വഹിക്കേണ്ട സാഹിത്യരചനയ്ക്കു നേർവഴി തെളിക്കാൻ ഉദ്യമിച്ച ഒരാളിന്നു ജീവിതമൂല്യങ്ങളെപ്പററി ചില സൂചനകളെങ്കിലും നൽകാമായിരുന്നു. പോട്ടെ; അദ്ദേഹം അത്രയ്ക്കൊരു ഒയാല്പവല്ലായിരുന്നു എന്നു കരുതി സമാധാനപ്പെടാം.

"സാംസ്കാരികമായിട്ടുള്ള നേട്ടങ്ങൾ ധാരാളം ഉള്ളവർ മാത്രം സാഹിത്യത്തിൻെറ ഉയർന്ന മണ്ഡലത്തിൽ പ്രവേശിക്കട്ടെ. നമ്മുടെ ചെറുപ്പക്കാരായ സാഹിത്യകാരന്മാർ പലരും അങ്ങനെയുള്ളവരാണു്. അവർ ജീവിതത്തിൽനിന്നും നിശ്വാസങ്ങൾ ഉൾക്കൊള്ളുന്നു" എന്നുള്ള നമ്മുടെ ചെറുപ്പക്കാരെ "ജയ ജയ കൈലാസോദ്ധാരകാരിൻ"......പദം കൊണ്ടു പൂജിച്ചതു് ഒരു വെറും നാരദീയന്നയം തന്നെയാണു്. അല്ലാത്തപക്ഷം ഉടനടിതന്നെ "അവരുടെ കൃതികളിൽ അശ്ലീലതകൾ ഉണ്ടാകാം; അററകുററങ്ങൾ കാണുകാം" എന്നു് ഈ സൗജന്യശാലി പ്രസ്താവിക്കുകയില്ലായിരുന്നു. കൃതികളിൽ അശ്ലീലതകൾ ഉണ്ടാക്കുന്നവരാണത്രേ, "സാംസ്കാരികമായിട്ടുള്ള നേട്ടങ്ങൾ ധാരാളം ഉള്ളവർ!" മററു സന്ദർഭങ്ങളിൽ അലകും പിടിയും ഇല്ലാത്തവിധം ക്ഷോഭിച്ചു തകർക്കുന്ന പ്രസംഗകർത്താവു് എത്ര ശാന്തനായി വേഷം മാറുന്നു! നോക്കുക:—"ആത്ു

കണ്ടിട്ട തട്ടിക്കയറുന്നതിൽ അൎത്ഥമില്ല. ഏതാനും വാക്യങ്ങൾക്ക് ഭംഗി കുറഞ്ഞതുകൊണ്ടോ, ചില സംഭവാംശങ്ങൾ ഔചിത്യവിലോപകങ്ങളായതു കൊണ്ടോ, അവരെ ശപിക്കുന്നതു ശരിയല്ല......"നല്ലവാക്കു പറഞ്ഞു് അവരെ തിരുത്തേണ്ട ചുമതലയാണ് സാഹിത്യാഭിവൃദ്ധിയെ കാംക്ഷിക്കുന്ന നിരൂപകന്മാരുടെ കൎത്തവ്യം."

ഈ നിരൂപകകൎത്തവ്യക്കാരനു് "ചെറുപ്പക്കാരോടു" തോന്നുന്ന ഈ വാത്സല്യാതിരേകത്തിന്റെ രഹസ്യം അദ്ദേഹത്തിന്റെ വിശാലഹൃദയലക്ഷണമായിരിക്കാം. ഏതായാലും അദ്ദേഹം "നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള കുറെ നിരൂപകന്മാ"രെ അങ്ങനെ വിടാൻ നിശ്ചയിച്ചിട്ടില്ല!! വിശേഷിച്ചു "പത്രങ്ങളിൽ പുസ്തകാഭിപ്രായങ്ങൾ എഴുതുവാൻ ഏററിട്ടുള്ള നിരൂപകന്മാർ!"

"ജീവിതത്തിന്റെ മൂല്യങ്ങൾ അറിഞ്ഞിരിക്കുക, കലാതത്വങ്ങൾ ഗ്രഹിച്ചിരിക്കുക, അവയെ സംബന്ധിച്ചു നാളിതുവരെ പുറപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുമായി പരിചയം നേടിയിരിക്കുക, ഇത്രയും ചെയ്യിട്ടില്ലാത്ത ഒരു സാധാരണക്കാരൻ തനിക്കുള്ള സംസ്കാരത്തെ ഉരകല്ലായെടുത്തു് ഏതു കൃതിയേയും മാററു നിൎണ്ണയിക്കാൻ ഒരുമ്പെടുന്നതു് ആപൽക്കരമായിരിക്കും. അധികനിരൂപകന്മാരും ആ വലിയ പാരമ്പര്യം അനുസരിച്ചു് പുറംകൂട്ടിന്റെ ഭംഗി കണ്ടു് അഞ്ചിപ്പോകുന്നവരാണ്. കലാബാഹ്യങ്ങളായ പ്രചോദനങ്ങളനുസരിച്ചു് അഭിപ്രായത്തെ വളയ്ക്കുകയും ഞെരിക്കുകയും ചെയ്യുന്നവൎക്ക് സന്ദൎഭോചിതതാല്പൎയ്യങ്ങൾക്കു വേണ്ടി ഒരു പത്താം ക്ലാസ്സു കവിതയെഴുതിയ കവിയെപ്പോലും

വിശ്വമഹാകവിയാക്കാൻ ക്രൂസലില്ല. അവരുടെ തീർപ്പ് കേരളത്തിലെ പ്രബുദ്ധജനസമുദായം കണ്ണടച്ചംഗീകരിക്കുമെന്നാണ് അവരുടെ വിശ്വാസം. ഈ ഗർവ്വിഷ്ഠവും അജ്ഞതാവിലസിതവും ആയ പാരമ്പര്യം പുരോഗമനസാഹിത്യത്തിൻെറ പേരിൽ അടിച്ചുടയ്ക്കപ്പെടേണ്ടതാണ്."

ഈ കോലാഹലങ്ങളും അട്ടഹാസങ്ങളും പ്രസംഗകർത്താവ് നമ്മുടെ "ചെറുപ്പക്കാരെ"പ്പററി പ്രകാശിപ്പിക്കാത്ത ആത്മരക്ഷാപരമായ ആവശ്യം അത്യന്തം അഭിനന്ദനീയമായിരിക്കുന്നു! പത്രങ്ങളിൽ പുസ്തകാഭിപ്രായമെഴുതുന്ന ഒരു വക നിരൂപകന്മാർ ഉണ്ട്. ശരിതന്നെ. കേരളത്തിലല്ല, ഭാരതത്തിലല്ല, യൂറോപ്പിലല്ല, അമേരിക്കയിലല്ല, ലോകത്ത് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും അത്തരക്കാരെ കാണാം. അവരെ ഒക്കപ്പാടേ കൂട്ടിപ്പിടിക്കാനും അടിച്ചുടയ്ക്കാനും അരകല്ലിൽ വെച്ച് അരയ്ക്കാനും അറബിക്കടലിൽ കലക്കാനും ആവിയാക്കിപ്പറത്താനും മററും ബഹുമാന്യനായ മി. ജോസഫ് മുണ്ടശ്ശേരി കരുതുന്നില്ല. നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള കുറേ നിരൂപകന്മാരോടു മാത്രമാണ് അദ്ദേഹത്തിന് കൊടിയ പകയുള്ളത്. പകവീട്ടാൻ തക്ക സന്ദർഭവും കിട്ടി. ആ വിസ്താരമേറിയ ഹൃദയത്തിൻെറ നാലുവേലിയും പൊളിച്ചുള്ള വിശാലത തന്നെ കാട്ടാം എന്നദ്ദേഹം കരുതി. ഭാഗ്യവശാൽ അവരെ അദ്ദേഹം ശപിക്കുന്നില്ല. അടിച്ചുടയ്ക്കാനാണ് ശാന്തഗംഭീരനായി കരുതിക്കുന്നത്. ഈ "അടിച്ചുടപ്പ്" 1945 മേമാസം 29-ാംനു- യാണ് തുടങ്ങിയതെങ്കിലും, ആ തീയതിക്കു ശേഷവും പതിവുപോലെ "നമ്മുടെ നാട്ടിലെ കുറേ

നിരൂപകന്മാർ” അവരുടെ കൃത്യം നിർവിഘ്നം നിർവ്വഹിക്കുക തന്നെ ചെയ്യുന്നു. ഏതായാലും, നാം അത്രത്തോളം വളരെ നിഷ്കൃഷ്ടിച്ച് അത്ഥത്തിൽ 'നിഷ്പക്ഷപാതി'കളല്ലാത്തതുകൊണ്ട് ആ നിരൂപകന്മാരോടു തോന്നുന്നതിൽ കൂടുതലായ സഹതാപം അവർ നിമിത്തം ഇത്ര ഹൃദയവ്യഥ അനുഭവിക്കുന്ന മി: ജോസഫ് മുണ്ടശ്ശേരിയോടു തോന്നിപ്പോകാം. അതിനാൽ അദ്ദേഹത്തിൻെറ ആ പ്രസ്താവനയെ 'അടിക്കാ'ത്തേയും 'ഉടയ്ക്കാ'ത്തേയും ഒന്നു പരിശോധിക്കാം.

“ജീവിതത്തിന്റെമൂല്യങ്ങൾ അറിഞ്ഞിരിക്കുക, കലാതത്വങ്ങൾ ഗ്രഹിച്ചിരിക്കുക, അവയെസംബന്ധിച്ച് നാളിതുവരെ പുറപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുമായി പരിചയം നേടിയിരിക്കുക” എന്നിത്രയും ചെയ്തിട്ടില്ലാത്ത ഒരു സാധാരണക്കാരൻ ഏതു കൃതിയുടേയും മാററു നിർണ്ണയിക്കുവാൻ പുറപ്പെടുന്നു എന്നതാണ് ഒന്നാമത്തെ പക. “അധികനിരൂപകന്മാരും ആ പുറംക്രൂട്ടിൻെറ ഭംഗികണ്ട് അമ്പരപ്പോകുന്നവരാണ്” എന്നു രണ്ടാമത്തെ ആവലാതി. “അളിപ്രായത്തെ വളയ്ക്കുകയും ഞെരിക്കുകയും ചെയ്യുന്നു, ആവലാതി നംബർ 'ത്രീ' അവരുടെ തീപ്പ് കേരളത്തിലെ പ്രബുദ്ധജനസമുദായം കണ്ണടച്ചംഗീകരിക്കുമെന്നാണ് അവരുടെ വിശ്വാസം എന്നു” അവരുടെ തെററിദ്ധാരണയത്രേ നാലാമത്തെ പായിൻറ്. അഞ്ചാമതായി ഇപ്പറഞ്ഞവയെല്ലാം മകുടം ചാത്തലായി ഒരു 'അടിച്ചുടപ്പും' !

ക്ഷേണനം തക്കസമയത്തു തയ്യാറാക്കാത്തതു സംബന്ധിച്ച് അടിച്ചുടപ്പുവിദഗ്ദ്ധന്മാരായ ഒരുകൂട്ടം ക്ഷമാശീല

ന്മാർ ലോകത്തുണ്ടെന്നു് കുഞ്ചൻനമ്പ്യാർ ഒരു മാതൃക നളചരിതം തുള്ളലിൽ കാട്ടിത്തരുന്നുണ്ടു്. അതിനുശേഷം, നിരൂപകപാരമ്പര്യത്തിൻെറ അടിച്ചുടപ്പാണു് ഇപ്പോൾ കാണുന്നതു്.

ജീവിതത്തിൻെറ മൂല്യങ്ങൾ, കലാതത്വങ്ങൾ, ഇവ സംബന്ധിച്ച ഗ്രന്ഥപരിചയം എന്നിവയ്ക്കു അപ്പുറം കുത്തകയും ആൎക്കുമില്ല. മി: ജോസഫ മുണ്ടശ്ശേരിയ്ക്കു് മാത്രം യാതൊരു ദൈവദത്തതനം എത്തി ജീവിതമൂല്യങ്ങളും കലാതത്വങ്ങളും സ്വപ്നത്തിൽ ഉദീരണംചെയ്തു് മറഞ്ഞിട്ടുള്ളതായി അദ്ദേഹം എങ്ങും വെളിപ്പെടുത്തിയിട്ടില്ലാത്ത സ്ഥിതിക്കും, നാളിതുവരെ അക്കാര്യങ്ങൾ മി: ജോസഫ് മുണ്ടശ്ശേരിയല്ലാതെ മററാരുംതന്നെ മനസ്സിലാക്കാൻ പാടുള്ളതല്ല എന്നൊരുനിയമം എങ്ങുമേതന്നെ പാസ്സാക്കിയിട്ടില്ലാത്ത സ്ഥിതിക്കും, ഓരോ നിരൂപകന്മാർ തങ്ങളാൽ കഴിയാവുന്നവിധത്തിൽ ഇക്കാര്യങ്ങളെപ്പററി മനസ്സിലാക്കിയിട്ടായിരിക്കും, പത്രനിരൂപണങ്ങൾക്കു് മുതിരുന്നതു് എന്നു സാമാന്യമായി കരുതേണ്ടിയിരിക്കുന്നു. എന്നാൽ മി: മുണ്ടശ്ശേരി പറയുംപോലെയുള്ള "വലിയ പാരമ്പര്യത്തിൽ "കഴിയുന്നവർപോലും മലയാളത്തിൽ, പത്താംക്ലാസ്സ കവിതയെഴുത്തുകാർ ഉണ്ടെന്നും അവർ വിശ്വമഹാകവികൾ ആണെന്നും പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. "പത്താംക്ലാസ്സ കവിത" എന്നൊരുവക കവിതതന്നെ മലയാളത്തിൽ ഇദംപ്രഥമമായി കണ്ടുപിടിക്കുന്നതു മി: ജോസഫ് മുണ്ടശ്ശേരിയാണു്. കൊച്ചീദേശക്കാരുടെ സാധാരണ വിദ്യാഭ്യാസം സംബന്ധിച്ചു് 'പത്താംക്ലാസ്സ്' എന്നൊരു വ്യവഹാരം കേട്ടിട്ടുണ്ടു്. പക്ഷേ, ആ പത്താം

ക്ലാസ്സല്ലായിരിക്കും, ഇവിടെ, പ്രകൃതം പത്താംതരം കവിത യെന്നായിരിക്കാം പ്രസംഗകർത്താവിന്റെ വിവക്ഷ. ഇങ്ങനെ മലയാളസാഹിത്യത്തിൽ "പത്താംതരം" കവിത ഉണ്ടെങ്കിൽ അതു് 1945-നു ശേഷം എത്തിയതോ, ആ വർഷത്തിൻെറ ആരംഭത്തിൽ എത്തിയതോ ആയിരിക്കാം. എപ്പോൾ എത്തിയതാണെങ്കിലും അങ്ങനെ ഒരു കവിത ഉണ്ടെന്നു് ഊഹിക്കേണ്ടിവന്നിരിക്കുന്നു. അല്ലാത്തപക്ഷം അത്തരം കവിതകളുമായി ദൃഢപരിചയം സിദ്ധിച്ചിരിക്കാവുന്ന പ്രസംഗകർത്താവു് ആവിധം ഒരു പ്രസ്താവനയ്ക്കു മുതിരുകയില്ലായിരുന്നു!

കവിതയുടെ തരംതിരിപ്പു സംബന്ധിച്ചാണെങ്കിൽ ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം, ഏറെക്കവിഞ്ഞാൽ നാലാംതരം എന്നു നാലുതരത്തിൽക്കവിഞ്ഞു് കണക്കശാസ്ത്രത്തിൽ കാണുന്ന സംഖ്യകളനുസരിച്ചു് പത്താംതരം, നൂറാംതരം ആയിരത്തി ഒരുനൂറാംതരം എന്നൊന്നും കവിതയെ ഒരു നിരൂപകനും തരംതിരിച്ചു കണ്ടിട്ടില്ല. പ്രാചീനന്മാരാകട്ടെ, നവീനന്മാരാകട്ടെ, ഇങ്ങനെ ഒരു തരംതിരിപ്പിനു മുതിർന്നിട്ടില്ല. മഹാകവി ശ്രീ നീലകണ്ഠദീക്ഷിതർ അദ്ദേഹത്തിൻെറ 'ശിവലീലാർണ്ണവ'ത്തിൽ ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം, നാലാംതരം എന്നു നാലുതരം കവിതയെപ്പററി പറയുന്നു. ഏതൊരു സാഹിത്യത്തിലെ കവിതയും ഇങ്ങനെ മൂന്നോ നാലോ തരമായിട്ടല്ലാതെ പത്താംതരത്തിലും പതിനെട്ടാം തരത്തിലും ഉൾപ്പെടുന്നതു വിമർശനത്തിൻെറ പരിഹാസയോഗ്യമായ ശുദ്ധസങ്കുചിതത്വം കൊണ്ടുമാത്രമായിരിക്കും

സദാചാരപരമായ പാഠം കൊടുക്കുന്ന കവിത, പ്രായോഗിക ജ്ഞാനവും ശാസ്ത്രതത്വങ്ങളും കാട്ടുന്ന കവിത, ഈശ്വരസ്തുതിപരമായ കവിത, ശത്രുപരിഹാസപ്രധാനമായ കവിത, ജനസഞ്ചയത്തെ ചിരിപ്പിക്കാനുള്ള കവിത, തപരിപ്പിക്കാനുള്ള കവിത, പാട്ടിന്നുമാത്രം യോജിക്കുന്ന കവിത, നാടക രംഗത്തിന്നുമാത്രം യോജിക്കുന്ന കവിത, പൊതുസംഭവങ്ങളെപ്പററിയുള്ള കവിത എന്നിങ്ങനെ അനേകം പ്രകാരത്തിൽ കവിതകൾ സാഹിത്യത്തിൽ കണ്ടേക്കാമെങ്കിലും കവിതയുടെ യഥാർത്ഥയോഗ്യത സംബന്ധിച്ചു 'പത്താംക്ലാസ്സും നൂറാംക്ലാസ്സും കവിതകൾ' പുതിയ കണ്ടുപിടിത്തങ്ങളാണ്! അവ സംബന്ധിച്ചു കൂടുതൽ പരിചയമുള്ളവരെ പ്രത്യേകം ബഹുമാനിക്കുകയും വേണം!

"അവരുടെ തീർപ്പു് കേരളത്തിലെ പ്രബുദ്ധജനസമുദായം കണ്ണടച്ചംഗീകരിക്കുമെന്നാണു് അവരുടെ വിശ്വാസം."

എന്നു മി: മുണ്ടശ്ശേരി പറയുന്നതോടെ അദ്ദേഹം അത്തരം പത്രത്തിലെ 'പുസ്തകാഭിപ്രായനിരൂപക'ന്മാരുടെ നിലയിൽ നിന്നു് എത്ര താണുനിന്നാണു് സംസാരിക്കുന്നതു്!

"ഈ ഗർവ്വിഷ്ഠവും അജ്ഞതാവിലസിതവും ആയ പാരമ്പര്യം പുരോഗമനസാഹിത്യത്തിന്റെ പേരിൽ അടിച്ചുടയ്ക്കപ്പെടേണ്ടതാണു്."

ഒന്നിനേയും ആരും അടിച്ചുടയ്ക്കാമെന്നു് വ്യാമോഹിക്കേണ്ടതില്ല. ഇന്നാലെ "അടിച്ചുടയ്ക്കപ്പെട്ട" സ്ഥാപനങ്ങ

ളും ആശയങ്ങളും ഇന്നു പൂർവ്വാധികം ബലത്തിൽ വർത്തിക്കുന്നു. ഇന്നത്തെ അടിച്ചുടപ്പിനു വിധേയമാകുന്നവ നാളെ ബഹുജനശിരസ്സുകൾ സമാദരണീയങ്ങളായി കരുതിയേക്കാം. അതുകൊണ്ടു സംസ്കാരലേശവിഹീനനായ ഒരു സാഹസികൻെറ നിലയല്ല, മി: ജോസഫ് മുണ്ടശ്ശേരിയെപ്പോലുള്ള സാഹിത്യവിമർശനകർത്തുകൾ അംഗീകരിക്കേണ്ടതു്. ആവിധമല്ല, മററുള്ളവർക്ക ഉപദേശിച്ചു കൊടുക്കേണ്ടതു്. പ്രചരിപ്പിക്കേണ്ടതു്.

"ആ വലിയ പാരമ്പര്യം," "അജ്ഞതാവിലസിതമായ പാരമ്പര്യം," "നരച്ച പാരമ്പര്യം" എന്നൊക്കെ മി: മുണ്ടശ്ശേരി പല സന്ദർഭങ്ങളിലും "പാരമ്പര്യ"ത്തിൻെറ ഒരു പരമശത്രുവായി സാഹിത്യലോകത്തു് പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. ആരുടേയെങ്കിലും പുരാതനസ്ഥിതിയും പാരമ്പര്യവും മററുള്ളവർ ഒരു മേന്മ കാട്ടാനോ, താഴ്ത്തി സ്ഥാപിക്കാനോ പ്രയോഗിച്ചാൽ അബദ്ധമുണ്ടെന്ന് കരുതിയായിരിക്കാം അദ്ദേഹം ഇങ്ങനെ ഒരു 'പാരമ്പര്യ' വൈരി എന്ന 'പാരമ്പര്യം' പരിപാലിക്കുന്നതു്. എന്നാൽ സാഹിത്യം സംബന്ധിച്ച പാരമ്പര്യം അദ്ദേഹം കരുതുന്നതുപോലെ ഹീനമോ നിന്ദ്യമോ അല്ല. 'സെയിൻറബ്യൂ' എന്ന വിശ്രുത ഫ്രഞ്ചു വിമർശകൻ സാഹിത്യപാരമ്പര്യത്തെപ്പററി പറയുന്നതു നോക്കുക:—

"സാഹിത്യപാരമ്പര്യം എന്നതു് പരിപക്വ ബുദ്ധിമതപത്തിൻേറയും കാര്യകാരണബന്ധമനോഹരതയുടേയും ഉടലെടുത്ത രൂപമാകുന്നു. മനുഷ്യസമുദായചരിത്രം കട

ഞെട്ടുത്ത സത്താകുന്നു, സാഹിത്യപാരമ്പര്യം. വർത്തമാനകാലത്തിന്റെ വാലുംതുമ്പുമില്ലായ്മയിൽനിന്നു് ആ പാരമ്പര്യം മനുഷ്യരാശിയെ രക്ഷിച്ചു നിലനിർത്തുന്നു. ഒരു തേനീച്ച സ്വന്തം കൂട്ടുകെട്ടാൻ അലഞ്ഞു തിരിയുന്നതു പോലെയോ, മധുവന്വേഷിച്ചു് ഒരു പുഷ്പത്തിൽനിന്നു മറെറാരു പുഷ്പത്തിലേയ്ക്കു പറക്കുന്നതു പോലെയോ, സാഹിത്യവിമർശകന്റെ അഭിരുചി പരസ്പര വിരുദ്ധലക്ഷ്യങ്ങളുള്ള ഗ്രന്ഥങ്ങളിൽ അസ്ഥിരമായി ചെന്നു ചേരാതെ ആയതിനെ സാഹിത്യ പാരമ്പര്യം പരിസ്ഫുടമായി രക്ഷിച്ചുകൊള്ളുന്നു.''

ഈ സാഹിത്യപാരമ്പര്യം, മി: മുണ്ടശ്ശേരി എത്ര മേൽ മാററി നിവൃത്തിയിട്ടും അദ്ദേഹത്തെ ഒരു 'ബ്രഹ്മരക്ഷസ്സ്'പോലെ വിടാതെ അനുഗമിക്കുന്നു എന്നതു് അദ്ദേഹം മനസ്സിലാക്കുന്നില്ല. പൌരസ്ത്യസാഹിത്യാൾശയങ്ങളുടേ മേന്മ വാഴ്ത്താൻ അദ്ദേഹവും പാരമ്പര്യത്തിനു് കടപ്പെട്ടതുപോലെ കാണപ്പെടുന്നു. നോക്കുക:—

"വാല്മീകിയുടേയും കാളിദാസന്റേയും മററും പദാവലികൾ പ്രയോഗിച്ചു് അവരുടെ കല്പനകൾ തലങ്ങും വിലങ്ങും തിരുകി കാവ്യനിർമ്മാണത്തിനൊരുമ്പെടുന്നവർ ആ മഹാകവികളുടെ കലാസൗഭാഗ്യത്തെ പലപ്പോഴും നിന്ദിക്കുന്നതായിട്ടാണനുഭവം. ഈയിടെയിറങ്ങിയ 'നിറപറ'യെന്ന കവിതാസമാഹാരത്തിൽ ഒന്നാമത്തെ കവിത ആരംഭിക്കുന്നതുതന്നെ "സാഗരസരോവാരി" എന്നിങ്ങനെയാണു്. എന്തൊരു പാഴ്ച്ചെലവു്—ആ കവി, സാഗര

ത്തെ സരോവരമാക്കി മേൽക്കുമേലങ്ങനെ പറഞ്ഞു പോയതുകൊണ്ടു് പരിനിഷ്ഠിതമായി എന്തൊരു രസനീയ ഭാവമാണു് പ്രതിപാദിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഞാനവരോടു ചോദിക്കട്ടെ സംസ്കൃതസാഹിത്യത്തിലെ ശ്രേഷ്ഠ കൃതികൾ അവക്കാസ്വാദിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?"

ഇല്ല, ഇല്ല, തീച്ച്യയായും കഴിഞ്ഞിട്ടില്ല! അവർ നിർവ്വഹിച്ചതു് "കാവ്യനിർമ്മാണ"മാണെന്നുതന്നെ ഈ പ്രസംഗകത്താവു പറയുന്നതു കൊണ്ടേ ഏതൊരു നിരൂപകനും ഗ്രഹിക്കുകയുള്ളൂ! "സംസ്കൃതത്തിലെ ശ്രേഷ്ഠകൃതികൾ ആസ്വാദിക്കുവാൻ സാധിച്ചിട്ടുള്ള" ഏക മനുഷ്യൻ ആരാണെന്നു് വായനക്കാർക്കു് മനസ്സിലാകുമല്ലോ. ആ മനുഷ്യനിൽ ഗർവ്വിൻെറയാകട്ടെ അജ്ഞതയുടെയാകട്ടെ ലേശം പോലും കാണ്മാനില്ല എന്നൊരു മെച്ചവും ഉണ്ടു്!

"ജീവനുള്ള, കർമ്മപ്രവണതയുള്ള യഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പാത്രങ്ങളെ യഥോചിതം ഘടിപ്പിച്ചു് ജീവിതത്തെ അതിൻെറ സർവ്വ സങ്കീർണ്ണതകളോടുംകൂടി പ്രതിപാദിച്ചിട്ടു വേണം, കവി, സഹൃദയനെ രസിപ്പിച്ചു് ലോകസാഹോദര്യത്തോളം ഉയത്താനെന്നു് സകലാചാര്യന്മാരും (ഭരതൻ തൊട്ടു് അഭിനവഗുപ്തൻവരെ) "എടുത്തെടുത്തു പറഞ്ഞിരിക്കുന്നു."

എന്നിങ്ങനെ സംസ്കൃതസാഹിത്യത്തിൻെറ സ്തുതിപാഠകനായി വേഷം മാറുന്ന മി: ജോസഫ മുണ്ടശ്ശേരിയുടെ പ്രസംഗത്തിലെ 'ഗുരുതചകേന്ദ്രം' പത്രങ്ങളിൽ പുസ്തകാഭിപ്രായം എഴുതുവാൻ ഏററിട്ടുള്ള നിരൂപകന്മാരെ

"ഉമ്മാക്കിമട്ടുകളെടുത്തു മിരട്ടുക" എന്നതു മാത്രമാണു്. അദ്ദേഹം പുരോഗമനസാഹിത്യത്തേക്കാൾ പാരമ്പര്യസാഹിത്യത്തെ ആത്മാർത്ഥമായി ബഹുമാനിക്കുന്നു. പുരോഗമനസാഹിത്യകാരന്മാരെ ബോദ്ധ്യപ്പെടുത്തുവാൻ അതിലേയ്ക്കും ഒരു വേഷം എന്നു മാത്രം. 'പുരോഗമനസാഹിത്യ'ത്തെപ്പററി അദ്ദേഹത്തിന് നല്ല നിശ്ചയമുണ്ടെന്നു സാരം!

# അദ്ധ്യായം 6

“മലയാളസാഹിത്യത്തിന്റെ കുറവുകൾ”ക്കു ശേഷം, “ഉത്തമസാഹിത്യ”ത്തിന്റെ മാതൃകയും കഴിയുമ്പോൾ പ്രത്യക്ഷപ്പെടുന്നതു് മി: ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ “സാഹിത്യചിന്തകൾ” ആണു്. ഈ പ്രസംഗം സാമാന്യത്തിലധികം ദീർഘവും ചില പരസ്പരഭിന്നങ്ങളായ പ്രസ്താവനകൾ കൊണ്ടു് കലുഷവും ആകുന്നു. അതുമാത്രമല്ല, യൂറോപ്യൻ സാഹിത്യസമുദ്രത്തിൽ മുങ്ങി ഈറൻ മാറാത്ത കാണപ്പെടുന്ന ഒരു ഭാഷാപ്രണയത്തിന്റെ അസ്സൽ ഛായയും ഈ പ്രസംഗത്തിൽ നിഴലിടുന്നുണ്ടു്.

“‘രാമചരിതം’ മുതൽ ആധുനികകാലത്തെ കൃതികൾ വരെ സാമാന്യമായിട്ടെങ്കിലും ഒന്നു കണ്ണോടിച്ചു നോക്കിയാൽ ഗ്രന്ഥകാരന്മാരുടെ അടിമ മനോഭാവം കാണ്മാൻ കഴിയും” എന്നു പ്രസംഗകർത്താവു് ഒരു പ്രസ്താവന, നടാടെ നിർവഹിക്കുന്നു. എന്നാൽ അത്തരം അടിമ മനോഭാവം സമർത്ഥിക്കാൻ വിസ്തൃതമായ മലയാളസാഹിത്യത്തിൽനിന്നും ഒന്നോ രണ്ടോ ഭാഗങ്ങൾ അദ്ദേഹത്തിനു് ഉദ്ധരിക്കാമായിരുന്നു. പക്ഷേ സാഹിത്യം ഒക്കപ്പാടേ അടിമ മനോഭാവത്തിൽ ആയ സ്ഥിതിക്കു് മലയാളസാഹിത്യത്തിലെ സമസ്ത ഗ്രന്ഥഭാഗങ്ങളും അങ്ങനെ ഉദ്ധരിക്കുക എന്നതു് ഒരു വക പ്രയാസം അല്ല? എങ്കിലും “തരതലന്താനളന്ത വിളന്ത പൊന്നൻ തനകചെന്താർ” ഇളങ്ങിയ പതിന്നാലിൽപ്പരം ഭാഗങ്ങൾ മററാവശ്യത്തിനു

വേണ്ടി, അദ്ദേഹം അന്യത്ര ഉദ്ധരിച്ചിട്ടുണ്ട്. "പാലാഴി മങ്ക തൻ കൊങ്കപുണരുന്ന കോലം" തുടങ്ങിയ ചില ഭാഗങ്ങൾ അശ്ലീല പ്രതീതിക്കും അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് പ്രസ്തുതനയം മുൻ ചൊന്ന പ്രസ്താവനയിലും ആകാമായിരുന്നു. അഥവാ "ഒന്നുകിൽ ഈശ്വരൻ, അല്ലെങ്കിൽ രാജാവ്, അതുമല്ലെങ്കിൽ പൂർവ്വസൂരികൾ ചിലപ്പോൾ ഇവരെല്ലാം തന്നെ ഒത്തു ചേർന്നൊരു സംഘമായി സാഹിത്യകാരൻെറ മുമ്പിലങ്ങനെ വിലങ്ങടിച്ചു നിൽക്കുന്നു" എന്ന് മി: കൃഷ്ണപിള്ള തന്നെ കാണുന്നുണ്ട്. അദ്ദേഹം സ്വന്തം കൃതികൾ പ്രചരിപ്പിക്കുവാൻ കൂട്ടുപിടിച്ച പൂർവ്വ സൂരികളേയും ആധുനിക സൂരികളെയും കാൾ ഒന്നു രണ്ടു പടിയെങ്കിലും ഉയർന്ന ഒരു സ്ഥാനം ഈശ്വരന് കല്പിക്കുന്നില്ല! വേണ്ട. ഫ്രഞ്ചുവിപ്ലവ കാലത്തെ മികച്ച സാഹിത്യകാരനായ വോൾട്ടയർ എന്ന നിരീശ്വരവാദി, ജീവിതാവസാനം എത്താറായ സന്ദർഭത്തിൽ താൻ ഈശ്വരനിൽ വിശ്വസിക്കുന്നു എന്ന് ചില പുരോഹിതന്മാരുടെ മുമ്പിൽ ചില രേഖാപ്രമാണങ്ങൾ നൽകുകയുണ്ടായി എന്നു പറയപ്പെടുന്നുണ്ട്. അക്കഥ എന്തോ ആകട്ടെ. ഈ പൂർവ്വസൂരികളുടെ കൂട്ടത്തിൽ മി. ഈ വി. കൃഷ്ണപിള്ള എന്ന മാന്യനെ ഉൾപ്പെടുത്താമെങ്കിൽ അദ്ദേഹമാണ് മി. കൃഷ്ണപിള്ളയുടെ ആദ്യകൃതിയായ 'ബാഷ്പാഞ്ജലി'ക്ക് "വിലങ്ങടിച്ചു" നിന്നത്. മററു പല ആധുനിക സൂരികളും അദ്ദേഹത്തിൻേറയും തുടർന്ന് പല മാന്യന്മാരുടെയും കൃതികൾക്കു ഇപ്പോഴും "വിലങ്ങടിച്ച്" നിൽക്കുന്നു. ആരു വേണോ എങ്ങനെ വേണോ നിൽക്കട്ടെ!

"രാമചരിതം മുതൽ ആധുനികകാലത്തെ കൃതികൾ വരെ" എന്നു പറയുമ്പോൾ, 1945 മേമാസംവരെ മലയാളസാഹിത്യത്തിലുള്ള എല്ലാ കൃതികളേയും ആയിരിക്കാം ഉദ്ദേശിക്കുന്നതു്. 1875 വരെയുള്ള ഗ്രന്ഥങ്ങളുടെ കഥ പറയേണ്ടതുമില്ല. എന്നാൽ അദ്ദേഹത്തിന്റെ ഈ ലിസ്റ്റിലെ ഏററവും പുരാതനമായ ഗ്രന്ഥംപോലും അടിമമനോഭാവമല്ല, വീരം ചാലിച്ചും കാട്ടിയ യുദ്ധരംഗത്തിന്റെ അനുക്ഷണപ്രവൎത്തനംകൊണ്ടു് ഉജ്ജ്വലിക്കുന്നതും, തോറ്റ ശത്രുപക്ഷക്കാരും ജയിച്ച മിത്രപക്ഷക്കാരും തുല്യമായ അഭിമാനബോധത്തിൽ പ്രശസ്തരായിക്കാണുന്നതും ആയ ചൈതന്യപ്രസരമാണു കുറിക്കുന്നതു്. ആ വസ്തുത പ്രസംഗകൎത്താവു കരുതിക്കൂട്ടി ഉപേക്ഷിച്ചിരിക്കാം, നോക്കുക :—

അതികഠിനമായ രശ്മികൾ തൂകിയ സൂൎയ്യന്റെ കഠോരത, എതിൎത്തടിക്കുന്ന കൊടുങ്കാററിന്റെ അസഹ്യത, ഗജവീരന്മാരുടെ കണ്ണിൽ നിന്നു പ്രവഹിക്കുന്ന ജലധാരയുടെ തുടൎന്ന നില എന്നിവയൊക്കെ കണ്ടിട്ടും ലേശവും കൂസൽ കൂടാതെ മുറയ്ക്കു് സാരഥിയോടു തേർതെളിക്കാൻ ആവശ്യപ്പെട്ട രാക്ഷസസേനാനിയായ വജ്രദന്തൻ, 'രാമചരിത'ത്തിൽ പ്രത്യക്ഷപ്പെടുന്നതു് ഏതൊരു "അടിമമനോഭാവ"ത്തിലാണെന്നു നോക്കുക :—

"വാന"വർ കനൽപൊഴിയിന്റതൊൻറും
മാരുതമിടഞ്ഞു വരിന്റതുംപോ-
രാനകളവിരതവും കണ്ണാൽ നീ-
രാമളം പൊഴിഞ്ഞു തളർന്നതൊൻറും,

താനറിഞ്ഞറിഞ്ഞുളനെങ്കിലും തേർ
താരതിയൊട്ടതെളിയെൻവരത്ത-
മ്മാനികം തലവൻ മുന്നിന്നു തെക്കൻ
വാതിലെ വിരവൊട്ട പിന്നിലിട്ടാൻ"

(രാമചരിതം, പടലം 19, പദ്യം 3)

അഥവാ, രാമൻെറ ദൂതൻ പറഞ്ഞ ഭീഷണി കേട്ട രാവണൻെറ മറുപടിയിലെ "അടിമമനോഭാവം"! നോക്കുക :—

"പടയുമായ് വന്തോനാകിൽ പാപ്പതിനില്ലകാലം
അടൽകരിക്കൂട്ടം കണ്ടാ, ലലറിന ചിങ്കംപോലെ,
കൊടിയ വാനരകുലത്തെക്കൂതെത്തുകൊന്നൊഴുകുംചോരി
കുട്ടകടെ കുടിത്തരക്കർ കൂട്ടമിട്ടാർപ്പരെൻറാൽ"

രാവണൻെറ ഈ മറുപടി കേട്ട ബാലിപുത്രനായ അങ്ഗദൻെറ അടിമമനോഭാവം കാട്ടുന്ന മറുപടി നോക്കുക :—

"എൻറവനരത്തനേരം ഇയമ്പിനൻ വാലിമൈന്തൻ
ഒൻറിൽ മൈതിലിയെയും തന്നുഴറിവൻറടിവണങ്കി,
നിൻറുകൊള്ളല്ലയായ്കിൽ നിന്നോട്ട പോർകടാവി
വന്റെനിക്കെതിർത്തായെൻറുമന്നോർകോൻ മാറ്റം ...ളായ്"
"മാററം ഇപ്പരിചുകേട്ട വളർന്തനചില്ലിയോടും
ചീററമാണ്ടിളകിയൊക്കെച്ചിവന്തിന മിഴികളോടും"

രാവണൻ നൽകിയ മറുപടിയിലെ മ...നോഭാവം ഏതുതരത്തിൽ പെട്ടതാണെന്നു് വിശേഷിച്ചു പ്രസ്താവിക്കേണ്ടതായിട്ടുണ്ടോ ? അയോദ്ധ്യാധിപനായ രാമൻെറ പക്ഷം പിടിച്ചു വാദിക്കാൻ എന്നപോലെ ര...ിക്കുന്ന

ഒരു ഗ്രന്ഥത്തിൽ ആ ഗ്രന്ഥകാരൻ, ശത്രുപക്ഷമായ രാവണഭാഗത്തെ അത്യല്പമായിട്ടുപ്പോലും അവഗണിക്കാതെ, രാമനോടോ, അംഗദസുഗ്രീവാദികളോടോ, യാതൊരു പക്ഷപാതവും കാട്ടാതെ പരമസ്വതന്ത്രനായ ഒരു കവിയായിട്ട് പ്രത്യക്ഷപ്പെട്ടുന്നോ ഇല്ലയോ എന്നതു് 'രാമചരിതം' സൂക്ഷിച്ചു വായിച്ചുനോക്കിയാൽ അറിയാം. ലങ്കേശ്വരൻ യുദ്ധക്കളത്തിൽ എത്തുന്ന ഭാഗം നോക്കുക:—

"അയ്യിരണ്ടു ചിരങ്കൾതരം ചേ-
ന്നമ്പനേകവിതങ്കൾ വിളങ്ക-
ക്കയ്യിരണ്ടു വിലാവിലും നീള-
ക്കാണൊരഞ്ചുമുടൻ പതിനഞ്ചും,
ചെയ്യക്കുറയും മാലയപ്പാറം-
ചീർത്തമുള്ള വടത്തിരളും കാർ-
മെയ്യുമുള്ള നിശാചരർ കോമാൻ-
വെററികൊള്ള വരിന്റ വൻവീര"

അടിമത്ത ലേശംപോലും കടക്കാത്ത ഒരു കഥാഭാഗം. രാവണയുദ്ധരംഗം, അതിന്റെ പ്രതിപാദനരീതിയോ എഫ്. ററീ. മാരിനെററിയുടെ തത്വമനുസരിച്ച് മനുഷ്യഞരമ്പുകളെ രക്തംകൊണ്ടു നിറയ്ക്കത്തക്ക വിധത്തിൽ! ഈ കൃതിയാണത്രേ, പ്രസംഗകർത്താവിന്റെ നോട്ടത്തിൽ ഗ്രന്ഥകാരന്റെ അടിമത്തം കാട്ടുന്നതു്!

പ്രബലരാമവൈരിയായ 'ഇന്ദ്രജിത്തി'നെ രാമചരിതകർത്താവ് ഒരു ചുണക്കുട്ടിയായി അവതരിപ്പിക്കുന്നതു് നോക്കുക:—

"വീരൻവാരണതന്തംവണങ്കും-
മേനിതങ്കിനവെള്ളകിറുങ്ങോൻ
ഭൂരണിന്തകൊടിയ്ക്കടയാളം-
ചീരിണങ്കിനചിങ്കമണന്തോൻ,

പോരിലന്തകനാകിലുമഞ്ചി-
പ്പോംതിറംതാകുമിന്തിരചിത്താം
പേരിണങ്കുമിരാവണൻമൈന്തൻ-
പിമ്പുവന്തനിചാചരനയ്യാ"

ഇനിയും, പ്രാചീനകൃതികളിൽ ഈശ്വരൻ ഖിലങ്ങ ടിച്ചു നിൽക്കുന്നവത്രേ! ഈശ്വരനെ ഒരു "കാമക്രീഡാ" യി (സഖാവായി) പ്രാചീനകവികൾ ഗണിച്ചിരിക്കുന്നതി ന് ഒരുദാഹരണം കേൾക്കണ്ടേ? ഉണ്ണുനീലി സന്ദേശ ത്തിൽ സന്ദേശവാഹകനോട്, തൃപ്പൂണിത്തുറ ശിവക്ഷേത്ര ത്തിലെ ശിവനെക്കാണുമ്പോൾ ഇങ്ങനെയൊന്നു ചോദി ക്കണേ എന്ന് നായകൻ അത്ഥിക്കുന്നു:—

"ആനത്തോലോ, കൊടിയവിഷമോ,
വെള്ളമോ, വെള്ളെലിമ്പോ മാനോ,
മീനദ്ധ്വജമകരമാംകണ്ണിലാക്കിൻറ തീയോ,
നീരോവേറേപറകിൽമലമാതിന്നുനിന്മെയ്
കനക്കെ-
ക്കൂറാവാനൊന്റിനിയതത്തുചൊല്ലേത്തു ശീതാംശു
മൗലേ"

എന്താണിതിൻെറ അത്ഥവും ഇതിൽ അന്തർഭവി ച്ചിരിക്കുന്ന അടിമത്ത മനോഭാവവും എന്നല്ലേ? ഒരു

ഭക്തൻ ശിവനോടു ചോദിക്കുകയാണ്. ഒരു സാധാരണ സേവകൻ യജമാനനോട് ഒരിക്കലും ചോദിക്കാൻ ധൈര്യപ്പെടാത്തത്. അല്ലയോ ശ്രീ പരമേശ്വര, അങ്ങയിൽ ഏതൊരു സൗന്ദര്യവിശേഷമോ അലങ്കാരഭംഗിയോ, കണ്ടാണ് ആ പാർവ്വതീ ദേവി ഇത്ര ഇളകിച്ചാടിയതു? ആനത്തോലിന്റെ ഭംഗി കണ്ടോ? വിഷത്തിന്റെ മേന്മ കണ്ടോ? വെള്ളത്തിന്റെ രസികത്വം കണ്ടോ? വെള്ളയെല്ലിന്റെ ഭംഗി കണ്ടോ? കൈയിൽ അമർത്തിയിരിക്കുന്ന മാനിനെക്കണ്ടോ? കണ്ണിലെ തീ കണ്ടോ? ദേഹം നിറയെ ഉള്ള ചാമ്പൽ കണ്ടോ? ഏതൊന്നു കണ്ടാണ് അങ്ങയുടെ ശരീരത്തിൽ പാർവ്വതീ ദേവിക്ക് ഇത്ര വളരെ ഒരു കൊതിയുണ്ടായിക്കാണുന്നത്? ഒന്നു പറയണേ?

ഇമ്മാതിരി സരസമധുരങ്ങളായ ഉക്തിവിശേഷങ്ങളാൽ ഈശ്വരനും മനുഷ്യനും തമ്മിൽ സമത്വം കല്പിക്കുന്ന അനവധി കൃതികളെ സംബന്ധിച്ചാണു മി. ചങ്ങമ്പുഴ കൃഷ്ണപിള്ള പറയുന്നതു്, "ഒന്നുകിൽ ഈശ്വരൻ, അല്ലെങ്കിൽ രാജാവു്, അതുമല്ലെങ്കിൽ പൂർവ്വസൂരികൾ—ചിലപ്പോൾ ഇവരെല്ലാംതന്നെ ഒത്തു ചേർന്നൊരു സംഘമായി—സാഹിത്യകാരന്റെ മുമ്പിലങ്ങനെ വിലങ്ങടിച്ചു നില്ക്കുന്നു" എന്നു്!

"വന്ദിക്കുന്നു ചരാചരത്തെയഖിലം
കാക്കും സുരന്മാരെയെ-
ന്തൊന്നാണായവരാൽ ഫലം? വിധികൃതം
തന്നീടുമവരല്ലയോ?

എന്നാൽ ആ വിധിയെത്തൊഴാം അവന
ശോകകർമ്മാനുഗൻ കർമ്മമെ-
ന്തെന്നാൽ മൽക്കൃതയരുമാക മതിനാൽ
എന്നെബ്ഭജിക്കുന്നു ഞാൻ"

എന്നിങ്ങനെയുള്ള എത്രയെത്ര ആശയങ്ങളുടെ പ്രതിഫലനമാണു് രാമചരിതം തൊട്ടുള്ള ഗ്രന്ഥങ്ങളിൽ കാണുന്നതു്! കണ്ണശ്ശഭാഗവതത്തിൽ ഈശ്വരനെ 'മനുഷ്യകൃതയത്നം' എന്നു പറയുന്ന ഭാഗം നോക്കുക:—

നന്നായ് ശത്രുവുദാസീനൻ ഗുരു
"നാട്ടുകിലീശ്വരനും കർമ്മം താൻ"
ആകയിനാൽ ഇതിനൊരു ദേവതയി-
ല്ലതെമ്പാടു പൂജിക്കപ്പെടുവാനും
മോഹമിതെന്തൊന്നിൽ ചെല്ലിന്റതു്
മുഖ്യമതാം ദേവതയത്രെ താനേ"

(കണ്ണശ്ശഭാഗവതം)

ആദ്ധ്യാത്മരാമായണത്തിലെ,

"ബ്രാഹ്മണോഽഹം നരേന്ദ്രോഽഹമാഢ്യോഽഹമെ
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ,
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞു പോയീടിലാം"

എന്നു ബ്രാഹ്മണ നരേന്ദ്രാദികളെ തൃണവൽ ഗണിക്കുന്ന ഭാഗം മി: കൃഷ്ണപിള്ളയ്ക്കു് അടിമത്ത മനോഭാവം കാട്ടുന്നതായി കലാശിച്ചതു് ഏതു വിധത്തിലോ? ചമ്പൂകർത്താക്കന്മാരോ, ആട്ടക്കഥയെഴുത്തുകാരോ, തുള്ളൽപ്പാട്ടുകാരോ ഈ അടിമത്വ മനോഭാവം ലേശംപോലും ആദരി

കുന്നില്ല എന്നതിലേയ്ക്കു് എത്രയോ എത്രയോ ഉദാഹരണങ്ങൾ കാണിക്കാൻ പ്രയാസമില്ല.

"'രാമചരിതം' മുതൽ ആധുനികകാലത്തെ കൃതികൾ വരെ" എന്നൊരു കാലഘട്ടം മി: കൃഷ്ണപിള്ള സൂചിപ്പിക്കുന്നു. അതായതു് ക്രി. വ: പന്ത്രണ്ടാം ശതവർഷം മുതൽ ഇരുപതാം ശതവർഷത്തിന്റെ ആരംഭംവരെ "ഒന്നുകിൽ ഈശ്വരൻ, അല്ലെങ്കിൽ രാജാവു്, അതുമല്ലെങ്കിൽ പൂർവ്വസൂരികൾ—ചിലപ്പോൾ ഇവരെല്ലാം ഒത്തുചേർന്നൊരു സംഘമായി സാഹിത്യകാരന്റെ മുമ്പിലങ്ങനെ വിലങ്ങടിച്ചു നിൽക്കുന്നു" എന്ന ഈ പ്രസ്താവന മലയാളസാഹിത്യത്തിനു് എന്നതിനേക്കാൾ വളരെ കൃത്യമായി യോജിക്കുന്നതു് യൂറോപ്യൻ സാഹിത്യത്തിന്നാണെന്നേ ഉള്ളൂ. പന്ത്രണ്ടാം ശതവർഷം മുതൽ പത്തൊൻപതാം ശതവർഷം വരെയുള്ള യൂറോപ്യൻ സാഹിത്യം ഏതു ഭാഷ സംബന്ധിച്ചു പരിശോധിച്ചാലും ഇത്തരം ഒരു പ്രത്യേകതയോടുകൂടി കാണുമെന്നു പറയുന്നതു് ഉദാഹരണത്തിന്നു വളരെ വിഷമമുണ്ടാക്കുന്നതല്ല. എന്നാൽ യാതൊന്നും തന്നെ യാതൊരു സാഹിത്യകാരന്റെ മുമ്പിലും "വിലങ്ങടിച്ചു" നിൽക്കാറില്ല. സാഹിത്യകാരൻ എതു കാലത്തും സ്വതന്ത്രനാണു്. ജനസ്വാതന്ത്ര്യം ലേശംപോലും ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽപോലും സാഹിത്യകാരന്മാരും സാഹിത്യവും സ്വതന്ത്രം തന്നെയായിരുന്നു.

"ലങ്കാപതേഃ സങ്കുചിതം യശോയത്
യത്പ്രീതിപാത്രം രഘുരാജപുത്രഃ
തത് സർവ്വമേവാദികവേഃ പ്രഭാവോ
നകോപനീയാ ഹ്യവരൈഃ കവീന്ദ്രാഃ"

ലങ്കേൾപരന്നപ്പുകഴെത്രയുണ്ടും-
ശ്രീരാമനാരാദ്ധ്യതയെത്ര കേമം,
ഇതേതുമാല്യൻ കവിതൻ മിടുക്കാ-
ലല്ലോ കവീന്ദ്രർ നൃപരാലലംഘ്യർ”

എന്ന മനോഭാവമാണു് പ്രാചീനസാഹിത്യം പൊതുവേ രാജാക്കന്മാരെപ്പററി പ്രതിഫലിപ്പിച്ചുപോന്നതു് എന്നു പറയാം. എന്നാൽ മി. കൃഷ്ണപിള്ള പറയുംപോലെ ചില ചില സ്ഥാപനങ്ങൾ സാഹിത്യത്തിൻെറ സർവ്വസ്വാതന്ത്ര്യത്തിനു് വിഘാതകങ്ങളായിരുന്നു എന്നു തന്നെയും സമ്മതിക്കാമെങ്കിലും രാമചരിതം മുതൽ ആധുനികകാലം വരെയുള്ള കൃതികളെല്ലാം ആ തരത്തിൽപെട്ടതാണു് എന്നു തീർത്തു പറയുന്നതു് ആ വക കൃതികൾ സൂക്ഷിച്ചു വായിച്ചിട്ടില്ല എന്നതിൻെറ ഭംഗ്യന്തരേണയുള്ള പ്രഖ്യാപനം മാത്രമാകുന്നു.

ആധുനികകാലത്തെ കൃതികളിലും മി: ചങ്ങമ്പുഴ കൃഷ്ണപിള്ള പറയുംപോലെയുള്ള “കാവിടിപോലെ വളഞ്ഞുപോകുന്ന നട്ടെല്ലോടുകൂടിയ” എത്ര കവിയശഃപ്രാർത്ഥികളുടെ ചാപല്യങ്ങൾ തെളിഞ്ഞുകാണുന്നുണ്ടു്. അദ്ദേഹത്തിന്റെ ആധുനിക കാലഘട്ടം കൊല്ലവർഷം 1050-നു് ശേഷമോ 1070-നു് ശേഷമോ 1100-നു് ശേഷമോ 1110-നു് ശേഷമോ 1120-നു് ശേഷമോ? ഏതുതന്നെയായിരുന്നാലും, എത്രയോ സാഹിത്യകാരന്മാർ കൃതികൾ രചിച്ചു “രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും” പ്രസാദപ്രതീക്ഷയോടും സമർപ്പണാപേക്ഷയോടുംകൂടി നടന്നിട്ടുണ്ടു്, ആധുനിക സൂരിമാർക്കു് കൃതികൾ സമർപ്പിച്ചു് അങ്ങ

നെയൊരു അടിമത്തം പുലർത്തിയിട്ടുണ്ടു് എന്ന കഥ അദ്ദേഹത്തിൻെറ അവലോകനത്തിൽ എത്താത്തതു് ആശ്ചര്യകരമായിരിക്കുന്നു.

"അടിമമനഃസ്ഥിതിയോടുകൂടിയ ഒരു ജനസമുദായമാണു് അയാളുടെ സൃഷ്ടിക്കുത്തരവാദിത്വം വഹിക്കുന്നതെങ്കിൽ, അതിനെ പിന്നേയും അടിയുറപ്പിക്കുവാനല്ല, വേരോടെ പിഴുതെറിഞ്ഞു് സ്വതന്ത്രമായ ഒരു നൂതന സമുദായത്തെ സൃഷ്ടിക്കുവാനാണു് അയാളുടെ സിദ്ധികൾ വിനിയോഗിക്കപ്പെടേണ്ടതു്."

എന്നദ്ദേഹം പറയുന്നു. ശരിതന്നെ. എന്നാൽ അടിമമനഃസ്ഥിതിയോടുകൂടിയ ഒരു ജനസമുദായമല്ല, കേരളഭൂഖണ്ഡത്തിൽ ഉള്ളതു് എന്നു പ്രസംഗകർത്താവു കാണുന്നില്ല. കേരളഭൂഖണ്ഡം, ഒന്നാംലോകമഹായുദ്ധവും രണ്ടാംലോകമഹായുദ്ധവും വരുത്തിക്കൂട്ടിയ അനേകതരം മാററങ്ങളോടുകൂടിയല്ല കാണപ്പെടുന്നതു്. പാശ്ചാത്യപരിഷ്കാരത്തിൻെറ ആവിർഭാവവും, യൂറോപ്യൻ രാജ്യങ്ങളിലെ സംസ്കാരവുമായുള്ള സമ്പർക്കവും എത്രതന്നെ കേരളത്തിൽ കാണ്മാനുണ്ടു് എങ്കിലും കേരളക്കര, ഇംഗ്ലണ്ടോ, ജർമ്മനിയോ, ഫ്രാൻസോ, റഷ്യയോ ആണെന്നു കരുതുന്നതു് ദേശാഭിമാനത്തിന്റെ പരമതീവ്രതകൊണ്ടുപോലും സാധൂകരിക്കപ്പെടാൻ നിർവ്വാഹമില്ലാത്തതാണു്. ഭാരതഭൂഖണ്ഡത്തിലെ പ്രമുഖനഗരികളായ ബാംബേ, കൽക്കട്ട എന്നിവയോടുപോലും കേരളഖണ്ഡവും ഇവിടത്തെ ജനസമുദായവും ഒരു സാദൃശ്യം അർഹിക്കുന്നില്ല. കേരളഭൂഖണ്ഡത്തിൽ അതിപ്രധാനമായ വസ്തുത രാജ്യഭരണം

സംബന്ധിച്ച ജനസ്വാതന്ത്ര്യസ്ഥാപനത്തിന്നുള്ള യത്നമാണു്. ആ നിലയിൽ ബഹുജനങ്ങളുടെ അതൃപ്തി പ്രകാശിക്കുകയും അതിലേയ്ക്കു് പല പരിഹാരമാർഗ്ഗങ്ങളും അവർ സ്വാധീനമാക്കുകയും ചെയ്തു വരുന്നുണ്ടു്. എന്നാൽ 'നൂതനസമുദായസൃഷ്ടി' എന്ന ആ ആശയം വസ്തുമാത്രവാദികളായ പാശ്ചാത്യരുടെ ഒരു അസംതൃപ്തമായ ആശയമാകുന്നു. ഏറിക്കൂടിയാൽ കേരളഭൂഖണ്ഡത്തിൽ സാമ്പത്തികമായ ഒരു സമുൽക്കർഷവും, ഭരണകാര്യ സ്വാതന്ത്ര്യപരമായ ഒരു അഭിലാഷവും പ്രാധാന്യം അർഹിക്കുന്നു. "പഴയസമുദായ"ത്തെ വലിച്ചെറിഞ്ഞു് "പുതിയ സമുദായ"ത്തെ സൃഷ്ടിച്ചു വിടുവാൻ ബഹുജനകയ്യുകൾക്കും എത്ര വിധത്തിലിരിക്കുന്നുവെന്നു് ഇനിയും അറിയേണ്ടതായിട്ടുണ്ടു്. പുതുസമുദായം പുതുസദാചാരത്തേയും, പുതുസദാചാരം പുതുപരിതഃസ്ഥിതി വ്യത്യാസത്തേയും ആവശ്യമാക്കിയിരിക്കും. ആ വിധമാണെങ്കിൽ യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ടു്, ഫ്രാൻസ്, ജർമ്മനി, റഷ്യ എന്നതുടങ്ങിയ ദേശവിദേശങ്ങളിലെ സമുദായമല്ല, ഇവിടെ കാണുന്നതു്. വ്യവസായപ്രസക്തർ നിർമ്മിക്കുന്ന ഉരുക്കുയന്ത്രങ്ങൾ സ്വാധീനമാക്കി അനേകലക്ഷം വേലക്കാരെക്കൊണ്ടു് നിർദ്ദയമായി ജോലി ചെയ്യിച്ചു് കോടീശ്വരന്മാരായിത്തീരുന്ന വമ്പിച്ച മുതലാളന്മാർ ഇംഗ്ലണ്ടു്, ജർമ്മനി, ഫ്രാൻസ്, റഷ്യ എന്നിവിടങ്ങളിൽ ധാരാളം ഉണ്ടായിരുന്നു. അനേകകോടി നിർദ്ധനർ അശരണരായി നിസ്സഹായരായി അവിടങ്ങളിൽ കഴിഞ്ഞുകൂടിയിരുന്നു. ഒന്നാമത്തേയും രണ്ടാമത്തേയും യുദ്ധങ്ങളുടെ ഫലമായി അനേക

ലക്ഷം യുവതിമാർ വിധവ്വകകളായി. അനേകലക്ഷം ജനങ്ങൾ പട്ടിണികൊണ്ടു ചത്തൊടുങ്ങി. അനേകലക്ഷം ഏക്കർ ഭൂമികൾ മാറിമറഞ്ഞു മറവുള്ളവരുടെ കൈവശമായി. അനേക ലക്ഷം ഭവനങ്ങൾ വെന്തുവെണ്ണീറായി. പ്രഭുക്കന്മാർ നിർദ്ധനരും, നിർദ്ധനർ നിർജ്ജീവരും, നിർജ്ജീവർ അനാഥര ഗതി വിഹീനരും ആയി. പ്രഭുകുലാംഗനമാർ വഴിനീളെ യാചകവൃത്തി സ്വീകരിക്കുവാൻ നിർബന്ധിതകളായി. ഈശ്വരവിശ്വാസം, അതികഠിനമായ ഈ അവസ്ഥ നിമിത്തം ഉണ്ടായ നൈരാശ്യത്താൽ നിശ്ശേഷം നശിച്ചു. മിക്കവാറും ഇരുപതാം ശതവർഷത്തിന്റെ ആരംഭത്തിൽ തന്നെ ഇങ്ങനെ വല്ലാതെ കടുത്തവിധത്തിൽ സംഭവിക്കാൻ പോകുന്ന ഒരു അസ്വാസ്ഥ്യത്തിന്റെ ലക്ഷണം യൂറോപ്പിൽ കണ്ടുതുടങ്ങിയിരുന്നു.

കേരളഭൂഖണ്ഡത്തിന്റെ കഥയോ ? പൊതുജനങ്ങളിൽ ഇടത്തരക്കാർക്ക് സുഖക്ഷേമപൂർണ്ണമായ ജീവിതത്തിന് ഇടകൊടുക്കാത്തവിധം സാമ്പത്തികസ്ഥിതികൾ ദുർവ്വഷളായി. രാജ്യഭരണസംബന്ധമായ സ്വാതന്ത്ര്യം പരിപൂർണ്ണമായി ലഭിക്കാതെ പൊതുവേ ഒരു അസ്വാസ്ഥ്യം സംഭവിച്ചു. ഈ രണ്ടു അവസ്ഥാവിശേഷങ്ങളും പരിഹരിക്കപ്പെടേണ്ടതുതന്നെ, എന്നാൽ യൂറോപ്പിലെ പുതുസമുദായ നിർമ്മാണം മുറവിളി മലയാളഭൂഖണ്ഡത്തിനും അനുയോജിക്കത്തക്കവിധം ഇവിടെ സകലതും കീഴ്മേൽ മറിഞ്ഞുപോവോ ?

അഥവാ യൂറോപ്യൻ രാജ്യങ്ങളിൽ പുതുസമുദായ നിർമ്മിതി ഇംഗ്ലണ്ടിനെ സ്പർശിച്ചിട്ടുണ്ടോ ? അവിടെ

കുടുംബബന്ധം, ദേവാലയബന്ധം, രാജ്യകാര്യബന്ധം, സാമ്പത്തികബന്ധം, സാമ്പത്തികഭദ്രത, സാങ്കേതികകലാവൈഭവം എന്നിവ ഓരോന്നിനും പ്രത്യേക സ്ഥാനം നൽകപ്പെട്ടിട്ടുണ്ടു്. രാജശക്തി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. പൊതുജനപ്രാതിനിദ്ധ്യം, പരമാധികാരം സിദ്ധിച്ച മഹാമന്ത്രിസഭകൾ മുഖേന രാജ്യകാര്യത്തെ നിയന്ത്രിക്കുന്നുണ്ടു്. പ്രഭുത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. സാധാരണന്മാർ ഉണ്ടു്. പാവപ്പെട്ട വേലക്കാരും പട്ടിണിക്കാരും എല്ലായിടത്തും എന്നപോലെ ഉണ്ടു്. എന്നാൽ പൊതുവേ ബഹുജനങ്ങൾ കഠിനവിപ്ലവങ്ങളിലേയ്ക്കു കുതിക്കാതിരിക്കത്തക്ക വിധത്തിൽ അവരെ നിയന്ത്രിക്കുവാൻ വേണ്ടപ്പെട്ട എല്ലാ മാർഗ്ഗങ്ങളും കാലോചിതമായി അവലംബിച്ചുവരുന്നു.

റഷ്യയിലാകട്ടെ, അതിപ്രധാനമായി കരുതപ്പെട്ടിരുന്ന രാഷ്ട്രീയലക്ഷ്യങ്ങൾക്കായി കുടുംബബന്ധവും ദേവാലയബന്ധവും തകർക്കപ്പെട്ടു. അടിമത്തത്തിൽപ്പെട്ടു കരകാണാതെ വിഷമിച്ച ജനങ്ങൾ അനേകകാലമായി ആയുധം പിടിച്ചു് പ്രഭുത്വവും രാജാധികാരവും നാമാവശേഷമാക്കി. വസ്തുമാത്രവാദവും നിരീശ്വരമതവും ശക്തിപൂർവ്വം പ്രചരിച്ചു. അന്നോളം അംഗീകരിക്കപ്പെട്ടിരുന്ന സദാചാരബോധം, രാജ്യകാര്യവിപ്ലവങ്ങളുടെ ആവർത്തിച്ചാവർത്തിച്ചുള്ള ആക്രമണങ്ങളാൽ നിശ്ശേഷം നഷ്ടപ്പെട്ടു. പൊതുവേ രാജ്യകാര്യപരമായി സിദ്ധിച്ച സ്വാതന്ത്ര്യത്തോടൊപ്പം സ്ത്രീപുരുഷന്മാർ തമ്മിൽ സർവ്വഥാ സമത്വവും സ്വാതന്ത്ര്യവും പരിപാലിക്കാനുള്ള അഭിവാഞ്ഛ പരന്നെത്തി. ഈ സമത്വം അംഗീകരിക്കപ്പെട്ടു കഴിയുന്നതോടു

കൂടി അതേവരെ 'സദാചാരം' എന്നു കരുതി ആലോചിച്ചുപോന്ന പല ചടങ്ങുകളും നഷ്ടപ്പെട്ടു. സമുദായത്തിൻെറ അടിസ്ഥാനമായ ലിംഗബോധവും മാതൃപിതൃത്വവും ഈ കൂട്ടക്കുഴപ്പത്തിൽപ്പെട്ടൊന്നു ഞെരങ്ങി. സ്ത്രീജനങ്ങളുടെ ചാരിത്ര്യശുദ്ധി ചോദ്യം ചെയ്യപ്പെട്ടു. ആ ചാരിത്രശുദ്ധി പുരുഷൻ അത്രകണ്ടു അംഗീകരിക്കാതെ സ്ത്രീജനങ്ങളിൽ സമത്വസംബന്ധമായ അതൃപ്തി വർദ്ധിച്ചു. സ്ത്രീകൾക്കും പുരുഷന്മാൎക്കും ചാരിത്രശുദ്ധി അത്ര കാര്യമല്ലാതായി.

പാരമ്പര്യത്തിൻെറ പ്രത്യേക അടയാളമായ പുരുഷപ്രാധാന്യം സ്ത്രീജനങ്ങൾ വകവയ്ക്കാതെയായി.

നൂറോ ഇരുനൂറോ മൈൽ മോട്ടാർലോറി ഓടിക്കുകയോ, ആയിരമോ രണ്ടായിരമോ മൈൽ ആകാശവിമാനം ഓടിക്കുകയോ കഴിഞ്ഞെത്തുന്ന ഒരു പുരുഷനും, ആ പ്രവൃത്തിയിൽ ഏൎപ്പെട്ട ഒരു സ്ത്രീക്കും തമ്മിൽ ഉപജീവനമാൎഗ്ഗസ്വീകരണത്തെ സംബന്ധിച്ചു് എന്തു വ്യത്യാസമാണുള്ളതു? ഇരുവരുടേയും ആശയവും ഒരുപോലെയാണെങ്കിൽ ദാമ്പത്യബന്ധം എന്ന ഒററക്കാരണത്താൽ സ്ത്രീക്കു് പാരതന്ത്ര്യവും പുരുഷനു് അധീശത്വവും എങ്ങനെയാണു് കല്പിക്കുന്നതു് എന്നവിധത്തിൽ പുതുചിന്താസരണികൾ ഇവിടെ ആവിർഭവിച്ചു. ഈ ചിന്താവികാസം പരിപൂൎണ്ണത പ്രാപിച്ചു്, റഷ്യയിൽ പരിഷ്കൃതജനസമുദായം ഉൾപ്പെടുന്ന നാഗരികലോകം പുരുഷനൊപ്പം സ്ത്രീക്കും സമത്വം അംഗീകരിക്കുകയുണ്ടായി. മാനസ്സാന്തരഗതിയിൽ മുപ്പതിനുമേൽ നാല്പതിനകം പ്രായമുള്ള അദ്ധ്യാപികമാ

രിൽ മുപ്പത്തിമൂന്നു ശതമാനം ബഹുഭർത്തൃ സ്വീകരണങ്ങളാ രാണ് എന്നും അവർ അനേകം പുരുഷന്മാരുമായി ഇന്ദ്രിയസുഖാനുഭവങ്ങളിൽ മുഴുകുന്നുണ്ട് എന്നും, ജി. ഇൗ. ന്യൂസം എന്ന ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. റഷ്യയിൽ സംഘടിതമായ പൊതുജനാഭിപ്രായം സ്ത്രീസ്വാതന്ത്ര്യത്തെ നിശ്ശേഷം അംഗീകരിക്കുന്നുണ്ട് എങ്കിലും, പാവപ്പെട്ട ബഹുഭർത്തൃസ്വീകരണതല്പരകളെ പുരുഷന്മാർ, വേശ്യാവൃത്തിയിലേർപ്പെടുന്ന 'മുട്ടുശാന്തി'ക്കാരായി ഗണിക്കുന്നുണ്ട് എന്ന് പ്രൊഫസ്സർ ബോൺസ്കിയുടെ അന്വേഷണത്തിൽനിന്ന് വിശദമാകുന്നു. ആൻഡ്രൂ മേരിയസ്സ് എന്ന ഫ്രഞ്ചു ചിന്തകൻ അദ്ദേഹത്തിൻെറ "ജീവിതമാകുന്ന കല" എന്ന ഗ്രന്ഥത്തിൽ റഷ്യൻ വനിതാമനോഭാവത്തെയും പുതുസമുദായനിലയേയും പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു: —

"കഴിഞ്ഞ ഏതാനും വർഷങ്ങളിൽ റഷ്യയിലെ സാമുദായികാചാരങ്ങൾക്കും നടപടികൾക്കും വന്നുചേർന്ന രൂപാന്തരത്തെപ്പററി ഒന്നു മനസ്സിലാക്കുക. മഹാവിപ്ലവത്തിൻെറ ആരംഭഘട്ടത്തിൽ തന്നെ വിവാഹബന്ധത്തെ നിശ്ശേഷം ഒടിച്ചുമത്തുവാനോ, നാമമാത്രകമാക്കുവാനോ, അനേകമനേകം സ്ത്രീപുരുഷന്മാർ അഭിലഷിച്ചു. എന്നാൽ ഇക്കാലത്ത് (1940-ൽ) സ്ത്രീജനങ്ങളുടെ പ്രത്യേക ശ്രമത്തിൻെറ ഫലമായിട്ടുതന്നെ വിവാഹബന്ധത്തിൻെറ സുസ്ഥിരത പുനരുജ്ജീവിതമായി. റഷ്യയിലെ യുവാക്കന്മാരെപ്പററി പറയുന്ന ഒരു ഗ്രന്ഥത്തിൽ വിവാഹജീവിതമാസ്യം കൂടാതെ കഴിയുവാൻ ഉദ്യമിച്ച ചില ചെറുപ്പ

ക്കാരെപ്പററി വായിക്കുവാൻ ഇടയായി. അവരിൽ ഒരു യുവതി അവളുടെ കാമിതാവിന്നു ഇങ്ങനെ ഒരു കത്തെഴുതിയിരിക്കുന്നു:—

"എനിക്കു് എൻെറതെന്നു കരുതാവുന്ന ഒതല്ലു സുഖം,—വളരെ വിപുലമായ തോതിലല്ല. എന്നാൽ നിശ്ശേഷം എനിക്കുമാത്രം അവകാശപ്പെട്ടതാണു് എന്ന ബോധത്തിലുള്ള ഒരു സുഖം—അനുഭവിച്ചാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. ഏതെങ്കിലും ശാന്തമായ ഒരു കോണിൽ താങ്കളോടുകൂടി ഏകാന്തതയിൽ കഴിയുന്നതായി ഞാൻ സങ്കല്പിച്ച സ്വപ്നസുഖത്തിൽ കഴിയുന്നു. ഇതു് മനുഷ്യരുടെ ഒരു ആവശ്യമാണെന്ന കഥ നമ്മുടെ സമുദായം മനസ്സിലാക്കുന്നില്ലല്ലോ!"

യുവതിമാക്കു് ഇപ്രകാരം പ്രത്യേകകുടുംബജീവിതത്തിൻെറ ആവശ്യം തോന്നുന്നതായി പ്രസ്താവിക്കപ്പെടുന്ന റഷ്യയിൽ സ്ത്രീപുരുഷസമത്വം അടിസ്ഥാനമാക്കി സദാചാരബോധവും ജീവിതരീതിയും മാറുകയും ഇങ്ങനെ ഒരു പുതിയ സമുദായം പ്രചാരത്തിലെത്തുകയും ചെയ്യുന്നുണ്ടു്. ഈ ബോധം ഒന്നുകൂടെ വർദ്ധിക്കുമ്പോൾ, സ്ത്രീപുരുഷന്മാരിൽ ആരോഗ്യക്കൂടുതലുള്ളവരെ പ്രത്യേകം തിരഞ്ഞെടുത്തു് 'ഭാര്യ' എന്നും 'ഭത്താവു്' എന്നും ഉള്ള രണ്ടു പുതിയ ഉദ്യോഗങ്ങൾ ഗവണ്മെൻറിൽനിന്നു ഏപ്പെടുത്തുവാനും അതിലേയ്ക്കു് പ്രത്യേക ശമ്പളം നിശ്ചയിക്കുവാനും ഇടയുണ്ടു്. ഭാര്യയുദ്യോഗത്തിലോ ഭത്താവുദ്യോഗത്തിലോ ഏപ്പെടുന്നവരൊഴിച്ചുള്ളവരിൽ ആക്കും ആരോടും യഥേഷ്ടം സ്വഭാവബന്ധങ്ങൾക്കു് ഏപ്പെടാം. സ്ത്രീക്കും പുരുഷനും

സന്താപം തുല്യവുമാകും. വ്യഭിചാരം മുഖേന ഗർഭധാരണം ഏതാനാരാപത്തു യുവതിമാരെ ഭയപ്പെടുത്താതിരിക്കാൻ സയൻസിന്റെ പ്രബലഹസ്തം വേണ്ട സഹായം ചെയ്തു കൊള്ളും. ഈ പുതുസമുദായത്തിന്റെ ഏകദേശമാതൃക അമ്മേരിക്കയിൽ സ്ഥാപിക്കാൻ ആഗ്രഹിച്ചതിന്റെ ഫലം 'ന്യൂ മൊറാലിററി' എന്ന ഗ്രന്ഥത്തിൽ വർണ്ണിച്ചിരിക്കുന്നതു് നോക്കുക:—

"ചെറുപെണ്ണുങ്ങൾക്കു് നരകശിക്ഷയെ ഭയമില്ല. ഗർഭമുണ്ടായിപ്പോകുമോ എന്നു പേടിക്കാനുമില്ല. ലിംഗസുഖാനുഭവങ്ങളിൽ യാതൊരു തതപവും ഇല്ല. തങ്ങളിലെ മർമ്മഭൃതശരീരാംശങ്ങളുടെ പാവനത, സൃഷ്ടിശക്തി എന്നിവ കുടുംബപരിപാലനത്തിനാണു് എന്ന കഥ ലേശം പോലും കരുതാതെ, ഭർത്താവായ പുരുഷനു വേണ്ടി ഹൃദയവും ആത്മാവും പരിശുദ്ധമായി സൂക്ഷിക്കണമെന്ന വസ്തുത തീരെ സാരമാക്കാതെ, പുരുഷനു് ആജീവനം സഹചാരിണിയായി ശിശുസംരക്ഷണത്തിൽ ഏപ്പെടുക എന്ന സ്വധർമ്മത്തെപ്പററി തീരെ ഗണിക്കാതെ, അവർ ശുദ്ധനിഷിദ്ധങ്ങളായ ദുരാചാരത്തിരമാലകളിൽ നീന്തി മറിയുന്നു."

"റഷ്യയിൽ പുതു സദാചാരം നഗരവാസികളെ മാത്രമേ ബാധിക്കുന്നുള്ളു. ജനസംഖ്യയിലെ എൺപതു ശതമാനവും കൃഷീവലരായ കുടുംബസ്നേഹികളാണു്."

സമുദായം കുടുംബജീവിതത്തേയും ആ ജീവിതം സ്ത്രീപുരുഷ ബന്ധത്തേയും, പ്രസ്തുതബന്ധം സദാചാരത്തേയും ആശ്രയിക്കുന്നു. കേരളക്കരയിൽ ഇന്നോളം നിലനിൽക്കുന്ന സദാചാരബോധത്തെ അടിയോടെ തകർക്കത്തക്ക പരി

തുസ്ഥിതികൾ പാശ്ചാത്യദേശങ്ങളിലെന്നപോലെ വന്നുചേർന്നിട്ടില്ല. നാഗരീക ജീവിതത്തിൽ ഏററവും മുന്നണിയിൽ കഴിയുന്നവരിൽപോലും അത്തരം ഒരു ആവശ്യം പരസ്യമായി പ്രസ്താവിക്കപ്പെട്ടമാറു് വന്നുകഴിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു് ഇന്നത്തെ സദാചാരബോധത്തെ പാടേ മാററി മറിച്ചു് മനുഷ്യരെ മൃഗത്വത്തിന്റെയും താഴെ, ഉറുമ്പു് തേനീച്ച എന്നീ നിസ്സാരജീവികളുടെ തോതിൽ കൊണ്ടെത്തിക്കുന്ന പുതുസമുദായനീതികൾ വച്ചുപിടിപ്പിക്കുവാൻ പുരോഗമനസാഹിത്യകാർ നടത്തുന്ന യത്നത്തിന്റെ വകഭേദമായിട്ടുമാത്രമേ 'പുതിയസമുദായം' എന്ന മുറവിളിയെ കണക്കാക്കേണ്ടതുള്ളു.

മറെറാരു വിധത്തിൽ ചിന്തിക്കുമ്പോഴും, സ്വതന്ത്രമായ ഒരു 'നൂതനസമുദായ'ത്തെ കേരളക്കരയിൽ വരുത്തിക്കൊള്ളാമെന്ന തെററിദ്ധാരണ അത്ര ദീർഘമാക്കേണ്ട ആവശ്യമില്ല. ഇവിടത്തെ സമുദായസംഘടന മതവിശ്വാസത്തിൽ പ്രതിഷ്ഠിതമാണു്. നിരീശ്വരവാദവും സ്വമാത്രവ്യവസ്ഥിതിയും നടമാടുന്ന പാശ്ചാത്യദേശങ്ങളിലെ സംഘടനയല്ല. മതവിശ്വാസത്തെ അത്രകാര്യമായി ഗണിക്കാത്തവരോ മതച്ചട്ടങ്ങളിൽ ഉൾപ്പെടാത്തവരോ ആയ ആളുകൾ പോലും ആവശ്യം നേരിടുമ്പോൾ മതത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു വിഭാഗത്തിൽപ്പെട്ടുപോകുന്നു. വടക്കേ ഇൻഡ്യയിലെ സാമുദായികവാദമനോഭാവം കേരളക്കരയിൽ ഇന്നും സജീവമായി വർത്തിക്കുന്നു. ആ ദുശ്ശാഠ്യം മാറേണ്ടതുതന്നേയാണു്. അതായിരിക്കുമോ പ്രസംഗകർത്താവിന്റെ ലക്ഷ്യം? അങ്ങനെ

യാണെങ്കിൽ ആ സാമുദായികബോധത്തിന്നും അടിമതത്വത്തിന്നും തമ്മിൽ ഒരു ബന്ധവും ഇല്ല.

അടുത്ത പ്രതിപാദനം മെ: എം. പി. പോൾ, ജോസഫ് മുണ്ടശ്ശേരി എന്നിവരുടെ ഒരു വിചിത്രാഭിപ്രായത്തിന്റെ ആവർത്തനമാണ്:—

"രാജാക്കന്മാരും പ്രഭുക്കളും സമുദായത്തിലെ ഉയൎന്ന പടികളിൽ വൎത്തിക്കുന്ന ചുരുക്കം ചില വ്യക്തികളും മാത്രം ഭദ്രമായി കാത്തുസൂക്ഷിച്ചു കൈകാൎയ്യം ചെയ്തുപോന്ന ഒരു സ്വത്തായിരുന്നു, നമ്മുടെ സാഹിത്യം."

ഈ വാചകം കേൾക്കുമ്പോൾ പുരോഗമനസാഹിത്യകാരന്മാരെപ്പോലെ ഇങ്ങനെ കുറെ സൎവ്വസംഗപരിത്യാഗികൾ മലയാളസാഹിത്യത്തെ രക്ഷിക്കാൻ പുറപ്പെട്ട കഥ ആരും മനസ്സിലാക്കും! മി: ചങ്ങമ്പുഴ കൃഷ്ണപിള്ള തന്നെ ആണെന്നിനാൽ ഒരു ഹൈക്കോടതി ജഡ്ജിയുടെ ആദായമുള്ള ആളാണെന്ന് പ്രാമാണികതയിൽ അത്തരം കാൎയ്യങ്ങളെപ്പറ്റി പ്രസ്താവിക്കുവാൻ ധാരാളം പരിചയം സിദ്ധിച്ചിട്ടുള്ള സാഹിത്യകാരനായ മി: ഇ. എം. കോവൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ സാഹിത്യം പണ്ട് രാജാക്കന്മാരും പ്രഭുക്കന്മാരും ഉയൎന്ന വ്യക്തികളും കൈവശം വെച്ചുപോന്നിരുന്നുവെങ്കിൽ ആ നിലയ്ക്ക് ഇന്നും ലേശംപോലും വ്യത്യാസം ഉണ്ടായിട്ടില്ല എന്നുതന്നെ നിസ്സംശയം സ്ഥാപിക്കാം. വമ്പിച്ച മുതലാളന്മാരുടെ നിരന്തര സഹായത്താൽ അല്ലാതെ പുരോഗമനസാഹിത്യഗ്രന്ഥങ്ങൾപോലും കേരളീയാന്തരിക്ഷത്തിൽ എത്തിനോക്കിയിട്ടില്ല. വസ്തുത

ഇങ്ങനെയിരിക്കെ വല്ല യൂറോപ്യൻ പ്രതിപാദനങ്ങളും കണ്ടു് കേരളഭൂമി ഇംഗ്ലണ്ടോ റഷ്യയോ ആണെന്നുള്ള തെറ്റിദ്ധാരണയിൽ മുഴുകി ആത്മാൎത്ഥതയില്ലാതെ ഇത്തരം പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതുകൊണ്ടു യാതൊരു കഥയും ഇല്ല.

"നമ്മുടെ ഭാഷയിൽ കവിത എന്നാൽ പാണ്ഡിത്യത്തിന്റെ ഗോദാവിൽ യമകാലങ്കാരങ്ങളുടെ ഗുസ്തിപിടിത്തം എന്നായിരുന്നു, അൎത്ഥം" അത്രേ. ഈ വാചകം ഒരന്യ ഭാഷയിലേക്കു് വിവൎത്തനം ചെയ്യുന്നുവെന്നു വിചാരിക്കുക. ഈ പ്രസ്താവനയിൽപ്പരം അബദ്ധമായ മറെറാരു പ്രതിപാദനം ഉണ്ടോ ? യമകാലങ്കാരം, രാമചന്ദ്രവിലാസം, രുഗ്മാംഗദചരിതം, ഉമാകേരളം എന്നു മൂന്നേ മൂന്നു മഹാകാവ്യങ്ങളിൽ ഓരോ സൎഗ്ഗത്തിൽ സംസ്കൃതരീതിയനുസരിച്ചു് കവികൾ സ്വീകരിക്കുകയുണ്ടായിട്ടുണ്ടു്. അല്ലാ കൂടാതെ ചില ഒററ ശ്ലോകങ്ങളിലും വിനോദപരമായ ഒരു ശബ്ദാലങ്കാരം എന്ന നിലയിൽ അപൂൎവ്വമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. അല്ലാതെ, "നമ്മുടെ ഭാഷയിൽ കവിത എന്നാൽ പാണ്ഡിത്യത്തിന്റെ ഗോദാവിൽ യമകാലങ്കാരങ്ങളുടെ ഗുസ്തിപിടിത്തം . എന്നായിരുന്നു" പോലും ! ഇതേ മാന്യൻ തന്നെ ഇതേ പ്രസംഗത്തിൽ മറെറാരു ഭാഗത്തു പ്രസ്താവിക്കുന്നതും കൂടെ നോക്കുമ്പോളാണു് പൂൎവാപരവിരുദ്ധമായി എന്തു പറയുന്നതിനും മടിക്കാത്ത സാഹിത്യകുക്ഷികളാണെന്നു സംശയരഹിതമായി വിളിച്ചു ചൊല്ലുവാൻ ഇടയാകുന്നതു്. നോക്കുക :—

"നമ്മുടെ ഭാഷയുടേയും സാഹിത്യത്തിന്റേയും പരിണാമഗതി പരിശോധിക്കുന്ന പക്ഷം, ഓരോ പടിയിലും

ആന്തരികമായ ചൈതന്യത്തിന്റെ പാദമുദ്രകൾ പതിഞ്ഞിട്ടുള്ളതായും, കാലികമായ പ്രേരണകളിൽ നിന്നും അഭിനവമായ വികാസസൗഭാഗ്യം അതിനു കൈവന്നിട്ടുള്ളതായും വെളിപ്പെടുന്നതാണ്."

കേരള ഭാഷാസാഹിത്യത്തെ ഈ വിധം നിഷ്പക്ഷപാതമായ വിധത്തിൽ പരിശോധിക്കുവാൻ സന്നദ്ധതയുള്ള മാന്യന്മാർ കരുതിക്കൂട്ടി ആ സാഹിത്യത്തിന്റെ അവഹേളനത്തിന്നു ആവർത്തിച്ച് ഇടവരുത്തിയ ആ സാഹിത്യസംഘടനയുടെ മിടുക്ക് വരുത്തിവച്ച കുടുക്ക് ആശ്ചര്യകരം തന്നെ !

"ഞാൻ ഒരിക്കലും പ്രാചീന കവികളുടേയോ, കവിതകളുടേയോ ശത്രുവല്ല." എന്നു പ്രസംഗകർത്താവ് പ്രഖ്യാപനം ചെയ്യുന്നു. ഇതേ മാന്യൻ തന്നേയാണ്,

"നമ്മുടെ എണ്ണപ്പെട്ട പ്രാചീന കവികളിൽ സംസ്കൃതത്തിലുള്ള അതിരു കവിഞ്ഞ ഭ്രമംമൂലം അനുകരണത്തിനോ വിവർത്തനത്തിനോ അല്ലാതെ, തങ്ങളുടെ കഴിവുകളെ സ്വതന്ത്രമാർഗ്ഗങ്ങളിൽ പ്രവർത്തിപ്പിച്ച് വിജയം നേടിയിട്ടുള്ളവർ എത്രപേരുണ്ട്" എന്നു ചോദിക്കുന്നതും.

ഈ വാചകംതന്നെ അല്പമൊന്നു മാററി "നമ്മുടെ" ആധുനിക സാഹിത്യകാരന്മാരിൽ യൂറോപ്യൻ സാഹിത്യത്തിലുള്ള "അതിരു കവിഞ്ഞ ഭ്രമംമൂലം അനുകരണത്തിനോ വിവർത്തനത്തിനോ അല്ലാതെ, തങ്ങളുടെ കഴിവുകളെ സ്വതന്ത്രമാർഗ്ഗങ്ങളിൽ പ്രവർത്തിപ്പിച്ച് വിജയം നേടിയിട്ടുള്ളവർ എത്ര പേരുണ്ട് ?"

എന്നൊരു ചോദ്യംകൂടെ മറെറാരാളിനു ചോദിക്കാൻ ഒരു ശകലം അനുവാദം കൊടുക്കുവാൻ പുരോഗമനസാഹിത്യകാരന്മാക്ക് ദയവുണ്ടാകുമോ? അപ്രകാരം ഒരു ദയവ് ഉണ്ടാകുന്ന പക്ഷം, 'കൊട്ടുംകാററു്' (കവിത) വിപ്ലവത്തിൻെറ വിളി, നാളെ, 'കീറവിൻ സ്മൃതികളെ' 'ചെങ്കതിരുകൾ' 'ആസന്നവിപ്ലവം' 'രക്തപുഷ്പങ്ങൾ' 'കടത്തുവഞ്ചി' 'സമത്വവാദി' 'പ്രേതങ്ങൾ' 'പൊലിഞ്ഞദീപം' 'കാമുകൻ' 'പാട്ടബാക്കി' 'രക്തപാനം' 'തൂക്കുമറിയിൽ' 'പൊലിഞ്ഞദീപം' 'ഭഗ്നഭവനം' 'ചുവപ്പും കറുപ്പും' 'കുററവും ശിക്ഷയും' 'നാടൻ പ്രേമം' 'പ്രേമശിക്ഷ' 'അടിയൊഴുക്കുകൾ' 'ഓടയിൽനിന്നു' 'പ്രേമഭാജനം' മുതലായി ഗദ്യപദ്യാത്മകങ്ങളായ അനവധി മലയാള സാഹിത്യകൃതികൾ എന്ന് അഭിമാനിക്കപ്പെടുന്ന ഗ്രന്ഥങ്ങളുടെ ചുവട് എവിടെയാണെന്ന വസ്തുത മി: കൃഷ്ണപിള്ളയ്ക്ക് അറിഞ്ഞുകൂടാതെയാണോ? അദ്ദേഹത്തിന്റെ വാചകം തന്നെ ഒന്നു കടം വാങ്ങട്ടെ, "അന്ധമായ അനുകരണഭ്രമം മാത്രമല്ലേ, ഇതിനടിസ്ഥാനം?"

മലയാള കവികൾ ആസകലം സംസ്കൃതസാഹിത്യകാരന്മാരുടെ പൃഷ്ഠാവലംബികളാണു് എന്നു കാണിക്കുവാൻ പ്രസംഗകത്താവു് സന്ദേശകാവ്യപ്രസ്ഥാനത്തിലേക്കു കണ്ണോടിക്കുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നു:—

കാളിദാസൻെറ മേഘദൂതം മലയാളികളുടെ മാത്രം പൊതു സ്വത്തല്ലല്ലോ. എന്നാൽ അതിനെ അനുകരിച്ചുകൊണ്ടു്— അല്ല, അതിൻെറ ചട്ടക്കൂടിനെ അനുകരിച്ചുകൊണ്ടു്—ധ്വസൻ കണക്കിലുള്ള പീറക്കവിതകൾ—ചോരയും നീരും വററി രോമം കൊഴിഞ്ഞു് എല്ലുന്തിയ

നാൽക്കാലികൾ "മറെറാരു ഭാഷയിലും ഇല്ല" എന്നാട്ടേഹം പറയുന്നു. ഇതിലേക്കു കാരണം താഴെപ്പറയുന്നു:—

"കാളിദാസകൃതിയുടെ കമനീയമായ ആ ബാഹ്യരൂപത്തിൽ കണ്ണഞ്ചിയതല്ലാതെ, അതിന്റെ ആത്മസത്തയുമായി താദാത്മ്യം പ്രാപിക്കുവാൻ അനുകരണത്തിനായി ചാടിപ്പുറപ്പെട്ട കവിമാനികളിൽ ഒരാൾക്കെങ്കിലും സാധിച്ചിട്ടുണ്ടോ?"

എന്നാണു് ചോദ്യം!

മേഘസന്ദേശത്തിന്റെ ബാഹ്യരൂപം, ആത്മസത്ത, താദാത്മ്യപ്രാപണമഹോദ്യമം എന്നിങ്ങനെ. മൂന്നു കാര്യങ്ങൾ എടുത്തുപറഞ്ഞു് ഈ മൂന്നംശങ്ങളിലും മലയാളസന്ദേശകാവ്യകർത്താക്കന്മാർ തോററുതുല്ലിട്ടു് തുന്നംപാടി മൂക്കുകുത്തു് മൂലയിൽ പതുങ്ങിക്കഴിയുന്നുവെന്നാണു് പ്രസംഗകർത്താവിന്റെ ബോധം. പുരോഗമനസാഹിത്യപക്ഷപാതിയായ മി: ജീ. ശങ്കരക്കുറുപ്പും ഈ അനുകരണഏടാകൂടത്തിൽ ചാടിപ്പോയ കഥ മി: കൃഷ്ണപിള്ളയ്ക്കു നല്ലപോലെ അറിയാം. അനുകരണത്തിനായി ചാടിപ്പുറപ്പെട്ട കവിമാനികളിൽ ഒരാൾക്കെങ്കിലും സാധിച്ചിട്ടുണ്ടോ എന്നു ചോദിക്കുമ്പോൾ, പ്രസംഗകർത്താവിന്റെ സ്വരപ്രൗഢിയൊന്നു കേട്ടാൽ ആ വക നാൽക്കാലികൾ "ചോരയും നീരും വററിയാലും എല്ലുന്തി"യാലും ഉടനേ കുറുപൊട്ടിക്കാൻ ഒന്നു് ആയംപിടിക്കുമായിരിക്കാം!

കാളിദാസമഹാകവിയുടെ മേഘസന്ദേശത്തിന്റെ വീരാഭിനന്ദകനായ ഈ പുരാതന കാവ്യസൗന്ദര്യാസ്വാദനസമ്പന്നനെ ബോദ്ധ്യപ്പെടുത്തുമാറു് എന്തെങ്കിലും

ഒന്നു പറയുന്ന കാര്യവും പ്രയാസംതന്നെ. പക്ഷേ അദ്ദേഹം മേഘസന്ദേശത്തിന്നു് ആർ. വീ. കൃഷ്ണമാചാര്യർ എന്ന പണ്ഡിതരത്നം രചിച്ച വിമർശനം സംസ്കൃതത്തിലെ സഹൃദയാ മാസികഗ്രന്ഥം മുഖേന വായിച്ചിരിക്കാം. അഥവാ വിദ്യാരണ്യസരസ്വതി രചിച്ച മേഘസന്ദേശവ്യാഖ്യാനത്തിൽ മുങ്ങിപ്പൊങ്ങി വിഹരിച്ചിരിക്കാം. ഏതായാലും, എന്തായാലും, സന്ദേശകാവ്യരചന കാളിദാസക്കു് അട്ടിപ്പേറവകാശമായി കിട്ടിപ്പോയി എന്നോ അതു് കേരളീയ കവികൾക്കു് അസാദ്ധ്യമായി തീർന്നുവെന്നോ തീർത്തുപറയാൻ നിവൃത്തിയില്ല. മേഘസന്ദേശത്തിൻെറ 'ചട്ടക്കൂട്ടി'നെ മാത്രമല്ല, ആത്മസത്തയേയും, താദാത്മ്യത്തേയും ആത്മസത്തയുടെ താദാത്മ്യസംബന്ധാവച്ഛേദത്തേയും തകത്തുവിലസുന്ന ഒരു മലയാളകൃതിയാകുന്നു, ഉണ്ണുനീലിസന്ദേശം. കാളിദാസൻെറ ചട്ടക്കൂട്ടിനെ അനുകരിക്കുകയല്ല, 'മേഘസന്ദേശം' എന്ന നാമകരണത്തിലുള്ള ഔചിത്യത്തെപ്പോലും ചോദ്യംചെയ്തുകൊണ്ടാണു് ഉണ്ണുനീലിസന്ദേശത്തിൻെറ പുറപ്പാടു്. കാളിദാസനെ അനുകരിച്ചാണെങ്കിൽ പ്രസ്തുതകൃതിക്കു് 'ആദിത്യവമ്മസന്ദേശം' എന്നാണു് പേരിടേണ്ടിയിരുന്നതു്.

ഉണ്ണുനീലിസന്ദേശത്തെപ്പററി അഭിനന്ദനത്തിനുമുതിന്ന പണ്ഡിതന്മാരിൽ ഭൂരിപക്ഷവും, ആ കൃതിയുടെ രചനാകാലം, കത്താവു് എന്നിത്യാദികൾ തീച്ചപ്പെടുത്തുന്നതിലേയ്ക്കു് തങ്ങളുടെ പാണ്ഡിത്യഭാണ്ഡങ്ങൾ അഴിച്ചുവിതറിയതല്ലാതെ ആ കാവ്യത്തിൻെറ മാഹാത്മ്യം മലയാളത്തിൽ വേണ്ടുവോളം സ്ഥാപിച്ചിട്ടില്ല. തമിഴു്, മല്ല

യാളം, സംസ്കൃതം എന്നീ മൂന്നു ഭാഷകളിലേയും പദങ്ങൾക്ക് തുല്യപ്രാധാന്യം നൽകി പദപ്രയോഗസംബന്ധമായി, വൈയാകരണഖസൂചികളെപ്പോലും "അകലേ" എന്ന് അനുശാസിക്കുന്നവിധമുള്ള ഭാഷ സാധാരണ വായനക്കാരേയും ബഹുദൂരം അകററിനിറുത്തുന്നു. കാവ്യത്തിൽ ആദ്യന്തം ഉള്ള ഈ പദപ്രയോഗവൈചിത്ര്യത്താൽ പട്ടുനൂലും ചണമ്പുനാരും പൊൻച്ചക്കയറും ചന്ദ്രരശ്മിയും ഉപയോഗിച്ച് 'മിഡ്സമ്മർനൈററ്സ്ഡ്രീം' എന്ന ഷേക്സ്പീയർ കൃതി രചിച്ചതായി പ്രൊഫസ്സർ ഡൌഡൻ പ്രസ്താവിച്ചതുപോലെയുള്ള ഒരു വൈചിത്ര്യം ഈ കൃതിയിലും കല്പിക്കാവുന്നതാണ്. എന്നാൽ ആ നാടകത്തിലാകട്ടെ കഥാപാത്രവൈചിത്ര്യമാണ് എന്നൊരു വ്യത്യാസമേ ഉള്ളൂ. കാളിദാസൻെറ മേഘസന്ദേശത്തെ ബാഹ്യമായും ആഭ്യന്തരമായും ഗണ്യമായും സൂക്ഷ്മമായും അനുകരിച്ചോ, അപഹസിച്ചോ, അനുരണനത്തിന്നു വിധേയമാക്കിയോ രചിച്ചിട്ടുള്ള ഈ കൃതിയുമായി തീരെ പരിചയം സിദ്ധിക്കാതെ, മററുള്ളവർ പറഞ്ഞുകേട്ട വാചകങ്ങളും വിളമ്പിക്കൊണ്ടാണ് പ്രസംഗകർത്താവ് അദ്ദേഹത്തിന്റെ തീവ്രമായ ആക്ഷേപരസം മുഴക്കുന്നതു്.

കാളിദാസകൃതിയുടെ കമനീയമായ ആ ബാഹ്യരൂപം, ആത്മസത്ത എന്നിവ ഏതെന്നും മററുമുള്ള പ്രശ്നങ്ങളും വിവരണങ്ങളും സൂക്ഷ്മമായി ചിന്തിക്കുന്നപക്ഷം അതിലേക്കുതന്നെ ഒരു ഗ്രന്ഥത്തിൻെറ ആവശ്യം നേരിട്ടേക്കും. മേഘസന്ദേശം ഭൂമിശാസ്ത്രപരമായ ഒററ വിശേഷാൽ പ്രാധാന്യമേ അർഹിക്കുന്നുള്ളൂ. ഉണ്ണുനീലിസന്ദേ

ശം ചരിത്രപരവും ഭൂമിശാസ്ത്രപരവുമായി പ്രധാനമാണ്. ആശയപ്രകാശനത്തിൽ, അഥവാ സാഹിത്യരസത്തിൽ ഉണ്ണുനീലി സന്ദേശം കാളിദാസകൃതിയുടെ അനുകരണം എന്ന നിലയ്ക്കും എത്രയോ ഉപരിയായി നിലകൊള്ളുന്നു. ഒററ ഉദാഹരണം മാത്രം പ്രസ്താവിക്കാം. മേഘസന്ദേശത്തിൽ യക്ഷാങ്ഗനയുടെ ഭവനസമീപത്തുള്ള ഹസ്തപ്രാപ്യസ്തബകനമിതോബാലമന്ദാരവൃക്ഷം എങ്ങനെ, ഉണ്ണുനീലിസന്ദേശത്തിലെ,

"തേന്മാവോലുംപനസനികരം
തെങ്ങോരോൻറിന്നുനന്നാ-
ലന്നാലിന്നു ക്രമുകമിടയിൽ
പ്പാകി മുമ്മൂൻറുനീളേ,
ഒൻറിന്നൊാൻറും വളർ കദളിയും
ചിങ്ങനും നൽക്കരിമ്പും
കാകൊണ്ടീട്ടും വഴുതിനകളും
മന്ദിരേ മൽപ്രിയായാഃ"

എന്ന ബഹുസസ്യസമൃദ്ധമായ ആരാമസംഭാവം എങ്ങനെ! രണ്ടു കൃതികളിലേയും കഥാവതരണരീതി, നായകശോകാനുഭവം, സന്ദേശവാഹകദർശനം, സന്ദേശവാഹകാവർജ്ജനരീതി, സന്ദേശകഥനാരംഭം, മാർഗ്ഗവർണ്ണനം, നായികാനഗരീവർണ്ണനം, നായികാവർണ്ണനം, സന്ദേശഭാഗം എന്നിവ കേവലം ഭിന്നങ്ങളും മലയാളകവി പക്ഷത്തിൽ കൂടുതൽ ഔചിത്യബോധം പ്രകാശിപ്പിക്കുന്നവയും ആകുന്നു. വിസ്തരഭയത്താൽ ചുരുക്കുക അല്ലാതെ മാർഗ്ഗമില്ല. മേഘസന്ദേശത്തിൽ കാളിദാസൻെറ കാവ്യപ്പുട്ടക്കൂട്ടിൽ

ഇല്ലാത്ത അനവധി അംശങ്ങൾ ഉണ്ണുനീലി സന്ദേശത്തിൽ കാണുന്നതു് എങ്ങനെ വിസ്മർത്തവ്യമാകുന്നു.

“ഗണ്ഡാദർശം മുരുവിലരിയും കൊങ്കയാം ചെപ്പുമൊപ്പം
കൈക്കൊണ്ടക്കുങ്കുമതിലകമാം നൽവിളക്കും ദധാന”
യായ തോഴിയുടെ എതിരേല്പു്,

“ശയ്യോപാന്തേ സലളിതമിരുന്നുണ്ണുനീലീവിരുത്തി-
ക്കപ്രാകാരേ നിജകരതലേ കാന്തതൻ കൈയ്യുമേന്തി,
അത്യാമോദാൽപ്പുളകമിളകിക്കൊങ്കമേൽ പൊങ്ങുമാറ-
ങ്ങസ്മദ്വാർത്താമവളൊടറിയിപ്പിക്കനീ ചെന്നുപിന്നെ”

എന്നുമുള്ള അതിസ്വാതന്ത്ര്യമായ കരണീയപ്രതിപാദനരീതി എന്നു വേണ്ട ആപാദചൂഡം രണ്ടു കാവ്യങ്ങളും ഭിന്നമാർഗ്ഗാവലംബികളാണു്. കവിതാസ്വാദനം സംബന്ധിച്ചാണെങ്കിൽ

“തണ്ടാർമാതാണ്ടഴകുപൊഴിയും-
മിക്കമൊണ്ടയ്ക്കൽ മേവും
വണ്ടാർ കോലക്കുഴലികൾ ശിഖാ,-
മുണ്ണുനീലീമുദാരാം,
കൊണ്ടാടിക്കൊണ്ടരുണമണി വാ-
ക്കൊണ്ടു കൊണ്ടാത്തരാഗം
പണ്ടേപ്പോലെ പരമനുഭവം
കോപികാമീജഗാമ” എന്നോ,

“കന്ദസ്മേരാനനമതിമുദാ
രുഗ്മിണീ കൊങ്കയിന്മേൽ
നന്ദിച്ചീടും നരകമഥനം
നന്ദഗോപസ്യ സൂനും,

മന്ദം മന്ദം മധുരമധുരം-
വേണുമാക്രൂജയന്തം
വന്ദിക്കേണ്ടും വരഗുണനിധേ
വൽക്കലത്തമ്പിരാനെ'' എന്നോ,

''പൂന്തേൻവെല്ലും മധുരവചനം
ചന്ദ്രികാ മന്ദഹാസം
കാന്താദന്താവലി, മരതകാ-
ദശ്ലീലൗ കപോലൗ

കണ്ണാന്തം നീണ്ടിനിയമറിമാൻ
നോക്കു വെൽവൊൻറ നേത്രം
കണ്ണൗപൂമാതഴകൊട്ടുകളിപ്പോരു
പെണ്ണെന്നുയലല്ലോ,''

''കററക്കാർ മൽക്കുഴലികളൊരോ
രാഗഭേദം പുണർത്തി-
ട്ടിററിറേറാലും മധുരസമയം
ചിന്തുപാട്ടും ദശായാം,

മുററം തോറും കിളികളതിനെ-
ക്കേട്ടിരുന്നക്കണക്കേ
മുററും പാടിന്റെടമയിസഖേ
മററമങ്ങേത്തുപിന്നെ''

''അപ്പൂമാതിന്നൊരു സഹചരി,-
മണ്ണനാമൗലിമാലാ-
മിപ്പാർ മേലുള്ള മൃതസരസീ-
മിക്ഷുചാപസ്യ കീർത്തിം

കർപ്പൂരാളീ മിന്നിയനയനം-
ങ്ങൾക്കു് കാണുമം നരാണാം
മൽപ്രേമത്തിൽ വിളകഴനിയാം
മാനിനീം കാൺക പിന്നെ" എന്നോ,

ഉള്ള ഇരുന്നൂററി മുപ്പതിൽപ്പരം പദ്യങ്ങൾ, "ചോരയും നീരും വററി, രോമം കൊഴിഞ്ഞു് എല്ലുന്തിയ നാൽക്കാലിക"ളായിക്കണ്ട ഈ 'സാഹിത്യ' വെറ്ററിനരി സർജ്ജനോട്ടു് എന്താണു പറയേണ്ടതെന്നു രൂപമില്ല.!

ഒരു കാര്യം തീർച്ചയാണു്. കാളിദാസന്റെ മേഘസന്ദേശത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതോടെ മി: കൃഷ്ണപിള്ള പുരാതനസാഹിത്യ സൌധത്തിന്റെ അടിത്തറ ദർശിക്കുകയുണ്ടായി എന്നു പറയാം. അദ്ദേഹം പറയുന്നു:—

"ഉറപ്പും ഭംഗിയും ഉള്ള ഒരു സാഹിത്യസൗധം മണ്ണടിഞ്ഞ മഹാശയന്മാർ നമ്മുടെ സ്വച്ഛന്ദവിഹാരത്തിനായി നമുക്കു് വിട്ടുതന്നിട്ടുണ്ടു്. എന്നും,

"ചൂടുപിടിച്ച വികാരങ്ങളുടെ തള്ളിച്ചയിൽ വെളിവു കെട്ടു്,......അതിൻെറ അടിത്തറ കുളംകോരണമെന്നു് നിങ്ങൾ ആക്രോശിക്കരുതേ"

എന്നും ആണു് അദ്ദേഹത്തിൻെറ ഉപദേശം. ഒരു പ്രത്യേകതയും കൂടെ കാണുന്നു. ഈ ഉപദേശം ആദ്യം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കേണ്ടതും അദ്ദേഹം തന്നേയായിരിക്കും!

"മഹാകവി കുമാരൻ ആശാൻെറ കാലത്തിനു മുമ്പുവരെ, കേവലം വിനോദത്തിനോ പാണ്ഡിത്യപ്രകടന

ത്തിനോ ഉള്ള ഒരു ഉപകരണമെന്നതിൽ കവിഞ്ഞു് നമ്മുടെ സാഹിത്യത്തിന്ന് സൃഷ്ടിപരമായി എന്തു മേന്മയാണുണ്ടായിരുന്നതു് ?" എന്ന് 'കടകണ്ണും ചുവത്തിക്കൊണ്ടു' ചോദിച്ച അതേ മാന്യൻ തന്നെയാണ്,

"അടിയുറച്ച ആ അസ്ഥിവാരത്തിന്മേൽ നിങ്ങളുടെ മൺവെട്ടികൊണ്ടു് ആവുന്നിടത്തോളം ആഞ്ഞുതന്നെ ഒന്നു വെട്ടിനോക്കൂ. അതിന്റെ വായ്ത്തല മടങ്ങുകയും നിങ്ങളുടെ കൈ ഉളുങ്ങുകയും അല്ലാതെ, ഒരു മൺ തരികപോലും ക്ഷതമേൽക്കുമെന്ന് നിങ്ങൾ കരുതേണ്ട" എന്നും നിരാശാഭരിതനായി, പ്രാചീന സാഹിത്യ പക്ഷപാതിയായി വേഷം മാറുന്നതു്! ഈ പരസ്പരവിഭിന്നത "ആപാതമധുര"വും "ആലോചനാമൃത"വും ആയിരിക്കുന്നു!!

ഈ പരസ്പരവിഭിന്നത അവിടംകൊണ്ടു നിൽക്കുന്നില്ല. ഭംഗിയുള്ള കണ്ണാടിച്ചില്ലുകൾ കൈവശമുള്ളവ പുരോഗമനസാഹിത്യകാരന്മാർ മുൻപറയപ്പെട്ട സാഹിത്യസൗധത്തിൽ വച്ചുപിടിപ്പിക്കണമെന്നു പറഞ്ഞിട്ടു് വീണ്ടും ഒരു പുരാതനസാഹിത്യ നിന്ദനം! സാഹിത്യകാരവധോദ്ഘോഷണം! അദ്ദേഹം പ്രതിപക്ഷക്കാരുടെ അഭിപ്രായത്തെ അലങ്കാരരീതിയിൽ ഇങ്ങനെ പ്രതിഫലിപ്പിക്കുന്നു:—

"അരുതു്. അവയൊന്നും അവിടെ പിടിപ്പിക്കരുതു്. തൊട്ടാൽ പൊട്ടുന്ന കണ്ണാടിച്ചില്ലുകൾ, നമുക്കവ ആവശ്യമില്ല. അവ പലതും പ്രതിഫലിപ്പിക്കുന്നു. നമ്മുടെ കൈവശം എത്രയോ കരിങ്കല്ലുകളുണ്ടു്. മണ്ണിനടിയിൽനിന്നും ഇനി എത്രയോ കുഴിച്ചെടുക്കാനിരിക്കുന്നു!" എന്നിങ്ങനെ, അന്തായയത്തു്, പുരോഗമനസാഹിത്യപരിഷ്കാരം ആവശ്യ

മില്ലെന്നു് ഒരുവക സങ്കുചിതബുദ്ധികളായ യാഥാസ്ഥിതി കന്മാർ കരുതുന്നുവത്രേ!

പ്രസങ്ഗകർത്താവു ചോദിക്കുന്നു:—

"കഷ്ടം! ആ അത്യാക്രോശങ്ങളുടെ ഉത്ഭവസ്ഥാനങ്ങൾക്കു് എവിടെനിന്നു കിട്ടി ഈ മേൽക്കോയ്മ?"

യഥാർത്ഥത്തിൽ കേരളഭൂഖണ്ഡത്തിൽ പുരോഗമന സാഹിത്യരൂപത്തിലുള്ള പരിഷ്കാരത്തെ എതിർക്കത്തക്ക വിധം യാഥാസ്ഥിതികത്വത്തോടു് ആർക്കും പ്രതിപത്തിയില്ല. പ്രയോജനമുള്ള ഏതൊരു പരിഷ്കാരവും ഏതു സാഹിത്യാഭിമാനിയും സ്വീകരിക്കും എന്നാൽ യാതൊരു കഥയുമില്ലാതെ, ഇതേവരെയുള്ള സാഹിത്യകാരന്മാരെല്ലാം തിരുമണ്ടന്മാരായിരുന്നുവെന്നും ഇതാ ഇനിമാത്രമാണു് സാഹിത്യം എന്നാൽ ഇന്നതെന്നു കേരളക്കരെ മനസ്സിലാക്കാൻ പോകുന്നതു് എന്നും മററും അഹങ്കാരദ്യോതകമായ പുതുമപ്പെരുമ്പറ അടിച്ചുവരുന്ന പുരോഗമനമിരട്ടുകാരും, ഭാവിസംവിധാനപ്പിത്തലാട്ടക്കാരും തങ്ങളുടെ വിലയേറിയ ചരക്കുകൾ എപ്പേരും വിററഴിക്കുവാനുള്ള ഒരു ചന്തയാണു് കേരളക്കരയെന്നു കരുതാതിരിക്കുമെങ്കിൽ ധാരാളം മതിയാകും. അല്ലാതെ ഹൃദയസങ്കോചമോ, പരിഷ്കാരവിമുഖതയോ കേരളീയനെ പിൻതിരിപ്പിക്കയില്ല. യൂറോപ്യൻ സാഹിത്യത്തെ അഭിനന്ദിക്കുവാൻ കേരളീയക്കു് പ്രത്യേകം ഒരു അഭിനിവേശം ഉണ്ടു്. പക്ഷേ, ആത്മഹത്യാപരമായ അഭിനന്ദനമല്ല, അതു്.

സാഹിത്യകാര്യങ്ങളെപ്പററി മേൽക്കാണിച്ച വിധത്തിൽ അത്യുഗ്രവും, സംക്ഷിപ്തവും യുക്തിയുക്തവും യുക്തി

വിഹീനവും, പുരാതന വിദേശഷപരവും പുരാതനാഭി നന്ദനപരവും ആയി കുറെയേറെ പ്രസ്താവനകൾ നടത്തിയ പ്രസംഗകർത്താവ്, കണ്ണു തുറന്നൊന്നു ചുററും നോക്കുന്നതാണ് അടുത്ത ഘട്ടം.

"ആപൽക്കരമായ ഒരു പൈശാചിക കാലഘട്ടത്തിലാണ് നാമിന്നെത്തിച്ചേർന്നിരിക്കുന്നതു്. അത്യുഗ്രമായ സമര വേതാളം വിശ്വശാന്തിയെ ഒട്ടുമുക്കാലും കരങ്ങൊണ്ടു കടിക്കഴിഞ്ഞു" എന്ന മുഖവുരയ്ക്കു ശേഷം ചില സങ്കല്പ റിപ്പോർട്ടുകൾ അദ്ദേഹം അറിയിക്കുന്നു:—

"പട്ടിണിയും പകർച്ച വ്യാധികളും കാട്ടുതീ പോലെ പടർന്നു പിടിച്ചു് അനുദിനം ആയിരമായിരം പാവങ്ങൾ തെരുവീഥികളിൽ ചത്തടിഞ്ഞു കൂന്നുകൂടുന്നു. കേരളവും വംഗദേശവുമാണ് ക്ഷാമയക്ഷിയുടെ ഈ ക്രൂരമായ ആക്രമണത്തിന്നു് ഏററവും ദയനീയമായ വിധത്തിൽ ഇരയായിത്തീർന്നിട്ടുള്ളതു്."

ഇതിൽ ആദ്യവാചകം 1944 ഏപ്രിൽ മാസത്തിലെ 'ന്യൂ ക്രാണിക്കിൾ' (ലണ്ടൻ) എന്ന വർത്തമാനപ്പത്രത്തിലെ ഒരു പ്രസ്താവനയാണ്. അതായതു്, "ബ്രിട്ടീഷു സാമ്രാജ്യത്തിൻെറ ഒരു മൂലയിൽ ക്ഷാമം കൊണ്ടും അതോടനുബന്ധിച്ച രോഗങ്ങൾ കൊണ്ടും അഞ്ചുമാസത്തിനകം പത്തുലക്ഷം ജനങ്ങൾ ചത്തൊടുങ്ങിയിരിക്കുന്നു."

ഇതു് ബംഗാളിലെ സ്ഥിതിയാണ്. കേരളക്കരയിൽ അതായതു് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ദേശങ്ങളിൽ ഇങ്ങനെ ഒരു സ്ഥിതി ഉൽഭവിപ്പാൻ വണ്ണം ച

ന്നവെന്നു മി: കൃഷ്ണപിള്ള സമർത്ഥിക്കാൻ ഉദ്യമിക്കുകയാണ്. ആ ഒരു സമർത്ഥനം കൊണ്ടു മാത്രമേ പുരോഗമനസാഹിത്യപ്രചരണത്തിന്റെ ആവശ്യകത പൊതുവേ ബോദ്ധ്യപ്പെടുത്താവൂ എന്നതാണ് ഉദ്ദേശവും.

“എന്നാൽ പണക്കാരെ സംബന്ധിച്ചിടത്തോളം ഇതും ഒരു കോട്ടവും തട്ടിയിട്ടില്ല.” അതേ; ഗ്രന്ഥപ്രസിദ്ധീകരണം മുഖേന പണം നേടിയവരും ഇക്കൂട്ടത്തിലല്ല ഉൾപ്പെട്ടത്? അതേതായാലും ഇന്നത്തെ സാമൂഹ്യസ്ഥിതിയാണ് ഈ ദുരിതങ്ങൾക്കൊക്കെ കാരണം അത്രേ.

ലോകത്തിലെ ഇന്നത്തെ ദുരിതങ്ങളൊക്കെ സാമൂഹ്യസ്ഥിതിയുടെ ഫലമെന്നു വരുത്തിയാൽ മാത്രമേ, ‘പുതിയ സമുദായം’ എന്ന പല്ലവി ഒന്നു പാടുവാൻ മാറ്റുമുള്ളു. കേരളം സംബന്ധിച്ചു സാമൂഹ്യസ്ഥിതിയല്ല, കാരണം. യുദ്ധകാലപരിതഃസ്ഥിതികൾ മാത്രമാണ്. അതു് അകാലത്തു് ഒഴിച്ചുകൂടാൻ പാടില്ലാത്തതും ആയിരുന്നു. യുദ്ധം നിൽക്കുന്നതോടുകൂടി അത്തരം സ്ഥിതികൾക്ക് ഗണ്യമായ കുറവും സംഭവിക്കും.

ഇനി സാഹിത്യപ്രൗഢികാട്ടുന്ന ഒരു വാക്യം കാണുന്നു. “ചിരകാലമായി അടിയുറച്ചുനിന്നതും, സ്വേച്ഛാധികാരത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതും,” എന്നുതുടങ്ങിയ ആ വാക്യം യൂറോപ്പിലെ ഏതു ജനസമുദായത്തെപ്പറ്റിയും ആക്ഷേപമില്ലാതെ പ്രയോഗിക്കാവുന്നതും പ്രയോഗിച്ചുവരുന്നതും ആണ്! ആ വാക്യം ഇന്നത്തെ ജീർണ്ണിച്ച സാമൂഹ്യഘടനയെ കുറിക്കുന്നു. ആ “സാമൂഹ്യഘടനയെ അടിച്ചുടച്ചു” അതിന്റെ സ്ഥാനത്തു് സുദൃഢവും

സാഹോദര്യത്തിന്മേൽ അധിഷ്ഠിതവും ആയ ഒരു നൂതന സംവിധാനം സംസ്ഥാപിത"മാകണമെന്നും എന്നാൽ മാത്രമേ "മനുഷ്യവർഗ്ഗത്തിന് എന്തെങ്കിലും ഒരു ആശ്വാസ വഴിയുള്ളുവെന്നും" ആണ് വാദം.

സമുചിതവും കാലോചിതവും ആയ ഒരു പരമാർത്ഥം തന്നെയാണ് ഇതെന്ന സമ്മതിക്കാം. സാഹിത്യകാരന്റെ പരമമായ കർത്തവ്യം ഇത്തരം ഒരു നൂതനസംവിധാനം സംസ്ഥാപിതമാക്കുകയാണ് എന്നും അതത്രേ പുരോഗമന സാഹിത്യത്തിന്റെ ലക്ഷ്യമെന്നും പറയുന്നതു് അനുമോദനാർഹംതന്നെ. എന്നാൽ ആ ലക്ഷ്യം ലാക്കാക്കിക്കൊണ്ടുള്ള സാഹിത്യവ്യവസായം ഏതൊന്നിൽ ചെന്നു കലാശിക്കും! ആ കലാശം സംബന്ധിച്ചു ലക്ഷ്യം തെററിപ്പോകുന്ന അംശങ്ങളെപ്പററിമാത്രമേ വിപ്രതിപത്തിയോടുകൂടി പറയാനും ഉള്ളു. അല്ലാതെ, അനുക്ഷണം മാറിക്കൊണ്ടിരിക്കുന്ന ലോകകാര്യഗതിയിൽ പഴയവ സകലതും മുറുകെപ്പിടിക്കണമെന്ന് ബോധമുള്ളവരാരും ശഠിക്കുകയില്ല. എന്നാൽ നവസംവിധാനത്തിലേയ്ക്കുള്ള പേരിൽ ദുർമ്മാർഗ്ഗാചരണം സ്വീകാര്യമാകുന്നതും അല്ല.

സുദീർഘമായ ഈ പ്രസംഗത്തിൽ അടുത്തതായി പുരോഗമന സാഹിത്യത്തെ വീറും വാശിയും കാട്ടി രക്ഷാമാടമ്പിൽപ്പെടുത്തുന്ന ഉദ്യമങ്ങളാണ് കാണുന്നതു്. അതായതു്, "പുരോഗമന സാഹിത്യം പൂരപ്പാട്ടിന്റെ പുതിയ പതിപ്പാണെന്ന് ചിലർ പറയുന്നു"വെന്നും "അല്ല, അതു പുരുഷകേസരികളുടെ പുലിയങ്കങ്ങളാണ്" എന്നും ഉള്ള

പ്രസ്താവന. ഒന്നു് ഇങ്ങേ അററമെങ്കിൽ മററൊന്നു അങ്ങേ അററം എന്നു മാത്രം!

"സാഹിത്യകാരനു് ജനതയുടെ മേലുള്ള സ്വാധീന ശക്തി"യെക്കുറിച്ചു് പുരോഗമനസാഹിത്യം മുഖേനയല്ല, ലോകം മനസ്സിലാക്കുന്നതു്. എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലും സാഹിത്യത്തിനും സാഹിത്യകാരനും ജന സമുദായത്തിൽ ഗണ്യമായ സ്വാധീനശക്തിയുണ്ടു്. അതു് എന്നും അപ്രകാരമായിരിക്കുകയും ചെയ്യും.

"ഇത്തരത്തിലുള്ള ഒരു സംഘടനയ്ക്കു് സൃഷ്ടിപരമായുണ്ടാകാവുന്ന സാദ്ധ്യതകളെ സംശയദൃഷ്ടികളോടുകൂടി വീക്ഷിക്കുവാൻ പ്രജ്ഞാശക്തിക്കു സാരമായ എന്തെങ്കിലും തകരാറു പററിയവർക്കല്ലാതെ സാധിക്കുമെന്നും ഞാൻ കരുതുന്നില്ല."

ഈ 'കരുത'ലിൽ പ്രജ്ഞാശക്തിയുടെ പരിപൂർണ്ണത നൃത്തം ചെയ്യുന്നുവെന്നേ ആരും കരുതുകയുള്ളു!

അടുത്തതായി കലയുടെ പ്രധാനകൃത്യം പ്രചരണം മാത്രമാണെന്നുള്ള ഒരു നാടകനോട്ടീസ്സു വാദമാണു്. കലയ്ക്കു് പ്രചരണപരമായ ഒരു ഉദ്ദേശം ഉണ്ടായിക്കൂടെന്നില്ല. എന്നാൽ എന്തെങ്കിലും ഒരു പ്രത്യേകാശയം പ്രചരിപ്പിക്കാനാണു് കല എന്നുപറയുമ്പോഴും, സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്, ശില്പവിദ്യ എന്നീ സുകുമാരകലകൾ ആ ജനത്തിൽതന്നെ പെടണം എന്നു നിർബന്ധമില്ല. കലകൾ സൂര്യരശ്മിപോലെ പതിക്കുമ്പോൾ പതനത്തിനു പിഷയീഭവിക്കുന്നവരെ ഒന്നു മിനുക്കണം. ആ ആഹ്ലാദത്തോടെ അജ്ഞാതപ്രചരണവും ആയിക്കൂടെന്നില്ല ഇവി

ടെ "കല കലയ്ക്കു വേണ്ടി" എന്ന യൂറോപ്യൻ സാഹിത്യ മതിമാന്മാരുടെ അഭിപ്രായങ്ങളും വാദപ്രതിവാദങ്ങളും നമ്മുടെ സ്മരണയിൽ എത്തുന്നു. എന്നാൽ വെറും വാദപ്രതിവാദങ്ങൾ കൊണ്ടു മാത്രമുള്ള കാലയാപനം അത്ര ആശാസ്യമല്ല. കലയ്ക്കു പ്രചരണപരമായ ഉദ്ദേശം ഉണ്ടാകാം. ആ ഉദ്ദേശമില്ലാതെയും കലാപ്രകടനം നടക്കാം, നടന്നുകൂട എന്നു നിയമശാസ്ത്രത്തിലെ വകുപ്പുകൾ ഒന്നും അനുശാസിക്കുന്നില്ല.

കലയിൽനിന്ന് അടുത്തതായി സാഹിത്യകാര്യത്തിലേക്ക് പ്രവേശിച്ച പ്രസംഗകർത്താവ് "സംസ്കൃതത്തിനെ പററിയ സാരമായ ഒരു തകരാറ്" വളരെ സൗജന്യശീലത്തോടെ ചൂണ്ടിക്കാണിക്കുന്നു. അതിൻെറ അവതാരകവാചകമാകട്ടെ, "ഏതെങ്കിലും ഒരു ഭാഷ അതിൻെറ സ്വന്തം സാഹിത്യംകൊണ്ടുമാത്രം വളൎന്നുവന്നതായിട്ടെനിക്കറിവില്ല" എന്നും, "സ്വന്തം നേട്ടത്തിൽ മാത്രം ദുരഭിമാനം ഭാവിച്ചുകൊണ്ടിരുന്നാൽ കാലാന്തരത്തിൽ അതു് ക്ഷയിച്ചുപോവുകയേ ഉള്ളു" എന്നും ആണു്. ഇതനുസരിച്ചു് സംസ്കൃതഭാഷ സ്വന്തം നേട്ടത്തിൽ മാത്രം ദുരഭിമാനം ഭാവിച്ചുകൊണ്ടിരുന്നുവത്രേ! അതുകൊണ്ടു് കാലാന്തരത്തിൽ ആ ഭാഷ ക്ഷയിക്കുകയും ചെയ്തുവത്രേ! ആ ഭാഷ ക്ഷയിച്ചതിൻെറ ലക്ഷണമായിരിക്കാം, ആധുനിക റഷ്യയിലെ സാഹിത്യകാരന്മാർ മഹാഭാരതം തൎജ്ജമ പൂൎത്തിയാക്കിയതും, മുദ്രാരാക്ഷസം, ശാകുന്തളം, രഘുവംശം, മേഘസന്ദേശം മുതലായ അനൎഘകൃതികൾ തങ്ങളുടെ ഭാഷയിലേക്കു് വിവൎത്തനം ചെയ്തതും എന്നുംകൂടെ കരുതേ

ണ്ടിയിരിക്കുന്നു. അഥവാ നിശ്ശേഷം ക്ഷയോന്മുഖമായ സംസ്കൃതഭാഷയിലെ ഗീതഗോവിന്ദം ഒന്നു പരിഭാഷപ്പെടുത്തി ആ ഭാഷയുടെ ക്ഷയമുഹൂൎത്തം അല്പനേരത്തേയ്ക്കുകൂടെ നീട്ടിയ മി: ചങ്ങമ്പുഴ കൃഷ്ണപിള്ളയോടു നാമൊക്കെ കൃതജ്ഞരായിരിക്കേണ്ടതുമാണല്ലോ!

അടുത്തതായി കേരളസംസ്കാരത്തോടുള്ള അതികഠിനമായ അവജ്ഞകൊണ്ടു് ഒരു മേന്മ പിടിച്ചെടുക്കുവാനാണു് പ്രസംഗകത്താവിന്റെ വ്യഥാശ്രമം. കേരളസംസ്കാരത്തിന്റെ യഥാൎത്ഥ സ്വഭാവം അദ്ദേഹത്തിന്നു നിശ്ചയമില്ലെങ്കിൽ തന്നെയും ആ സംസ്കാരത്തിന്നു തന്മൂലം യാതൊരു ന്യൂനതയും ഉണ്ടാകയില്ല. അതിവിശിഷ്ടന്മാരായ ഉത്തരഭാരതീയരും പാശ്ചാത്യരും ഒരുപോലെ വാഴ്ത്തിപ്പോന്നിട്ടുള്ള ആ സംസ്കാരം പുരോഗമനസാഹിത്യത്തെ കണ്ണടച്ചു് സ്വീകരിക്കാൻ അത്രതന്നെ അനുകൂലമല്ലായിരിക്കാം. യാതൊരു സംസ്കാരവും ഇല്ല എന്നു പെരുമ്പറയടിച്ചാൽ മാത്രമേ പുരോഗമനസംസ്കാരം ഇറക്കുമതിക്കു് പററുകയുള്ളൂ.

അടുത്തതായി പാശ്ചാത്യസാഹിത്യോപാസകനായ ഒരു പരമഭക്തനായിട്ടാണു് പ്രസംഗകത്താവു് നിലകൊള്ളുന്നതു്. ഇക്കൂട്ടത്തിലും അദ്ദേഹം സംസ്കൃതസാഹിത്യാവഹേളനം എന്ന ധാൎമ്മികബുദ്ധി തീരെ ഉപേക്ഷിക്കുന്നില്ല! നോക്കുക:—

“അശ്ലീലമെന്നപഹസിക്കപ്പെടുന്ന രംഗങ്ങളും വൎണ്ണനകളും ഏററവും അധികം കയറിപ്പററിയിട്ടുള്ളതു് യഥാൎത്ഥത്തിൽ സംസ്കൃതസാഹിത്യത്തിലും അതിനെ അനുക

രിച്ച പ്രാചീനഭാഷാസാഹിത്യത്തിലും ആണ്" ഈ പ്രസ്താവന അദ്ദേഹം ചില ഉദാഹരണങ്ങൾ മുഖേന സമൎത്ഥിക്കാൻ ആരംഭിക്കുന്നു. സംസ്കൃതസാഹിത്യത്തിന്റെ മസ്തകത്തിൽ പതിക്കുമായിരുന്ന ഈ മുസലതാഡനം ആ ഭാഷയുമായുള്ള പൊരുത്തക്കേടുകൊണ്ടു് മി: കൃഷ്ണപിള്ള തന്നെ വേണ്ട എന്നു കരുതി. ആ കരുതലിൽ "ചരി വേണ്ട പുളിക്കും" എന്ന മനോഭാവത്തിന്റെ ശകലവും കാണുന്നുമില്ല! വിസ്തൃതമായ സംസ്കൃതസാഹിത്യത്തെപ്പററി അദ്ദേഹത്തിനുള്ള പരിചയം പ്രദൎശിപ്പിച്ചില്ലെങ്കിലും "ചട്ടക്കൂട്ടും" "ഉത്തമസത്ത"യും "താദാത്മ്യ"വും ധാരാളം പരിചിതമെന്നു് അദ്ദേഹം ഏതു ഗ്രന്ഥത്തെപ്പററിയാണോ അല്പം മുമ്പു് പ്രസ്താവിച്ചതു്, ആ മേഘസന്ദേശത്തിലുള്ള

"ജ്ഞാതാസ്വാദോ വിവൃതജഘനാം കോ വിഹാതും സമൎത്ഥഃ"

എന്ന ഭാഗമെങ്കിലും ഒന്നുദ്ധരിക്കാൻ സന്നദ്ധനായില്ല!

അദ്ദേഹത്തിന്റെ ഗാഢമായ ശ്രദ്ധ പതിച്ചതു് ആദ്യമായി ചില ഉത്തരതിരുവിതാംകൂറമ്പലങ്ങളിലെ 'കുറവി'പ്പാട്ടിലെ രണ്ടുവരിയിലാണു്! രണ്ടാമതു് 'മുല' എന്ന വാക്കിനുപകരം നക്ഷത്രചിഹ്നങ്ങൾ ഉപയോഗിക്കുന്നതു്. അടുത്തതു്, "പാലാഴിമങ്കതൻകൊങ്കപ്പുണരുന്ന" എന്ന കീൎത്തനഭാഗത്തിൽ; അടുത്തതു് "ആററിൽക്കിട"ക്കുന്നെന്നു തുടങ്ങുന്ന ലീലാതിലകോദാഹരണപദ്യത്തിൽ; ഇനിയും ഒന്നു് ചന്ദ്രോത്സവത്തിലെ "സൌവൎണ്ണക്കിങ്കിണി" തുടങ്ങുന്ന പദ്യത്തിൽ. ഇത്രയും ഉദാഹരണങ്ങൾ കൊണ്ടു മി:

കൃഷ്ണപിള്ള സംസ്കൃതസാഹിത്യത്തിലും അതിനെ അനുകരിച്ച പ്രാചീനഭാഷാസാഹിത്യത്തിലും ഉള്ള അശ്ലീലങ്ങളുടെ ഏററവും അധികം കയറിപ്പററിയ നില അങ്ങനെ വിശദീകരിക്കുന്നു.

സാഹിത്യത്തിൽ അശ്ലീലപദപ്രയോഗങ്ങൾ ഒരു കാലത്തും ഒരു ദേശത്തും ഒരു പുത്തനുമല്ല. പ്രസംഗകർത്താവിൻെറ ആത്മാർത്ഥമായ ബഹുമതിക്കു പാത്രമായ ഇംഗ്ലീഷു സാഹിത്യത്തിലെ അശ്ലീല പ്രയോഗങ്ങൾ അനായാസമായി ശേഖരിക്കാൻ തുടങ്ങിയാൽ ഒരു ചവററുകുട്ട നിറയ്ക്കാൻ വേണ്ട കടലാസ്സുകളിൽ പകർത്തുവാൻ കാണും. "ആററിൽക്കിടന്നു ചില കന്യകമാർ" എന്ന ആഭാസപദ്യം കസ്സർതിക്കാരനായ ലെക്ച്ചററുടെ മുഖത്തു നിന്നു വ്യാഖ്യാനപൂർവ്വം കേട്ടു പഠിക്കുവാനിടയായ ആൾക്ക് ഇതിനെക്കാൾ ആഭാസമയമായ ഇംഗ്ലീഷു നാടകഭാഗങ്ങൾ കസ്സർതിക്കാരനല്ലാത്ത പ്രൊഫസ്സരുടെ വായന മുഖേനയും വ്യാഖ്യാനം മുഖേനയും മനസ്സിലാക്കുവാൻ ഇടവരുന്ന ആളുകളെപ്പററിയും കൂടെ ഒന്നു ചിന്തിക്കണം.

യഥാർത്ഥത്തിൽ അശ്ലീലം വർജ്ജ്യം തന്നേയാണ്. എന്നാലെന്താ? കവികൾ അപൂർവ്വമായി അശ്ലീല പ്രയോഗങ്ങൾക്ക് മുതിരുന്നുണ്ട്. എന്നാൽ ചെറുകഥയോ നാടകമോ രചിക്കുന്നവർ അശ്ലീലപ്രയോഗങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്നതു് നന്നല്ല എന്നേ നിഷ്പക്ഷപാതമായി പറയുവാനുള്ളു.

മലയാള കവന സാഹിത്യത്തിൻെറ ക്രമാനുഗതമായ വികാസം കാട്ടുവാൻ ശ്രീമാൻ കൃഷ്ണപിള്ള അദ്ദേഹത്തിന്റെ ...

ഉദ്ധരിക്കുന്ന ഭാഗങ്ങൾ അതിമനോഹരങ്ങളും വിജ്ഞാനപ്രദങ്ങളും ആകുന്നു. അവ സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിനന്ദനത്തിൽ എല്ലാ മലയാള സാഹിത്യാഭിമാനികളും അത്യധികം കൃതജ്ഞരായിരിക്കുന്നതും ആണു്.

അപ്രസിദ്ധങ്ങളായ യൂറോപ്യൻ സാഹിത്യ വികാസാംശങ്ങൾ അദ്ദേഹം അല്പം ബദ്ധപ്പാടോടെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് ഒരു വിപുല ഗ്രന്ഥത്തിനു വിഷയമാക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നപക്ഷം, മലയാളഭാഷാമാത്ര പരിചിതരായ അനവധി സഹൃത്തുക്കൾക്കു് വളരെ പ്രയോജനകരമായിരിക്കും എന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളട്ടെ.

ചുരുക്കത്തിൽ, മെ: എം. പി. പാൾ, ജോസഫ് മുണ്ടശ്ശേരി, ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നീ മാന്യന്മാരുടെ പ്രസംഗങ്ങൾ ഏകദേശം ഒരേ കരുവിൽ വാർത്തെടുത്തവയാണു്. അല്പം വ്യത്യസ്തമായി കാണുന്ന അംശം ജോസഫ് മുണ്ടശ്ശേരി അവർകളുടെ സംസ്കൃതസാഹിത്യ ശാസ്ത്ര ജനാഭിനന്ദനവും, ചങ്ങമ്പുഴ കൃഷ്ണപിള്ള അവർകളുടെ മലയാള സാഹിത്യകവനശാഖാവികാസം സംബന്ധിച്ച പ്രതിപാദനവും ആകുന്നു. ഈ മാന്യന്മാർ, മലയാളസാഹിത്യത്തിന്റെ കാലോചിതമായ വികാസത്തിനും പുഷ്ടിക്കും വേണ്ടി നിരന്തര ശ്രമം നിർവ്വഹിക്കുന്നവരാണെന്ന കാര്യം പ്രത്യേകം അനുമോദനാർഹമാണു്. സാഹിത്യവികാസസ്വഭാവം ചൂണ്ടിക്കാട്ടുക എന്ന ഏക ഉദ്ദേശം ലാക്കാക്കി മാത്രമാണു് ആ മാന്യന്മാരുടെ പ്രതിപാദനങ്ങളെ മിക്ക

വാദം സ്വതന്ത്രമായ ഒരു രീതിയിൽ ഈ ഗ്രന്ഥത്തിൽ വിമർശിക്കുകയുണ്ടായിട്ടുണ്ട് എന്നും, ആ മാന്യ സുഹൃത്തുക്കളോട്ട് യാതൊരു കാരണം പ്രമാണിച്ചും വ്യക്തിപരമായ യാതൊരു വിപ്രതിപത്തിയും ഉള്ളതായി മാന്യവായനക്കാർ തെററിദ്ധരിക്കരുതേ എന്നും പ്രത്യേകം പ്രസ്താവിച്ചു കൊള്ളട്ടെ.

ഒന്നാം ഭാഗം സമാപ്തം

---

# ഭാഗം 2.

## അദ്ധ്യായം 1.

പുരോഗമനസാഹിത്യത്തിൻെറ പ്രചരണം ലക്ഷ്യമാക്കി നടത്തപ്പെട്ട പ്രസംഗങ്ങളിൽ അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് മെ: ടി. എൻ. ഗോപിനാഥൻ നായർ, ആർ എസ്സ്. കുരുപ്പ്, എസ്സ്. ഗുപ്തൻ നായർ, കുററിപ്പുഴ കൃഷ്ണപിള്ള, ജി. ശങ്കരക്കുറുപ്പ് എന്നിവരുടെ വാഗ്‌വിലാസങ്ങളാണു്. ആദ്യമാദ്യം എത്തിയവരെ അപേക്ഷിച്ച് ഈ മാന്യന്മാർ അഭിപ്രായങ്ങൾ സംബന്ധിച്ചിടത്തോളം ചില കൂടുതൽ വൈചിത്ര്യങ്ങൾ കൂടെ വായനക്കാരുടെ രസത്തിനു വേണ്ടി സൗജന്യശീലത്തോടെ പ്രത്യക്ഷപ്പെടുത്തുന്നു എന്നൊരു മെച്ചവും കാണുന്നു.

'സാഹിത്യത്തിലെ കോളിളക്കം' എന്ന പേരിൽ മി. ഗോപിനാഥൻ നായർ പുരോഗമനസാഹിത്യം, കോലാഹലം, പരിവർത്തനം, പ്രസ്ഥാനങ്ങൾ, പ്രചരണം, യഥാതഥവർണ്ണന, ദ്രാവിഡവൃത്തങ്ങൾ, ഇന്നത്തെ കവിതകൾ എന്നു് ഒട്ടനേകം പ്രധാനാംശങ്ങൾ പ്രസ്താവിക്കുന്നുണ്ടു് എങ്കിലും ഈ വിചിത്രസാഹിത്യം സംബന്ധിച്ച ഉള്ളുകള്ളികൾ വിശദമാക്കുന്ന കാര്യത്തിൽ ഗണ്യമായ സങ്കോചം ഭജിക്കുന്നതേയുള്ളു. 'പുരോഗമനസാഹിത്യം' എന്ന ആദ്യത്തെ വിഭാഗത്തിൽ അദ്ദേഹം ഈ സാഹിത്യത്തിൻെറ ലക്ഷണം ഇങ്ങനെ നിർവ്വചിക്കുന്നു:—

"നിയതവും സുഭിക്ഷവും ആയ ഒരു ജീവിതലക്ഷ്യത്തിൽ മനുഷ്യരാശിയെ എത്തിക്കാൻ ഭാഷയെ ഉപകരണമാക്കി നടത്തുന്ന ഒരു പ്രചരണപരിപാടിയാണ് പുരോഗമനസാഹിത്യം."

'പുരോഗമനസാഹിത്യം' എന്നാൽ ഇന്നതാണ് എന്നും ഇന്നതല്ല എന്നും വ്യവച്ഛേദിച്ചു പറയുവാൻ ഉദ്യമിക്കുന്ന മാന്യൻ പുരോഗമനമല്ലാത്ത സാഹിത്യത്തിനുകൂടെ ആക്ഷേപരഹിതമായി പറയാവുന്ന ഒരു ലക്ഷണമാണ് ഇവിടെ ശ്രദ്ധാവിഷയമാകുന്നതു്. അദ്ദേഹം പറയുംപോലെ "നിയതവും സുഭിക്ഷവും ആയ ഒരു ജീവിതലക്ഷ്യത്തിൽ മനുഷ്യരാശിയെ എത്തി"ക്കുക എന്നതാണ് ഏതു സാഹിത്യത്തിന്റെയും ഉദ്ദേശം. ആ സ്ഥിതിക്ക്, പുരോഗമനവിശേഷണം കൊണ്ടു് യാതൊരു കൂടുതൽ മേന്മയും സിദ്ധിക്കുന്നില്ല. അദ്ദേഹം തന്നെ ഈ ലക്ഷണം കൊണ്ടു് അത്ര സംതൃപ്തനായിട്ടില്ല. അതിനാൽ അല്പം കൂടെ വിവരണപരമായി വീണ്ടും ഇങ്ങനെ പറയുന്നു:—

"ഭാരതത്തിൽ ഗാന്ധ്യൻ സിദ്ധാന്തപ്രകാരമുള്ള അവസ്ഥയെ ഉന്നമാക്കി സംജാതമാകുന്ന സാഹിത്യകൃതികളെ പുരോഗമനപരമെന്നു പറയാവുന്നതാണു്."

ഈ ലക്ഷണത്തിലെ വക്രത സ്പഷ്ടമാണു്. അതോടുകൂടി, പുരോഗമനസാഹിത്യത്തിന്റെ സൂക്ഷ്മസ്വഭാവം വിശദമാക്കാൻ വളരെ വിഷമമാണെന്നുള്ള വസ്തുതയും അദ്ദേഹം വ്യക്തമാക്കുന്നു. ഏതു് എങ്ങനെ വ്യക്തമാക്കി

യാലും ഗാന്ധ്യൻ സിദ്ധാന്തമല്ല, ആ സിദ്ധാന്തത്തിന് വിരുദ്ധമായ മററൊരു സിദ്ധാന്തമാണ് പുരോഗമനസാഹിത്യപ്രേരകം എന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്.

ഗാന്ധിയൻ സിദ്ധാന്തപ്രകാരമുള്ള അവസ്ഥ രാമരാജ്യസ്ഥാപനമാകുന്നു. രാമരാജ്യം ഉന്നമാക്കി സംജാതമാകുന്ന സാഹിത്യകൃതികളെ എങ്ങനെയാണ് പുരോഗമനസാഹിത്യത്തിൽ ഉൾപ്പെടുത്താവുന്നതു്? അതിനാൽ ഈ വിവരണവും വ്യക്തമല്ല. ലോകൈകവന്ദ്യനായ മഹാത്മജിയുടെ സമസ്തജനാദരണീയവും ശാശ്വതവും ആയ ധർമ്മസിദ്ധാന്തങ്ങളിൽ ഏതെങ്കിലും ഒന്ന് പുരോഗമനസാഹിത്യത്തിന്ന് യോജിക്കുന്നതായിട്ടുണ്ടോ എന്നും സംശയമാണ്.

പുരോഗമനസാഹിത്യം സംബന്ധിച്ച 'കോലാഹല' മാണ് അടുത്ത പ്രതിപാദ്യം.

"പുരോഗമനസാഹിത്യമെന്ന വാക്കിൽ രക്തം കലന്നിട്ടുണ്ടെന്ന് ചിലർ കരുതുന്നു. വിയർപ്പിൻെറ ദുർഗ്ഗന്ധമാണെന്നു മററു ചിലർ,"..............എന്നു തുടങ്ങി, "എന്തുമാതിരി ശകാരമാണ്"! എന്ന് മി: നായർ അത്ഭുതപ്പെടുന്നു. ഈ പ്രസ്താവനയിൽ ആദ്യത്തെ ഭാഗമായ "രക്ത"വും "വിയർപ്പും" മററും ഇററാലിയൻ സാഹിത്യോപജ്ഞാതാവായ എഫ്. ററി. മാരിനെററിയുടെ സിദ്ധാന്തങ്ങളിൽ ഉൾപ്പെടുന്നവയാണ്. അതുകൊണ്ടു് "ചിലർ കരുതുന്നു; മററു ചിലർ" എന്നൊന്നും അവ്യക്തമായി സംസാരിക്കുന്നതു കൊണ്ടാകയില്ല.

"എന്തു മാതിരി ശകാരമാണ്!" എന്ന അത്ഭുതരസത്തിന്ന് യാതൊരു പ്രസക്തിയും ഇല്ല. പൊതുജനസേവനം കൊതിക്കുന്ന ഏതൊരാളും എത്ര ശകാരം പിടിക്കാനും നേരത്തെ കാര്യപരിപാടി തയ്യാറാക്കിക്കൊള്ളേണ്ടതാണ്. ബഹുജനസേവനത്തിന്നും പരിഷ്കാരത്തിന്നും പുറപ്പെടുമ്പോൾ ആ ഉദ്യമത്തെ എല്ലാവരും ഒരുപോലെ ശ്ലാഘിച്ചുകൊള്ളണം എന്നു കരുതുന്നതു് ലോകപരിചയക്കുറവിന്റെ ലക്ഷണമാണ്.

സകല എതിർപ്പുകൾക്കും സകല ശകാരങ്ങൾക്കും തക്ക അടിസ്ഥാനമുണ്ടെന്നു മി: നായർ മനസ്സിലാക്കി ഇങ്ങനെ പറയുന്നു:—

"അന്തസ്സാരശൂന്യന്മാരായ ചില സാഹിത്യകാരന്മാർ കുറെ അസംബന്ധവും അശ്ലീലവും എഴുതിയെന്നു വിചാരിച്ചു് ആ സാഹിത്യപ്രസ്ഥാനം എന്തു പിഴച്ചു"?

പിഴയ്ക്കാവുന്നേടത്തോളം പിഴച്ചു എന്നുമാത്രമേ ഇതിലേക്ക് മറുപടി പറയുവാൻ ഉള്ളു.

പുരോഗമനസാഹിത്യത്തിന്റെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കിയ ആളല്ല ഈ ചോദ്യം ചോദിക്കുന്നതു്, "അന്തസ്സാരശൂന്യരായ ചില സാഹിത്യകാരന്മാർ" എന്നു പ്രസംഗകർത്താവു് ഇന്നത്തെ ചില എഴുത്തുകാരെ നിസ്സാരരാക്കിയതും അത്ര വലിയ സൗജന്യമല്ല. "കുറെ അസംബന്ധവും അശ്ലീലവും" അവർ എഴുതിക്കൂട്ടുന്നുവെന്നും, അതു നിമിത്തം പുരോഗമനസാഹിത്യത്തെ ആരും നിന്ദിക്കരുതേ എന്നും ഉള്ള ഈ ശുപാർശ അത്തരം അസംബന്ധ എഴുത്തുകൾ നിർത്തിവയ്ക്കണേ എന്ന പ്രാർത്ഥനയായാൽ ഫലം ഇരട്ടിക്കാൻ ഇടയുണ്ടു്.

സാഹിത്യത്തിൽ, വിശേഷിച്ച് ഇന്നത്തെ സാഹിത്യത്തിൽ, അതിലും വിശേഷിച്ച പുരോഗമനസാഹിത്യത്തിൽ "അസംബന്ധവും അശ്ലീലവും" കാണുന്നുണ്ട് എന്നും അതു തീച്ചയായും ഗഹ്യംതന്നെ എന്നും പ്രസംഗകത്താവു് കരുതുന്നു. ആ സ്ഥിതിക്ക് അദ്ദേഹം പുരോഗമനത്തിന്റെ ഒരു എതിരാളി എന്നുവേണ്ടേ ഗണിക്കാൻ? അദ്ദേഹം അടുത്തുതന്നെ പറയുന്നു:—"പുരോഗമനസാഹിത്യമെന്നാൽ വ്യഭിചാരകഥകളോ, ദാരിദ്ര്യവിവരണങ്ങൾ മാത്രമോ അല്ല. അതും ഉൾക്കൊള്ളാൻ പാടില്ലായ്കയല്ല."

വ്യഭിചാരകഥകളും പുരോഗമനസാഹിത്യത്തിൽ ഉൾക്കൊള്ളാമെന്ന് പ്രസംഗകത്താവു് ഇപ്പോൾ സമ്മതിക്കുന്നു. ഇതിനുമുമ്പു് എതിർത്ത വസ്തുത അദ്ദേഹം പക്ഷേ, വിസ്മരിച്ചിരിക്കാം. അഥവാ പുരോഗമനസാഹിത്യകാരന്മാരിലെ പ്രാമാണികരോട് അദ്ദേഹം വിയോജിക്കുന്നുണ്ടായിരിക്കാം. മറെറാരിടത്തും അദ്ദേഹം അവരുടെ മറെറാരഭിപ്രായത്തെ എതിർക്കുന്നു. നോക്കുക:—

"കലാംശത്തിന് മുൻഗണനയില്ലാത്ത പ്രചരണപരമായ കൃതി വെറും പാഴ്‌വേല മാത്രമാണു്"

മുമ്പിലത്തെ പ്രസംഗത്തിൽ മി: ചങ്ങമ്പുഴ കൃഷ്ണപിള്ള പ്രസ്താവിച്ചതു് ഇങ്ങിനെയായിരുന്നു.

"'പ്രചരണം' എന്ന ഘടകം ഉൾക്കൊള്ളാതെ ഏതൊരു കലയുണ്ടു്?" "സ്വന്തം ആനന്ദത്തിനായി ആരും കലാസൃഷ്ടി ചെയ്യുന്നില്ല." "ഒരു കലാകാരന്റെ ഒന്നാമത്തെ ലക്ഷ്യം 'പ്രകടനം' അഥവാ 'പ്രചരണം' ആണു്."

"സാഹിത്യത്തിന് സാഹിത്യത്തിനുവേണ്ടി നില നിൽക്കാൻ കഴിയുമെന്ന കഥ ഞാൻ വിസ്മരിക്കുന്നില്ല" എന്നിങ്ങനെ മറെറാരു ഘട്ടത്തിലും മി: നായർ വിയോജിക്കുന്നു.

അദ്ദേഹത്തിൻെറ ഈ അഭിപ്രായവ്യത്യാസമോ പ്രാതികൂല്യമോ പ്രസ്തുത സംഘടനോസമ്മേളന പ്രസംഗക്കാരേയും കവിഞ്ഞു കേസരിപ്പത്രാധിപരുടെ സാഹിത്യവിവേചനത്തേയും ആക്രമിക്കുന്നുണ്ട്. നോക്കുക:—

"ഇന്ന് ഏതു കവിതയോ ലേഖനമോ കണ്ടാലും ഏതെങ്കിലും പ്രസ്ഥാനത്തിൻെറ കണ്ണിയിലേയ്ക്ക് വലിച്ചെറിയാൻ നിരൂപകന്മാർ ബദ്ധപ്പെടുന്നതു കാണാം. ശ്രീ: ഏ. ബാലകൃഷ്ണപിള്ള മലയാളഭാഷാസാഹിത്യത്തിലെ ആധുനിക സാഹിത്യപ്രസ്ഥാനങ്ങൾക്ക് അവയുടെ സ്വഭാവങ്ങളെ ആസ്പദമാക്കി ഇങ്ങനെ പേരിട്ടിരിക്കുന്നു :-

... ... ... .... ... ... ... ... ... ... ... ...

പാശ്ചാത്യരുടെ കണ്ണുകൊണ്ടേ നമ്മുടെ കവിതയുടെ കമനീയത കണ്ടുപിടിക്കുവാൻ കഴികയൊള്ളുവെങ്കിൽ കഷ്ടമാണ് ! "

ഏതായാലും മി: ടി. എൻ. ഗോപിനാഥൻ നായരാണ് നീക്കപോക്കില്ലാത്ത പുരോഗമന ദുർഗ്ഗാഗ്രത്തിൽ നിന്നു ഒഴിഞ്ഞുകാണുന്നതു്. വീരപുരോഗമനക്കാരുടെ കളരിയിൽ വെച്ചു കോലാഹലമായി പ്രാചീനസാഹിത്യനിന്ദനവും പ്രചരണസാഹിത്യ പ്രചരണവും പ്രചണ്ഡവർഷം നടത്തിയ ഘട്ടത്തിൽ ഇത്രയും സ്വാതന്ത്ര്യബോധത്തോടെ, യഥാർത്ഥസാഹിത്യമഹിമ അല്പമല്പമാണെങ്കിലും

വ്യക്തമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു് അഭിനന്ദനീയം തന്നെ.

എന്നാൽ "പരാതികൾക്കു് മറുപടി" എന്ന പേരിൽ മി: ആർ. എസ്സ്. കുറുപ്പ് പുരോഗമനാംശത്തിൻെറ പ്രചരണപ്രഖ്യാപനങ്ങൾക്കു് മുതിരുന്ന രംഗം രസാവഹമാണു്. അദ്ദേഹം ഇങ്ങനെ തുടങ്ങുന്നു:—

"ഇത്രയധികം തെററിദ്ധാരണകളും, തൽഫലമായുള്ള എതിർ ശബ്ദങ്ങളും മറെറാരു സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചും ഇന്നോളം കേരളത്തിലുണ്ടായിട്ടില്ലെന്നു് തീർത്തു പറയാവുന്നതാണു്."

വായനക്കാരുടെ സഹതാപം ബലാൽ ആവശ്യപ്പെടുന്ന ഈ പ്രസ്താവന അതേപടി സ്വീകരിക്കുവാൻ നിവൃത്തിയില്ല. എന്തെന്നാൽ ഇത്ര വളരെ വീരം വാശിയും കാട്ടി ഈ പുരോഗമനത്തിനു വേണ്ടി വാദിക്കുവാനും പ്രചരണം നടത്തുവാനും ഇത്രയേറെപ്പേർ ഏകകണ്ഠമായി മുതിർന്ന ഒരു സാഹിത്യപ്രസ്ഥാനവും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുംകൂടെ പറയണം.

"ഏതു മലയാളമാസിക തുറന്നാലും പുരോഗമനസാഹിത്യത്തെ ശകാരിച്ചുകൊണ്ടുള്ള ഒന്നുരണ്ടു ലേഖനങ്ങളെങ്കിലും കാണുവാൻ കഴിയും"

എന്നു പറയുന്ന മി: കുറുപ്പ് ഈ പ്രതികൂലമനോഭാവത്തിനു ചില കാരണങ്ങൾ പറയുന്നുണ്ടു്.

(1) ഈ പ്രസ്ഥാനത്തെപ്പററിയുള്ള അജ്ഞത.

(2) പരിവർത്തനത്തിനു വിധേയരാകുവാൻ നമുക്കുള്ള വൈമുഖ്യം.

ഇവയിൽ "ഈ പ്രസ്ഥാനത്തെപ്പററിയുള്ള അജ്ഞത" എന്നു മി: കരുപ്പു പറയുന്നതു് ഏറെക്കുറെ പരമാത്ഥമാണു്. പുരോഗമനസാഹിത്യത്തിൻെറ സ്വഭാവം എന്തു് ? ആ സാഹിത്യം ഏതേതു പരിതഃസ്ഥിതികളിൽ ഏതേതെല്ലാം നാട്ടുകളിൽ ആരാരെല്ലാം പ്രചരിപ്പിച്ചു. ആ സാഹിത്യത്തിൻെറ ഉത്ഭവം ഏതു കാലത്താണു്. സാക്ഷാൽ ഉത്ഭവിച്ചനാട്ടിൽനിന്നു് എവിടെയെല്ലാം വ്യാപിച്ചു. ഈ സംഘടനാസമ്മേളനം നടന്നകാലത്തു പ്രസ്തുത സാഹിത്യത്തിൻെറ നിലയെന്തു് ? ബഹുജനങ്ങളിൽ നിന്നു ഏതുവക സ്വീകരണം ലഭിക്കുന്നു ? പുരോഗമന സാഹിത്യം നമ്മുടെ നാട്ടിൽ എത്തിയാൽ ഉണ്ടാകുന്ന ഗുണങ്ങൾ ഏവ, വ്യക്തികൾക്കോ സമുദായങ്ങൾക്കോ ഗുണം? രാജ്യകാര്യങ്ങൾക്കോ മതത്തിന്നോ വികാസം ? ആദ്ധ്യാത്മികമോ ഐഹികമോ നേട്ടം ? വസ്തുമാത്രവാദമോ നിരീശ്വരമതമോ ലക്ഷ്യം ? എന്നിക്കാര്യങ്ങളെപ്പററി പൊതുവേ ഭീമമായ അജ്ഞത നിലനിൽക്കുന്നു. ആ അജ്ഞതയ്ക്കു് ശരിയായ പരിഹാരം, നൂററിഅൻപതോളം പുറം വരുന്ന "പുരോഗമനസാഹിത്യം എന്തിന്നു് ?" എന്നു പ്രസംഗരൂപാന്തരമായ പ്രചരണ ഗ്രന്ഥം കൊണ്ടും സാധിക്കുന്നില്ല എന്നിരിക്കെ ഈ അജ്ഞതയെ എന്തിന്നായി കുററപ്പെടുത്തുന്നു. ആ അജ്ഞത പൊതുജനങ്ങളിൽ എത്രമാത്രം നിലനിൽക്കുന്നു, അത്രമാത്രമാണു് ആ സാഹിത്യത്തിൻെറ വിജയവും എന്നു് പുരോഗമനസാഹിത്യപ്രചരണക്കാൎക്കുതന്നെ അറിയാമായിരിക്കും. അതേ; അവൎക്കു് അറിയാം. അറിഞ്ഞുകൊണ്ടുതന്നെ ആ അജ്ഞതയ്ക്കു് അവർ പരിഹാരമാൎഗ്ഗങ്ങൾ ചൂണ്ടിക്കാട്ടാത്ത കുഴി

യുന്നു. ആ സ്ഥിതിക്ക് പുരോഗമനസാഹിത്യാജ്ഞന്മാരായ പൊതുജനങ്ങൾക്കും വിജ്ഞന്മാരായ സമ്മേളനപ്രസംഗക്കാക്കും തമ്മിലുള്ള വ്യത്യാസം വളരെ തുച്ഛമല്ല.

എന്താണ്, പുരോഗമനസാഹിത്യം ? സാഹിത്യത്തിന്റെ സ്വഭാവവും വിഭാഗങ്ങളും സാഹിത്യഗ്രന്ഥങ്ങളും സാഹിത്യകാരന്മാരും കേരളക്കരയ്ക്കു് സുപരിചിതമാണ്. 'പുരോഗമനം' എന്ന വിശേഷണം ഈ സാഹിത്യശബ്ദത്തോടെ ചേക്കുന്നതിന്റെ അത്ഥം എന്താണു്? പുരോഗമിക്കാത്ത സാഹിത്യം ഉണ്ടെന്ന് ഉദ്ദേശിക്കുന്നുവോ? അങ്ങനെയാണെങ്കിൽ സാഹിത്യത്തിന്റെ അത്ഥമെന്തു് ? ഇതേവരെ പാശ്ചാത്യരും ഭാരതീയരും സാഹിത്യത്തിന്നു നൽകിപ്പോന്ന ലക്ഷണമെന്തു് ? ആ സാഹിത്യത്തിന്റെ ധമ്മമെന്തു് ? മമ്മമെന്തു് ? പുരോഗമനസാഹിത്യം മലയാളത്തിൽ വെച്ചു പിടിപ്പിക്കുന്നതു് വെറുമൊരനുകരണഭ്രമം നിമിത്തമാണോ ? അങ്ങനെയല്ലാത്തപക്ഷം ഇതേവരെയുള്ള സാഹിത്യംകൊണ്ടു് കേരളീയലോകത്തിന്നു് യാതൊരു പുരോഗമനവും സാധിച്ചിട്ടില്ലേ ? ഉണ്ടെങ്കിൽ ഇനിയൊരു പുരോഗമനത്തന്റേതിന്റെ ആവശ്യം എന്തു് ? എന്നിച്ചോദ്യങ്ങൾ കേവലം ഉത്തരമില്ലാത്തവയായിത്തന്നെ കല്പാശിക്കുന്നു.

ഇനിയും പുരോഗമനപരമായ കവിതയുടെ ബാഹ്യവും ആഭ്യന്തരവും ആയ ലക്ഷണങ്ങൾ ഏവ ? പുരോഗമനച്ചെറുകഥ ഏതുവിധത്തിലായിരിക്കണം ? പുരോഗമന നാടകത്തിന്റെ സ്വഭാവം ഏതാണു് ? പുരോഗമന നോവലിന്റെ സ്വരൂപസ്വഭാവങ്ങൾ ഏവ ? പുരോഗ

മന വിമശനത്തിന്റെ മാതൃക എന്ത്? പുരോഗമന തത്വം അനുസരിച്ചുള്ള മാതൃകാവായനക്കാരൻ ആരു്? പുരോഗമനപരങ്ങളായ ആശയങ്ങൾ ഏവ? എന്നിങ്ങനെ എത്രയെത്ര കാര്യങ്ങൾ കേവലം അജ്ഞാതങ്ങളായി ത്തന്നെ കഴിയുന്നു!

ഒരു ദിവസം പ്രഭാതത്തിൽ തിരുവിതാംകൂറിൽ ഒരു സ്ഥലത്തു വച്ച് ഒരു സമ്മേളനം നടക്കുന്നു. അവിടെ ചില സാഹിത്യപ്രണയികൾ ചില പ്രസങ്ഗങ്ങൾ നിർവ്വഹിക്കുന്നു. അവക്ക് മാർഗ്ഗദർശികൾ ആരാണു് എന്നു പറയുന്നില്ല. അവർ ആരുടെ തത്വങ്ങളെല്ലാം ആദരിക്കുന്നു എന്നു ശബ്ദിക്കുന്നില്ല. വിശ്വസാഹിത്യത്തിലെ ഏതെല്ലാം കൃതികളാണ് തങ്ങൾക്ക് അവലംബം എന്നു പറയുന്നില്ല. പാശ്ചാത്യസാഹിത്യത്തിലെ റീയലിസം, നാച്വറലിസം, എന്നിവയൊക്കെ അവർ അംഗീകരിക്കുന്നുണ്ടു്. അംഗീകരിക്കാതിരിക്കുന്നുണ്ടു്. ഭാരതീയസാഹിത്യത്തെ അവർ കഠിനമായി നിന്ദിക്കുന്നുണ്ടു്. തങ്ങൾ ആ സാഹിത്യത്തിന്റെ ശത്രുക്കളല്ല എന്നു ഘോഷിക്കുന്നുണ്ടു്. വമ്പിച്ച മുതലാളന്മാരായ പ്രഭുക്കളെ അവർ തൃണവൽഗണിക്കുന്നതായി ഭാവിക്കുന്നു. അവരിൽ ഓരോരുത്തരും ഓരോ വിധത്തിൽ ഇടപ്രഭുക്കന്മാരോ "നാട്ടിൽ പ്രഭു"ക്കന്മാരോ ആണെന്നു ഭാവിക്കുന്നുണ്ടു്. പാവങ്ങളേയും പട്ടിണിക്കാരേയും മട്ടിതരേയും കബളിപ്പുകാരേയും അവർ കഥാപാത്രങ്ങളാക്കുന്നുണ്ടു്. ആ കഥാപാത്രങ്ങളുടെ പല ജീവിതചര്യകളിലും ഈ പുതുസാഹിത്യകാരന്മാർതന്നെ അറിഞ്ഞു് ഉൾപ്പെട്ടുപോകുന്നുണ്ടു്. പുരോഗമനത്തിന്റെ സ്വീകാര്യ

തയോ ത്യാജ്യതയോ പൊതുജനങ്ങൾ എങ്ങനെ മനസ്സിലാക്കുവാനാണു് ?

പുരോഗമനസാഹിത്യമാകട്ടെ, പുരോഗമനസാഹിത്യകാരന്മാരാകട്ടെ, യാതൊരു സ്ഥിരതയും നെറിയും ഇല്ലാത്തപോലെ പരസ്പരവിഭിന്നങ്ങളായ പല നയങ്ങളും പുലർത്തിവരുന്നു. പഴയവ ഏതും അടിച്ചു പറത്തേണ്ടതാണു് എന്നൊരാൾ പറയുമ്പോൾ, "ഞാൻ തന്നെ പഴയ സ്കൂളിൽപെട്ടയാളാണു്" എന്നു് ഒരു അഭിവന്ദ്യൻ സംസാരിക്കുന്നു. സംസ്കൃതസാഹിത്യത്തിന്റെ പ്രശസ്തിയിൽ 'കൗശികവ്രതം' ആചരിക്കുന്ന ആൾ തന്നെ സംസ്കൃതസാഹിത്യത്തിന്റെ മാഹാത്മ്യം വാഴ്ത്തുന്നു. മെററീരിയലിസത്തെ മുക്തകണ്ഠം പ്രശംസിക്കുന്നവർ 'ഡയലിക്ടിക്കൽ മെററീരിയലിസം' എനിക്കൊരു കാടാണു്. അതിലേയ്ക്കു് കടന്നു ചെല്ലാൻ എനിക്കു് പേടിയാണു്" എന്നൊരു ഭീരുത്വം വിളിച്ചുചൊല്ലുന്നു. അശ്ലീലവും ആഭാസവും ആവശ്യമെന്നു് ഒരു പ്രസംഗകർത്താവെങ്കിൽ പാടില്ലെന്നു മറെറാരാൾ! "മനുഷ്യന്റെ മൃഗീയത്വം പോകണം" എന്നൊരാൾ പെരുമ്പറയടിയ്ക്കുമ്പോൾ മനുഷ്യനിലെ മൃഗീയത്വം ശക്തിമത്തായി മറെറാരാൾ ചിത്രീകരിക്കുന്നു. ഏതാണു് പൊതുജനങ്ങൾ സ്വീകരിക്കേണ്ടതു് ? എന്താണു് മനസ്സിലാക്കേണ്ടതു് ?

ഈ സ്ഥിതിക്കു് പുരോഗമനസാഹിത്യത്തിന്റെ സാക്ഷാൽക്കാരം സിദ്ധിച്ച മാന്യന്മാർ, ആ സാക്ഷാൽക്കാരത്തിന്റെ "നേരായ മാർഗ്ഗ"ങ്ങൾ എല്ലാം ഒന്നു വകതിരിച്ചു പൊതുജനങ്ങൾക്കു് മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമിച്ചിരുന്നെങ്കിൽ മി: കരുപ്പു പ്രസ്താവിക്കുന്ന ഈ അജ്ഞതയ്ക്കു്

കാരണം ഉണ്ടാവുകയില്ലായിരുന്നു. ആരെല്ലാം എങ്ങനെയെല്ലാം ഈ സാഹിത്യത്തെ "ശകാരി"ച്ചാലും "അടിച്ചുടയ്ക്കാൻ" എത്തിയാലും ആ സാഹിത്യത്തിന്ന് പ്രതിഷ്ഠ ലഭിക്കുമായിരുന്നു.

"ഇതരരാജ്യക്കാർ പുരോഗമനസാഹിത്യത്തെ സഹർഷം സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ നാട്ടിൽ ഒരു വിഭാഗത്തിൽനിന്ന് പ്രതിഷേധശബ്ദം ഉയരു"ന്നുവത്രെ!

എന്നു മി: കുരുപ്പ് പറയുന്നു. "പുരോഗമനസാഹിത്യത്തെ സഹർഷം സ്വാഗതം ചെയ്യു"ന്ന ആ ഇതരരാജ്യക്കാർ ആരെല്ലാം ? അവർ ചെയ്യുന്ന "സ്വാഗത സഹർഷ" തയുടെ സ്വഭാവം എങ്ങനെ ? ഇംഗ്ലീഷ്, ഫ്രഞ്ച്, ഇററാലിയൻ, ജമ്മൻ, റഷ്യൻ, എന്നീ യൂറോപ്യൻ രാജ്യക്കാരോ, പേഴ്സ്യൻ, അറബി എന്നീ ഏഷ്യൻ സാഹിത്യകാരോ, അമേരിക്കരോ, ചീന, ജപ്പാൻ എന്നീ സാഹിത്യകാരന്മാരോ, ഹിന്ദി, ബംഗാളി, മറാട്ടി, ഗുജറാത്തി, എന്നീ ഭാരതീയസാഹിത്യകാരന്മാരോ, ആരെല്ലാം ഏതെല്ലാം കൃതികൾ 'പുരോഗമനസാഹിത്യ നെററിപ്പട്ടം' ഒട്ടിച്ച് എഴുതി വിട്ടു എന്നും അവക്ക് സിദ്ധിച്ച ഹർഷാന്വിത സ്വീകരണങ്ങൾ ഏതെല്ലാം വിധത്തിലായിരുന്നുവെന്നും മി: കുരുപ്പ് പ്രസ്താവിക്കാത്തത്, പക്ഷെ, സമയ ദൌർല്ലഭ്യം കൊണ്ടായിരുന്നിരിക്കാം! എന്നാൽ പ്രസംഗം ഗ്രന്ഥരൂപത്തിലാക്കിയപ്പോൾ ആ ഭയത്തിന്ന് അത്ര കാരണമില്ലായിരുന്നു. പക്ഷെ, കടലാസ്സിൻെറ വിലക്കൂടുതലും അച്ചടിയുടെ ഉപദ്രവങ്ങളും അദ്ദേഹത്തെ പ്രതിബന്ധിച്ചതായിരിക്കാം.

അദ്ദേഹം മററൊരു കാരണം പറയുന്നു:—"പരിവത്ത്നത്തിന്നു വിധേയരാകുവാൻ നമുക്കുള്ള വൈമുഖ്യം കൊണ്ടാ"യിരിക്കാം എന്നു്—

ശബ്ദങ്ങൾക്കല്ലാ ആശയങ്ങൾക്കാണു് പ്രാധാന്യം കല്പിക്കേണ്ടതു് എന്ന പുരോഗമനതത്വം അനുസരിച്ച ഒരു പ്രയോഗമാണു് ഇവിടെക്കാണുന്ന "നമുക്കു്." അതേ; 'നമുക്കു്' വായനക്കാരായ നിങ്ങൾക്കും, എഴുത്തുകാരായ ഞങ്ങൾക്കും പ്രസംഗക്കാരായ അവക്കും, വായിക്കുകയും എഴുതുകയും പ്രസംഗിക്കുകയും ചെയ്യാതെ അവനവന്റെ പാട്ടിനു് കഴിഞ്ഞുകൂടുന്ന മററുള്ളവക്കും! അഥവാ, ഈ "നമുക്കു്" പ്രയോഗത്തിൽ പരിവത്ത്നവിമുഖരായ കേരളീയ മഹാജനങ്ങളെയാണു് ഉൾപ്പെടുത്തുന്നതെങ്കിൽ പ്രസംഗകത്താവായ മനുഷ്യനു് ഭീമമായ തെററിദ്ധാരണ പററിയിരിക്കുന്നു എന്നു കരുതണം. കേരളഭൂഖണ്ഡം ആശയ സ്വീകരണത്തിൽ നിശ്ശേഷം സ്വതന്ത്രമാണു്. ഇവിടെ മാമൂലും പുരാതനവും അപ്പാടേ പരിപാലിച്ചില്ലെങ്കിൽ ജീവിതമില്ല എന്നു ഗണിക്കുന്ന യാഥാസ്ഥിതികകക്ഷിക്കാർ വളരെ വളരെ അപൂവ്വമാണു്. എപ്പോഴും ഉൽക്കഷോന്മുഖതയോടെ ഏതൊരു നവീനാശയത്തിന്നും സ്വാഗതം നൽകുക കേരളീയരുടെ പാരമ്പര്യമാണു്. ഈ സ്വാഗതോക്തി സന്നദ്ധത ഇല്ലായിരുന്നുവെങ്കിൽ കേരളീയ ചരിത്രത്തിന്നു് ഇന്നു സിദ്ധിച്ചിരിക്കുന്ന മെച്ചത്തിനു് അവകാശം ഉണ്ടാകുമായിരുന്നില്ല. ദ്രാവിഡ ഭൂവിഭാഗത്തിന്റെ തെക്കേ അററത്താണു് കേരളത്തിന്റെ സ്ഥിതിയെങ്കിലും സകല പരിഷ്കൃത ലോകരുടേയും ബഹുമാനപൂവ്വകമായ ശ്രദ്ധയിൽപ്പെടാൻ കേരളീയരുടെ നവാഭി

പ്രായസ്വീകരണസന്നദ്ധത എപ്പോഴും വഴിതെളിച്ചു പോന്നു. അല്ലാത്തപക്ഷം ആര്യസംസ്കാരത്തിന്ന് ഇവിടെ ഇത്ര പ്രാബല്യം സിദ്ധിക്കുകയില്ലായിരുന്നു. ബ്രാഹ്മണ മതത്തിന്നു പ്രചാരം വരികയില്ലായിരുന്നു. യഹൂദപ്രവേശന ത്തിന്ന് സാധിക്കുകയില്ലായിരുന്നു. അറബി വാണിജ്യ ത്തിന്നു പുഴുത്തുണ്ടാവുകയില്ലായിരുന്നു. പോർട്ടുഗീസ്സാഗമ നത്തിന്ന് സൗകര്യം ലഭിക്കുകയില്ലായിരുന്നു. ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം ക്രിസ്ത്യാനികളോ, മഹമ്മദീയ രോ, ബുദ്ധമതാവലംബികളോ ഹിന്ദുക്കളോ കാണുകയി ല്ലായിരുന്നു. സകല ജീവിതയാനങ്ങളിലും പ്രവേശിക്കു വാനും നവീന മാർഗ്ഗങ്ങൾ തേടിപ്പിടിക്കുവാനും കേരളീയർ സദാ സന്നദ്ധരാണു്. അവർ ആരുടെയും അടിമകളും, ആരുടേയും നായാട്ടുകാരും അല്ല. ഹൈന്ദവക്ഷേത്രങ്ങൾ ക്ക് സമീപം തന്നെ ക്രൈസ്തവദേവാലയങ്ങളും കേരള ത്തിൽക്കാണുന്നതു് യാതൊരു ഖഡ്ഗധാരിയായ ക്രിസ്തു മതാവലംബിയുടെ ദിഗ്വിജയലക്ഷ്യമായിട്ടല്ല. മതം, സദാ ചാരം, വ്യക്തിജീവിതം, വേഷം, ഭാഷ, ആചാരങ്ങൾ, അഭിരുചി എന്നിവ ഏതു സന്ദർഭത്തിൽ ഏതുവിധം മാ റ്റണമോ ആ വിധം പരിവർത്തിപ്പിക്കാൻ കേരളീയർക്കു ള്ളടത്തോളം സ്വാതന്ത്ര്യം മററു രാജ്യക്കാർക്ക് ഉണ്ടോ എന്നു സംശയമാണു്. അപ്രകാരം ആയതുകൊണ്ടുമാത്ര മാണു് വിശ്വവിശ്രുതമായ ക്ഷേത്രപ്രവേശനാശയത്തിന്റെ വിജയം ഈ ഭൂലോകത്തു് ഇദംപ്രഥമമായി കേരളക്കര തന്നെ നേടിയതു്. ഗൗരവമേറിയ ഈ പരിഷ്കാരം സ്വീക രിക്കാൻ സന്നദ്ധമായ ഒരു പ്രബുദ്ധജനസമുദായം സാഹി ത്യകാര്യങ്ങളിൽ മാത്രം പഴയ പഴയ മനോഭാവവും

വീക്ഷണകോണവും തത്വവും സിദ്ധാന്തവും മാമൂലും മുറുകെ പ്പിടിച്ചു കഴിയുകയില്ല. മമ്മടനും മഹിമഭട്ടനും ആനന്ദവർദ്ധനനും ആരോഗ്യഹാനികരനും എന്നു തുടങ്ങിയ എത്രയെത്ര സംസ്കൃതാലങ്കാരികന്മാർ മലയാള കവിതയുടെ മുതുകത്ത് കുതിരയോടിക്കുവാൻ അടുത്തു. അവരുടെ അഭിപ്രായങ്ങൾ പാടേ നിരസിക്കപ്പെട്ടുവോ ? ഇല്ല, അപ്പാടേ സ്വീകരിക്കപ്പെട്ടുവോ? അതുമില്ല. ഏറ്റം സമുചിതമായി പരിശോധിച്ച ശേഷം കേരളീയൻ സ്വീകരിക്കും. അവർ ഒരിക്കലും കഥയില്ലാത്ത, ബുദ്ധിശൂന്യരായ മാമൂൽ പ്രതിപത്തിക്കാരല്ല. അതിനാൽ പരിവത്തനവൈമുഖ്യം ഏറിയ ജനങ്ങൾ പുതു സാഹിത്യത്തെ സ്വാഗതം ചെയ്കില്ല എന്നു പറയുന്നതു് കേരളീയ സ്വഭാവം മനസ്സിലാക്കാത്ത വല്ല വിദേശീയരുടേയും പ്രസ്താവനയായിരുന്നെങ്കിൽ വളരെ നന്നായിരിക്കുമായിരുന്നു!

ഏതായാലും മി: കുറുപ്പ് "പുരോഗമന സാഹിത്യത്തിൻെറ മൗലികമായ തത്വം" ഇന്നതാണെന്നു പരിശോധിക്കുന്നു:—

"രാഷ്ട്രീയമായോ സാമുദായികമായോ മതപരമായോ ഉള്ള അധിഷ്ഠാനത്തിന്മേൽ കെട്ടിയുറപ്പിച്ചിട്ടുള്ള കന്മതിലുകളെല്ലാം തട്ടിത്തകത്തു് സമത്വത്തിലും സാഹോദര്യത്തിലും അടിയുറപ്പിച്ച ഒരു സ്വതന്ത്ര ലോകത്തിലേക്കു് മനുഷ്യനെ സാംസ്കാരികമായി പ്രബുദ്ധമാക്കുകയും, അതിലേയ്ക്കു് മനുഷ്യരാശിയെ നയിക്കുകയും ചെയ്യുന്ന സാഹിത്യമാണു് പുരോഗമനസാഹിത്യം." ഈ ഉദ്ദേശമില്ലാത്തയാതൊന്നും പുരോഗമനസാഹിത്യം ആവുകയില്ല.

അവ്യാപ്തി, അതിവ്യാപ്തി, അസംഭവം എന്ന മൂന്നു ന്യൂനതയും ഇല്ലാത്ത വിധത്തിൽ പുരോഗമനസാഹിത്യത്തിന്നു കല്പിക്കുന്ന ഈ ലക്ഷണം പുരോഗമനമല്ലാത്ത സാഹിത്യത്തിനും തുല്യമായി യോജിക്കുന്നതാണു്. എന്തെന്നാൽ മനുഷ്യനെ സാംസ്കാരികമായി പ്രബുദ്ധമാക്കുകയും അതിലേയ്ക്കു് മനുഷ്യരാശിയെ നയിക്കുകയും ചെയ്യുന്നതാണു് സാഹിത്യത്തിൻെറ തന്നെ പ്രധാനധർമ്മം. ഈ ഉദ്ദേശമില്ലാത്ത യാതൊന്നും പുരോഗമനസാഹിത്യം ആവുകയില്ല എന്നദ്ദേഹം പറയുന്നു. ഈ ഉദ്ദേശമുള്ളതെല്ലാം പുരോഗമനസാഹിത്യം ആണോ എന്നു് അദ്ദേഹത്തോടു ചോദിക്കട്ടെ. അങ്ങനെയാണെങ്കിൽ 'പുരോഗമനം' എന്ന വിശേഷണം ചേർക്കാത്ത സാഹിത്യത്തിലും ഈ അംശം കാണുന്നുണ്ടെങ്കിൽ പുതിയ ഈ ശാഖകൊണ്ടു് എന്താണു് കൂടുതലായ പ്രയോജനം എന്ന ചോദ്യത്തിന്നു് അവകാശമുണ്ടു്.

"പുരോഗതി സാദ്ധ്യമാകണമെങ്കിൽ ഇന്നു നിലവിലിരിക്കുന്ന പലതും പാടേ തകരേണ്ടതുണ്ടു്" എന്നദ്ദേഹം പറയുന്നു. ആ 'പലതും' എന്നതു നിഷ്കൃഷ്ടമായി വിവരിക്കുന്നില്ല എന്നേ ഉള്ളു. "പലതും"! അതേ "പലതും"! ഈ പലതിൽ പലതും ഉൾപ്പെടാം. പലതും ഉൾപ്പെടാതെയും പോകാം! അതുപോലെതന്നെ "ഇന്നു്" എന്ന ആശയത്തിന്റെ വ്യാപ്തിയും കേവലം അവ്യക്തമാണു്. 'ഇന്നു്' എന്നു പറയുമ്പോൾ ആ പറയുന്ന ദിവസത്തെ കുറിക്കാം. വർഷത്തെ കുറിക്കാം. തലമുറയെ കുറിക്കാം. ശതവർഷത്തെ കുറിക്കാം. ആധുനികകാലഘട്ടത്തെ കുറിക്കാം. പലതും കുറിക്കാം. കുറിച്ചുകൊള്ളട്ടെ എന്നായിരിക്കാം പ്രസംഗകർത്താവിൻേറയും ഉദ്ദേശം!

"മറ്റിതരും അവശരും അസമത്വം അനുഭവിക്കുന്നവരും ആയ ഒരു ജനവിഭാഗം സമുദായമദ്ധ്യത്തിലുള്ളടത്തോളം കാലം പുരോഗതി സാദ്ധ്യമല്ല" എന്നു പ്രസംഗകർത്താവു പറയുന്നു അപ്പോൾ മറ്റിതരും അവശരും അസമത്വം അനുഭവിക്കുന്നവരും ഇല്ലാതാകുമ്പോൾ പുരോഗതി സാദ്ധ്യമാണെന്നു സാരം. അങ്ങനെയില്ലാതാകുന്ന ഒരു കാലത്തു് വിശേഷിച്ചൊരു പുരോഗമനത്തിന്റെയും ആവശ്യവും ഇല്ല.

റഷ്യയിലെ ജനകീയസമരത്തിൽ പങ്കെടുത്ത 'മാക്സിം ഗോർക്കി' തുടങ്ങിയ സാഹിത്യനായകന്മാരുടെ ഉദാഹരണവും ചൂണ്ടിക്കാട്ടി മി: കുറുപ്പ് "ആത്മാർത്ഥമായി വിശ്വസിക്കുകയും ആത്മാർത്ഥമായി ആവേശം കൊണ്ടതും ആയ തത്വങ്ങൾക്കുവേണ്ടി" നിലകൊള്ളുന്ന ആ പുരോഗമന സാഹിത്യകാരൻ "പറയുകമാത്രമല്ല, ആ തത്വങ്ങൾ നടപ്പിലാക്കുവാൻവേണ്ടി തുറന്ന പോർക്കളത്തിൽ പ്രത്യക്ഷപ്പെടുവാനും മടി"ക്കയില്ല എന്നു തീർത്തു പറയുന്നു. "നമ്മുടെ ഇടയിൽ നിന്നുതന്നെ ഒരു മഹമ്മദു ബഷീറിനേയോ കേശവ ദേവിനേയോ ചൂണ്ടിക്കാണിച്ചുകൊണ്ടു് നമുക്കു് അഭിമാനപൂർവ്വം ആവേശത്തോടെ പറയുവാൻ കഴിയും, ഇവർ ജനതയുടെ അവകാശങ്ങൾക്കു് വേണ്ടി ജയിൽവാസമനുഭവിക്കുവാൻ മടിച്ചിട്ടില്ലെന്നു്" എന്നദ്ദേഹം പ്രസ്താവിക്കുന്നതു് മെ: ബഷീർ, ദേവു് എന്ന മാന്യന്മാരോടു് അദ്ദേഹത്തിനുള്ള പ്രതിപത്തി വെളിപ്പെടുത്തുന്നു. വായനക്കാർക്കും ആ സാഹിത്യപ്രവർത്തകരുടെ ഉദ്യമങ്ങളിൽ ബഹുമാനമില്ലാതല്ല. എന്നാൽ മാക്സിം ഗോർക്കി,

ഡോസ്റ്റവ്സ്കി മുതലായ വിശ്രുത സാഹിത്യകാരന്മാർ ജീവിച്ചിരുന്ന കാലത്തിലെ റഷ്യൻ ഭൂഖണ്ഡവും ഇന്നത്തെ കേരള ഭൂഭാഗവും വളരെ വളരെ വ്യത്യസ്തമാണ് എന്ന കഥ മി: കുറുപ്പ് അറിയുന്നതായി ഭാവിക്കുന്നില്ല. പത്തൊൻപതാം ശതവർഷത്തിലെ റഷ്യൻ സാഹിത്യനായകനായിരുന്ന 'അലക്സാണ്ഡർ പുഷ്കിൻ' "ഉൽക്കട വികാരങ്ങളുടെ കൊടും പരമാത്മതയ്ക്കും ഭാവഭേദങ്ങളുടെ സത്യസാദൃശ്യ"ത്തിനുമാണ് സാഹിത്യത്തിൽ സ്ഥാനം പ്രത്യേകിച്ചു നൽകിയിരുന്നത് എന്നു പാശ്ചാത്യപണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ആ വിശ്രുത ഭൂഖണ്ഡത്തിലെ ജനസഞ്ചയങ്ങൾ അനേക ശതവർഷങ്ങളായി കെട്ടി ക്രൂടിയ ഇരുമ്പു ചങ്ങലകളാൽ കഠിനമായി ബന്ധിക്കപ്പെട്ടിരുന്നു. സ്വദേശാഭിമാന വികാരത്തിന്റെ ശക്തിയും വർദ്ധിച്ച പ്രവാഹവും സാമുദായിക സേവനത്തിനും, മനുഷ്യത്വസ്ഥാപകമായ സമസ്തസ്വാതന്ത്ര്യസമ്പാദനങ്ങൾക്കുംവേണ്ടി വിനിയോഗിക്കപ്പെട്ടിരുന്നു. ചക്രവർത്തിമാർ, പുരോഹിതന്മാർ, പ്രഭുക്കന്മാർ എന്നിവരുടെ ഏകോപിതമായ അസഹ്യമർദ്ദനം തുടരെത്തുടരെ ജനസഞ്ചയത്തെ അതിരുകടന്നു ക്ഷോഭിപ്പിച്ചിരുന്നു. കേരളത്തിലെ ഒന്നുരണ്ടു പുരോഗമന സാഹിത്യകാരന്മാർ "ജനതയുടെ അവകാശങ്ങൾക്ക് വേണ്ടി ജയിൽവാസമനുഭവിക്കുവാൻ മടിച്ചിട്ടി"ല്ലെന്നു പറയുന്ന മി: കുറുപ്പ്, രാജ്യകാര്യാഭിനിവേശങ്ങൾക്കായി റഷ്യയിൽ ജീവൻ ബലി അർപ്പിച്ചവരുടെ സംഖ്യ

---

മുപ്പത്തി അഞ്ചു ലക്ഷത്തിൽ പരമായിരുന്നു എന്നറിയുമ്പോൾ റഷ്യൻ സാഹിത്യകാരന്മാരോട് കേരളീ പുരോഗ

മന പ്രസക്തരെ താരതമ്യപ്പെടുത്തുന്നതിലുള്ള ലജ്ജാതിക്രമത്തെ അദ്ദേഹം ശാന്തചിത്തനായി സഹിക്കുന്നതു് അത്ഭുതകരമായിരിക്കുന്നു.

'ചർവ്വിത ചർവ്വണം' എന്നു ബഹുമാന്യവായനക്കാർ കരുതുകയില്ലെങ്കിൽ ഒരു പരമാർത്ഥം പ്രസ്താവിച്ചുകൊള്ളട്ടെ. ഇരുപതാം ശതവർഷത്തിന്റെ ആരംഭത്തിൽതന്നെ യൂറോപ്പിലെ വിവിധ ഭാഷകളെ ആസ്പദമാക്കിനുള്ള സാഹിത്യങ്ങളിൽ ഒരു വിപ്ലവാത്മകത ഉൾക്കൊണ്ടിരുന്നു. 1917-ലും 1939-ലും ഉണ്ടായ രണ്ടു മഹായുദ്ധങ്ങളും അനന്തരദുരിതങ്ങളും അന്തരാളകാലത്തിലെ ആഭ്യന്തര അസ്വാസ്ഥ്യങ്ങളും നിമിത്തം യൂറോപ്യൻ സാഹിത്യത്തിൽ വന്നുചേർന്ന മാററം ഇനിയൊരു ഇരുപതു ശതവർഷം കൊണ്ടുപോലും കേരളക്കരയിൽ വന്നുചേരുമോ എന്നു സംശയമാണു്. ഫ്രഞ്ചുസാഹിത്യകാരന്മാരേയും റഷ്യൻ രചയിതാക്കളേയും പകർത്തി സാഹിത്യകാരജീവിതം കേരളക്കരയിൽ നിർവ്വഹിക്കാമെന്നു കരുതുമ്പോൾ പരിതഃസ്ഥിതികളെപ്പററിയുള്ള ഔചിത്യപൂർവ്വകമായ ചിന്ത ഉപേക്ഷണീയം ആകരുതു്.

മലയാളത്തിൽ സാഹിത്യപരിചയം നേടുന്നവരെ മാക്സിംഗോർക്കിയോടും മററും താരതമ്യപ്പെടുത്തുന്നവർ 'ഉപമാനവസ്തു'വിലുള്ള പ്രധാന ധർമ്മങ്ങളെ നിശ്ശേഷം മറക്കുന്നതു് മിക്കവാറും അപഹാസയോഗ്യമാകുന്നു. റഷ്യയിലെ സാഹിത്യകാരന്മാരിൽ ഭൂരിഭാഗവും സാധാരണക്കാരോ സാധാരണ നിലയിലും താണവരോ ആണു്. അവരുടെ ജീവിതങ്ങളാകട്ടെ, ആരംഭം മുതൽ അവസാ

നംവരെ തീവ്രവേദനകളും കഠിനദുഃഖങ്ങളും അതിരററ സങ്കടങ്ങളും നിറഞ്ഞവയും ആയിരിക്കും. 'പോമിയാലോവ്സ്കി' എന്ന സാഹിത്യകാരൻ അദ്ദേഹത്തിൻെറ ജീവിതത്തിൽ നാന്തുറ പ്രാവശ്യം ചാട്ടയടിയ്ക്കു വിധേയനാവുകയുണ്ടായി പോൽ! ലെവിററവ് എന്നയാൾ വിദ്യാൎത്ഥിയായിരിക്കുമ്പോൾ പൊതുശിക്ഷയ്ക്കു് പാത്രമായി തൊലിയുരിയുമാറു് പ്രഹരം ഏററിട്ടുള്ള ആളാണു്. റെഷനിക്കൊവു് കേവലം പതിന്നാലു വയസ്സു പ്രായമായപ്പോൾ രണ്ടു വൎഷത്തെ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നു. ഇക്കൂട്ടത്തിൽ ഗോർക്കിയുടെ ജീവിതവും സകല ക്ലേശസങ്കേതമായിരുന്നു. അദ്ദേഹം അനവധി തവണ ചാട്ടയടികൾക്കു് വിധേയനായി. വോൾഗാ തീരത്തിൽ കക്കാ പെറുക്കി വിററു കാലക്ഷേപം കഴിക്കുവാൻ അദ്ദേഹം കുറെക്കാലം നിർബ്ബന്ധിതനായി. പതിനാറാമത്തെ വയസ്സെത്തിയതോടുകൂടി ഒരു സർവ്വസാധാരണനായ 'ജയിൽപ്പുള്ളി' എന്ന നില ഗോർക്കിക്കു് വന്നു ചേൎന്നു. നാലാമത്തെ വയസ്സിൽ കോളറാ, എട്ടിൽ മസൂരി എന്നീ കഠിന രോഗങ്ങൾക്കു് അദ്ദേഹം ഇരയായി. അദ്ദേഹത്തിന്റെ ബാല്യത്തിലും യൗവ്വനാരംഭത്തിലും വീട്ടിൽനിന്നും പള്ളിക്കൂടങ്ങളിൽ ധാരാളം പ്രഹരം ഏററാണു് അദ്ദേഹം വളൎന്നതു്. അദ്ദേഹം മററുള്ളവരുടെ തോക്കിലെ നിറയ്ക്കും പാത്രീഭവിച്ചു. യൂക്രെൻ ഗ്രാമത്തിൽ വെച്ചു് അദ്ദേഹം ചില തീവെട്ടിക്കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ടു. കൂട്ടക്കൊലക്കാർ അദ്ദേഹത്തെ പിടികൂടിയ സന്ദൎഭങ്ങളും ഇല്ലാതില്ല. കഠിന രോഗങ്ങൾ, നിർദ്ദയ മർദ്ദനങ്ങൾ,

ജീവിതസുഖം സംബന്ധിച്ച് അതിരററ ഭാഗ്യഹീനത എന്നിവയായിരുന്നു ഗോർക്കിയുടെ അനുഭവം.

ഏതു മഹമ്മദു ബഷീറാണു്, കേശവദേവാണു്, പൊൻകുന്നം വർക്കിയാണു്, തകഴിയാണു്, പൊററക്കാട്ടാണു്, കെ. രാമകൃഷ്ണപിള്ളയാണു് ചങ്ങമ്പുഴയാണു് മേൽ പറയപ്പെട്ട വിധം ജീവിതക്ലേശങ്ങളിൽ മുഴുകി എന്നു പറവാൻ ശക്തൻ? യോദ്ധാവും യോദ്ധാവെക്കാൾ സാഹിത്യകാരനും എന്നു തന്നത്താനോ മററുള്ളവർ മുഖേനയോ ഒരു പ്രശംസയ്ക്കു് ഇവരാകട്ടെ, മററു പുരോഗമനസാഹിത്യപ്രചാരകരാകട്ടെ പാത്രങ്ങളാകുമോ? എന്താണു് കാരണം? റഷ്യയിലെ അക്കാലത്തെ അന്തരിക്ഷവും ജീവിതവും ഭരണരീതിയും ജനസമുദായ നിലയും അല്ല, കേരളത്തിലുള്ളതു് എന്നതുതന്നെ.

പുരോഗമന സാഹിത്യം പ്രചരണ സാഹിത്യമാണെന്നുള്ള സാധാരണ പല്ലവി അടുത്തതായി കേട്ടുതുടങ്ങുന്നു. “പുരോഗമന സാഹിത്യം പ്രചരണ സാഹിത്യമാണെന്നും അതുകൊണ്ടു് അതു് സാഹിത്യമാവുകയില്ലെന്നും, അതിൽ കലാംശം ഇല്ലെന്നും ഒരു കൂട്ടം നിരൂപകന്മാർ പരാതിപ്പെടുന്നു”വത്രേ. “കല കലയ്ക്കുവേണ്ടി എന്ന വാദം മുഴക്കുന്നവരിൽ നിന്നാണു് ഈ പരാതി.” എന്നും അദ്ദേഹം പറയുന്നുണ്ടു്. ഈ സന്ദർഭത്തിൽ കലകലയ്ക്കുവേണ്ടിയോ?, കല ജീവിതത്തിനു വേണ്ടിയോ എന്ന അനന്തമായ വാദത്തിലേയ്ക്കു് പ്രവേശിച്ചു വളരെ പുറങ്ങൾ നഷ്ടപ്പെടുത്തേണ്ട ആവശ്യം ഇല്ല. അനട്ടോൾ ഫ്രാൻസ് എന്ന വിഖ്യാത വിമർശകൻ പറയുന്നു:—

"നിങ്ങൾക്ക് ഇഷ്ടമുള്ള പുസ്തകത്തെ സ്നേഹിക്കുക. ആ പുസ്തകം ഏതിനത്തിൽപ്പെടുന്നുവെന്നോ ഏന്തു തത്വം അവസരിക്കുന്നുവെന്നോ നോക്കേണ്ട. നിങ്ങൾക്ക് ഇന്നുള്ള അഭിരുചി നാളത്തേതിനോട് പൊരുത്തത്തിലായിരിക്കുമെന്നും കരുതേണ്ട."

മിക്കവാറും ഇതേ വിധത്തിൽ മററൊരു സാഹിത്യകാരനായ സ്പിൻഗാരു പറയുന്നു:—

"എൻെറ ഭൃത്യൻ പചനകലയിൽ ബഹുസമർത്ഥനാണ്. എന്തുകൊണ്ടെന്നല്ലേ? അവൻ ഇതേവരെ കളവു പറഞ്ഞിട്ടില്ല. യാതൊരു സ്ത്രീകളേയും ചതിച്ചിട്ടുമില്ല! തൻെറ ദർശനത്തിലെത്തുന്ന യാഥാർത്ഥ്യം എത്ര യഥാർത്ഥമായി പറയാമെന്നുള്ളതു മാത്രമാണ് കവിയുടെ ധർമ്മം. അവൻ സ്വന്തം കലയോടാണ് വിശ്വസ്തനായിരിക്കേണ്ടതു്. സൗന്ദര്യസമ്പാദനത്തിന്നു് സകല മഹാപാപങ്ങളും കവിതയിൽ ആകാം. അപ്പോൾ അതു്, 'കല കലയ്ക്കുവേണ്ടി' എന്ന തത്വമാകും. എന്നാൽ കല ജീവിതത്തിനുവേണ്ടി എന്ന തത്വവും പ്രസംഗിച്ച് സകല ദുരാചാരങ്ങളും സാഹിത്യത്തിൽ എത്തിക്കുന്ന സാഹിത്യകാരൻ സംസ്ഥാനശിക്ഷയ്ക്കു് പാത്രമാകാതെ തരമില്ല."

അല്പമൊരു വിനോദരസത്തിലാണ് ആ വിദ്വാൻ ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളതു് എങ്കിലും, കലയ്ക്കു് വിനോദപ്രാധാന്യം, വിജ്ഞാന പ്രാധാന്യം എന്ന രണ്ടംശങ്ങൾ ഉണ്ട്.

വിജ്ഞാനമെന്നും വിനോദമെന്നും പറയപ്പെടുന്ന ഈ രണ്ടു അംശങ്ങൾക്കു തുല്യമായ പ്രാധാന്യം ഉള്ളതു

കൊണ്ടു് കല കേവലം വിനോദത്തിനെന്നോ കേവലം വിജ്ഞാനത്തിനെന്നോ തീൎത്തു പറയാൻ നിൎവ്വാഹമില്ല. കല ജീവിതത്തിനുവേണ്ടി എന്നതിൽ വിജ്ഞാനവിനോദാംശങ്ങൾ ഉൾപ്പെടാം. അതുപോലെ കല കലയ്ക്കു വേണ്ടി എന്നതിലും ഈ രണ്ടംശങ്ങൾക്കും തുല്യ പ്രാധാന്യം കല്പിക്കാം. ഇംഗ്ലീഷ് സാഹിത്യപ്രസിദ്ധനായ സർ റോജർ ഡീകവർലിയുടെ വിധിന്യായത്തീർപ്പു് പോലെ അപഹാസ്യമായാലും ശരി; "രണ്ടു പക്ഷം സംബന്ധിച്ചും അനുകൂലമോ പ്രതികൂലമോ ആയി വളരെ പറവാൻ കാണും" എന്നു മാത്രമേ പറയാനുള്ളു.

എന്നാൽ സാഹിത്യകാരനു് ജീവിതത്തിൽ നിന്നകലാനോ, ജീവിതവിഭിന്നമായ സാഹിത്യകൃതി രചിക്കുവാനോ സാധിക്കയില്ല എന്ന വസ്തുത നാം മറക്കരുതു്. വെറും വിനോദത്തിനു വേണ്ടിയായാലും ശരി ജീവിതവും വിനോദവുമായി ബന്ധിക്കുന്നതുകൊണ്ടു് 'കല കലയ്ക്കു വേണ്ടി' എന്ന തത്വവും ജീവിതത്തെ ബന്ധിച്ചുതന്നെ കാണപ്പെടും. കല കലയ്ക്കുവേണ്ടിയാകട്ടെ ജീവിതത്തിനുവേണ്ടിയാകട്ടെ, കേരളീയസംസ്കാരത്തെ ഉജ്വലിപ്പിക്കുന്നതും കേരളീയ ജീവിതരീതി വിജയകരമായി പ്രതിഫലിപ്പിക്കുന്നതും ആയിരിക്കണം എന്നുമാത്രം പറയാം.

അടുത്തതായി സാഹിത്യത്തിന്റെ ചുമതല ഇന്നതെന്നു പ്രസ്താവിക്കുവാൻ പ്രസംഗകൎത്താവു് ആക്ഷേപരസത്തിൽ ചില പുരാതന കേരളീയ പ്രഭുക്കളുടെ സംഭവരഹിതമായ ജീവിതചൎയ്യയെ ഉപഹസിക്കുന്നു:—"മൃഷ്ടാന്നഭോജനവും കഴിഞ്ഞു്, പട്ടുമെത്തയിൽ സംതൃപ്തിയും തേടി

കിടക്കുന്ന സുഖലോലുപനായ ഒരുവനെ വിനോദിപ്പിക്കു ന്നതിനല്ലതല്ല, സാഹിത്യം" എന്നും, "പരമാത്ഥങ്ങൾക്ക് പുറംതിരിഞ്ഞു് ആത്മവഞ്ചനയിൽ കഴിഞ്ഞുകൂടു വാൻ ജനതയെ പ്രേരിപ്പിക്കുകയല്ല, അതിന്റെ കത്തവ്യം" എന്നും മി: കുരുപ്പു പറയുമ്പോൾ മലയാളസാഹിത്യം ഇതുവരെയും ഇങ്ങനെയൊരു കത്തവ്യത്തെപ്പററിയാതൊരു ബോധവുമില്ലാതെ കഴിയുകയായിരുന്നു എന്നു് കരുതുകയായിരുന്നു എന്നു ഗണിക്കണം! എന്നാൽ മലയാളസാഹിത്യം ക്രമവികസിതമായി അഭിവൃദ്ധി പ്രാപിച്ചുവരുന്നതിനെക്കാൾ വളരെ ഉന്നതമായ നിലയിലുള്ള പരമാത്ഥങ്ങൾ ഒന്നുംതന്നെ പുരോഗമനസാഹിത്യകാരന്മാരും നൽകുകയുണ്ടായില്ല എന്ന പരമാത്ഥംകൂടെ അദ്ദേഹം ഗ്രഹിച്ചിരിക്കേണ്ടതാണു്. മലയാളത്തിൽ ഇതുവരെയുള്ള സാഹിത്യത്തിനു പ്രചോദന ശക്തിയില്ല എന്നു മി: കുരുപ്പു പറയുമ്പോൾ മലയാളസാഹിത്യത്തിൻെറ പ്രചോദനപരമായ ധമ്മം അദ്ദേഹത്തിനു കണ്ടുപിടിക്കാൻ സൌകര്യപ്പെട്ടില്ല എന്നേ പറയേണ്ടതുള്ളു.

പുരോഗമനസാഹിത്യവും മതവും തമ്മിലുള്ള ബന്ധം വിശദമാക്കാനാണു് പ്രസംഗകത്താവിൻെറ അടുത്ത ഉദ്യമം. പുരോഗമനസാഹിത്യകാരന്മാരിൽ ഇദംപ്രഥമമായി മതത്തെപ്പററി സ്പശിക്കുന്ന മാന്യൻ ഇദ്ദേഹം മാത്രമാണു്. ഇങ്ങനെയൊരു പ്രത്യേകത പറയാനുണ്ടു് എന്നല്ലാതെ, മതം സംബന്ധിച്ചു് എന്തെങ്കിലും ഗൌരവമേറിയവിധം പ്രസ്താവിക്കണമെന്നു് അവരിൽ ആക്കുംതന്നെ ഉദ്ദേശമില്ല. മതബോധത്തിനും പുരോഗമനസാഹിത്യത്തി

നും തമ്മിൽ അത്രയേറെ പൊരുത്തവുമുണ്ട്. മി: കുറുപ്പും പറയുന്നു:—"ഇന്നു നിലവിലിരിക്കുന്ന മതാചാരങ്ങളിൽ പുരോഗമനസാഹിത്യകാരന് വലിയ വിശ്വാസമില്ല." കഷ്ടംതന്നെ! നിലവിലിരിക്കുന്ന മതങ്ങളുടേയും മതാചാരങ്ങളുടേയും ഭാഗ്യദോഷം എന്നേ പറയേണ്ടതുള്ളു. ചാർവാകസിദ്ധാന്തം തലയിലും നിരീശ്വരവിശ്വാസവും വസ്തുമാത്രവാദവും രണ്ടു തോളിലും വഹിച്ചുനിൽക്കുന്ന പുരോഗമനസാഹിത്യമൂർത്തിക്കു 'മതം' എന്നാൽ തിന്നാനും കുടിക്കാനും ഉള്ള ഒരു സാധനമല്ലെന്ന് അറിയാം. അതുകൊണ്ടാണ് ആ "വലിയ വിശ്വാസമില്ലാ"യ്മ.

"മതം മനുഷ്യനെ തമ്മിൽ യോജിപ്പിക്കുന്നതിനും സ്നേഹിപ്പിക്കുന്നതിനും പകരം മനുഷ്യരെ അന്യോന്യം അകററി നിറുത്തുന്നതിനും തമ്മിൽ തല്ലിക്കുന്നതിനും ആണ് സഹായിച്ചിട്ടുള്ളതെന്ന് ലോകചരിത്രം വിളിച്ചു പറയുന്നു."

എന്നു മി: കുറുപ്പു "വിളിച്ചു പറയു"മ്പോൾ ഈ അഭിപ്രായത്തോട് എന്തെങ്കിലും വിപ്രതിപത്തി ഉള്ളവർ "വിളി"ക്കാതേയും "പറ"യാതേയും കഴിഞ്ഞുകൂടിക്കൊള്ളുന്നതാണ് ഭംഗി! എന്തെന്നാൽ ലോകചരിത്രം അത്ര ഗൗരവമേറിയതും, പുരോഗമനസാഹിത്യപ്രണയികൾക്കു മാത്രം തലകാട്ടിക്കൊടുക്കുന്നതും ആയ ഒരു കടങ്കടാമൂർത്തിയാണ്. മി: കുറുപ്പു തുടരുന്നു:—

"മതത്തിൻെറ പേരിലുള്ള കലഹങ്ങളും രക്തച്ചൊരിച്ചിലും ഇന്നും നിലച്ചിട്ടില്ല. പൗരോഹിത്യം മതത്തിന്റെ സ്വാരസ്യം കൈയ്യേററെടുത്തതോടെ മതാനുയായികളുടെ

മനസ്സിൽ പരസ്പരവിദ്വേഷവും വെറുപ്പും കുത്തിവെയ്ക്കുകയും സ്വാതന്ത്ര്യ ചിന്തയേയും ആത്മവിശ്വാസത്തേയും അടിച്ചമൎത്തുകയും ആണ് ചെയ്തിട്ടുള്ളതു്. പണ്ഡിത ജവഹർലാൽ പറഞ്ഞിട്ടുള്ളതുപോലെ മതം മനുഷ്യനു പലപ്പോഴും താങ്ങാൻ വയ്യാത്ത ഒരു വൻഭാരമായി തീൎന്നിട്ടുണ്ടു്. അതുകൊണ്ടാണു്, പുരോഗമനസാഹിത്യകാരൻ മൃതപ്പെട്ടുകഴിഞ്ഞ മതാചാരങ്ങളെ തട്ടിമാററിയിട്ടു മുന്നോട്ടു പോകുവാൻ ജനതയെ പ്രബുദ്ധമാക്കുന്നതു്."

മലയാളത്തിലെ പുരോഗമനസാഹിത്യത്തിൻെറ ഉത്ഭവസ്ഥാനം, അസ്വസ്ഥവും ആത്മബോധവിഹീനവും ആയ യൂറോപ്പാണെന്നു നാം കണ്ടുകഴിഞ്ഞ സ്ഥിതിക്കു് ആ യൂറോപ്യൻ അച്ചിൽ വാൎത്തെടുത്ത അഭിപ്രായമല്ലാതെ മതം സംബന്ധിച്ചും ഉണ്ടാകാൻ തരമില്ലല്ലോ.

ഭാരതീയ പുരോഗമനസാഹിത്യ സംഘടനയെ കണ്ണുമടച്ചുകൊണ്ടു് അനുകരിക്കാൻ സാഹസം കാണിച്ച കേരള പുരോഗമനസാഹിത്യം പാശ്ചാത്യ പരിഷ്ക്കാര ഫലമായ വസ്തു മാത്രവാദത്തിലും ശുദ്ധവിചിത്രമായ ഇന്ദ്രിയ സുഖാഭിനിവേശപദ്ധതികളിലും മാത്രം വേരൂന്നിയിരിക്കുന്നതിൽ ആശ്ചര്യപ്പെടാൻ ഇല്ല.

മി. ആർ. എസ്സ്. കുറുപ്പ് മതത്തിൻെറ പേരിൽ നടത്തിയ ആരോപണങ്ങളിൽ ഒന്നു പോലും പുതിയതാണെന്നു് പറയാനില്ല. ഭാരതഖണ്ഡത്തിലെ ചാൎവ്വാകൻെറ കാലത്തും ഗ്രീസ്സിൽ സോഫിസ്ററു തത്വജ്ഞന്മാരുടെ കാലത്തും ഇമ്മാതിരി പല ആരോപണങ്ങളും മതത്തിൻെറ പേരിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. ഭാരത ഭൂഖണ്ഡത്തിൽ

ഉണ്ടായതിനേക്കാൾ എത്രയോ ശക്തി ഏറിയരീതിയിൽ പാശ്ചാത്യദേശങ്ങളിൽ ദൈവവിശ്വാസവും കാര്യകാരണബന്ധവും തമ്മിൽ കൊടിയ പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. മതവും മതപുരോഹിതന്മാരും മതസ്ഥാപനങ്ങളും സ്വതന്ത്ര ചിന്തയുടെ മുമ്പിൽ പലപ്പോഴും കഠിനമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ വളരെ പുരാതനവും മതവൈരികൾ എല്ലാപേരും എപ്പോഴും ഉപയോഗിച്ചു വിജയം നേടാൻ ആഗ്രഹിക്കുന്നതും ആയ ആശയങ്ങൾ ഒന്നു പരിശോധിക്കാതെ തരമില്ല.

"മതം മനുഷ്യനെ യോജിപ്പിക്കുന്നതിനു പകരം തമ്മിൽ തല്ലിക്കുന്നു;" വളരെ എളുപ്പത്തിൽ പറഞ്ഞുതീക്കാം എങ്കിലും 'മതം' എന്നാൽ എന്താണെന്നു മനസ്സിലാക്കാതെ അത്തരം അഭിപ്രായങ്ങളെപ്പറ്റി നമുക്കു് അത്രനേരെ ഗാഢമായി ചിന്തിച്ചിട്ടു കാര്യമില്ല.

നവീനശാസ്ത്രങ്ങളിൽ യാതൊന്നും തന്നെ, ബുദ്ധിശക്തിയുടെ വികാസത്തിനും അപ്പുറം നിൽക്കുന്ന ശാശ്വതപരമാത്ഥങ്ങളെ ആക്കും വെളിപ്പെടുത്തിക്കൊടുക്കുന്നില്ല. മതം സംബന്ധിച്ചു പരമാവധികമായ യഥാത്ഥജ്ഞാനം നേടുവാൻ സഹായിക്കുന്നതു ബുദ്ധിയല്ല, ഹൃദയമാകുന്നു. സദാചാരബോധം, വികാരം, ഹൃദയം, ജന്മസിദ്ധമായ വാസന എന്നിവയാണു് ബുദ്ധിശക്തിയ്ക്കപ്പുറം നിൽക്കുന്ന പരമ യാഥാത്ഥ്യം മനുഷ്യനു് സാക്ഷാൽക്കാരയോഗ്യമാക്കുന്നവ.

സാഹിത്യകാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഗ്രന്ഥങ്ങളിൽ മതപ്രസംഗം നിർവ്വഹിക്കുന്നതു് അത്ര

ചന്തമുള്ള സംഗതിയല്ല. വിശേഷിച്ച്, മതം ഇന്നതെന്നോ, മതവും മനുഷ്യജീവിതവും തമ്മിലുള്ള ബന്ധം ഇന്നവിധമാണെന്നോ അറിഞ്ഞുകൂടാത്തവരെ ഉദ്ദേശിച്ചല്ല ഈ രചന. കേരളവും കേരളീയരും വാസ്തവത്തിൽ മതബോധത്തിൽ ഒട്ടും പുറകേയല്ല. പാശ്ചാത്യദേശങ്ങളിൽ നടമാടുന്ന നിരീശ്വരത്വവും വസ്തുമാത്രബോധവും എത്ര വമ്പിച്ച മാററങ്ങളും മറിമായങ്ങളും കേരളക്കരയിൽ വരുത്തുമെങ്കിലും ശുദ്ധനാസ്തികത്വത്തിൽ കേരളത്തെ എത്തിക്കുവാൻ മതത്തിൻെറ ഏതൊരു മികച്ച ന്യൂനതയ്ക്കും സാദ്ധ്യമല്ലതന്നെ. "ഇന്നു നിലവിലിരിക്കുന്ന മതാചാരങ്ങളിൽ പുരോഗമനസാഹിത്യകാരനു് വലിയ വിശ്വാസമില്ല" എന്നു് മി: ആർ. എസ്സ്. കുറുപ്പ് പറയുമ്പോൾ ഒരു ചെറിയ "വിശ്വാസ"മുണ്ടു് എന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു. മതം, "തമ്മിൽ തല്ലിക്കുന്നതിനാണു സഹായിച്ചിട്ടുള്ളതെ"ന്നു ആ മാന്യനെ ലോകചരിത്രം പഠിപ്പിച്ചിരിക്കുന്നുവത്രേ! വരാം. അങ്ങനെ പഠിപ്പിച്ചിരിക്കയില്ല എന്നു പറയുന്നില്ല. എന്നാൽ ഭാരതഭൂഖണ്ഡത്തിലെ മതവും മതബോധവും ഏതേതു "രക്തച്ചൊരിച്ചിലുകളും എന്തെന്തു് തമ്മിൽ തല്ലിപ്പുകളും, ഉണ്ടാക്കി എന്നാണു് അദ്ദേഹം ലോകചരിത്രത്തിൽനിന്നു മനസ്സിലാക്കിയിരിക്കുന്നതെന്നു രൂപമില്ല. "പൗരോഹിത്യം മതാനുയായികളുടെ മനസ്സിൽ പരസ്പര വിദ്വേഷവും വെറുപ്പും കുത്തിവച്ചു"വത്രേ! വച്ചിരിക്കാം. എവിടെ എന്നൊരു ചോദ്യമുണ്ടു്. പ്രതിപാദ്യ ഭൂഖണ്ഡം കേരളമാണു്. കേരളീയരിൽ ഹിന്ദുക്കൾ, ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്നിങ്ങനെ നാലുതരം മത

വിശ്വാസികരം ഉണ്ട്. ഇവർ തമ്മിൽ മതവിഷയകമായ തമ്മിൽത്തല്ലും രക്തച്ചൊരിച്ചിലും ഉണ്ടായ വല്ല സന്ദർഭവും പ്രസംഗകർത്താവിന് പറയാൻ സാധിക്കുമോ? പന്ത്രണ്ടു മുതൽ ഇരുപതുവരെയുള്ള ശതവർഷങ്ങളിലെ യൂറോപ്യൻ മതകലഹങ്ങളും യൂറോപ്യൻ രക്തച്ചൊരിച്ചിലുകളും നടന്നതാണ് മി: കുറുപ്പ് പ്രസംഗം കൊണ്ടു സൂചിപ്പിക്കുന്നതെങ്കിൽ അദ്ദേഹം ശാന്തനായി ഒന്നാലോചിക്കണം എന്നുമാത്രമേ അഭ്യർത്ഥനയുള്ളു. കേരളഭൂഖണ്ഡത്തിൽ നിന്ന് മതവും സദാചാരവും അടിച്ചു പറത്താൻ നടത്തുന്ന നാസ്തികോദ്യമങ്ങളും പാഷണ്ഡയുക്തിവാദങ്ങളും നിരീശ്വരസിദ്ധാന്തങ്ങളും രാജ്യകാര്യപരമോ, സാമുദായികമോ, വ്യക്തിഗതമോ ആയ സ്വാതന്ത്ര്യത്തിലേയ്ക്കല്ല മഹാജനങ്ങളെ നയിക്കുന്നതെന്നും, അവകൊണ്ട് ഒരു പുതിയ യുദ്ധക്കളം മാത്രമേ പണിചെയ്യാൻ സാധിക്കയുള്ളു എന്നും ആ യുദ്ധക്കളത്തിൽ ഈശ്വരവാദികരം തീർച്ചയായും ഒരുപക്ഷത്തുകാണുമെന്നും മാത്രമാകുന്നു. ആ യുദ്ധക്കളത്തിൽ വല്ലാണ്ടു നിന്നേയിക്കേണ്ടതു്, മതാചാരങ്ങൾ "മൃതപ്പെട്ടു" കഴിഞ്ഞോ, അതോ ജീവനോടെ നിലകൊള്ളുന്നോ എന്ന കാര്യം.

"പുരോഗമനസാഹിത്യം മണ്ണുമറഞ്ഞുപോയ മഹാകവികളെ അധിക്ഷേപിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രസ്ഥാനമാണെന്ന് പലരും ധരിച്ചിട്ടുള്ളതായി" അദ്ദേഹത്തിനറിയാം എന്നുള്ളതാണ് അടുത്ത ശാക്തീതു്. ഇററാലിയൻ സാഹിത്യ പരിഷ്കാരിയുടെ "ഫ്യൂച്ചറിസ"മാണു് പുരോഗമനസാഹിത്യത്തിന്റെ അടിസ്ഥാനം എന്ന് ഈയ

ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കഴിഞ്ഞു. "ഫ്യൂച്ചറിസ"ത്തിന്റെ അതിപ്രധാനമായ സ്വഭാവം ഭൂതകാലഗതരായ സാഹിത്യകാരന്മാരേയും മഹാകവികളേയും ആസകലം അധിക്ഷേപിക്കുക എന്നതാണ്. "അവനവന്റെ ചിന്താഗതിക്കനുസരണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും വച്ചു പോററുവാനുള്ള അവകാശം ഏതു വ്യക്തിക്കും ഉള്ളതാണ്" എന്നദ്ദേഹം പറയുന്നു. എന്നാൽ കണ്ടവരുടെ "ചിന്താഗതിക്കനുസരണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും വച്ചു പോററുന്നവരാണ്" ഭൂതകാല കവികളെ ആസകലം നിന്ദിക്കുന്നതു്. അഥവാ, "അഭിപ്രായങ്ങളും വിശ്വാസങ്ങളും" യാതൊരു തത്വത്തേയും അടിസ്ഥാനമാക്കാതെ "വച്ചുപോററുവാനുള്ള അവകാശം" ഒരു അവകാശമാണോ? നോക്കുക. മി: കുറുപ്പിന്റെ ഒരു "അഭിപ്രായവും" ഒരു "വിശ്വാസ"വും! "പണ്ടു കവിത പദങ്ങൾ കൊണ്ടുള്ള പന്തടിയായിരു"ന്നുവത്രേ! പ്രസംഗകർത്താവു് "പണ്ടു്" എന്നു പറയുന്നതു് ഏതു കാലത്തെ ഉദ്ദേശിച്ചാണ്? ആ പണ്ടു കവിത പദങ്ങൾ കൊണ്ടുള്ള പന്തടിയായിരുന്നെങ്കിൽ ഇന്നു കവിത 'അച്ചക്ഷരങ്ങൾ കൊണ്ടുള്ള അലമാറടി'യാണെന്നു തന്നെ പറയാം. "ഇന്നു നാം ബഹുമാനിക്കുന്നതു് കവിയുടെ ആത്മാൎത്ഥതയും കവിതയിലെ ആന്തരികാംശവും ആണു"പോൽ. കവിയുടെ "ആത്മാൎത്ഥത"യത്രേ! കൂലിവേലക്കാരേയും തൊഴിൽ പ്രവൎത്തനക്കാരേയും ഇളക്കിവിടുവാൻമാത്രം എഴുതിയ മൂന്നേമുക്കാൽവരിശ്ലോകു് ഒന്നും ഒന്നരയും റുപ്പിക വിലവച്ചു പന്തീരായിരവും പതിനയ്യായിരവും പുസ്തകങ്ങൾ വിററു കിട്ടുന്ന

പണം കൊണ്ടു് ധനാഢ്യതയിലേക്കു് കടക്കുവാൻ ടിക്കററു വാങ്ങുന്ന കവികളുടെ "ആത്മാത്ഥത" ആരാധനീയം!

മി: കുറുപ്പിൻെറ പ്രസംഗം അവസാനിപ്പിക്കുന്നതു് "ഒരു പുതിയ ലോകവ്യവസ്ഥ"യെ കരു പിടിപ്പിക്കുന്ന സാഹിത്യസംഘടനയിലേക്കു് യുവജനങ്ങളെ ക്ഷണിക്കുന്നതായിട്ടാണു്. ഈ "പുതിയ ലോകവ്യവസ്ഥ" അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, "മഹാകവി ടാഗോർ ഗീതാഞ്ജലിയിൽ കാണിച്ചു തന്നിട്ടുള്ളതും" ആണ്! പുരോഗമനസാഹിത്യത്തിനും ഗീതാഞ്ജലിക്കും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നു് അദ്ദേഹം കരുതുന്നുവെങ്കിൽ അക്കാര്യംകൊണ്ടുമാത്രം അദ്ദേഹം വിസ്തൃതമായ വിശ്വസാഹിത്യത്തെയാണു്, സങ്കുചിതമായ പുരോഗമനസാഹിത്യത്തെയല്ല മാതൃകയാക്കുന്നതെന്നു് ധാരാളം വെളിപ്പെടും.

---

## അദ്ധ്യായം 8.

"കലാകാരൻെറ കത്തവ്യം" പ്രഖ്യാപനം ചെയ്തു് ആ മാറ്റത്തിലൂടേ പുരോഗമനസാഹിത്യത്തിൻെറ പ്രചരണസേവനം നിർവ്വഹിക്കുവാനാണു് അടുത്ത പ്രസംഗകത്താവായ മി: എസ്സ്. ഗുപ്തൻനായരുടെ ശ്രമം. ഇതിലേക്കു് അദ്ദേഹം ആദ്യമായി ഒരു ഭൂതകാല നിന്ദനത്തിനു കരുതിക്കൂട്ടി ഏപ്പെടുന്നു. "പണ്ടത്തെ കലാസ്വീകരര

സമ്പാദ്യങ്ങളെ ഒന്നും വിലപ്പെട്ടതായെണ്ണാതെ വിസ്മൃതിയിൽ പെട്ട ഭൂതകാലത്തിലേയ്ക്കു കണ്ണയച്ചു നെട്ടുവീർപ്പിടുന്നവർ" എന്നു് അദ്ദേഹം ഭൂതകാലമാഹാത്മ്യജ്ഞരെ അധിക്ഷേപിക്കുകയും ചെയ്യുന്നു. വർത്തമാനകാലത്തിന്നു് ഏതുവിധത്തിലുള്ള മേന്മകൾ ഉണ്ടായിരുന്നാലും ആ മേന്മകൾക്കു് ഭൂതകാലവും ഏറെക്കുറെ അവകാശിയാണെന്ന കാര്യം അദ്ദേഹം വിസ്മരിക്കുന്നു. യഥാർത്ഥത്തിൽ ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള ദൃഢബന്ധം തന്നെ അദ്ദേഹം ധിക്കരിച്ചു സംസാരിക്കുകയാണു്. ഭൂതകാലത്തു നമുക്കു് പല വൻ നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു് എന്നു് ആരെങ്കിലും പറയുന്നതു് കർണ്ണകഠോരം പോലെ തോന്നുമെന്നാണു് ഊഹിക്കേണ്ടതു്. ഈ ശുദ്ധമേ നിസ്സാരമായ മനോഭാവം ഇറ്റാലിയൻ കലാകാരന്റെ 'ഫ്യൂച്ചുറിസ'ത്തെ കണ്ണുമടച്ചു് അനുകരിക്കാൻ തയ്യാറായതുകൊണ്ടാണെന്നു് പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ലല്ലോ. ഭൂതകാല മാഹാത്മ്യം മനസ്സിലാക്കിയവരെല്ലാം പുരോഗമനത്തെ വെറുക്കുന്നവരാണു് എന്ന മറെറാരു വിചിത്രാഭിപ്രായവും അദ്ദേഹംതന്നെ തട്ടിമൂളിക്കുന്നുണ്ടു്.

ഇങ്ങനെ കേവലം ബാലിശമായ വിധത്തിൽ ഭൂതകാലസാഹിത്യത്തെ അവഹേളനം ചെയ്യുന്ന ആളുകൾക്കു് സാഹിത്യത്തിന്റെ യഥാർത്ഥസ്വഭാവം വളരെ നിശ്ചയമില്ല എന്നു് അവർ പ്രഖ്യാപനം ചെയ്കയാണോ എന്നു തോന്നും. സാഹിത്യം ഏതു ഭാഷയിലോ ആകട്ടെ—ഭൂതകാലത്തിൽനിന്നു പിരിച്ചുനിർത്തി നോക്കുക. സാദ്ധ്യമല്ല. ഭൂതകാലത്തിലെ സാഹിത്യഗ്രന്ഥങ്ങളും വർത്തമാനകാല

ത്തിലെ സാഹിത്യഗ്രന്ഥങ്ങളും തമ്മിൽ അവിച്ഛേദ്യമായ ബന്ധമാണ് പുലത്തുന്നത്. ഭൂതകാലത്തെ വത്തമാന കാലത്തിൽ നിന്ന പിരിച്ചുനിറുത്തുന്ന പക്ഷം, മനുഷ്യസ മുദായത്തിൻെറ പരിഷ്കാരം തന്നെ പെട്ടെന്ന് ശിഥിലിത മാകുന്നു. സുപ്രസിദ്ധരായ മുഗൾസാമ്രാജ്യചക്രവത്തിക ളുടെ കാലത്ത് ഭാരതീയരുടെ ഭൂതകാലമാഹാത്മ്യത്തെ നിശ്ശേഷം നശിപ്പിക്കുവാൻ ആ ചക്രവത്തികളിൽ പലരും ഭാരതീയ സാഹിത്യഗ്രന്ഥങ്ങളെ പലതട നശിപ്പിക്കാൻ ശ്രമം ചെയ്തു. പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം എത്തിയതോടെ ഭാരതഖണ്ഡത്തിൻെറ ഭൂതകാലമാഹാ ത്മ്യത്തെ നിശ്ശേഷം അവഗണിക്കുവാനുള്ള ഒരു ശ്രമം നടന്നു. ഫലം എന്തായിരുന്നു എന്നു വിശേഷിച്ചു പ്രസ്താ വിക്കേണ്ടതുണ്ടോ ? ആ ഭൂതകാലഗൗരവം കൂടുതൽ ശക്തി യോടെ ഉയന്നു. മലയാളസാഹിത്യത്തിലെ ഭൂതകാലനി ന്ദനത്തിന്ന് പുരോഗമനസാഹിത്യകാരന്മാർ നടത്തുന്ന യത്നവും ഇതുപോലെ കേവലം നിഷ്ഫലമാണെന്ന് അവർ മനസ്സിലാക്കാൻ ദീർഘകാലത്തിന്റെ ആവശ്യം ഇല്ലതന്നെ.

അടുത്തതായി "എല്ലാകാലത്തും എല്ലാ ദേശത്തും യാഥാസ്ഥിതികന്മാരെന്നും ഉല്പതിഷ്ണുക്കളെന്നും രണ്ടു കക്ഷി ക്കാർ തമ്മിൽ" നടത്തുന്ന വടംപിടിത്തം അദ്ദേഹത്തെ വല്ലാതൊന്നാകർഷിക്കുന്നു. യാഥാസ്ഥിതികന്മാരെന്നാൽ "നിന്ന നിലയ്ക്കുതന്നെ നിൽക്കാൻ ഇഷ്ടപ്പെടുന്നവർ" എ ന്ന് അദ്ദേഹം അവക്കൊരു വ്യാഖ്യാനവും നൽകുന്നു. യാ ഥാസ്ഥിതികന്മാരെ അധിക്ഷേപിച്ചു സംസാരിച്ച ആ ഉദ്യമത്തിനുള്ളിൽ അദ്ദേഹം അറിയാതെ ഒരു ഭൂതകാല സ്തുതിയിൽ ചാടിപ്പോകുന്നുമുണ്ട്. ക്രിസ്തുവിൻെറ കഥ ഇതി

ലോകോദ്ധാരണമാണ്. ഭഗവദ്ഗീതയുടെ സന്ദേശത്തിനും അദ്ദേഹം സദയം വില കല്പിക്കുന്നു.

പുരോഗതി സ്വാഭാവികമെങ്കിൽ പ്രയത്നം എന്തിന് എന്നൊരു ചോദ്യം സ്വയം ഉൽഭാവനം ചെയ്തുകൊണ്ട് അതു സംബന്ധിച്ച് അദ്ദേഹം ഒരു ലഘുചർച്ച നടത്തുന്നു. "സ്വാഭാവികമായ പുരോഗതി ഏററവും മന്ദമായി മാത്രമേ ഉണ്ടാവുകയുള്ളൂ" എന്നും അതിനാൽ കുറെ "അ" സ്വാഭാവികമായ പുരോഗതിക്കാണ് ശ്രമിക്കേണ്ടത് എന്നുമത്രേ അദ്ദേഹം പ്രസ്താവിക്കുന്നതിൻെറ സാരം. കുറെക്കൂടെ ഒന്നു ചുരുക്കാമെങ്കിൽ ബലവാൻ ബലഹീനനെ ചൂഷണം ചെയ്യുന്നു!" ചില പുരോഗമനസാഹിത്യഗ്രന്ഥങ്ങൾ പാവപ്പെട്ട കൂലി വേലക്കാരുടെ വിയർപ്പുതുള്ളിയുടെ രൂപാന്തരമായ രൂപാ ചക്രം കാശ് ജന്മസിദ്ധമായ വിധം അവകാശപ്പെടുന്നതു പോലെ!

ഏതായാലും പ്രസംഗകർത്താവിൻെറ ഭൂതകാല വൈരം അത്ര എളുപ്പത്തിൽ അദ്ദേഹത്തെ വിട്ടുമാറുന്നില്ല. 'അന്നും ഇന്നും' എന്ന തലക്കെട്ടിൽ ആ വൈരം വീണ്ടും ഒരു 'അയവിറയ'ലിന്നു പാത്രീഭവിക്കുന്നു. "അന്നു ആളുകൾ, വിശേഷിച്ച് നമ്മുടെ പൂർവ്വികർ (ഭാരതീയർ) ഇത്ര വളരെ പ്രതിഷേധിച്ചിരുന്നില്ല" പോലും! ഈ "അന്ന്" ഏതു കാലത്തേയാണ് സൂചിപ്പിക്കുന്നതെന്നു പ്രസംഗകർത്താവിനു മാത്രമേ അറിഞ്ഞുകൂടൂ. "അന്ന്" എന്നും "ഭാരതീയർ" എന്നും അദ്ദേഹംതന്നെ പറയുന്ന സ്ഥിതിക്ക് പുരാതന ഭാരതീയരെ ആയിരിക്കാം അദ്ദേഹം ലാക്കാക്കിയിരിക്കുന്നത്. "അന്ന് ഭാരതീയർ ഇത്ര വളരെ പ്രതിഷേധി

ച്ചിരുന്നില്ല" അത്രേ! ഈ വാചകത്തിന്റെ അൎത്ഥം എന്താണെന്നു് പ്രസംഗിച്ച മാന്യൻ തന്നെ അത്ര ഗൗരവാവഹമായവിധം കരുതുന്നുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. "പ്രതിഷേധിച്ചിരുന്നില്ല" എന്നു പറയുമ്പോൾ വിദേശീയമേധാവിത്വത്തെ ഇന്നു പ്രതിഷേധിക്കുന്നതായിരിക്കാം പ്രസംഗകൎത്താവു് ഉദ്ദേശിക്കുന്നതു്. അല്ലല്ല! അദ്ദേഹം വിധിയുടെ പ്രവൎത്തനങ്ങൾക്കു് ഭാരതീയർ കീഴടങ്ങിപ്പോന്നിരുന്നു എന്നു പറയാനായിരിക്കാം ഉദ്ദേശിക്കുന്നതു്.

ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീഃ
ദൈവം പ്രമാണമിതി കാ പുരുഷാ വദന്തി"

എന്നു് സംസ്കൃതത്തിലുള്ള രണ്ടു വരിയെങ്കിലും അദ്ദേഹം കേട്ടിരുന്നുവെങ്കിൽ "ഭാരതീയർ അനുഭവിക്കാനിടവരുന്ന ദുഃഖങ്ങളെല്ലാം വിധിയുടെ ഫലങ്ങളെന്നു് വ്യാഖ്യാനിച്ചു സമാധാനപ്പെട്ടുന്നവരായിരുന്നു" എന്നു് ഒരു 'മിസ്സ് മേയോ'സഹോദരപ്രഖ്യാപനത്തിന്നു മുതിരുകയില്ലായിരുന്നു. അഥവാ, അങ്ങനെയൊക്കെ ചില അബദ്ധങ്ങൾ പ്രാചീന ഭാരതത്തെപ്പററി യാതൊരു നിശ്ചയമില്ലാതെ ഓരോ വിദേശീയർ പുറപ്പെടുവിച്ചിട്ടുണ്ടാകാം. ആ അഭിപ്രായങ്ങളാണോ പ്രാമാണികങ്ങളെന്ന തെററിദ്ധാരണയിൽ ഒരു ഭാരതീയൻ, വിശേഷിച്ചു് ഒരു കേരളീയൻ ബഹുജനസമക്ഷം പുറപ്പെടുവിക്കേണ്ടതു്? "സഹിക്കാനാവാത്ത ദുഃഖങ്ങൾ വന്നുകഴിയുമ്പോൾ മുകളിതഹസ്തരായി ബദ്ധാഞ്ജലികളായി അവർ ജഗന്നിയന്താവിനോടു പ്രാൎത്ഥിച്ചു" എന്നിങ്ങനെ അവരോടുകൂടി അനവധി സായാഹ്നങ്ങളും പ്രഭാതങ്ങളും കഴിച്ചുകൂട്ടിയ ദുഃഖരഹിതനായ ഒരു ഭാരതീ

യൻെറ നിലയിൽ മി: ഗുപ്തൻനായർ സംസാരിക്കുമ്പോൾ അദ്ദേഹത്തിൻെറ 'ആ അന്തരിക്ഷസ്ഥിതിയിൽ ആൎക്കും അല്പമൊരു അനുകമ്പ തോന്നിപ്പോകും. അദ്ദേഹം തുടരുന്നു:—"ഇന്നു് ജീവിതത്തെ പററിയുള്ള വീക്ഷണഗതി മാറി" അത്രേ. നാളെ ഇതിനേക്കാൾ മാറുമെന്നുകൂടെ അദ്ദേഹം അറിഞ്ഞിരിക്കേണ്ടതാണു്. "അവനു് (ഇന്നത്തെവനു്) ജീവിതത്തെപ്പററി നിയതരൂപങ്ങളായ ചില അഭിപ്രായങ്ങൾ ഉണ്ടു്"പോൽ. പുരാതന ഭാരതീയന്നു് ജീവിതത്തെപ്പററി യാതൊരഭിപ്രായവും ഇല്ലായിരുന്നുവത്രേ! എന്നാൽ ഈ മാന്യൻ പ്രസ്താവിക്കുന്ന നിയതരൂപങ്ങളായ അഭിപ്രായങ്ങൾ ഏവയാണെന്നു വെളിപ്പെടുത്തുവാനുള്ള സന്ദർഭത്തെ സമയക്കുറവു് അപഹരിച്ചായിരിക്കും!

ഈ തക്കം കണ്ടു മി: ഗുപ്തൻ നായർ പാരത്രികത്തിൻെറ സന്ദിഗ്ദ്ധതയിൽ വിശ്വസിക്കുന്ന ഒരു നാസ്തികനായും വേഷം മാറുന്നുണ്ടു്. സ്വാമി വിവേകാനന്ദൻ, നരേന്ദ്രൻ എന്ന നാമധേയത്തിൽ നടന്ന കാലത്തിലേതുപോലെ അത്ര കഠിനമായ 'നാസ്തികത്വം ഇദ്ദേഹത്തെ ബാധിച്ചിട്ടില്ല എന്നു സമാധാനപ്പെടാം. "അവർ സന്ദിഗ്ദ്ധമായ പാരത്രികത്തിൻെറ സങ്കല്പസുഖത്തിൽ വ്യാമുഗ്ദ്ധരാവാൻ തയാറില്ല." എന്നദ്ദേഹം പറയുമ്പോൾ പാരത്രികം അത്രയും സന്ദിഗ്ദ്ധമെന്നും ഐഹികം ഒക്കെയും അസന്ദിഗ്ദ്ധമെന്നും ഉള്ള ഒരു തീൎപ്പാണു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിഴലിടുന്നതു്. എന്നാൽ ഈ ലോകം വെറും മിത്ഥ്യയാണു്; അഥവാ സങ്കല്പമാണു് എന്നുള്ള ഭാരതീയ

പാശ്ചാത്യാത്മിക ശാസ്ത്രങ്ങളിലെ യുക്തികളെപ്പററി അദ്ദേഹം കേട്ടിരിക്കാൻ പോലും ഇടയില്ലായിരിക്കാം!

അടുത്തതായി അദ്ദേഹം ഈ മാററങ്ങളുടെ ചരിത്രപരിശോധനയുമൊ തുടങ്ങുന്നു:—"എന്നു മുതലാണീ മാററങ്ങൾ ? എന്ന ചോദ്യത്തിന് ഒററ വാക്കിൽ ഒരുത്തരം പറയണമെങ്കിൽ ഭൗതിക വാദത്തിൻെറ ആവിർഭാവം മുഴുവൻ എന്നു കല്പിച്ചു പറയാം." "ഭൗതിക വാദത്തിൻെറ ആവിർഭാവം മുഴുവൻ" എന്നതു് ഒററ വാക്കായി കരുതിയ ആ ഭാഷാവൈഭവം അങ്ങു നിൽക്കട്ടെ. "ഭൗതികവാദത്തിന്റെ ആരംഭം മുതൽ" ഏതു മാററമാണ് അദ്ദേഹം വിസ്തരിക്കുന്നതെന്ന് മനസ്സിലാക്കുക അല്പം വിഷമംതന്നെ. ഈ പ്രതിപാദനത്തിനിടയ്ക്കുതന്നെ റൂസ്സോയുടെ 'സോഷ്യൽ കാൺട്രാക്റ്റും', മാർക്സിന്റെ 'ക്യാപ്പിററ'ലും അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പേരുകൊണ്ടാണെങ്കിലും ശരി, എത്തുന്നു. മാർക്സിസം തികച്ചും ഒരു ഭൗതിക തത്വശാസ്ത്രമാണ് എന്ന് പ്രസംഗകർത്താവ് സമ്മതിച്ചുകൊടുക്കുന്നു. ആ മാർക്സിസത്തിൻെറ "അതിപ്രസരം കൊണ്ടുതന്നേയാണ്, പുരോഗമനസാഹിത്യവും ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നതും, ആത്മീയമായ പുരോഗതിയെപ്പററി കണ്ണടച്ചു കളയുന്നതു്."

പ്രസംഗകർത്താവ് ഭംഗ്യന്തരേണ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു് പുരോഗമനസാഹിത്യം മാർക്സ് സിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കിയാണ് മലയാള സാഹിത്യത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നതു് എന്നാകുന്നു. എന്നാൽ മാർക്സ്സിദ്ധാന്തങ്ങൾ ഏവ? അവയ്ക്ക് കഠിനാ സ്വാതന്ത്ര്യ

വാദികളായ ഭാരതീയരുടെ രാജ്യകാര്യപ്രവൎത്തനങ്ങളിൽ പോലും നൽകപ്പെട്ടിട്ടുള്ള സ്ഥാനം എന്തു്? മലയാളത്തിൽ ആ സിദ്ധാന്തങ്ങൾ രാജ്യകാര്യപരമായി എവിടെ ശുദ്ധസങ്കല്പത്തിലെങ്കിലും പ്രസ്താവിക്കപ്പെട്ടുന്നു എന്നീ ചിന്തകൾ യാതൊന്നും കൂടാതെ, മാർക്സ്സിദ്ധാന്തമാണു് പുരോഗമനസാഹിത്യത്തിൻെറ അടിസ്ഥാനം എന്നുമാത്രം പറയുന്നതു് വെറും മേന്മഭാവിപ്പു മാത്രമാണു്.

മാർക്സ്സിദ്ധാന്തം എന്നു് പ്രസംഗകത്താവു് പറയുന്നതു് 'സോഷ്യലിസം' എന്ന ആശയം ഉദ്ദേശിച്ചായിരിക്കുമല്ലോ. 'സോഷ്യലിസം' എന്ന സിദ്ധാന്തം യൂറോപ്പിൽ ഏതേതു പരിതഃസ്ഥിതികളിൽ എത്തി, റോബർട്ടു് ഓവൻ, സെയ്ൻറു സൈമൺ, ഫ്യൂറിയർ, ലൂയി ബ്ളാൻക് എന്നീ സാമുദായിക പരിഷ്കാരികളുടെ അഭിപ്രായത്തിൽ സോഷ്യലിസത്തിൻെറ സ്വഭാവം എന്തായിരുന്നു. കാറൽ മാർക്സു് സോഷ്യലിസത്തിൽ എന്തു പരിഷ്കാരമാണുണ്ടാക്കിയതു് എന്നിക്കഥകളെപ്പറ്റി യാതൊരു നിശ്ചയവുമില്ലാത്ത ശുദ്ധമലയാളികളുടെ മുമ്പിൽ മാർക്സ്സോഷ്യലിസ സിദ്ധാന്തങ്ങളെയാണു് പുരോഗമനസാഹിത്യം അവതരിപ്പിക്കുന്നതു് എന്നു പ്രസ്താവിച്ചാൽ അതു് എത്രത്തോളം അംഗീകരണയോഗ്യമാകും എന്നു പ്രസംഗകത്താവു് ആലോചിക്കുന്നില്ല. അദ്ദേഹം പറയുന്ന മാർക്സ്സിദ്ധാന്തത്തിൻെറ പൊതു സ്വഭാവമെന്തെന്നോ, ആ സിദ്ധാന്തം പുരോഗമനസാഹിത്യ കൃതികളിൽ എവിടെയെവിടെയെല്ലാമാണു് നിഴലിടുന്നതെന്നോ പറയുവാനും മി: ഗുപ്തൻനായൎക്കു വേണ്ട സൗകര്യം ലഭിക്കുന്നില്ല. വെറു

തേ, ആളുകളെയൊന്ന് ഇളക്കാനും ഭ്രമിപ്പിക്കാനും മാത്രമായിട്ടാണ്, പുരോഗമനസാഹിത്യം മാർക്സ് സിദ്ധാന്തങ്ങളെ ഉൾക്കൊള്ളുന്നു എന്നദ്ദേഹം പ്രസ്താവിക്കുന്നത്.

ഇംഗ്ലീഷ് ഭാഷയിൽ റഷ്യൻ സാഹിത്യത്തെപ്പററി രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിലെ ഉള്ളടക്കം വിശ്വാസയോഗ്യമാണെങ്കിൽ മാർക്സ് സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യം, റഷ്യൻ സാഹിത്യം മാത്രമാണെന്നു പറയാം. ഇങ്ങനെ സോഷ്യലിസം, വിശേഷിച്ച് മാർക്സ് സിദ്ധാന്തമനുസരിച്ച സോഷ്യലിസം സാഹിത്യത്തിൽ സ്വീകരിക്കത്തക്ക നിലയിലായിരുന്നു റഷ്യൻ സാഹിത്യം പരിലസിച്ചതും. ആ സാഹിത്യത്തിലെ അത്യുത്തമകൃതികളായ 'വോൾട്ടാവാ, ലോറിസ് ഗാഡുണാവ് (പുഷ്കിൻ) ബോദറോഡിണോ (ലെർമൺ ററാവ്) 'ടാരാസ്ബുൾബാ' (ഗോഗോൾ) 'വാർ ആൻറ പീസ്' (ടോൾസ്റ്റായി) എന്നീ കൃതികൾ റഷ്യയിൽ രാഷ്ട്രീയ സ്വാതന്ത്ര്യസ്ഥാപനപരങ്ങളായി രചിക്കപ്പെട്ടിരുന്നു. റഷ്യൻ സാഹിത്യകാരന്മാർ മനുഷ്യമസ്സ്ഥത്തെ ഉജ്ജ്വലിപ്പിച്ചു; മനുഷ്യ പൗരുഷം സ്ഥാപിച്ചു; അജ്ഞതയേയും അധികാരപ്രമത്തതയേയും കാര്യകാരണബന്ധത്താൽ നിശ്ശേഷം തുരത്തി. സ്വദേശാഭിമാനത്തികവ്, സമുദായസേവനസന്നദ്ധത, മനുഷ്യരാശിയോടുള്ള സമത്വസന്ദേശം, ഐഹികവിജയബോധം, പുതിയ ജീവിതം, പുതിയ മനുഷ്യരാശിബന്ധം, പുതിയ മനുഷ്യ സ്വഭാവമാഹാത്മ്യം എന്നിവ ആ സാഹിത്യത്തിൽ ദൃഢമൂലങ്ങളായി. ഈ വിധത്തിൽ മഹനീയമായ ഒരു സാഹിത്യമാണ് മാർക്സ് സിദ്ധാന്തങ്ങളെ

സ്വീകരിക്കുവാൻ ശക്തമായിരുന്നത്ു്. മാർക്സ് സിദ്ധാന്തത്തിൽ പരമപ്രധാനമായ 'പ്രോലിറ്റേറിയൻ' പ്രാധാന്യം യഥാർത്ഥത്തിൽ ക്ലേശപരീതമായ ജീവിതം നയിച്ചിട്ടുള്ളവക്ക മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ആധുനിക റഷ്യൻ സാഹിത്യകാരന്മാരിൽ ഒരു പ്രബല വ്യക്തിയായ മാക്സിം ഗോർക്കിയെപ്പോലുമുള്ളവരുടെ ജീവിതം ഒന്നു സ്വപ്നം കാണുവാനെങ്കിലും പുരോഗമനക്കാരെന്നു ഭാവിക്കുന്ന മലയാളികൾക്കു സാധിച്ചിട്ടുണ്ടോ ?

"സമ്പന്നമാകുംവണ്ണം തന്നിക്കു ഭുജിക്കണം
സുഖമന്ദിരത്തിങ്കൽ വാസവും ചെയ്തീടണം"

എന്നു കരുതുന്ന പുരോഗമനപക്ഷപാതികൾ, കുട്ടിക്കാലം മുതൽ നാനാമുഖങ്ങളായ കഷ്ടതകൾ അനുഭവിച്ചും, ജീവസന്ധാരണത്തിനു വേണ്ടി പന്ത്രണ്ടിൽപ്പരം തൊഴിലുകളിൽ ഏപ്പെട്ടും, ആയിരം മൈലിൽ കൂടുതൽ കാൽനടയായി സഞ്ചരിച്ചും, ഇങ്ങനെ ഒരു യൗവ്വനം കഴിച്ചുകൂട്ടിയ മാക്സിം ഗോർക്കി മുതലായവരുടെ നാമധേയം പരമ്പരാർജ്ജിതമായ സ്വത്തെന്നപോലെ ഏററ് ആ പേരിലാണു് തങ്ങളുടെ സാഹിത്യം പ്രതിഷ്ഠിച്ചിരിക്കുന്നത്ു് എന്നു പറഞ്ഞാൽ അതു് അപ്പാടേ വിശ്വസിക്കുവാൻ എത്ര പേർ ഒരുക്കമായിരിക്കും ?

യഥാർത്ഥത്തിൽ മലയാളത്തിലെ പുരോഗമനസാഹിത്യം റഷ്യയിലെ സോഷ്യലിസം സംബന്ധിച്ച ഗന്ധവ്വനഗരത്തിൽ ഇററാലിയൻ ഫാസിസത്തിൻെറ സാഹിത്യച്ചാത്തു കഴിക്കുവാനാണു് ഉദ്യമിച്ചു കാണുന്നത്ു് എന്നേ പറയാൻ നിവൃത്തിയുള്ളു.

ഭൗതികതത്വസിദ്ധാന്തങ്ങളുടെ ഒരു ഉജ്ജ്വലപ്രചരണത്തിന്നാണു് പ്രസംഗംകൊണ്ടു് ഉദ്ദേശിക്കുകയുണ്ടായതു് എങ്കിലും, പ്രസ്തുതമാന്യൻ ആത്മീയപുരോഗതിയെപ്പറ്റിയും രണ്ടു വാക്കു പറയുന്നുണ്ടു്. "ഭാരതീയരായ നമുക്കു് ആത്മീയതയെ തികച്ചും മാററി വയ്ക്കാൻ നിവൃത്തിയില്ല. അർഹിക്കുന്ന സ്ഥാനം അതിനും കൊടുക്കുകതന്നെ വേണം. എന്നാണെൻെറ അഭിപ്രായം. അർഹിക്കുന്ന സ്ഥാനം— അതു പ്രത്യേകം ഓർമ്മിക്കണം."

എന്നു മി: ഗുപ്തൻനായർ ഭൗതികാത്മീയതകൾക്കു സ്ഥാനം നൽകുവാൻ ഏൎപ്പെട്ട കമ്മിററിയിലെ പ്രസിഡൻറു് എന്ന നിലയിൽ "അർഹിക്കുന്ന സ്ഥാനം അതിനും കൊടുക്കുകതന്നെ വേണം" എന്നു വിധിയെഴുതുന്നതു കാൺമ്പോൾ ഒരു സ്ഥാനം കിട്ടുവാൻ മറെറാരു നിവൃത്തിയില്ലാതെ കേരളഭൂഖണ്ഡത്തിലെ "ആത്മീയത" അദ്ദേഹത്തെ കാൎപിടിച്ചു് ആശ്രയിക്കുന്ന ഒരു രംഗമാണു് ഭാവനയിൽ എത്തുന്നതു്. അദ്ദേഹമാകട്ടെ ഈ ലോകമല്ലാതെ പരലോകം എന്നൊന്നില്ല എന്നു് അല്പം മുമ്പു് വാദിച്ച ആളുമാണു്. ആ സ്ഥിതിക്കു് "അർഹിക്കുന്ന സ്ഥാനം" ആത്മീയത്തിനും പ്രത്യേകം നീക്കിവയ്ക്കാൻ അദ്ദേഹത്തിനു തോന്നിയ മഹാമനസ്കത, താമസിയാതെ ചരിത്രപ്രസിദ്ധമാകാൻ ഇടയുണ്ടു് !

അടുത്ത ഭാഗം, പുരോഗമനസാഹിത്യകാരന്മാരുടെ ഒരു സാധാരണപല്ലവിയായിത്തീൎന്നിട്ടുള്ള "പുറവം കാണുന്ന പരമാൎത്ഥങ്ങളുടെ ചിത്രീകരണം" എന്ന വസ്തുത ആധാരമാക്കിയാണു്. "ചുററിലും നരകയാതനകളുടെ നിര

ന്തരനത്തനം നടക്കുന്നതു്'' മലയാളസാഹിത്യകാരന്മാരിൽ ഇതേനാളും എഴുതിയവർ കാണുകയായിരുന്നു എന്നും, അതിനെപ്പററി അവർ ചിന്തിക്കുന്നില്ല എന്നും, "അവൎക്കു മനസ്സു നോവും'' എന്നും, "അങ്ങനെ മനസ്സിനെ നോവിക്കാൻ അവൎക്കു് ഇഷ്ടമില്ല'' എന്നും ഉള്ള ഒരു ആരോപണമാണു്. "ചുററിലും നരകയാതനകളുടെ നിരന്തരനത്തനം നടക്കുന്നതു്'' ഇതേനാളമുള്ള മലയാള സാഹിത്യകാരന്മാർ അഥവാ "അനുഭവാതീതങ്ങളായ സ്വപ്നമണ്ഡലങ്ങളിൽ സഞ്ചരിച്ചിരുന്ന നമ്മുടെ ഇടയിലുള്ള ഒരു ക്രൂട്ടർ'' കണ്ടിട്ടും കണ്ണടച്ചുകളഞ്ഞു എന്നു് പ്രസംഗകർത്താവിനെപ്പോലുള്ള ഒരാൾ പ്രസ്താവിച്ചു കേൾക്കുന്നതു് അദ്ദേഹത്തിൻെറ സാഹിത്യ പരിചയം സംബന്ധിച്ചു് മററുള്ളവൎക്കുള്ള മതിപ്പിനെ ഗണ്യമായി കുറയ്ക്കുന്നതാണു്. അദ്ദേഹത്തിൻെറ കേരളസാമുദായിക വീക്ഷണം തന്നെ നോക്കുക:—

"പണ്ടു് അധികാരവും ചിന്താശക്തിയും എല്ലാം സമുദായത്തിൻെറ മേൽത്തട്ടിൽ വൎത്തിക്കുന്ന ഒരു അല്പപക്ഷക്കാരുടെ ആയിരുന്നു.''

"പണ്ടു്'' കേവലം അവ്യക്തമായ ഒരു പ്രയോഗമാണു്. അഥവാ "പണ്ടു്'' അങ്ങനെയായിരുന്നുവെങ്കിൽ തന്നെ "ഇന്നു്'', അതേ ഇരുപതാംശതവൎഷത്തിൻെറ മദ്ധ്യഘട്ടമായ ഇന്നു് "അധികാര''വും "ചിന്താശക്തി''യും ആരുടെ കൈയിലാണെന്നു പ്രസംഗകൎത്താവിനോടു വിശേഷിച്ചു ചോദിക്കേണ്ടതായിട്ടുണ്ടോ? "ഇന്നു് കലാകാരന്മാർ ജനങ്ങളുടെ പ്രതിനിധികൾ ആണുപോലും!''

ഇന്നു പ്രതിനിധികളാണെങ്കിൽ പണ്ടും ജനങ്ങളുടെ പ്രതിനിധികൾ തന്നേയായിരുന്നു. "ഇന്നത്തെ കലാകാരന്മാർ പ്രഭുക്കന്മാരുടെ ദാസന്മാരല്ല" എന്നു പ്രസംഗകൎത്താവു് പറയുമ്പോൾ, ഗന്ധൎവ്വനഗരത്തിലെ ശുദ്ധ സങ്കല്പത്തിലിരുന്നു് അദ്ദേഹം ഭംഗിയായി വെയിൽ കായുകയാണു് എന്നു ധരിക്കാം.

പക്ഷെ, യൂറോപ്പുഖണ്ഡത്തിന്റെ മുക്കിലോ മൂലയിലോ കലാകാരൻ 'ജനപ്രതിനിധി' എന്നു പറയുമായിരിക്കാം. എന്നാൽ കലാകാരന്മാരുടെ ജീവിതത്തിന്റെ സൂക്ഷ്മപഠനം നിൎവ്വഹിക്കുന്ന ഒരാളിനു് കലാകാരൻ ആരുടെ പ്രതിനിധി ആയിരുന്നാലും പ്രഭുക്കന്മാരെ ചുററിപ്പററിക്കഴിയുന്നതായിട്ടാണു് അനുഭവത്തിൽ കാണുന്നതു്.

അടുത്ത പ്രസ്താവന, അത്യന്തം രസകരമാണു്. "ജനങ്ങൾക്കു് ഇന്നു് അധികാരങ്ങളുണ്ടു്." തീൎച്ചയായും വേണ്ട അധികാരങ്ങളെല്ലാം ഉണ്ടു്. എന്തിനെന്നല്ലേ? ആഹാരനിദ്രാദികൾക്കു്. ഈ "അധികാരങ്ങ"ളേക്കാൾ എത്രയോ കൂടുതലായ "അധികാര"ങ്ങൾ ജനങ്ങൾക്കു് പണ്ടു് ഉണ്ടായിരുന്നു എന്നതു് രാമായണകാലഘട്ടം തൊട്ടു സ്ഥാപിക്കാൻ സാധിക്കും എന്നു പ്രസംഗകൎത്താവു് കരുതുന്നില്ല. ഭാരതഖണ്ഡത്തിന്റെ സ്വാതന്ത്ര്യത്തിനും ഭാരതീയജനങ്ങളുടെ ഭരണാധികാരലാഭത്തിനും ആയി ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് മഹോദ്യമങ്ങളിൽ ഏൎപ്പെട്ടിട്ടു് വൎഷം അറുപതു കഴിഞ്ഞു. ഈ ജനങ്ങൾക്കു് സിദ്ധിച്ച അധികാരങ്ങളെപ്പററി രാജ്യമീമാംസാവിശാരദന്മാരോടു് വിശേഷിച്ചു് വല്ലതും പറയേണ്ടതായിട്ടുണ്ടോ?

മറെറാരു വിചിത്ര പ്രസ്താവന! "പണ്ടു ചരിത്രം രാജാക്കന്മാരുടെ ചരിത്രം മാത്രമായിരുന്നു. ഇന്നു ജനങ്ങളുടെ ചരിത്രമാണു് എഴുതപ്പെടുന്നതു്" പ്രസംഗകത്താവു് അതലവിതലാദി ലോകങ്ങളിൽ സഞ്ചരിക്കുന്നതുപോലെ തോന്നിക്കുന്ന ഇത്തരം പ്രസ്താവനകൾ കൊണ്ടു് അദ്ദേഹത്തിന്റെ സപ്തദർശനങ്ങളിലെ സൂക്ഷ്മാവലോകനശക്തി അഭിനന്ദനീയം തന്നെ എന്നു പറയാം.

"അസമത്വവും ചൂഷണവും ജയക്കൊടി പറപ്പിക്കുന്ന ഈ ലോകവ്യവസ്ഥ ഇനി അധികം നിലനിൽക്കാൻ പോകുന്നില്ല" എന്നും, "അതു് ഏതാനും വർഷങ്ങളിലേക്കു മാത്രം നില നിൽക്കാൻ പോകുന്ന ഒരു ദുഃസ്വപ്നമാണു്" എന്നും പ്രസംഗകത്താവു് സമസ്തജനാശ്വാസദായകനായ ഒരു ദൈവദൂതന്റെ മട്ടിൽ പ്രസ്താവിക്കുന്നതു് കേവലം ആശ്വാസകരം തന്നെ. എന്നാൽ ഈ ഭാവി വീക്ഷകനു് "ഏതാനും വർഷങ്ങളിലേക്കു മാത്രം" എന്നു് അവ്യവസ്ഥിതമാക്കേണ്ട ആവശ്യം ഇല്ലായിരുന്നു. ലോകത്തിലെ അസമത്വവും ചൂഷണവും ജയക്കൊടി പറപ്പിക്കുന്ന ഈ ലോകവ്യവസ്ഥ ഇന്നയാണ്ടു് ഇന്നമാസം ഇത്രാം തീയതി ഇത്രമണിക്കു് നിൽക്കാൻ പോകുന്നു എന്നു തന്നെ എന്തുകൊണ്ടാണു് അഖിലജന സംശയച്ഛേദകരമായി തീർത്തു പറഞ്ഞുകൂടാത്തതു്! പക്ഷേ, ഈ വിധത്തിലുള്ള 'മനഃപായസം' ആർക്കും ഭുജിക്കാവുന്നതും, ആർക്കുമൊരു വിശേഷാൽ പ്രയോജനവും സിദ്ധിക്കാത്തതും ആയിരിക്കുമെന്നു് കരുതുന്ന അല്പപക്ഷക്കാരും കണ്ടേയ്ക്കാം!

"ഭാവിയുടെ സംവിധാനത്തിനുവേണ്ടി പുതിയശക്തി രൂപമെടുക്കുന്നു. ഈ പുതിയ ജീവ ചൈതന്യത്തിനു്

ഒരു കല വേണം? ആ കലയിൽക്കൂടി നമുക്കു് ജനങ്ങളെ ഉയിർകൊള്ളിക്കേണ്ടേ ?" എന്നദ്ദേഹം ചോദിക്കുമ്പോൾ, "തീച്ചയായും വേണം' നമുക്കു് ജനങ്ങളെ ഉയിർകൊള്ളിക്കണം" എന്നു് ആവേശത്തോടെ പറയാനെങ്കിലും നേരത്തെ ഉയിർകൊണ്ടിട്ടുള്ള ചിലർ കേരളസാഹിത്യലോകത്തു് ഉണ്ടായിരിക്കേണ്ടതാണു്. "ജനങ്ങളെ ഉയിർകൊള്ളിക്കേണ്ടേ?" എന്നിങ്ങനെ കൊടിയ അധികാരപ്രമത്തതയിൽ എന്നപോലെ ചോദിക്കുമ്പോൾ കേരളദേശത്തിലെ ജനങ്ങളെല്ലാം ഉയിർകൊള്ളാൻ സാധിക്കാതെ വഷാരംഭത്തിലെ ചാതകപ്പക്ഷികൾപോലെ അങ്ങനെ കഴിയുകയാണെന്നും, അവരെ ഉയിർകൊള്ളിക്കാൻ ഈ 'പുരോഗമനസാഹിത്യം' ഇവിടെ അവതരിപ്പിക്കാത്തപക്ഷം, അവരെല്ലാം ഉയിരില്ലാതെയായിത്തീരുമെന്നും പ്രസംഗകത്താവു് കരുതുന്നുണ്ടെങ്കിൽ അതിൽപ്പരം അബദ്ധം മറെറാന്നില്ല. കേരളീയരെ ഉയിർകൊള്ളിക്കാൻ ഇന്നോളമുള്ള സാഹിത്യത്തിന്നു സാധിച്ചിട്ടുണ്ടു്. കൂടുതലായി അവക്കു വല്ല ഉയിരും മുമ്പിലത്തേതിലും അധികം ഉണ്ടാകണമെങ്കിൽ ആയതു് അവരുടെ പൊതുജീവിതരീതികളുടെ ഉയച്ചകൊണ്ടാണു് സാധിക്കേണ്ടതു്. ആ ജീവിതയാനങ്ങളുടെ ഉൽക്കഷം കാലാനുകൂലമായി ലഭിക്കുക തന്നെ ചെയ്യുന്നു. ആ സ്ഥിതിക്കു് പുരോഗമനസാഹിത്യം അപ്രതിഹതമാണെന്നു പറയാനില്ല.

# അദ്ധ്യായം 9

"പുരോഗമനം എന്താണ്?" എന്നൊരു ചോദ്യത്തലക്കെട്ട് വഹിക്കുന്ന അടുത്ത പ്രസംഗത്തിന്റെ കർത്താവ് മി: കുററിപ്പുഴ കൃഷ്ണപിള്ളയാകുന്നു. "പുരോഗമനസാഹിത്യത്തിന്റെ നേരെയുള്ള എതിർപ്പുകണ്ടു ഞാൻ അത്ഭുതപ്പെടുന്നു" എന്നു പറയുന്ന ഈ മാന്യന്റെ അത്ഭുതം ക്ഷണേന മാറി. ആ എതിർപ്പ്, "ഈ പ്രസ്ഥാനം ജനസമുദായത്തിൽ പ്രചരിച്ചു ഫലിച്ചു തുടങ്ങിയിരിക്കുന്നു എന്നതിലേയ്ക്കൊരു തെളിവാ"യി അദ്ദേഹം അങ്ഗീകരിച്ചുകഴിഞ്ഞു. ആ സ്ഥിതിക്ക് പ്രസ്തുത എതിർപ്പു കണ്ട് അത്ഭുതപ്പെട്ടതിന് യാതൊരർത്ഥവും ഇല്ല. അല്ലാത്തപക്ഷം, "വാസ്തവത്തിൽ എതിരാളികളാണ് പുരോഗമനസാഹിത്യത്തിന് പോഷണം നൽകുന്നവർ" എന്ന് അദ്ദേഹം പറയുന്നതിൽ ആത്മാർത്ഥതയുടെ കണികപോലും ഇല്ല. ഇങ്ങനെ അദ്ദേഹത്തിന്റെ പ്രസങ്ഗത്തിന്റെ മുഖവുരതന്നെയും 'ഗണപതിക്ക് വച്ചതു് കാക്ക കൊണ്ടുപോയി' എന്ന കൂട്ടത്തിൽ പരസ്പരവിരുദ്ധമായിട്ടാണ്.

"സാഹിത്യം ജീവിതപുരോഗമനത്തിന് ഉപകരണമാക്കണമെന്നുള്ളതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം" എന്നദ്ദേഹം പറയുന്നു. സാഹിത്യം ജീവിതപുരോഗമനത്തിന്നു് ഉപകരണം തന്നെയാണ്. അതിനെ ഇനിയാ അടേയും ശ്രമത്തിൽ പുതിയൊരു "ഉപകരണം ആക്കേ" ണ്ടതില്ല. ആ വസ്തുത വെളിപ്പെടണമെങ്കിൽ 'സാഹിത്യം'

എന്നാൽ എന്താണെന്നു് അറിയേണ്ടിയിരിക്കുന്നു. പ്രസംഗകർത്താവാകട്ടെ, "തത്വപരമായ" ആ "വിപുലവിചാരത്തിനു്" ഇവിടെ വലിയ പ്രസക്തിയില്ല എന്നുപറഞ്ഞു് ഒരുവക അനാസ്ഥ ഭാവിക്കുകയാണു്. തത്വപരമായ വിപുല വിചാരത്തിലേയ്ക്കു പ്രവേശിക്കുന്ന പക്ഷം പുരോഗമനസാഹിത്യത്തിന്റെ കേസ്സിൽ വലിയ വിജയം ലഭിക്കാൻ ഇടയില്ല എന്നു് അദ്ദേഹം "തത്വപര"മായി നേരത്തേ മനസ്സിലാക്കിയിരിക്കും. അല്ലാത്തപക്ഷം, "സാഹിത്യം എന്നാൽ എന്തു്?" എന്ന ആ വിപുലമായ വിഷയത്തെപ്പററി അദ്ദേഹത്തിനു് തത്വപരമായിത്തന്നെ ഒരു വിപുലവിചാരം നിർവ്വഹിക്കാമായിരുന്നു.

"കലയുടെ ശാശ്വതതത്വത്തെപ്പററിയുള്ള വിതണ്ഡാവാദങ്ങളും ഇവിടെ വലിച്ചിഴച്ചുകൊണ്ടു വരുന്നതു് അസംഗതമാണു്" എന്നും അദ്ദേഹം പറയുന്നു. ഇന്നിന്നതെല്ലാം വിതണ്ഡാവാദങ്ങൾ ഇന്നിന്നതെല്ലാം "വിതണ്ഡാ" അല്ലാത്ത വാദങ്ങൾ എന്നു് അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടു്. അതായതു്, പുരോഗമനസാഹിത്യത്തിനു് വല്ലവിധത്തിലും പ്രതികൂലമായി കലാശിക്കുന്നതെല്ലാം വിതണ്ഡാവാദങ്ങൾ! അപ്രകാരമാകാതെ ആ സാഹിത്യത്തെ അനുകൂലിക്കുന്നതെല്ലാം "വിതണ്ഡാ" ആകാത്ത വാദങ്ങൾ! ജഡ്ജ്മെൻറു വളരെ നിഷ്പക്ഷപാതമായ നിലയിൽത്തന്നെ നിർവ്വഹിക്കുന്നു എന്നൊരു മെച്ചമുണ്ടു്!

"എല്ലാം മാറിക്കൊണ്ടിരിക്കുന്നു എങ്കിലും മാറാത്തതു് ചിലതുണ്ടെന്നും, അതൊക്കെ ദേശകാലാതീതമാണെന്നും, സാഹിത്യത്തിലും ശാശ്വതാംശമുണ്ടെന്നും മററും ഈ

യിടെ ഒരു ലേഖകൻ വാദിച്ചിരിക്കുന്നതു കണ്ടു" എന്ന് അദ്ദേഹം സമ്മതിച്ചുകൊണ്ട് ആ ലേഖകൻെറ പ്രതിപാദനത്തെ ഉപഹാസത്തോടെ അദ്ദേഹം വിമർശിക്കുന്നു. "ദേശകാലാതീതം" എന്നു പറഞ്ഞിരിക്കാവുന്നതു്, ദേശത്തിൻെറയും കാലത്തിൻെറയും ശക്തിയ്ക്കപ്പുറമാണ് എന്നതിനെ മനഃപൂർവ്വമായി ദേശത്തിൻെറയും കാലത്തിൻെറയും അപ്പുറം എന്നു വ്യാഖ്യാനിച്ചു മി: കൃഷ്ണപിള്ള, "പുരോഗമനസാഹിത്യകാരന്മാർ ജീവിക്കുന്നതു് ദേശത്തിനും കാലത്തിനും ഉള്ളിലാണു്" എന്നു പ്രത്യാഖ്യാനം കൊടുക്കുന്നു. ദേശത്തിനും കാലത്തിനും മാത്രമല്ല, വീട്ടിനും മുറിയ്ക്കും ഉള്ളിലാണു് എന്നുകൂടെ അദ്ദേഹം പറഞ്ഞില്ലല്ലോ, എന്നു സമാധാനപ്പെടാം. "അവയ്ക്കപ്പുറത്തു വല്ലതും ഉണ്ടെങ്കിൽ അവിടെയിരുന്നുകൊള്ളട്ടെ" എന്നും, "മനുഷ്യജീവിതവുമായി യാതൊരു ബന്ധവും ഇല്ലാത്ത ആ എന്തോ ഒന്നിനെപ്പററി വാദിച്ചു് സമയം കളയുവാൻ അവർ ഒരുക്കമില്ല" എന്നും അദ്ദേഹം അവരുടെ ആളായി നിന്നു സംസാരിക്കുന്നു. ദേശത്തേയും കാലത്തേയും അതിക്രമിച്ചു് ശാശ്വതത്വത്തിലേക്ക് ഒരു സങ്കല്പയാത്ര ചെയ്യത്തക്കവണ്ണം മതിഭ്രമം ബാധിച്ചവരല്ല പുരോഗമനസാഹിത്യകാരന്മാർ എന്നു മതിഭ്രമം ബാധിച്ചവരല്ല കേരളീയർ എന്നു മാത്രമേ പറയേണ്ടതുള്ളു. "നഗ്നങ്ങളായ ജീവിതയാഥാർത്ഥ്യങ്ങളെ സാഹിത്യമാകുന്ന കണ്ണാടിയിൽക്കൂടി പ്രതിഫലിപ്പിച്ചു് അവയുടെ ന്യൂനതകളെ പരിഹരിക്കുന്നതിനുള്ള ഉണർവും ഉത്തേജനവും നൽകുക, മററൊരുവിധത്തിൽ പറയുകയാണെങ്കിൽ മർത്ത്യജീവിതഗാത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള വ്രണങ്ങളേയും നീർക്കെട്ടുക

ളേയും ചിത്രീകരിച്ച് അവയെ ശസ്ത്രക്രിയകൊണ്ട് നശി പ്പിക്കുന്നതിനുള്ള ബോധവും ബലവും പ്രദാനം ചെയ്യുക— ഇതാണു പുരോഗമനസാഹിത്യധർമ്മം" എന്നദ്ദേഹം പു രോഗമനസാഹിത്യധർമ്മത്തിന്റെ മർമ്മം വെളിപ്പെടുത്തുന്നു.

ഇതനുസരിച്ചു നഗ്നങ്ങളായ ജീവിതയാഥാർത്ഥ്യങ്ങ ളെ സാഹിത്യക്കണ്ണാടിയിൽക്കൂടി പ്രതിഫലിപ്പിച്ച് അ വർ ന്യൂനത പരിഹരിക്കുന്നവരാണത്രേ. ജീവിതയാഥാ ർത്ഥ്യങ്ങളുടെ ന്യൂനത പരിഹരിക്കുന്നത് അവ കണ്ണാടി യിൽക്കൂടെ പ്രതിഫലിപ്പിച്ചിട്ടു മാത്രമേ സാധിക്കുകയുള്ളു വെന്ന് ഇവർ കരുതുന്നുണ്ടോ ? ഈ സാഹിത്യക്കണ്ണാടി അങ്ങു മാററിവച്ചിട്ട് നഗ്നങ്ങളായ ജീവിതയാഥാർത്ഥ്യങ്ങ ളെ ഇവർക്ക് നേരിട്ടങ്ങു പരിഹരിച്ചുകൂടേ എന്നൊരു ചോദ്യമുണ്ട്. അതെന്തായാലും ഒരുവക പുതിയ സാമു ദായിക ന്യൂനതാ പരിഹരണ സംഘക്കാർ ഇങ്ങനെ ഉള്ള ത് വലിയ ഒരു അനുഗ്രഹംതന്നെ! പക്ഷേ 1945 വരെ ഇവരെല്ലാം എവിടെയെല്ലാം കഴിഞ്ഞുകൂടിയെന്നും എ ന്തെല്ലാം ന്യൂനതകൾ പരിഹരിച്ചു എന്നും അന്വേഷിക്കേ ണ്ട ആവശ്യമില്ലല്ലോ. "മർത്ത്യജീവിതഗാത്രത്തിൽ പ്രത്യ ക്ഷപ്പെട്ടിട്ടുള്ള വ്രണങ്ങളേയും, നീർക്കെട്ടുകളേയും ചിത്രീ കരിച്ച് അവയെ ശസ്ത്രക്രിയകൊണ്ടു നശിപ്പിക്കുന്നതിനു ള്ള ബോധവും ബലവും പ്രദാനം ചെയ്യുക." ഈ ഉദ്യമ ത്തിൽ "ചിത്രീകരിച്ച്" എന്നൊരു "കരിപ്പി"ന്റെ ആ വശ്യം ഒഴിച്ചുകൂടാത്തതാണോ ?

നഗ്നങ്ങളായ ജീവിതയാഥാർത്ഥ്യങ്ങളെ പരിഹരിക്കാ നും മർത്ത്യജീവിതഗാത്രത്തിലെ വ്രണങ്ങളും നീർക്കെട്ടുക

ളും ശസ്ത്രക്രിയകൊണ്ടു് നശിപ്പിക്കാൻ ബോധവും ബല
വും കൊടുക്കാനും ശ്രമിക്കുന്ന ഈ പുരോഗമനസാഹിത്യ
മെഡിക്കൽ ആർട്ടിസ്റ്റുകൾ അവരുടെ ഗൗരവമേറിയ
ഉദ്യമങ്ങൾക്കു് സാഹിത്യം ഒരു മാർഗ്ഗമാക്കിയിരിക്കുന്നു.
സാഹിത്യം മാർഗ്ഗമാക്കാതേയും ഇവർക്കു് ഈ കൃത്യനിർ
വഹണത്തിന്നു് ധാരാളം ശ്രമിക്കാമെന്നിരിക്കെ സാഹിത്യ
ത്തിലൂടെ ചിത്രമെഴുതാനും, ആപ്പറേഷൻ നടത്താനും
മുതിരുക; അതിലേക്കു് വളരെ ആയാസിക്ക, എതിർപ്പു
കളെ എതിർക്കുക എന്നീ പരിപാടികളിൽ ഉൾപ്പെടേ
ണ്ട ആവശ്യങ്ങൾ വല്ലതുമുണ്ടോ? ഉണ്ടെന്നു തന്നെത്താൻ
ഭാവിച്ചു് അവർ നടത്തുന്ന ഉദ്യമങ്ങൾ മുഖേന കേരളക്കര
യിലെ നഗ്നങ്ങളായ എത്രയെത്ര ജീവിതയാഥാർത്ഥ്യങ്ങൾ
ക്കു് "ഉടുക്കാനും ഉമ്മാനും" കിട്ടി! മനുഷ്യജീവിതഗാത്ര
ത്തിലെ ഏതേതെല്ലാം നീരുകൾ അവർ വററിച്ചു; വ്രണ
ങ്ങൾ ഭേദമാക്കി! എന്നാൽ ഇവയുടെയെല്ലാം ഓരോ പട
ങ്ങൾകൂടെ സേവിക്കുന്നതിനു മുമ്പും പിമ്പും ഉള്ളവ കൂടെ
സാക്ഷാൽ കണ്ണാടി വഴിയായോ സാക്ഷാൽ ചിത്രീകരിപ്പു
വഴിയായോ ആരെങ്കിലും സൂക്ഷിക്കുന്നതു് നന്നായിരിക്കും.

"മനുഷ്യജീവിതം ഒരു മഹാപ്രവാഹമാണു്. അ
തു മുന്നോട്ടു് പാഞ്ഞുകൊണ്ടു ഇരിക്കുന്നു. അതിന്റെ
പുരോഗതിയെ തടയുവാനുള്ള യത്നം നിഷ്ഫലമെന്നുമാത്ര
മല്ല, അപഹാസ്യവും അത്രേ" എന്നു പ്രസംഗകർത്താവു്
പറയുന്നു. മനുഷ്യജീവിതത്തിന്റെ പുരോഗതിയെ തട
യുവാൻ ആരോ ഒക്കെ ശ്രമിക്കുന്നതായി അദ്ദേഹം സ്വ
പ്നം കാണുകയാണു്, വാസ്തവത്തിൽ, മനുഷ്യജീവിത

പുരോഗമനത്തിന്നു പ്രതിബന്ധമായി ഇന്ന് ആരുംതന്നെ ഒരിടത്തും നില്ക്കുന്നില്ല. 'പുരോഗമനസാഹിത്യം' എന്നൊരു പുതിയ പേരും പറഞ്ഞിറക്കിയിരിക്കുന്ന ഒരു വിചിത്രസാഹിത്യശാഖ മലയാളത്തെ ദുഷിപ്പിക്കുന്നു എന്ന് തടസ്സം പറയുന്നവരോ പ്രവർത്തിക്കുന്നവരോ ആയി ചിലരെ കണ്ടേക്കാം. ആ ശ്രമം പുരോഗമനസാഹിത്യ പ്രചരണക്കാരെ വല്ലാതെ ക്ഷോഭിപ്പിക്കുമായിരിക്കാം. എന്നാൽ മലയാള സാഹിത്യത്തിന്റെ സമുൽക്കർഷത്തെപ്പററി സംസാരിക്കാനും എഴുതാനും ഇന്നയിന്ന വ്യക്തികൾക്കു മാത്രമേ അവകാശമുള്ളു എന്ന് ഒരിടത്തും ഒരു നിയമവും ഇല്ല എന്ന വസ്തുത അവർ മറന്നു കളയുന്നു. തങ്ങളുടെ സ്വാതന്ത്ര്യം അഭികാമ്യം എന്നും അന്യരുടെ സ്വാതന്ത്ര്യം അപഹാസ്യം എന്നും കരുതത്തക്ക ഹൃദയവിശാലതയാണ് അവരെ അനുഗ്രഹിച്ചിരിക്കുന്നതു്. ആ സൗജന്യശീലം അവരുടെ വാക്കിലും നോക്കിലും നിഴലിടുന്നു, നോക്കുക:—"മാമൂൽക്കോമരങ്ങൾ എത്രതന്നെ മുറവിളികൂട്ടിയാലും മഹത്തായ ഈ ജീവിതപ്രവാഹം സകല വിഘ്നങ്ങളേയും തരണം ചെയ്തു് സമത്വം, സ്വാതന്ത്ര്യവും സാഹോദര്യവും ആകുന്ന സമുദ്രത്തിൽ ചെന്നു ചേരുക തന്നെ ചെയ്യും."

ഈ പ്രസ്താവനയിലെ "മാമൂൽക്കോമരങ്ങൾ" പ്രയോഗം പുരോഗമന സാഹിത്യകാരന്മാരുടെ ലോകസ്വാതന്ത്ര്യ, ലോകസാഹോദര്യ ബഹുമാനത്തിന്റെ ഒരു അടയാളമായി ഗണിക്കണം. "ഈ പ്രയാണത്തിന്റെ ചിത്രീകരണമാണത്രേ, പുരോഗമനസാഹിത്യത്തിൽ പ്രതിഫലിക്കുന്നതു്!"

രാജ്യകാര്യപരവും സാമുദായികവും ആയി യൂറോപ്യൻ ജനതയ്ക്കു് ഒരു പുതിയ വീക്ഷണ കോണം ദർശനീയമാക്കിയ പരാങ്ങി വിപ്ലവത്തിന്റെ മുന്നോടികളായ ആശയങ്ങളാണു് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ. ഈ ആശയങ്ങളിലേക്കു മനുഷ്യരാശി കുതിയ്ക്കുന്നതു് പുരോഗമനസാഹിത്യത്തിന്റെ പ്രേരണകൊണ്ടും മററും അല്ല. ഈ ആശയത്രിതയത്തിലേയ്ക്കു് മനുഷ്യരാശിയെ നയിക്കുകയാണു് പുരോഗമന സാഹിത്യത്തിന്റെ കൃത്യം എന്നു പറയുമ്പോഠം പുരോഗമന മുദ്ര അടിയ്ക്കാത്ത സാഹിത്യം ഈ കൃത്യത്തിലേയ്ക്കു് എത്രയോ മുമ്പുതന്നെ ബഹുജനസഞ്ചയത്തെ നയിച്ചിട്ടുണ്ടെന്നു മി: കൃഷ്ണപിള്ള മനസ്സിലാക്കാത്തതു് ആശ്ചര്യകരംതന്നെ. അഥവാ അദ്ദേഹം ഈ വസ്തുത മനസ്സിലാക്കിയതിന്റെ ഫലമായിരിക്കാം ഫ്രാൻസു വിട്ടിട്ടു അദ്ദേഹത്തിന്റെ രാജ്യകാര്യസാമ്പത്തിക ചിന്താഗതി റഷ്യയെ അഭിമുഖമാക്കിയതു്. "എന്നാൽ സോവിയററു റഷ്യയിൽ മനുഷ്യശക്തി ധനശക്തിയെ നിയന്ത്രിച്ചിരിക്കുന്നു. തന്മൂലം അവിടെ എല്ലാമ്പരുടേയും ജീവിതം സുരക്ഷിതവും സുശക്തവും ആയിത്തീന്നിരിക്കുന്നു" എന്നദ്ദേഹം കാണുന്നു. എന്നാൽ സ്വാതന്ത്ര്യ, സമത്വ, സാഹോദര്യങ്ങളും മനുഷ്യന്റെ സകല ജീവിത സുരക്ഷിതാവസ്ഥയും റഷ്യയിൽ റഷ്യാഗവണ്മെന്റിന്റെ ഹിതമനുസരിച്ചു മാത്രമാണു് അനുവദിച്ചിട്ടുള്ളതെന്നും ആ ഗവണ്മെൻറു ഹിതത്തിനു് അത്യല്പമായ പ്രതികൂലതയിൽപോലും അവിടെ നടക്കുന്ന ഏതുദ്യമങ്ങളുടേയും കത്താക്കന്മാരെ പൈശാചികമായി മർദ്ദിക്കുന്നതിൽ റഷ്യാഗവണ്മെൻറു് ശുദ്ധമായ സേച്ഛാധികാരം തന്നെ പ്രയോഗി

ക്കുന്ന എന്നുള്ള വസ്തുതകൾ മി: കൃഷ്ണപിള്ള വിസ്മരിക്കരു തെന്നു് ഒരപേക്ഷയുണ്ടു്. എല്ലാവരുടേയും ജീവിതം സുരക്ഷിതവും സുശക്തവും ആയിരിക്കുന്ന ഈ റഷ്യയുടെ മഹത്വം സംബന്ധിച്ചാണു് റഷ്യൻ സാഹിത്യചരിത്ര കർത്താവായ ആണറബിൾ മൊറേസ് ബെയറിംഗ് ഇങ്ങ നെ പ്രസ്താവിച്ചിട്ടുള്ളതു്:—"റഷ്യയിലെ സാഹിത്യകാര ന്മാരിൽ ഭൂരിപക്ഷവും രാജ്യകാര്യസ്വാതന്ത്ര്യം, പത്ര സ്വാതന്ത്ര്യം സമ്മേളനസ്വാതന്ത്ര്യം എന്നിവയ്ക്കു വേ ണ്ടി നിരന്തരം പോരാട്ടം നടത്തുന്നു."

ഏതായാലും ചില വീരപുരോഗമനക്കാരിൽ നിന്നു തെല്ലു വ്യത്യസ്തമായവിധം, കല മനുഷ്യരുടെ സാമൂഹ്യ ജീവിതപുരോഗമനത്തിനു് പ്രേരകമാകുമ്പോൾ അതിന്റെ കലാപരമായ ആസ്വാദ്യത വിട്ടുപോകാതെ സൂക്ഷിക്കണ മെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു.

അടുത്തതായി "മതവും ഈശ്വരനും" പുരോഗമന സാഹിത്യ ലീലക്കാരുടെ കളിപ്പണ്ടങ്ങളാകുന്ന കാഴ്ചയാ ണു്. അതായതു്, "മതത്തിനും ഈശ്വരനും പുരോഗമന സാഹിത്യത്തിൽ ഇളക്കം തട്ടിത്തുടങ്ങിയതു് ചിലക്കു് സ ഹിക്കുവാൻ വയ്യ" എന്നു് മി: കൃഷ്ണപിള്ള പ്രസ്താവിക്കുന്നു. അദ്ദേഹം തുടരുന്നു:—"മതത്തിന്റേയും ഈശ്വരന്റേയും പേരിൽ വാൾപിടിക്കുന്നവർ അതിനുമുൻപായി ആ പദ ങ്ങൾക്കൊരു നിർവ്വചനം കൊടുക്കണം" അത്രേ! മതം എന്നും ഈശ്വരൻ എന്നും പറഞ്ഞാൽ നിർവ്വചനം ആവ ശ്യപ്പെടത്തക്കവിധം പുരോഗമനസാഹിത്യകാരന്മാർ ഒരു വക അഗ്രഹിക്കൾ നീഗ്രോകളല്ലാ അമേരിക്കൻ റെഡ്യിൻ

ഡ്യന്മാരോ അല്ല എന്നാണു് മതവും ഈശ്വരനും വലിയ നിർവ്വചനങ്ങൾ കൂടാതെ തന്നെ മനസ്സിലാക്കിയിട്ടുള്ളവർ കരുതുന്നതു്. ഈ വസ്തുത മി: കൃഷ്ണപിള്ള തന്നെ മറെറാരു പ്രകാരത്തിൽ സമ്മതിക്കുന്നതു് ഇങ്ങനെയാണു്:— "പുരോഗമന സാഹിത്യകാരന്മാരെല്ലാവരും മതദ്വേഷികളോ നിരീശ്വരന്മാരോ ആണെന്നു തോന്നുന്നില്ല." മതത്തിൻെറ കേസരിയോഗം. ഈശ്വരൻെറ ഭാഗ്യം! എന്നു മാത്രമേ പറയാനുള്ളു. ഏതായാലും ഈ പുരോഗമന സാഹിത്യകാരന്മാക്കു് സദാചാരത്തിനു നിർവ്വചനം വേണം, മതത്തിനു വ്യാഖ്യാനം വേണം. ഈശ്വരനു് വിവരണം വേണം. അസംബന്ധങ്ങൾക്കും യുക്തിവിഹീനതകൾക്കും ഒരു അതിരും വേണ്ട താനും! "പട്ടിണി, രോഗം, അന്ധത മുതലായ ആപത്തുകളുണ്ടാക്കി സമുദായദ്രോഹം ചെയ്യുന്ന മതസ്ഥാപനങ്ങളെ അവർ എതിക്കുകതന്നെ ചെയ്യും" എന്നത്രേ, അദ്ദേഹത്തിൻെറ ശപഥം. എതിക്കട്ടെ, പണ്ടു് ഉരുക്കുയന്ത്രത്തോടു് "രേ, രേ" വിളികൾ മുഴക്കി യുദ്ധം ചെയ്യാൻ അടുത്ത ഡാൺ കിക്സോട്ടു എന്ന പരാക്രമശാലിയുടെ ആത്മവീര്യത്തോടെ അവർ എതിക്കട്ടെ. എങ്ങനെ എതിത്താലും ആ മതസ്ഥാപനങ്ങളിലെ കരിങ്കൽ മതിലുകളിലെ സകല ഘടകങ്ങളും പുരോഗമന മസ്തകങ്ങളുടെ ഊക്കേറിയ പ്രഹരമേററു കാററത്തെ പാററകളാകുമെങ്കിൽ അതും കണ്ടു രസിക്കേണ്ട ഒരു കാഴ്ച തന്നെ!

പുരോഗമനസാഹിത്യത്തിലെ അശ്ലീലങ്ങൾക്കു് ഒരു വക്കീലായി പ്രസംഗകത്താവു് പ്രത്യക്ഷപ്പെടുന്ന ഭാഗം

കററക്കൂടെ രസാവഹമാണു്. "പുഴരാഗമനസാഹിത്യത്തിൽ അശ്ലീലം കോരിനിറയ്ക്കുന്നതാണു് മറെറാരാക്ഷേപം" എന്നും "ഇതിനെപ്പററി അധികം പറയാതിരിക്കുന്നതാണു് നല്ലതു്" എന്നും അദ്ദേഹം പറയുന്നു. ഇതോടെയും തീൎന്നില്ല. "നവീന സാഹിത്യകൃതികളിൽ ജീവിതത്തിലെ ദുഷിച്ച വശങ്ങളെടുത്തു കാണിക്കുന്നതു്, അവയെ പരിഹരിക്കാൻ വേണ്ടിയാണു്" എന്നു് സമാധാനം പറഞ്ഞശേഷം, "പ്രാചീനസാഹിത്യത്തിൻെറ നില" അദ്ദേഹം പരിശോധിക്കുന്നു. "അതിലെ അശ്ലീലത്തിനു് വല്ല അതിരും അളവും ഉണ്ടോ ?" എന്നദ്ദേഹം ചോദിക്കുമ്പോൾ "ഇല്ലില്ല, ഒരു അതിരും ഒരളവും ഇല്ല" എന്നൊരു മറുപടിയാണു് അദ്ദേഹം ഉദ്ദേശിക്കുന്നതു്. ഇതോടുകൂടി മി: കുററിപ്പുഴ കൃഷ്ണപിള്ളയുടെ പ്രാചീനസാഹിത്യ വിജ്ഞാനത്തിനും "ഒരതിരും ഒരളവും" ഇല്ല എന്നുംകൂടെ പ്രസ്താവിക്കേണ്ടതായി വരും. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഭോഗവാസനകളും ബീഭത്സരൂപം പൂണ്ട ചിത്രങ്ങളും അല്ലേ, അതിലധികവും ?" എന്നു മി: കൃഷ്ണപിള്ള ചോദിക്കുമ്പോൾ, അദ്ദേഹം വായിക്കാൻ തിരഞ്ഞെടുത്ത ഗ്രന്ഥങ്ങളിൽ അധികവും അത്തരത്തിൽ പെട്ടവയായിരുന്നു എന്നൊരു എതിർവാദം കൊണ്ടുവരുവാൻപോലും നിവൃത്തിയില്ലാത്ത നിലയിലാണു് ആ പ്രാചീനഗ്രന്ഥങ്ങളുടെ സ്ഥിതി. അഥവാ പ്രസംഗകൎത്താവിൻെറ വശത്തുനിന്നുകൊണ്ടുതന്നെ ചോദിച്ചാലും രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും അലസജീവിതവും ഭോഗവാസനകളും കൊണ്ടു നിറഞ്ഞ പ്രാചീനസാഹിത്യ

ത്തെ മാതൃകയാക്കിയാണോ, പുരോഗമനസാഹിത്യക്കാർ പിച്ചക്കാരുടേയും, കൃഷിക്കാരുടേയും നിരാശ്രയികളുടേയും ഭോഗവാസനകളെ സാഹിത്യത്തിൽ ഇറക്കുമതി കഴിക്കുന്നതു് ?

പ്രാചീന സാഹിത്യകൃതികളിൽ അശ്ലീലതകൾ കാണുന്നില്ല എന്നു പറയുന്നില്ല സമുദായം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നോ അതോ പുറകോട്ടു് നിശ്ചലമായി വൎത്തിക്കുന്നോ? മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണെങ്കിൽ പുറകോട്ടുള്ളവയിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടോ മുന്നോട്ടുപോകുന്നതു് ? അതോ, കണ്ണുമടച്ചു് അവ പകൎത്തിക്കൊണ്ടാണോ ? മി: കൃഷ്ണപിള്ളയുടെ വാദം പുരോഗമനസാഹിത്യത്തിലെ അശ്ലീലതകൾ സാധൂകരണാൎഹങ്ങളാണു്. എന്തെന്നാൽ പ്രാചീനസാഹിത്യത്തിൽ അശ്ലീലതകൾ കാണുന്നു എന്നായിരിക്കുന്നു. പുരോഗമനസാഹിത്യകാരന്മാർ മറെറല്ലാ കാര്യങ്ങളിലും പ്രാചീനസാഹിത്യകൃതികളെ നിരങ്കുശമായി സന്ത്യജിക്കുവാൻ തയ്യാറായിക്കാണുവരാണു്. അശ്ലീലപ്രയോഗങ്ങൾ സംബന്ധിച്ചേടത്തോളം മാത്രം ഈ പ്രാചീനസാഹിത്യം അവൎക്കു് മാതൃകയെന്നാണോ അവർ കരുതുന്നതു് ? ഇതിൽക്കൂടുതലായി തന്നത്താൻ ഒരു പരാജയം സമ്മതിക്കുന്ന ഘട്ടം ഉണ്ടോ ? എന്നാൽ പ്രാചീനസാഹിത്യത്തിൽ അശ്ലീലങ്ങൾ, പുരോഗമനസാഹിത്യവുമായി താരതമ്യപ്പെടുത്തുമ്പോൾ, വളരെ വളരെ കുറവാണു് എന്ന കാര്യവും അദ്ദേഹം നിഷേധിച്ചു് കരുതിക്കൂട്ടിയ അതിശയോക്തിയാണു് പ്രയോഗിച്ചിരിക്കുന്നതു്.

എന്നാൽ ഇത്രയേറെ ആക്ഷേപത്തിനു പല പുരോഗമനസാഹിത്യകാരന്മാരുടേയും വിശേഷിച്ച് മെ: കററിപ്പുഴ കൃഷ്ണപിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നിവരുടെ അധിക്ഷേപത്തിനു പാത്രീഭവിക്കുന്ന ഈ അശ്ലീലതകളുടെ സ്വഭാവം എന്തായിരിക്കും ?

മലയാളത്തിൽ അശ്ലീലം എന്നും ഇംഗ്ലീഷിൽ 'ഒബ്സീൻ' എന്നും പറയുന്ന ആ പ്രയോഗങ്ങളുടെ സ്വഭാവം എന്താണ് ? രംഗത്തു കാണിക്കാൻ കൊള്ളരുതാത്തതു് എന്നാണ് ഇംഗ്ലീഷ് പദത്തിൻെറ അർത്ഥം. ലീലാപദത്തിൽ അസ് എന്ന ഉപസർഗ്ഗം കൂടെ ചേർന്നതാണ് 'സംസ്കൃതത്തിലെ 'അസ്ലീലം' അഥവാ 'അശ്ലീലം'. എന്നാൽ ഒരാളിന് അശ്ലീലം എന്നു തോന്നുന്നതു് മററൊരാളിന്ന് അപ്രകാരം അല്ല എന്നു വരാം. വടക്കേ മലബാറിൽ അശ്ലീലം എന്നു തോന്നാത്തതു് തിരുവിതാംകൂറിൽ അശ്ലീലമാകാം. തിരുവിതാംകൂറിൽ തന്നെ വടക്കു ദിക്കുകളിൽ സാധാരണ പ്രയോഗാർഹമായതു് തെക്ക് അശ്ലീലമായിത്തീരാം. ഇങ്ങനെ വരുമ്പോൾ ഇന്നതു് അശ്ലീലം, ഇന്നതു് അശ്ലീലമല്ല എന്നു നിശ്ചയിക്കുന്നതു് ബഹുജനാഭിരുചി അടിസ്ഥാനമാക്കി മാത്രമായിരിക്കും. ഒരു നാടകം കാണുവാനോ, ചെറുകഥ വായിക്കുവാനോ തയ്യാറാകുന്ന ആയിരം പേരിൽ പത്തു പേർക്കു മാത്രം അശ്ലീലവും തൊള്ളായിരത്തിതൊണ്ണൂറു പേർക്ക് സഭ്യവും ആയവ അശ്ലീലങ്ങളാണോ ? കുമാരസംഭവം എന്ന സംസ്കൃതകൃതിയിൽ പാർവ്വതീപരമേശ്വരന്മാരുടെ മധുവിധു രാത്രിവർണ്ണനം അശ്ലീലമയം എന്ന നിലയിൽ വ്യാഖ്യാതാക്കന്മാരിൽ ചിലർ ഉപേക്ഷിക്കുകയുണ്ടാ

യി. ചിലർ ഉപേക്ഷിക്കാതെ ആ ഭാഗങ്ങൾക്കും വ്യാഖ്യാനം എഴുതിച്ചേത്തു. ശ്രീഹർഷചരിത മഹാകാവ്യത്തിൽ മഹാപണ്ഡിതശിരോരത്നമായ ഹർഷൻ ദമയന്തിയുടെ അംഗപ്രത്യംഗവർണ്ണനയിൽ ആ നായികയുടെ ഗുഹ്യാവയവവും വർണ്ണിക്കാതെ വിട്ടില്ല. കാളിദാസമഹാകവി രഘുവംശം പന്ത്രണ്ടാംസർഗ്ഗത്തിൽ സമുദ്രവും നദികളും പരസ്പരം അധരദാനം നൽകുന്നതായി വർണ്ണിച്ചതു് അശ്ലീലമെന്നു കുറേപ്പേർ അപ്രകാരമല്ലെന്നു് മററു കുറെപ്പേർ. 'ഹാമ്ലെററ്' എന്ന നാടകം ഷേക്സ്പീയർ കവിയുടെ കാലശേഷം എത്തിയ ഇംഗ്ലീഷ് പ്യൂരിട്ടൻ കക്ഷികൾക്കു് അശ്ലീലമായിത്തോന്നി. ഇന്നാകട്ടെ, ആക്കും ഹാമ്ലെററു നാടകത്തിൽ വല്ല അശ്ലീലങ്ങളും ഉണ്ടെന്നുള്ള ആക്ഷേപമില്ല. 'ഒഥല്ലോ' എന്ന ഷേക്സ്പീയർകൃതിയിൽ "നീ അവനെ അവളോടൊന്നിച്ചു കണ്ടുവോ" എന്ന നായകൻെറ ചോദ്യത്തിനു് ഒരു കഥാപാത്രത്തിൻെറ ഉത്തരം, "അവനെക്കണ്ടു; അവളോടൊന്നിച്ചു തന്നെ കണ്ടു; അവളുടെ ഉപരിഭാഗത്തു് അവനെക്കണ്ടു" എന്നായിരുന്നു. ഇതു് അക്കാലത്തെ നാടകദ്രഷ്ടാക്കൾക്കു് അശ്ലീലമായിത്തോന്നിയില്ല. ഇന്നാകട്ടെ, അത്തരം പ്രയോഗങ്ങൾ അശ്ലീലങ്ങളാണു്. അരിസ്റ്റോഫനിസ് എന്ന നാടകകവിയുടെ കൃതികൾ ഇന്നു തർജ്ജമചെയ്തു വായിച്ചു നോക്കുമ്പോൾ അനവധി അശ്ലീലതകൾ കാണാം. അതു് അന്നുള്ള ഗ്രീക്കുകാക്കു് അശ്ലീലങ്ങളായി തോന്നിയിരുന്നിരിക്കയില്ലല്ലോ.

മലയാള സാഹിത്യത്തിൽ തന്നെയും ഇതുപോലെ അശ്ലീലങ്ങളെന്നു് ഇന്നു ഗണിക്കപ്പെടാവുന്ന ചില അംശ

ങ്ങൾ കടന്നുകൂടിയിട്ടുണ്ട്. മി: ചങ്ങമ്പുഴ കൃഷ്ണപിള്ള അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഇത്തരം ഏതാനും അശ്ലീല പ്രയോഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിക്കാത്തവയായി വേറേയും ഉണ്ട്.

എന്നാൽ മനുഷ്യസമുദായമാകട്ടെ, രാജ്യകാര്യം, മതം, സമ്പത്ത്, സാമൂഹ്യജീവിതം, സദാചാരബോധം എന്നിവയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് മുന്നോട്ടു പോവുകയാണ് എന്ന വസ്തുത അനിഷേദ്ധ്യമായ ഒരു പരമാത്ഥമാകുന്നു. ഭൂതകാലകവികളുടെ കൃതികളെയെല്ലാം കണ്ണടച്ച് അഭിനന്ദിച്ചുകൊള്ളണമെന്ന് ആരും തന്നെ ഉദ്ദേശിക്കുന്നില്ല. അതുപോലെ ആ കവികളുടെ പ്രതിപാദനരീതിയോ വിഷയസ്വീകരണമോ അപ്പാടെ അഭിനന്ദനാഹ്മാകുന്നതുമില്ല. ആ കവികൾ തങ്ങളുടെ രചനാകാലഘട്ടത്തിൽ അശ്ലീലം എന്നു തോന്നാത്തവയായിരിക്കും എഴുതിയിട്ടുള്ളത്. അതു് ഇന്നത്തെ ബഹുജനാഭിരുചിക്കു് അശ്ലീലങ്ങളും ആയിരിക്കാം. പ്രാചീനകവികളുടെ കൃതികളിൽ അശ്ലീലാംശങ്ങൾ കാണുന്നു എന്നതു് ആധുനികന്മാർ അശ്ലീലപ്രയോഗങ്ങളിൽ മുഴുകുവാൻ ഒരു സമാധാനമായി സ്വീകരിക്കുന്നതു് തീച്ചയായും യുക്തമല്ല.

ഇങ്ങനെ പ്രാചീനസാഹിത്യത്തിൽക്കാണുന്ന അശ്ലീലാംശങ്ങളെപ്പററി "എന്താണ് ഈ സന്മാഗ്ഗവാദികൾ പരാതിപ്പെടാത്തതു് ?" എന്നു മി: കൃഷ്ണപിള്ള ചോദിക്കുന്നു. ഒന്നാമതു്, "സന്മാഗ്ഗവാദികൾ" എന്നു് അദ്ദേഹം പുച്ഛരസത്തിൽ നിർദ്ദേശിക്കുന്നവർ ആരാണെന്നു് ഒരു ചോദ്യം ഉണ്ട്. സന്മാഗ്ഗവാദികളായതുകൊണ്ടല്ല, സാഹി

ത്യത്തിലെ അശ്ലീലതകളെ ചൂണ്ടിക്കാണിക്കുന്നതും അവ പരിഹരണീയങ്ങളാണ് എന്ന് പറയുന്നതും. ബഹുജനാഭിരുചിക്ക് യോജിക്കാത്തവ എന്ന കാരണത്താലാണ്. സാഹിത്യമൂല്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ ആസ്വദമാക്കിയാണ്. കവിത സദാചാരപ്രധാനമോ ദുരാചാരദൂഷിതമോ ഏതായിരിക്കണം എന്ന് ഒരു വിചിന്തനത്തിന് ഇവിടെ ഒരുമ്പെട്ടുന്നില്ല. അതിലേയ്ക്കൊരുങ്ങുന്നത് ഒരു കെട്ടിടം, അഥവാ ഒരു വീണ, സദാചാരപ്രധാനമോ ദുരാചാരപ്രധാനമോ എന്ന് ചിന്തിക്കുംപോലെയാണ്. കവി എത്രമാത്രം സദാചാരത്തെ വിലംഘനം ചെയ്തു എന്നതല്ല, നോട്ടം, കവി, അവന്റെ സ്വന്തം കലയോട് എത്രമാത്രം വിശ്വസ്തതയുള്ളവനായിരുന്നു എന്നതായിരിക്കും. ഓരോ ശതവർഷത്തിന്റേയോ തലമുറകളുടേയോ അവസാനത്തിൽ മുമ്പുള്ള സദാചാരതത്വങ്ങൾക്കു നിസ്സാരമോ സസാരമോ ആയ വ്യത്യാസങ്ങൾ ലോകത്ത് സംഭവിക്കാം. അതിനാൽ "സന്മാർഗ്ഗവാദികൾ" എന്ന നിലയിലല്ല, സാഹിത്യാഭിനന്ദകർ എന്ന നിലയിൽനിന്നുകൊണ്ടാണ് കൃതികളിലെ അശ്ലീലതകളെ എതിർക്കുന്നത് എന്ന് അദ്ദേഹം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ചന്ദ്രോത്സവകർത്താവോ ഉണ്ണുനീലിസന്ദേശകാരനോ, എഴുത്തച്ഛനോ, കണ്ണശ്ശകവികളോ, കുഞ്ചൻനമ്പ്യാരോ മനഃപൂർവ്വമായി അശ്ലീലപ്രയോഗങ്ങൾക്ക് രചനകളെ വിധേയമാക്കി എന്ന വസ്തുത അതാത് സാഹിത്യഭാഗങ്ങൾ പരിശോധിക്കുന്നവർക്കു ബോദ്ധ്യപ്പെടും. അത്തരം അശ്ലീലാംശങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക എന്നു പറയുകയല്ലാ

തെ, ആ അശ്ലീലാംശങ്ങൾ ഉൾപ്പെടുന്ന ഒന്നാംതരം സാഹിത്യാംശങ്ങൾ പാഠപുസ്തകാംശങ്ങളെ ആക്കിക്കൂട എന്നു ശഠിക്കുന്നതു് തീർച്ചയായും തലയ്ക്കു ലക്കില്ലാത്ത ഒരു സന്മാർഗ്ഗമുഷ്ടിചുരുട്ടുകാരന്റെ നിർബ്ബന്ധബുദ്ധിയുടെ ലക്ഷണമാണ്. വിദ്യാർത്ഥികൾ തന്നെയാകട്ടെ, അവർക്ക് ഉർവ്വശിയെ കാണണമെന്നു തോന്നിയാൽ ആ ദേവാങ്ഗനയുടെ സ്തനങ്ങൾ ശസ്ത്രക്രിയ ചെയ്തു മാററിയിട്ടായിരിക്കണം എന്നു വാദിക്കുന്ന സന്മാർഗ്ഗബോധം സാഹിത്യത്തിന്നു യോജിച്ചതല്ല.

“അതിലെ പല ഭാഗങ്ങളും ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരിക്കുന്ന ക്ലാസ്സിൽ വായിക്കുവാൻപോലും കൊള്ളുകയില്ല” എന്നു മി: കൃഷ്ണപിള്ള പറയുന്നു. ഒരു ക്ലാസ്സിലെ വിദ്യാർത്ഥികളെ വിദ്യാർത്ഥികളായിട്ടല്ലാതെ, ആൺ വിദ്യാർത്ഥി ഇന്ന മൂലയ്ക്കിരിക്കുന്നു പെൺവിദ്യാർത്ഥി ഇന്നവശത്തിരിക്കുന്നു എന്നിങ്ങനെ പ്രത്യേകം കരുതിക്കൂട്ടിയുള്ള മനോഭാവം, അത്തരം പല ഭാഗങ്ങളും വായിക്കുന്ന അദ്ധ്യാപകന്മാർക്ക് അതാതു സന്ദർഭങ്ങളിൽ തോന്നേണ്ട ആവശ്യം എന്താണു്? അഥവാ, മലയാളസാഹിത്യത്തിലെ പുരാതനകൃതികൾ വായിക്കുമ്പോൾ മാത്രമാണോ, മലയാള അദ്ധ്യാപകന്മാർക്കു മാത്രമാണോ, ഈ വായിക്കുവാൻ കൊള്ളരുതാത്ത മനോഭാവം ഉണ്ടാകുന്നതു്? ഇംഗ്ലീഷു സാഹിത്യഗ്രന്ഥങ്ങളിൽ കാണുന്ന അശ്ലീലാംശങ്ങൾ, ആന്റണി ആൻറ ക്ലിയോപ്പാട്ര, ഒഥെല്ലോ മുതലായ ഷേക്സ്പീയർ നാടകങ്ങളിൽക്കാണുന്ന അശ്ലീലഭാഗങ്ങൾ ആൺകുട്ടികളല്ല യുവാക്കന്മാരും പെൺകുട്ടികളല്ല യുവതിമാരും ഇരിക്കുന്ന ക്ലാസ്സുകളിൽവെച്ചു” ആങ്ഗ്ലപ സാഹിത്യ

പ്രവക്താക്കൾ വായിക്കാറില്ലേ? വ്യാഖ്യാനിക്കാറില്ലേ? ആ രംഗത്തിൽനിന്നു് പെൺകുട്ടികളോ യുവതിമാരോ എഴുന്നേററു ഓടിക്കളയാറുണ്ടോ? മെഡിക്കൽ കാളേജുകളിൽ സകലാശ്ലീലതാനിദാനങ്ങളായ മനുഷ്യശരീരഭാഗങ്ങളെ ആൺകുട്ടികളും പെൺകുട്ടികളും വകതിരിച്ചു് വ്യക്തമായി സൂക്ഷ്മമായി മനസ്സിലാക്കുമാറു് അദ്ധ്യാപകന്മാരല്ലേ, വിവരിച്ചുകൊടുക്കുന്നതു? അദ്ധ്യാപനത്തിന്റെ ഗൗരവമേറിയ മഹനീയത ഇതുകൊണ്ടു വല്ലതും നഷ്ടപ്പെടുന്നുണ്ടോ? ആ വിദ്യാർത്ഥികളിൽ പുരുഷന്മാരാകട്ടെ, സ്ത്രീകളാകട്ടെ, സകല സദാചാരച്ചങ്ങലകളും വലിച്ചു പൊട്ടിച്ചുകൊണ്ടാണോ ബഹുജനസേവനപരമായ രോഗചികിത്സയ്ക്കു് ജീവിതരംഗത്തിൽ പ്രവേശിക്കുന്നതു്? ഒരിക്കലും അല്ല. അതുപോലെ സാഹിത്യം ഒരു സാങ്കേതിക വിഷയം എന്ന നിലയിൽ അഭ്യസിക്കാൻ ഒരുങ്ങുന്ന യുവതീയുവാക്കന്മാരുള്ള ക്ലാസ്സുകളിൽ അശ്ലീലഭാഗങ്ങൾ ഒന്നോ രണ്ടോ ഗ്രന്ഥങ്ങളിലെ അപൂർവ്വം ചില ഭാഗങ്ങളിൽ കാണുന്നവ വായിച്ചുപോയാൽ ആ വിദ്യാർത്ഥികളുടേയും വായിക്കുന്ന അദ്ധ്യാപകന്മാരുടേയും സദാചാരബോധം പാടേ അങ്ങു പറന്നുകളയുമെങ്കിൽ പറക്കട്ടെ. ആ പറന്ന സദാചാരബോധത്തെ വീണ്ടെടുക്കാനുള്ള അനേകം പരിപാടികൾ നാട്ടുനിയമങ്ങളിൽ ഉൾപ്പെട്ടു കാണുന്നില്ലേ?

എന്നാൽ പുരോഗമനസാഹിത്യത്തിലെ അശ്ലീലതകളെ പ്രാചീനസാഹിത്യാശ്ലീലതകളുമായി ഒരിക്കലും താരതമ്യപ്പെടുത്തുവാൻ പാടുള്ളതല്ല. ആ താരതമ്യവിവേചനംകൊണ്ടു പ്രാചീനസാഹിത്യത്തിനു മാഹാത്മ്യക്കുറവോ

പുരോഗമനസാഹിത്യത്തിന മേന്മക്കൂടുതലോ വരുത്തിവയ്ക്കാമെന്നും കരുതേണ്ടതില്ല. ഉയൎന്ന ക്ലാസ്സുകളിൽ പഠിക്കുന്ന സംസ്കാരസമ്പന്നരായ യുവതീയുവാക്കന്മാരാണു് പ്രാചീനസാഹിത്യാശ്ലീലതകളെ ഗ്രന്ഥമാൎഗ്ഗമായി അഭിമുഖീകരിക്കുന്നവർ. അതുപോലെയാണോ പുരോഗമനസാഹിത്യഗ്രന്ഥങ്ങളുടെ വായനക്കാരുടെ സ്ഥിതി. അക്ഷരാഭ്യാസം മാത്രം സിദ്ധിച്ചു് പാഠാലയങ്ങളിൽ ഉപരിപഠനം നടത്തുവാൻ നിവൃത്തിയില്ലാതെ ഉപജീവനമാൎഗ്ഗം നേടുന്ന തൊഴിലാളികൾ, സാധാരണക്കൂലിവേലക്കാർ, ഉൽകൃഷ്ട വിദ്യാഭ്യാസത്തിനു് സാധിക്കാത്ത വെറും സാധാരണന്മാർ എന്നിവരാണു പുരോഗമനസാഹിത്യവായനക്കാരിൽ ഒരു ഭാഗം. അവരും ഗ്രന്ഥഗതങ്ങളായ അശ്ലീലതകളുംകൂടെ ഒന്നിച്ചു ചേരുമ്പോൾ ഉണ്ടാകുന്ന ഫലം എന്തെന്നു പറയേണ്ടതുണ്ടോ ? സാധാരണക്കാരായവരോ, അതിലും അല്പം താണനിലയിലുള്ളവരോ ആയ ആളുകൾ ലിംഗപരമായ പ്രവൎത്തനങ്ങൾക്കു കൂടുതൽ ആസക്തിയോടുകൂടിയവരായിരിക്കും എന്നു് ഒരു ധാരണയുണ്ടു്. അതു് അത്ര ശരിയല്ല. ലിംഗപരമായ അതിക്രമങ്ങളെ അവർ സ്വാഭാവികമായിത്തന്നെ വെറുക്കുന്ന കൂട്ടരാണു്. അവരെ ദുൎമ്മാൎഗ്ഗപരമായി പ്രോത്സാഹിപ്പിച്ചു വിടുവാനാണു് പുരോഗമനസാഹിത്യ ഗ്രന്ഥങ്ങളിലെ അശ്ലീലതകൾ സഹായിക്കുന്നതു്. പ്രാചീനസാഹിത്യ ഗ്രന്ഥങ്ങളുടെ സേവനം ഈ വിധത്തിലല്ല എന്നും പറഞ്ഞുകൊള്ളട്ടെ.

മി: കൃഷ്ണപിള്ള പ്രസംഗം ഉപസംഹരിക്കുന്ന വാചകം വളരെ വിജയസമ്പാദനനിൎവ്വഹണത്തിലാണു് കൂട

ലെടുത്തിട്ടുള്ളതു്. അതായതു്:— "ഇങ്ങനെ നോക്കിയാൽ, പുരോഗമന സാഹിത്യത്തിന്റെ നേരേ കൊണ്ടുവരുന്ന ആക്ഷേപങ്ങളെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു് കാണാം." ഇതിനെക്കാൾ ഭേദം, പുരോഗമനസാഹിത്യത്തിന്റെ നേരേ ആരുംതന്നെ യാതൊരാക്ഷേപവും കൊണ്ടുവരുന്നില്ല എന്നു ദൃഢമായി വിശ്വസിച്ചു കൊള്ളുക മാത്രമായിരിക്കും.

---

# അദ്ധ്യായം 10

---

"പുരോഗമനസാഹിത്യം എന്തിന്നു്?" എന്ന ഗ്രന്ഥത്തിലെ പ്രസംഗങ്ങളിൽ ഒടുവിലായിട്ടു കാണുന്നതു ശ്രീമാൻ ജീ. ശങ്കരക്കുറുപ്പിന്റെ "കലയുടെ ലക്ഷ്യം മനുഷ്യസമത്വം" എന്നതാണു്. പുരോഗമനസാഹിത്യവുമായി ബന്ധമൊന്നുമില്ലാത്തതാണു് ഈ വിഷയം എങ്കിലും പ്രസംഗകർത്താവു് അപ്രകാരം ഒരു ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ടു്.

"സമാനസംസ്കാരങ്ങളായ ഹൃദയങ്ങളിൽ ഒരേ അനുഭൂതികൾ സമാനചലനങ്ങളുണ്ടാക്കുന്നു" എന്നിങ്ങനെയുള്ള ശാസ്ത്രീയ പരമാർത്ഥപ്രകാശനവും കൊണ്ടാണു് അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിക്കുന്നതു്. ആവട്ടെ. സമാനസംസ്കാരങ്ങളായ ഹൃദയങ്ങളിൽ ഒരേ അനുഭൂതി സമാനചലനങ്ങളുണ്ടാക്കട്ടെ. ഇതാണു് സാഹിത്യത്തിന്റെ

ആകെ ആന്തരസിദ്ധാന്തമെന്നും അദ്ദേഹം പറയുന്നു. അടുത്ത പ്രസ്താവന, കലാസൃഷ്ടിയെന്നു പറഞ്ഞാൽ തന്നെ അതു് വലിയൊരു വേദനയാണു്. ആ സമയത്തു് കലാകാരന്നു് യാതൊരാനന്ദവും ഇല്ല. എന്നു മി: കുറുപ്പു പറയുമ്പോൾ അദ്ദേഹം കലാകാരസമുച്ചയത്തിൻെറ കലാസൃഷ്ടി സന്ദർഭങ്ങളിൽ അത്തരം വേദനകൾക്കു് ഉപശാന്തി കൊടുത്തുകൊണ്ടിരുന്ന സൂതികർമ്മിണീ സോദര്യം സ്വയം ഏറ്റെടുക്കുകയല്ലേ എന്നു തോന്നും. കലാസൃഷ്ടി സമയത്തു് കലാകാരന്നു് യാതൊരു ആനന്ദവും ഇല്ല എന്നിങ്ങനെ തീർത്തു പറയുന്നതു് അദ്ദേഹത്തിൻെറ അനുഭവം മാത്രം ആസ്പദമാക്കിയായിരിക്കാം. നേരേ മറിച്ചു്, കലയുടെ പ്രധാനമായ ഉദ്ദേശം അന്യർക്കു് ആഹ്ലാദദാനവും കലാകാരൻെറ സൃഷ്ടിസമയത്തു്, ആ കലാസൃഷ്ടിപരമായി അയാൾ ആനന്ദം ആണു് അനുഭവിക്കുന്നതു് എന്നും ഉള്ളതു് മററുള്ളവരുടെ അനുഭവവും ആയിരിക്കും. "കലാസൃഷ്ടി സമയത്തു് കലാകാരന്നു യാതൊരാനന്ദവും ഇല്ല" എന്നു തീർത്തു പറയുന്ന ആൾ സകല കലാകാരന്മാരുടേയും പ്രതിനിധിയാകുന്നതു് എങ്ങനെയെന്നും മനസ്സിലാകുന്നില്ല.

"കലയെല്ലാം ആനന്ദിപ്പിക്കുന്നതാണെന്ന അടിസ്ഥാനത്തിൽ നിന്നു തുടങ്ങുന്ന നിരൂപകന്മാർ വെറും വിഡ്ഢികളാണു്" എന്നു മി: കുറുപ്പു് പ്രസ്താവിക്കുന്നു. ഭ്രാന്താശുപത്രികളിലെ സ്ഥിരം താമസക്കാർ സന്ദർശകരെ കണ്ടു് അവരെ ഭ്രാന്തന്മാരാണെന്നു പറയുന്നതു് ഇതിനേക്കാൾ വലിയ നേരമ്പോക്കല്ലതന്നെ. ആനന്ദിപ്പിക്കുക എന്ന അടിസ്ഥാനം ഇല്ലാത്ത ഏതൊന്നാണു് കല ? "ആനന്ദിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല, ചോദ്യം"

അത്രേ ? പിന്നെ ഏതാണു് ചോദ്യം ? "കലാകാരനു് തൻെറ ഹൃദയത്തിലുണ്ടാകുന്ന വികാരങ്ങൾ മററുള്ളവരിൽ പകൎത്താൻ സാധിക്കുന്നുണ്ടോ ?" എന്നതാണത്രേ ചോദ്യം. ഇങ്ങനെ പകൎത്തുന്നതിൻെറ ഉദ്ദേശമാകട്ടെ "പകൎത്തൽ" എന്നതുമാത്രമാണു്. കലയുടെ ഉദ്ദേശം വികാരം പകൎത്തൽ! വികാരം പകൎത്തലിൻെറ ഉദ്ദേശം വികാരം പകൎത്തൽ തന്നെ!!

"ഓരോ കലാകാരനും അലക്സാണ്ഡർ ചക്രവൎത്തിയെപ്പോലെയാണു്" എന്നൊരു താരതമ്യപ്പെടുത്തലാണു് അടുത്തതായി കാണുന്നതു്. "അയാൾക്കു് ലോകം വെല്ലാനുള്ള ഒരു ഒന്നാംതരം കുതിരയുണ്ടു്—ഭാവന." അലക്സാണ്ഡർ ചക്രവൎത്തിയ്ക്കുള്ള സ്ഥാനത്തേയും ജയിക്കുന്ന ഒരു സ്ഥാനം അദ്ദേഹത്തിൻെറ കുതിരയ്ക്കു നൽകുന്ന ഈ ഭാവന വളരെ വിചിത്രം തന്നെ. "ജീവിതമാൎഗ്ഗത്തിൽ വരുന്ന തടസ്സങ്ങളെ തട്ടിനീക്കി മുന്നോട്ടുപോകാൻ കലാകാരൻെറ ഭാവനയ്ക്കു സാധിക്കും." സാധിക്കട്ടെ; ആൎക്കും ഒരു നഷ്ടം വരാനില്ല.

"പുരോഗമനസാഹിത്യത്തെ എതിൎക്കുന്നവരുണ്ടു്. എന്താണു് പുരോഗമനസാഹിത്യമെന്നു് അവൎക്കു് അറിയില്ല" എന്നിങ്ങനെ അറിവേറിയ ഒരു മഹാത്മാവായി മി: കുരുപ്പു് പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഈ അറിവു കൂടിയതിൻെറ പ്രത്യക്ഷപ്രകാശനം നോക്കുക:— ഗാനത്തെ പടവാളാക്കാനുള്ള സാമൎത്ഥ്യവിശേഷം ആണത്രേ പുരോഗമനസാഹിത്യം! ഗാനത്തെ പടവാളാക്കാനുള്ള ഈ സാമൎത്ഥ്യവിശേഷം കേരളക്കരയിൽ 1945-ാം വൎഷ

ത്തിലാണ് ഉടലെടുത്തതെന്ന് അഥവാ ഈ വർഷത്തിനം അഞ്ചെട്ടുകൊല്ലം മുമ്പാണ് ഉടലെടുത്തതെന്ന് മി: ശങ്കരക്കുറുപ്പു പറയുമ്പോൾ കേരളീയ യുദ്ധരംഗങ്ങളേയും കേരളീയപ്പടപ്പാട്ടുകളേയും പറ്റി അദ്ദേഹത്തിനുള്ള അറിവ് തുലോം വിസ്മയനീയം എന്നുമാത്രമേ കരുതേണ്ടതുള്ളു. ഗാനത്തെ പടവാളാക്കാനല്ല ഈ സാമർത്ഥ്യവിശേഷം വിറ്റെടുത്തു മുതൽക്കൂട്ടി വമ്പിച്ച മുതലാളന്മാരാകുവാനല്ലാതെ, ഒരൊററ രണഭൂമിയിലും ഇന്നു പ്രകാശിപ്പിക്കാൻ പഴുതില്ല എന്നുംകൂടെ മി: കുറുപ്പു കരുതിയിരുന്നാൽ കൊള്ളാം. അഥവാ ഗാനത്തെ പടവാളാക്കിയതിൻെറ അനന്തരഫലം കേരളക്കരയിൽ ഒരു സ്ഥലത്ത് എങ്ങനെ കലാശിച്ചു എന്നദ്ദേഹം അന്വേഷിക്കുന്നതും നന്നായിരിക്കും!

സാഹിത്യത്തിൻെറ മുഖ്യലക്ഷ്യം മനുഷ്യസമത്വം ആണെന്നു മി: കുറുപ്പു പറയുമ്പോൾ അദ്ദേഹം കേരളക്കരയിലെ അസമത്വാനുഭവക്കാരുടെ ഒരു വീര നേതാവായി സ്വയം പ്രത്യക്ഷപ്പെടുകയാണ്. "ആ സമത്വം സാമ്യവാദാടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ മാത്രമേയുള്ളുവെന്നാണ് ഞാൻ വിശ്വസിക്കുന്നതു്" എന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ വിശ്വാസം അദ്ദേഹത്തെ നേരേ റഷ്യയിലേക്കു നയിക്കുന്നു.

"സ്വതന്ത്രനായ കലാകാരനായി വളരാൻ എനിക്ക് മോഹമുണ്ട്" എന്നും അതുകൊണ്ടു റഷ്യയിലെ കലാകാര സ്വാതന്ത്ര്യം എനിക്കുവേണം എന്നും പ്രസംഗകത്താവ് ആവേശത്തോടെ സംസാരിക്കുന്നു. റഷ്യൻകലാകാരൻെറ സ്വാതന്ത്ര്യസ്വഭാവം ഈ ഗ്രന്ഥത്തിൽ ഒരു സ്ഥലത്ത് ഉദ്ധരിച്ചുകഴിഞ്ഞതു് ആവർത്തിക്കുന്നില്ല.

"മനുഷ്യന്റെ മൃഗീയത്വം പോകണം" എന്ന ഒരു വിശിഷ്ടസന്ദേശമാണു് മൃഗീയത്വത്തിലേക്കു് മനുഷ്യരെ വലിച്ചുകൊണ്ടു പോകത്തക്ക അനവധി ഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കുന്ന പുരോഗമനസാഹിത്യത്തിന്റെ ആരാധകന്മാർക്കു് മി: കുറപ്പു് ഉപദേശരൂപേണ നൽകുന്നതു്. ഈ മൃഗീയത്വത്തിന്നു കാരണം ഇന്നത്തെ സാമൂഹ്യഘടനയാണത്രെ! ഈ സാമൂഹ്യഘടനയെ തച്ചുടച്ചു് ഒരു പുതിയ സമുദായം വാർത്തെടുക്കുവാനാണു് പ്രസംഗകർത്താവിന്റെ ശ്രമം. എന്നാൽ ആ പുതിയ സമുദായസംഘടനയുടെ മററു ചടങ്ങുകൾ ഒന്നും അദ്ദേഹം വിസ്തരിക്കുന്നില്ല.

" 'ഡയലക്റ്റിക്കൽ മെററീരിയലിസം' എനിക്കൊരു കാടാണു്. അതിലേയ്ക്കു കടന്നുചെല്ലാൻ എനിക്കു് പേടിയാണു്" എന്നൊക്കെ ഒരു ഭീരുത്വം നടിക്കുന്ന പ്രസംഗകർത്താവു് ഒരു ശുദ്ധവസ്തുമാത്രവാദിയായി പ്രസംഗം അവസാനിപ്പിക്കുന്നതു് ഇങ്ങനെയാണു്:—

"അതുകൊണ്ടു് കലയുടെ ലക്ഷ്യം മനുഷ്യരല്ല, മനുഷ്യനാണു്. ദൈവങ്ങളല്ല മനുഷ്യനാണു്, സ്വർഗ്ഗമല്ല, മനുഷ്യൻ ജീവിക്കുന്ന ഈ ഭൂമിയാണു്" എന്നും "അതിലേയ്ക്കു് സമുദായത്തെ നയിക്കുന്ന" അതായതു് ഭൂമിയിലേക്കു സമുദായത്തെ നയിക്കുന്ന "വമ്പിച്ച ശക്തിയായിത്തീരട്ടെ നിങ്ങളുടെ കല" എന്നും ആകുന്നു.

"ഭൂമിയിലേക്കു് സമുദായത്തെ നയിക്കുന്ന വമ്പിച്ച ശക്തി"യായ കലയുടെ ഈ ആരാധകൻ പുതുതായി ഭൂമിയിലേയ്ക്കു് ഏതു സമുദായത്തെയാണു് നയിക്കുന്നതെന്ന കാര്യം ഇനി കാണാനിരിക്കുന്നതും ആണു്.

## അദ്ധ്യായം 11

"പുരോഗമനസാഹിത്യം എന്തിന് ?" എന്ന ഊറ്റൻ തലക്കെട്ട് ഒരു ഗ്രന്ഥനാമമായി നൽകിയിരിക്കുന്നതു് ആരേയും ഒന്നു് അമ്പരപ്പിക്കാൻ പോരുന്നതുതന്നെ. എന്നാൽ ഈ ഗ്രന്ഥം മുഖേന പുരോഗമനസാഹിത്യകാരന്മാർ നിർല്ലോഭമായി മലയാളികളെ അനുഗ്രഹിക്കാൻ തുകിയ വാണീവിലാസം ഒട്ടുക്കു് സൂക്ഷ്മമായി പരിശോധിക്കുമ്പോൾ വീണ്ടും തോന്നുന്നതു് ആ ഗ്രന്ഥനാമം, അഥവാ, "പുരോഗമനസാഹിത്യം എന്തിന് ?" എന്നുള്ള അതേ ചോദ്യം തന്നേയായിരിക്കും. എന്തെന്നാൽ, നൂററിമുപ്പതിൽപ്പരം പുറം അച്ചടിച്ച കാര്യങ്ങൾ ഏഴെട്ടുപേരായി വിശദീകരണരൂപേണ പുറപ്പെടുവിച്ചിട്ടും, 'പുരോഗമനസാഹിത്യം എന്നാൽ എന്താണു്' എന്നോ പുരോഗമനസാഹിത്യം കൊണ്ടു് എന്തു പ്രയോജനമാണു് സിദ്ധിക്കാനുള്ളതു് എന്നോ വെളിപ്പെടുത്തുവാൻ അവക്കു സന്നദ്ധത കാണുന്നില്ല. തങ്ങൾ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന സാഹിത്യത്തിൻെറ സാക്ഷാൽ സ്വരൂപം ഇന്നവിധത്തിലായിരിക്കണമെന്നു പൊതുജനങ്ങളെ അറിയിക്കണം എന്നതിനേക്കാൾ അറിയിക്കാതിരിക്കണം എന്നതിനാണു് അവർ പ്രാധാന്യം നൽകുന്നതു് എന്നു തോന്നും. വളരെ വിചിത്രം !

ഈ മാന്യന്മാർ ഓരോരുത്തരും ഏതോ നിഗ്രഢങ്ങളായ അദ്ധ്യാത്മതത്വങ്ങൾ എന്നപോലെ വെളിപ്പെടുത്താതെ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ആ പുരോഗമന

സാഹിത്യം എന്നാൽ എന്തു് എന്നറിവാൻ ആക്കും ഒരു കൗതുകം ഉണ്ടായിരിക്കുമല്ലോ. ഈ ആഗ്രഹത്തിന്നു് സാഫല്യം സിദ്ധിക്കത്തക്ക വാക്പ്രപഞ്ചങ്ങൾ മലയാളത്തിൽ വളരെ അപൂൎവ്വമാണു്. പുരോഗമനം എന്നാലെന്തു് ? സാഹിത്യത്തിൻെറ പുരോഗമനം ഏതു വിധം എന്നിത്യാദി വിഷയങ്ങളെപ്പററി സവിസ്തരം ചൎച്ച നടത്താൻ മുതിരുന്ന പണ്ഡിതന്മാർ തന്നെയും ആൎക്കും ഒന്നും മനസ്സിലാകാത്ത രീതിയിൽ പുതിയവ എന്നു തോന്നിക്കുന്ന ചില ആശയങ്ങൾ പ്രചരിപ്പിക്കാൻ മുതിരുന്നതല്ലാതെ, മലയാളസാഹിത്യത്തിൻെറ ആധുനിക നിലയിൽ പുരോഗമനാംശം ഏതെല്ലാം ഉപാധികളെ ആശ്രയിച്ചു് എങ്ങനെ ഉൾപ്പെടുത്താമെന്നോ, ഉൾപ്പെടുത്തണം എന്നോ ഉദ്ദേശിക്കുന്നതായി കാണുന്നില്ല.

പുരോഗമനസാഹിത്യത്തിൻെറ വിവരണപരമായ ഈ സാങ്കേതികാംശം വെളിപ്പെടുത്താതെ കഴിക്കുന്നതുപോലെ തന്നെയാണു് പുരോഗമനശാഖയിൽ പെടുന്ന ഗ്രന്ഥങ്ങളുടേയും നില. എന്തെന്നാൽ, പുരോഗമന സാഹിത്യത്തിൽ ഉൾപ്പെടുന്നവ എന്നു് വിശദസ്പഷ്ടമാംവിധം ഗണിക്കത്തക്ക ഒരൊററ ഗ്രന്ഥംപോലും ഇന്നത്തെ സാഹിത്യലോകത്തു് കേരളദേശത്തു ആവിർഭവിച്ചിട്ടുണ്ടോ എന്നു ചോദിച്ചുപോകുമാറാണു് പ്രചരിച്ചിട്ടുള്ള ചില പുസ്തകങ്ങളുടെ സ്വഭാവം. ഫ്രഞ്ചു്, റഷ്യൻ, ഇംഗ്ലീഷ്, ഇററാലിയൻ എന്നീ സാഹിത്യങ്ങളിൽ അടുത്തകാലത്തു് പ്രചാരത്തിലെത്തിയ ചില കൃതികളുടെ അനുകരണങ്ങളോ പരിഭാഷകളോ ആയി ചില പുസ്തകങ്ങൾ മലയാളത്തിലും

ഇല്ലാതല്ല. എന്നാൽ അവ ഏതൊരു 'പുരോഗമനം' ലാക്കാക്കിയാണ് എന്നോ, പുരോഗമനസാഹിത്യത്തിന്റെ മാതൃക ഏതേതു് അംശങ്ങളിലാണു വഹിക്കുന്നതു് എന്നോ അതാതു മലയാള ഗ്രന്ഥകാരന്മാരോ വിമർശകന്മാരോ വെളിപ്പെടുത്തുന്നില്ല. അതിനാൽ പുരോഗമനസാഹിത്യ ശാഖയിൽപ്പെടുന്ന ഗ്രന്ഥങ്ങൾ എന്ന നിലയിൽ അവയെ ഗണിക്കുവാനും തരമില്ല.

ഇങ്ങനെ നോക്കുമ്പോൾ സിദ്ധാന്തപരമായും തത്വമാതൃകാപരമായും പുരോഗമനസാഹിത്യം മലയാളനാട്ടിൽ എത്തിയിട്ടില്ല എന്നു പറയണം! പക്ഷേ, വസ്തുത അങ്ങനെയല്ല, 'പുരോഗമനസാഹിത്യസംഘടന' എന്നൊരു സാഹിത്യസംഘടന നാട്ടിൽ ഒരു സ്ഥലത്താണെങ്കിലും ഉണ്ടായിക്കഴിഞ്ഞു. അനവധി മാന്യസാഹിത്യകാരന്മാർ ആ സംഘടനയിലെ അംഗങ്ങളുമാണു്. എല്ലാപേരും അത്ര സൂക്ഷ്മമായ പരിശോധന കഴിഞ്ഞിട്ടല്ലെങ്കിലും 'പുരോഗമനസാഹിത്യകൃതികൾ' എന്ന നിലയിൽ ചില ഗ്രന്ഥങ്ങളേയും ഗ്രന്ഥകാരന്മാരേയും പ്രശംസിക്കുന്നുണ്ടു്; പ്രോത്സാഹിപ്പിക്കുന്നുമുണ്ടു്.

ഇങ്ങനെ ഓടുന്നുമില്ല പിടികൊടുക്കുന്നുമില്ല എന്ന മട്ടിലാണു് മലയാളത്തിലെ പുരോഗമനസാഹിത്യത്തിന്റെ സ്ഥിതി. എത്രയോ ഗൗരവാവഹമായ വിധത്തിൽ യൂറോപ്യൻ ദേശങ്ങളിൽ പ്രചരിച്ച ഈ പുരോഗമനസാഹിത്യം, ഭാരതീയ ദേശവിഭാഗങ്ങളിൽ പല സ്ഥലത്തും ന്യായ്യമായ പ്രചാരത്തിനു അർഹമായിത്തീർന്ന ഈ സാഹിത്യശാഖ, മലയാളത്തിലെത്തുമ്പോൾ "പു. സാ." എന്ന ചുരു

ങ്ങിയ ആക്ഷേപപട്ടേരിലാകാനും, പുരോഗമനസാഹിത്യകാരന്മാരെ സാഹിത്യാഭിമാനികളായ പലരും പുച്ഛരസത്തിൽ വീക്ഷിക്കുവാനും ചില കാരണങ്ങൾ ഉണ്ടു്. അക്കാരണങ്ങൾ പുരോഗമനസാഹിത്യകാരന്മാർക്കും ഏറെക്കുറെ അറിയാം. അതിനാൽ നിരാശയിൽ നിന്നുള്ള ഒരുവക വീറും വാശിയും കാട്ടിക്കൊണ്ടു് അവർ സ്വസാഹിത്യത്തിനു വിവരണം കൊടുക്കാൻ ഉദ്യമിച്ചു. ആ ഉദ്യമം ദയനീയമായ പരാജയം എന്ന നിലയിൽ കലാശിച്ചു.

പുരോഗമനസാഹിത്യം കേരളക്കരയിൽ അനവധി സാഹിത്യകാരന്മാരുടെ ശ്രമത്താൽ അവതരിക്കപ്പെട്ടു എങ്കിലും, ആ സാഹിത്യത്തിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനമോ, സമഗ്രമായ സ്വരൂപസ്വഭാവങ്ങളോ ആ സാഹിത്യകാരന്മാർ ബഹുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമിക്കുകയുണ്ടായില്ല എന്നു പറഞ്ഞുവല്ലോ. ഇങ്ങനെ പറയുന്നതുകൊണ്ടു് അവരുടെ ഉദ്യമങ്ങളെ അപലപിക്കണമെന്നോ പുരോഗമനത്തിന്നു് പ്രതിബന്ധമായി നിൽക്കണമെന്നു് കരുതുന്നുവെന്നോ, മാന്യവായനക്കാർ ധരിക്കുകയില്ലല്ലോ. തങ്ങൾ മഹത്തായ വിജയപ്രതീക്ഷയോടെ കേരളക്കരയിൽ പ്രതിഷ്ഠിക്കാൻ ഉദ്ദേശിച്ച ഒരു സാഹിത്യം മേൽക്കുമേൽ വിജയം പ്രാപിക്കേണ്ടതിനു പകരം, എന്തുകൊണ്ടാണു് പരാജയം അടയുന്നതു് എന്ന കാര്യവും അവർ ആലോചിക്കുന്നില്ല. കഠിനങ്ങളായ എതിർപ്പുകൾ നാലു വശത്തുനിന്നും വന്നുചേരുമ്പോൾ ആ എതിർ പ്രവർത്തനങ്ങളെല്ലാം തങ്ങളുടെ പ്രസ്ഥാനത്തിന്റെ വിജയത്തിനു വേണ്ടിയാണു് എന്നു് ആത്മവിശ്വാസത്തള്ളിച്ച ഒന്നു മികച്ചു് സ്വയം സമാശ്വസിച്ചു കഴിയുവാനല്ലാതെ

യഥാർത്ഥത്തിൽ പുരോഗമനസാഹിത്യത്തിന്നു മലയാളക്കര സംബന്ധിച്ചേടത്തോളം വന്നുചേർന്നിട്ടുള്ള ന്യൂനതകൾ നീക്കുവാൻ ആ സാഹിത്യകാരന്മാർ യാതൊരു ശ്രമവും ചെയ്യുന്നില്ല. "രാജാവിന്ന് തെററു ചെയ്യുക സാദ്ധ്യമല്ല" എന്നു പതിനേഴാം ശതവർഷത്തിലെ യൂറോപ്യൻ ഭൂപാലന്മാരിൽ പലരും കരുതിയിരുന്നു. ഏകദേശം ആ മനോഭാവമാണ് പുരോഗമനസാഹിത്യപ്രണയികളും അവലംബിച്ചുകാണുന്നതു്. ആ സാഹിത്യത്തിന്നു വന്നു ചേർന്നിട്ടുള്ള ന്യൂനതകൾ ഒന്നുംതന്നെ അവക്ക് സ്വീകാര്യങ്ങളല്ല. ആ ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നവർ പ്രബലമായ ശത്രുപക്ഷത്തിലെ ആജന്മവൈരികൾ എന്നവർ ഗണിക്കുകയും ചെയ്യുന്നു. ഈ ഉദ്ധതമായ മനോഭാവം സ്വാഭാവികമായ വിധത്തിൽ വികാസം പ്രാപിച്ചതിൻെറ ഫലമോ എന്നു തോന്നുമാറു്, പുരോഗമനസാഹിത്യസമ്മേളനം ഷോർണ്ണൂർ കഴിഞ്ഞു കോട്ടയത്തുവച്ചു് ആഘോഷിക്കപ്പെട്ടതോടെ മിക്കവാറും നിദ്രാവലംബിക്കുന്ന നിലയിലായിട്ടുമുണ്ട്. സാഹിത്യം പുരോഗമിക്കുന്നതിന്റെ വകഭേദമായി അവർ ഈ നിദ്രാച്യുതത്തെ കരുതുന്നുണ്ടാവാം. ആവട്ടെ; വിരോധമില്ല.

കേരളത്തിലെ പുരോഗമനസാഹിത്യത്തിൻെറ പരാജയത്തിന്നുള്ള കാരണങ്ങൾ വളരെ ദീർഘമായി ചിന്തിച്ചാൽ മാത്രമേ ലഭിക്കുകയുള്ളു എന്നില്ല. സർവ്വപ്രധാനമായ കാരണം, തങ്ങൾ ശുദ്ധ സ്വാതന്ത്ര്യം, ആതായതു്, രാജ്യകാര്യം, സാമ്പത്തികസ്ഥിതി, മതം, സദാചാരബോധം, വ്യക്തിജീവിതം എന്നിവയിൽ കറകളഞ്ഞ സ്വാത

ന്ത്ര്യമാണു് പുതിയ സാഹിത്യം മുഖേന സ്ഥാപിക്കാൻ പോകുന്നതു് എന്നു് അവർ ഉൽഘോഷണം ചെയ്യുന്നു. എന്നിട്ടോ ? അടിമത്തത്തിലും താണ അടിമത്തം വരിക്കുന്നവരുടെ കൂട്ടത്തിൽ പെട്ടു് കണ്ണുമടച്ചുകൊണ്ടു യൂറോപ്യൻ സാഹിത്യത്തിൻെറ പകൎപ്പെഴുത്തു മാത്രമായ ഒരു സാഹിത്യശാഖയിലേക്കു് അവർ മുഴുകുകയും ചെയ്യുന്നു. യൂറോപ്യൻ സാഹിത്യം സർവ്വഥാ സന്ത്യജിക്കേണ്ടതാണെന്നോ ആ സാഹിത്യത്തിൽനിന്നു് കാലാനുസൃതമായ പുതിയ ചൈതന്യം ഭാരതഖണ്ഡമോ കേരളഭൂഭാഗമോ സ്വീകരിക്കാൻ പാടില്ല എന്നോ പറയുന്നില്ല. എന്നാൽ കേരളഖണ്ഡത്തിന്റെ സ്ഥിതി എവിടെ, അവിടത്തെ ജനങ്ങളുടെ പൊതു സ്വഭാവം എന്തു്, ആ ഭൂഖണ്ഡം ഒരു കർഷകരാജ്യമോ, അതോ, വ്യാവസായിക സങ്കേതമോ, അവിടത്തെ ഭരണരീതി ഇപ്പോൾ ഏതു വിധത്തിലാണു്, ജനങ്ങളുടെ സാമുദായികജീവിതവും സന്മാർഗ്ഗദുർമ്മാർഗ്ഗ ബോധങ്ങളും ഏതേതു വിധത്തിലാണു് എന്ന യാതൊരു ചിന്തയും കൂടാതെ, കേരളക്കരയിൽ നിന്നു സർവ്വഥാ വിഭിന്നമായ ജീവിതഗതി പ്രതിഫലിപ്പിക്കുന്ന യൂറോപ്യൻ സാഹിത്യത്തിന്റെ നഗ്നമായ അനുകരണം സ്വീകരിക്കുന്നതു് ദയനീയമായ ഒരു ഹാസ്യം തന്നെയാണു്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിൻെറ ആദിമവർഷങ്ങളിൽ ഭാരതീയ നേതാക്കന്മാരിൽ പലൎക്കും ആംഗ്ലേയരുടെ ജീവിതരീതിയോടു് ഒരു പ്രത്യേക പ്രതിപത്തി തോന്നിയിരുന്നു. അടുത്ത കാലം വരെയും അതായതു് ഉദ്ദേശം കാൽ ശതാബ്ദകാലത്തിനു മുമ്പുവരെയും യൂറോപ്യൻ ജീവിതരീതി അഭികാമ്യമാണെന്നുള്ള ഒരു തെററിദ്ധാരണയിലാണു കേരളീയരും മുഴുകി

യിരുന്നതു്. എന്നാൽ പാശ്ചാത്യഭൂഖണ്ഡവുമായി കൂടുതൽ പരിചയം സിദ്ധിച്ചതോടെ, ഭാരതീയ ജീവിതരീതിയും പാശ്ചാത്യ ജീവിതരീതിയും യാതൊരു പൊരുത്തവും ഇല്ലാത്തതാണെന്ന വസ്തുത കേരളീയൎക്കു പോലും നല്ലപോലെ ബോദ്ധ്യപ്പെട്ടു. ശക്തിമത്തായ ദേശീയ ബോധം ഭാരതീയരിലും കേരളീയരിലും കടന്നുകൂടി. ദേശീയ പ്രാധാന്യം സിദ്ധിക്കാത്ത സകല പരിഷ്കാരങ്ങളും എത്രമേൽ ഉൽകൃഷ്ടങ്ങളെന്നു തോന്നിയാലും കേരളീയരോ ഭാരതീയരോ സ്വീകരിക്കുകയില്ലെന്നായി.

യൂറോപ്യൻ ജീവിതത്തിൻെറ സുശക്തമായ പ്രതിഫലനമാണു് അവിടത്തെ പുരോഗമനസാഹിത്യത്തിൽ കാണുന്നതു്. ആ ജീവിതത്തിൻെറ ഘടകങ്ങൾ ഏകദേശരൂപത്തിലെങ്കിലും കേരളീയ ജീവിതഘടകങ്ങളാകുന്നില്ല. മതത്തിനും മതബോധത്തിനും യാതൊരു പ്രാധാന്യവും നൽകാതെ ഈശ്വരസത്തയെപ്പോലും വെല്ലുവിളിക്കുവാൻ യൂറോപ്യന്മാൎക്കു് സ്വാഭാവികമായി സിദ്ധിച്ച വാസനയെ തുടരെത്തുടരെയുള്ള യുദ്ധങ്ങളും തൽഫലമായ സംഹാര പടലികളും നാശങ്ങളും യൂറോപ്പിൽ ശക്തിമത്തുകളാക്കി. രാജ്യകാൎയ്യപരമായ സ്വാതന്ത്ര്യം രാജ്യനിവാസികളായ വ്യക്തികൾക്കു് പരിപൂൎണ്ണമായി ലഭിക്കുവാൻ കഴിഞ്ഞ അഞ്ചാറു ശതവൎഷങ്ങളായി യൂറോപ്പിലെ വലുതോ ചെറുതോ ആയ ഓരോ രാജ്യങ്ങളും പ്രത്യേക ശ്രമങ്ങൾ നിൎവ്വഹിക്കുകയും ഈ ശ്രമങ്ങൾ സഫലങ്ങളാകുവാൻ അനേകലക്ഷം ആളുകൾ ആത്മബലിക്കു് തയ്യാറാവുകയും ചെയ്തിട്ടുണ്ടു്. സാമുദായിക ജീവിത രീതിയിൽ

ഏർപ്പെട്ടിട്ടുള്ള ഓരോ സ്വാതന്ത്ര്യവിലാസങ്ങളും നിമിത്തം യൂറോപ്യൻ സന്മാർഗ്ഗബോധം ഭാരതീയമോ കേരളീയമോ ആയ സന്മാഗ്ഗ ബോധത്തിൽനിന്നു് വളരെ വളരെ വ്യത്യസ്തമാകുന്നു.

സാമ്പത്തികമായ ഉൽക്കർഷപ്രാപണരീതി സംബന്ധിച്ചേടത്തോളം യൂറോപ്യൻ രാജ്യങ്ങളും ഭാരതഭൂഖണ്ഡവും തമ്മിലുള്ള അന്തരം അത്യന്തം ഗണനീയമാണു്. കേരളദേശ വിഭാഗത്തിൻെറ കാര്യം പറയേണ്ടതുമില്ല. നവീന ശാസ്ത്രത്തിൻെറ നാനാമുഖമായ അഭിവൃദ്ധി, വിവിധ വ്യവസായങ്ങളുടെ സർവ്വതോമുഖമായ വികാസം, വ്യവസായലഘൂകരണത്തിന്നു് അത്യന്തം ഉപയുക്തങ്ങളായ യന്ത്രവിധാനങ്ങൾ സ്വയം നിർമ്മിക്കുവാൻ സിദ്ധിച്ച ബുദ്ധിശക്തി, സാധനലബ്ധി, വാണിജ്യം വിപുലമായ തോതിൽ നടത്തുവാൻ വിദൂരദേശങ്ങളുമായി അനവരതം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ബന്ധം എന്നീ സൗകര്യങ്ങൾ നിമിത്തം യൂറോപ്യന്മാൎക്കു് സിദ്ധിക്കുന്ന സാമ്പത്തികമായ അത്യുൽക്കർഷം അവരുടെ സാമുദായിക ജീവിതത്തിൻെറ സ്വാതന്ത്ര്യത്തോതു് ഗണ്യമായി ഉയർത്തിയിട്ടുണ്ടു്. ഇങ്ങനെ ജീവിതം, ശുദ്ധമായ ജീവിതം അതിൻെറ നാനാഘടകങ്ങളോടുകൂടി അവിടത്തെ സാഹിത്യത്തിൽ പ്രതിഫലിക്കുന്നു.

പതിനഞ്ചാം ശതവർഷംതൊട്ടു് ഇരുപതാം ശതവർഷത്തിൻെറ മദ്ധ്യഭാഗംവരെയുള്ള അഞ്ഞൂറിൽപ്പരം സംവത്സരങ്ങളായി യൂറോപ്യൻദേശങ്ങളിലെ സകല സുകുമാരകലകൾക്കും അടിയ്ക്കടി വികാസവും വിപരിണാമവും വന്നുചേൎന്നിട്ടുണ്ടു്. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്,

ശില്പവിദ്യ എന്നീ സുകുമാരകലകളിൽ ദിവസേന എന്ന പോലെ വന്നുചേൎന്നിട്ടുള്ള മാററങ്ങൾ എത്രയോ ഗ്രന്ഥങ്ങൾകൊണ്ടുപോലും വിസ്തരിച്ചു തീൎക്കാവുന്നവയല്ല.

യൂറോപ്യൻ ദേശങ്ങളിൽ ഇങ്ങനെ കേരളഭൂഖണ്ഡത്തിന് സ്വപ്നഗതമായിപ്പോലും സാക്ഷാൽക്കരിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ നടമാടുന്ന ജീവിതരീതിയെ 1914-ലും തുടൎന്ന് 1939-ലും ഉണ്ടായ മഹായുദ്ധങ്ങൾ ആകപ്പാടെ ഒന്നുലച്ച് ജനസമുദായപരിഷ്കാരങ്ങളിൽ ഗണനീയങ്ങളായ അനവധി പരിവൎത്തനങ്ങൾ ഉണ്ടാക്കി. ഈ പരിവൎത്തനങ്ങൾ അവിടങ്ങളിലെ സാഹിത്യത്തിലും പ്രതിഫലിച്ചു. ആ സാഹിത്യരീതികളിൽ ഏററവും നവീനമായി ഏൎപ്പെട്ടിട്ടുള്ള ഒരു രീതിയാകുന്നു, പുരോഗമനസാഹിത്യം എന്നു പറയാം.

യൂറോപ്പിലെ പുരോഗമനസാഹിത്യം മലയാളത്തിലെ പുരോഗമനസാഹിത്യംപോലെ രണ്ടോ മൂന്നോ പത്തോ സംവത്സരംകൊണ്ട് ഉടലെടുത്തിട്ടുള്ളതല്ല. അനേകവൎഷങ്ങളായി ഇത്തരം ഒരു ശുദ്ധസ്വതന്ത്രമായ സാഹിത്യത്തിലേയ്ക്കുള്ള ഒരു ആഭിമുഖ്യം അവിടെ കണ്ടുവരുന്നുണ്ട്. ഈ പ്രത്യേക ചായ്വ് അങ്ങേ അററത്തെ നിലയിൽ എത്തിയതു് ഒന്നാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തിനുമുമ്പുള്ള ഒരു കാലഘട്ടത്തിലായിരുന്നു. അതായതു്, ഇരുപതാം ശതവൎഷത്തിന്റെ ആരംഭത്തിൽ തന്നെ സാഹിത്യകാൎയ്യങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായ ഒരു വ്യതിയാനം വരുത്തണമെന്നു ഉത്സാഹശാലികളായ യൂറോപ്യന്മാർ കരുതി. ഇതിലേയ്ക്ക് അവ

രുടെ അക്കാലത്തെ ജീവിതം അത്യന്തം അനുക്രൂലവും ആയിരുന്നു. ആത്മികമോ സാമുദായികമോ ആയ കെട്ടു പാടുകൾ ചിന്നിച്ചിതറി. ജീവിതരീതിയിൽ ഏപ്പെട്ട അതിവിചിത്രങ്ങളായ മാററങ്ങൾ സാഹിത്യത്തേയും ബാധിച്ചു. ജ്ഞാനവിജ്ഞാനങ്ങളുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാണെന്നുള്ള ബോധം പണ്ഡിതന്മാരായ സാഹിത്യകാരന്മാൎക്കു തോന്നി. ഏതെങ്കിലും മഹത്തായ വ്യത്യാസം സംസ്കാരപരമായി വരുത്തിവയ്ക്കണമെന്നുള്ള അഭിനിവേശവും സംജാതമായി. ഇത്തരം പരീക്ഷണങ്ങൾ അനേകലക്ഷം ജനങ്ങളുടെ ജീവിതത്തേയും സ്വാതന്ത്ര്യത്തേയും ഗണ്യമായി ബാധിക്കുന്നവയാണെങ്കിലും അവയുടെ പ്രത്യേക സ്വഭാവവിശേഷത്തിൽ യുവജനങ്ങൾ ഒക്കപ്പാടേ അനുക്രൂലികളായി.

ലോകം ഒന്നു വ്യത്യാസപ്പെടുത്തി പുതിയ തത്വങ്ങളിലേയ്ക്കും മാതൃകകളിലേയ്ക്കും നയിക്കുന്ന ഏതൊരു വ്യത്യാസത്തേയും ഉത്സാഹത്തോടെ സ്വീകരിക്കുവാൻ പഴയ തലമുറയിൽപെട്ട റൊമയിൻ റോളണ്ഡ്, ബർണാഡ്ഷാ, ജാൎജ്സ്ഡ്യൂഹാമൻ, തോമസ്മാൻ എന്നീ യൂറോപ്യൻ സാഹിത്യകാരന്മാർപോലും ശ്രദ്ധാലുക്കളായി ജീവിതത്തിന്റെ എല്ലാവശങ്ങളിലും പഴയ കാലഘട്ടത്തിനും പുതിയ കാലഘട്ടത്തിനും തമ്മിൽ മഹത്തായ ഒരു വിടവ് വന്നുചേൎന്നിട്ടുണ്ടെന്നുള്ള ബോധം അവരിൽ പ്രവൎത്തിച്ചു.

മതം, രാജ്യകാൎയ്യം, സാമുദായിക കാൎയ്യങ്ങൾ, സന്മാൎഗ്ഗബോധം ഇവയ്ക്കു പുറമേ വ്യക്തിജീവിതം എന്നീ അംശ

ങ്ങളിൽ ലോകത്തിന്നു് ഒരു പുരോഗമനം ഉണ്ടാകണമെന്ന ഉദ്ദേശം ചിന്തകന്മാർ വിശേഷിച്ചു സാഹിത്യകാരന്മാർ കരുതിയതിൻെറ ഫലമായി യൂറോപ്പിലെ സാഹിത്യപരിഷ്ക്കാരകേന്ദ്രങ്ങളായ പാരിസ്സ്, ഇററലി, ജമ്മനി, സ്പെയിൻ, ലണ്ഡൻ എന്നീ ഭൂവിഭാഗങ്ങളിൽ സാഹിത്യത്തിന് ഗണ്യമായ ഒരു വ്യതിയാനം സംഭവിച്ചു. ഇത്തരം വിശ്രുതമായ വ്യതിയാനത്തിൽ ഏപ്പെട്ട മൂന്നു പ്രധാന സാഹിത്യകാരന്മാർ മാർഷൽ പ്രൂസ്ററ്, ആൻറൂ ഗൈഡ്, പാഠം വാലറി എന്നിവരായിരുന്നു. "കഴിഞ്ഞ കാര്യങ്ങളുടെ സ്മരണ" എന്ന പ്രൂസ്റ്റിന്റെ ഭീമ നോവൽ വിശ്വസാഹിത്യത്തിൽ ഒരു പുതിയ പ്രസ്ഥാനമാണെന്നു് എല്ലാവരും ഏകകണ്ഠമായി സമ്മതിച്ചിട്ടുണ്ടു് എന്നു് കേസരി പത്രാധിപർ മി: എ. ബാലകൃഷ്ണപിള്ള തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ഈ പുതിയ പ്രസ്ഥാനക്കാരനെപ്പററി ആൻറൂ ഗൈഡ് പ്രസ്താവിച്ചിട്ടുള്ളതു് ഇങ്ങനെയാണു്:—

"സാമുദായിക പ്രശ്നങ്ങളോ, നീതികളോ പ്രൂസ്റ്റിന്റെ ആത്മശക്തിയെ ലേശംപോലും സ്പർശിക്കാതെ അദ്ദേഹം സ്വന്തം ദന്തഗോപുരത്തിനുള്ളിൽ ഇരുന്ന് സ്വന്താ ഹൃദയ ഭിത്തിയെപ്പററി മാത്രം ധ്യാനിച്ചു കഴിയുകയായിരുന്നു."

ഈ പ്രസ്താവന പുറപ്പെടുവിച്ച ആൻറൂ ഗൈഡാകട്ടെ, "സകല നിയമങ്ങളും വിഗണിക്കുക; വിഷയസുഖപരമായ ആഹ്ലാദാനുഭവത്തെ വാഴ്നാളും പുകഴ്ത്തുക; പരിഭ്രമജനകമോ കത്തലുണ്ടാക്കുന്നതോ അല്ലാത്തുള്ള സാഹിത്യവസ്തുതകളെ നിശ്ശേഷം ചവുട്ടിത്തേച്ചുകളയുക" എന്ന സിദ്ധാന്തക്കാരനായിരുന്നു. അദ്ദേഹം സദാചാരബോധത്തിൻെറ നില നിശ്ശേഷം ഒന്നടച്ചുവാക്കാൻ ഒരുങ്ങിയ

ആളായിരുന്നു. ഒന്നാം മഹായുദ്ധത്തിനുമുമ്പ് അദ്ദേഹം രചിച്ച ഗ്രന്ഥം, 'ലേ കേവ്സ്ഡി വത്തിക്കാൻ' എന്നതായിരുന്നു. ഇതിലെ വിഷയമാകട്ടെ, "സ്വഭാവമാഹാത്മ്യം സ്വഭാവമാഹാത്മ്യത്തിനുവേണ്ടി" എന്ന തത്വത്തെ ആപാദചൂഡം നിഷേധിക്കുന്നതും ആയിരുന്നു. അദ്ദേഹം പറയുന്നു:—

"ഞാൻ ഈ നീണ്ട റോഡിലൊക്കെ അന്വേഷിച്ചു തിരിയുന്നതു് യാതൊരു സത്രവുമല്ല, വിശപ്പിനെത്തന്നെയാണു്." "എനിക്കു് അധികം ആഹ്ലാദകരമായ ഒരു വസ്തുത എൻെറ ശത്രുക്കൾ തന്നേയാണു്" എന്നും "ജീവിതത്തിൽ വിജയം നേടുവാൻ ജീവിതം കളഞ്ഞു കുളിക്കണം" എന്നും "പുതിയ നിയമമനുസരിച്ചു ജീവിക്കുവാൻ നിയമങ്ങളെല്ലാം ലംഘിക്കണം" എന്നും മററും അദ്ദേഹം പുറപ്പെടുവിച്ച അനവധി വിചിത്രാഭിപ്രായങ്ങൾ ഉണ്ടു്.

ഗദ്യകാരനും കവിയും ആയ പാൾ വേലറി പുരാതന പാരമ്പര്യങ്ങൾ അനുസരിച്ചുള്ള സാഹിത്യരചനകളോടു കഠിനമായ പുച്ഛരസം പ്രകടിപ്പിച്ചുപോന്നു. കാര്യകാരണബന്ധത്തിനും ബുദ്ധിശക്തിക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സങ്കല്പങ്ങളിൽ മാത്രമേ അദ്ദേഹത്തിനു വിശ്വാസം ഉണ്ടായിരുന്നുള്ളു. കവികൾ ഹൃദയത്തിനേക്കാൾ ബുദ്ധിശക്തിക്കു വേണം കൂടുതൽ പ്രാധാന്യം നൽകുവാൻ എന്നതായിരുന്നു, അദ്ദേഹത്തിൻെറ സിദ്ധാന്തം. നവീന ശാസ്ത്രങ്ങളോടു് ഗണിതശാസ്ത്രം ബന്ധിച്ചിരിക്കുന്നതുപോലെ പ്രത്യേകതരത്തിലുള്ള സുകുമാരകലകളോടു് അലങ്കാര വിധാനബോധം ബന്ധമുള്ളതായിരിക്കണം എന്നു്

അദ്ദേഹം കരുതി. "ലോകത്തുള്ള ഏതൊരു വസ്തുവും ബുദ്ധിശക്തിയുമായി ബന്ധിക്കാത്തപക്ഷം ആ വസ്തുവിനു എന്നെ ആകർഷിക്കാൻ സാധിക്കുകയില്ല" എന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

മേൽപറയപ്പെട്ട മൂന്നു മഹാന്മരുഷന്മാരെപ്പോലെ സാഹിത്യത്തിന്റെ നവീനതയിലേക്ക് ലോകത്തെ നയിച്ച മറെറാരു സാഹിത്യകാരൻ റഷ്യയിലെ മാക്സിം ഗോർക്കിയാകുന്നു. മനുഷ്യപ്രകൃതിയുടേയും വിശ്വസാഹിത്യത്തിന്റേയും ഒരു സൂക്ഷ്മപര്യവേക്ഷകനായ മാക്സിം ഗോർക്കി ക്ലേശഭൂയിഷ്ഠമായ ജീവിതം നയിച്ച ഒരു റഷ്യൻ വിപ്ലവസാഹിത്യകാരനായിരുന്നു. ദാരിദ്ര്യവും തുടന്ന് അനുഭവിക്കുവാൻ ഇടയായ നാനാക്ലേശങ്ങളും അദ്ദേഹത്തിന്റെ സാഹിത്യരചനയെ നിശ്ശേഷം വസ്തുതാപ്രതിപാദകമായ ഒരു യഥാതഥപ്രസ്ഥാനത്തിലേയ്ക്കു് നയിച്ചു. റഷ്യയിൽ പ്രചാരത്തിലിരിക്കുന്ന സോഷ്യലിസം മുഖേന മാത്രമേ ലോകാഭ്യുദയം കൈവരികയുള്ളു എന്ന വിശ്വാസക്കാരനായ മാക്സിം ലൗകികസംസ്കാരത്തെ രൂപീകരിക്കുന്ന അനവധി നവീനസാഹിത്യകൃതികളുടെ കർത്താവാണു്.

ഇവരോടൊപ്പം ആധുനികസാഹിത്യത്തിന്നു് പുരോഗമനോന്മുഖം എന്ന പുതിയ നില കൈവരുത്തുവാൻ ശ്രമിച്ച മറെറാരു മഹാപുരുഷൻ എഫ്. ററീ. മാരിനെററി എന്ന ഇററാലിയൻ ആയിരുന്നു. അദ്ദേഹം ഏപ്പെടുത്തിയ ഫ്യൂച്ചുറിസം അഥവാ 'കലാലോകത്തിലെ ഭാവിസംവിധാനപ്രസ്ഥാനം' പരിമിതമായ വിധം വിവരിച്ചു കഴിഞ്ഞുവല്ലോ.

ക്രിസ്തുവർഷം 1930-നോടടുകൂടിയാണ് ഇംഗ്ലീഷ്സാഹിത്യം മുൻപൊന്ന വിചിത്രശാഖയായ പുരോഗമനത്തോട് പ്രത്യേകം ആനുകൂല്യം പ്രാപിക്കാൻ തുടങ്ങിയതെന്ന് ഇംഗ്ലീഷ് സാഹിത്യപര്യവേക്ഷകന്മാർ കരുതുന്നു. സാഹിത്യത്തെ മനുഷ്യജീവിതത്തിലെ യഥാർത്ഥതകളുമായി കൂടുതൽ ദൃഢബന്ധത്തിൽ ഘടിപ്പിക്കുവാൻ പുതിയ എഴുത്തുകാർ ശ്രമം ചെയ്തു. അവർ യഥാർത്ഥജീവിതത്തിൽ കണ്ട സകല കാലുഷ്യങ്ങളും പുകഞ്ഞൊന്നമെന്നുള്ള നിർബന്ധത്തോടെ ശുഭസന്ദായകമായ ഒരു ഭാവിയെ സങ്കല്പിച്ചു.

ഇങ്ങനെ ഇരുപതാം ശതവർഷത്തിലെ പ്രഥമ പാദത്തിനു ശേഷമാണ് പുരോഗമനപരമായ സാഹിത്യശാഖയ്ക്ക് ഇംഗ്ലീഷുസാഹിത്യത്തിൽ പ്രചാരം സിദ്ധിച്ചത് എങ്കിലും ആ ശതവർഷത്തിന്റെ ആരംഭം തൊട്ടേ ഒരു നവീനതയിലേയ്ക്ക് കടക്കാനുള്ള ശ്രമങ്ങൾ അവിടെ സാഹിത്യകാരന്മാരിൽ പ്രത്യക്ഷപ്പെട്ടിരുന്നു. കലാകൗശലപരങ്ങളായ മാനദണ്ഡങ്ങളും, സൗന്ദര്യാഭിനന്ദനപരമായ രീതികളും നിശ്ശേഷം മാറി. പ്രാമാണികന്മാരുടെ അഭിപ്രായത്തേയോ അധികാരസ്ഥരുടെ പ്രമാണങ്ങളേയോ സാഹിത്യകാരന്മാർ സ്വീകരിക്കാതെയായി. പഴയ പതിവുകളോടും പാരമ്പര്യങ്ങളോടും അവയ്ക്ക് കടുതായ അനാസ്ഥ ജനിച്ചു. എച്ച്. ജീ. വെൽസ്, ആർനോൾഡ് ബെനററ്, ജാൺ ഗ്യാൽസ്‌വർത്തി തുടങ്ങിയ നോവലെഴുത്തുകാരും അവർക്കു ശേഷം എത്തിയ ഡീ. എച്ച്. ലാറൻസ്, ഡബ്ളിയൂ. എച്ച്. ഓഡൻ തുടങ്ങിയ കവികളും ഈ പുതിയ രീതിയുടെ പ്രചാരകരെന്ന നിലയിൽ യശസ്വികളാണ്.

ഇപ്രകാരം ഇരുപതാം ശതവർഷത്തിൻെറ ആരംഭത്തിൽ യൂറോപ്പിൽ കാണപ്പെട്ട സാഹിത്യവിപ്ലവപരങ്ങളായ നവീനാശയങ്ങളാണ് മലയാളത്തിലെ പുരോഗമനസാഹിത്യത്തിന്ന് അടിസ്ഥാനങ്ങളായി കാണുന്നത്. നിഷ്കൃഷ്ടിച്ചു പറയുന്നപക്ഷം, പത്തൊൻപതാം ശതവർഷത്തിൻെറ മദ്ധ്യഭാഗത്തു ഫ്രഞ്ചുസാഹിത്യത്തിൽ ഏൎപ്പെട്ട 'നാച്ചുറലിസം' അഥവാ പ്രകൃതപ്രസ്ഥാനം, അതിനു മുമ്പ് പ്രചരിച്ച 'റീയലിസം' അല്ലെങ്കിൽ യഥാതഥപ്രസ്ഥാനം എന്ന രണ്ടു പ്രസ്ഥാനങ്ങളും പുരോഗമനസാഹിത്യത്തിൻെറ രൂപീകരണത്തിന്നു സാരമായ സഹായം ചെയ്തു. സ്ത്രീപുരുഷ രഹസ്യജീവിതപരിപാടികൾ അതേപടി വാഗ്രൂപമായി പകൎത്തുവാൻ ഫ്രഞ്ചു സാഹിത്യകാരന്മാരായ ഫ്ളാബർട്ട്, സോളാ, ഗിഡെ മോപ്പസങ്ങ് എന്നിവർ അംഗീകരിച്ച പദ്ധതി മലയാള പുരോഗമനസാഹിത്യകാരന്മാർ സ്വീകരിച്ചു. വായനക്കാൎക്ക് അറപ്പും വെറുപ്പും തോന്നിക്കുന്നവ സൂക്ഷ്മമായി ചിത്രീകരിക്കണം എന്ന ഇററാലിയൻ മാരിനെററീ സിദ്ധാന്തവും ഇന്നത്തെ 'പുരോഗമനം' കൈക്കൊണ്ടു. റഷ്യയിൽ പ്രചാരത്തിലെത്തിയ സാമുദായികമായ വ്യക്തിത്വസമത്വം, മരണകാര്യങ്ങളിലെ നിൎല്ലേഷസ്വാതന്ത്ര്യസമ്പാദനം എന്നിവ അങ്ങനെയും സ്വീകരിച്ചു. പാരമ്പര്യത്തോടുള്ള പുച്ഛരസം, മതബോധം സംബന്ധിച്ചു അജ്ഞത എന്നിവ ഇക്കൂട്ടത്തിൽ പുരോഗമനത്തിൻെറ പേരിൽ മലയാളത്തിലും കടന്നുകൂടി.

ഇങ്ങനെ മലയാളത്തിലെ പുരോഗമനസാഹിത്യം എന്നാൽ യൂറോപ്യൻ സാഹിത്യത്തിൽ പുരോഗമനപര

മായി ആ സാഹിത്യകാരന്മാർ ഏതേതു തത്വങ്ങൾക്കു് പ്രാധാന്യം കൊടുത്തു് ഒരു പുതിയ സാഹിത്യം സൃഷ്ടിച്ചുവോ, ആ സാഹിത്യത്തിൻെറ കണ്ണുമടച്ചുള്ള അനുകരണം എന്നു പ്രസ്താവിക്കേണ്ട വിധത്തിലായിച്ചമഞ്ഞിട്ടുണ്ടു്. ഈ അന്ധതാപ്രേരിതമായ അനുകരണം ഒന്നുകൊണ്ടുമാത്രം മലയാളത്തിലെ പുരോഗമനത്തിന്നു് മാററു് ഗണ്യമായി കുറയുന്നുണ്ടു്. എന്നുമാത്രമല്ല, രാജ്യകാര്യം, മതം, സാമുദായികസ്ഥിതി സന്മാർഗ്ഗബോധം, സാമ്പത്തികോൽക്കർഷം എന്നിങ്ങനെ ഗൌരവമേറിയ ജീവിതനിലകളിൽ പാശ്ചാത്യരെ ബുദ്ധിപൂർവ്വകമായിട്ടല്ലാതെ അനുകരിക്കുന്ന യാതൊരു പ്രസ്ഥാനത്തിനും കേരളത്തിൽ സ്ഥിരപ്രതിഷ്ഠ സിദ്ധിക്കാൻ ഇടയില്ല. പാശ്ചാത്യസാഹിത്യത്തിൻെറ അനുകരണം എന്നു് എന്തിനു പറയുന്നു ? ഭാരതീയസാഹിത്യത്തിൽ ഏററവും മേലേക്കിടയിൽ നില്ക്കുന്ന സംസ്കൃതസാഹിത്യത്തെത്തന്നെ ഈവിധം കണ്ണുമടച്ചു് അനുകരിക്കുന്നപക്ഷം ആ അനുകരണത്തിന്നു് വേണ്ടുവോളം അംഗീകരണം കേരളദേശത്തു് ഇന്നൊന്നല്ല, പണ്ടുപോലും സിദ്ധിച്ചിരിക്കയില്ല എന്നു പ്രത്യേകിച്ചു പറയേണ്ടതായിട്ടുണ്ടോ ? ആര്യസംസ്കാരപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങളിൽ പലതും മലയാളസാഹിത്യത്തിൽ ഇതിനകം പ്രചരിക്കുവാൻ സ്വീകരിക്കപ്പെട്ടിരുന്നു. എന്നാൽ, ഏതു സ്വീകരണവും മലയാളികളുടെ കേരളീയാഭിരുചികളുടെ യോജിക്കുന്ന വിധത്തിലായിരുന്നതു മാത്രമേ ശാശ്വതമായ നിലയിൽ വർത്തിക്കുന്നുള്ളു. കേവലം സംസ്കൃതസാഹിത്യത്തിലുണ്ടു് എന്ന കാരണം പ്രമാണിച്ചു് മലയാള

സാഹിത്യത്തിലും എന്തെങ്കിലും ഒരു പരിഷ്കാരത്തിന്ന് അതേപടി ഇറക്കുമതികഴിക്കാം എന്ന കരുതിയ കവികൾക്ക വിജയം ഗണ്യമായ തോതിൽ സിദ്ധിച്ചിട്ടില്ല എന്ന കാണാം. കൃഷ്ണഗാഥ, കണ്ണശ്ശകൃതികൾ, എഴുത്തച്ഛന്റെ കൃതികൾ, തുള്ളൽപ്പാട്ടുകൾ ആട്ടക്കഥകൾ എന്നിവ സംസ്കൃത സാഹിത്യത്തിൻെറ അനുകരണങ്ങളാണെങ്കിൽതന്നേയും അവ മലയാളാന്തരീക്ഷത്തിന്ന് ഏററവും യോജിച്ച നിലയിൽ തന്നേയാണ് അനുകരിക്കപ്പെട്ടിട്ടുള്ളതു്.

എന്നാൽ സംസ്കൃതസാഹിത്യത്തെ മലയാളം അനുകരിക്കാൻ ഉദ്യമിച്ച കാലത്തെ പരിതഃസ്ഥിതിയല്ല, ഇന്ന പാശ്ചാത്യസാഹിത്യത്തിൻെറ അനുകരണഘട്ടത്തിൽ കാണുന്നതു്. ആര്യസംസ്കാരം ഉൾക്കൊണ്ടിരുന്ന സംസ്കൃതത്തെ ബുദ്ധിപൂർവ്വകമായി അനുകരിച്ചതു് സ്വാതന്ത്ര്യമായ കേരളഭൂവിഭാഗം ആയിരുന്നു. എന്നാൽ പുരോഗമന സാഹിത്യവിഷയകമായി പാശ്ചാത്യസാഹിത്യത്തെ അനുകരിക്കുന്ന കേരളമാകട്ടെ, കേവലം അസ്വാതന്ത്ര്യമാണ്. കേരളഭൂഖണ്ഡം ആധുനികകാലഘട്ടത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന മൂന്നായി തിരിഞ്ഞു നിൽക്കുന്നു. ഈ മൂന്നു ദേശവിഭാഗങ്ങളും എന്ന വേണ്ട, വിപുലമായ ഭാരതഖണ്ഡംപോലും ഭരണവിഷയകമായി മഹത്തായ അസ്വാതന്ത്ര്യം അനുഭവിച്ചു കഴിയുകയാണ്. ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുവാൻ ഭാരതഖണ്ഡം സമസ്തശ്രമങ്ങളും നടത്തുന്ന ഒരു ഘട്ടത്തിലാണ് ആ സ്വാതന്ത്ര്യത്തിനു സർവ്വഥാ വിഘാതകമായ ഒരു സാഹിത്യത്തിൻെറ സ്വീകരണംകൊ

ണ്ടു് വീണ്ടും ഒരു സാഹിത്യപാരതന്ത്ര്യം സ്ഥാപിക്കുവാൻ ചിലർ ശ്രമിക്കുന്നതു്.

ബുദ്ധിപൂൎവ്വകമല്ലാത്ത പാശ്ചാത്യസാഹിത്യാനുകരണത്തിന്റെ ഫലമായി മലയാളക്കരെയ്ക്കു് പുതിയ സാഹിത്യരീതി നിമിത്തം വന്നു ചേൎന്നിട്ടുള്ള തകരാറുകൾ മററുള്ളവർ ചൂണ്ടിക്കാണിക്കുന്ന എന്ന വസ്തുത പുരോഗമന സാഹിത്യപ്രചാരകരും മനസ്സിലാക്കാതെയല്ല. ഇവയിൽ സൎവ്വപ്രധാനമായതു് പ്രസ്തുത സാഹിത്യപ്രസ്ഥാനം നാസ്തികതാപ്രോത്സാഹകമായിക്കാണുന്നുവെന്നും മതവിശ്വാസഭഞ്ജനത്തിന് കരുതിക്കൂട്ടി മുതിരുന്നുവെന്നും ഉള്ളതാണു്. കേരളീയരുടെ മതവും മതസ്ഥാപനങ്ങളും യൂറോപ്പുദേശത്തു് കാണുന്ന മതവും മതസ്ഥാപനങ്ങളും തന്നേയാണെന്നുള്ള മിഥ്യാബോധത്തിൽ കുഴങ്ങുന്ന പല സാഹിത്യപ്രണയികളും അതുതന്നേയാണു് ഇതു് എന്ന രീതിയിൽ വളരെ വാശിയോടെ സംസാരിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടു്. കേരളത്തിലെ നാലു പ്രധാനമതങ്ങൾ, ഹിന്ദു, ക്രിസ്തു, ഇസ്ലാം ബുദ്ധാനാമകങ്ങളായി നാലാണല്ലോ. ഇവയിലൊന്നും തന്നെ പാശ്ചാത്യലോകത്തിൽ ക്രിസ്തുമതം കാട്ടിക്കൂട്ടുന്ന ഒട്ടനേകം വികൃതികളിലേയ്ക്കു് ചാഞ്ഞിട്ടുള്ളതായി തോന്നുന്നില്ല ‘കേരളത്തിലെ പൊതുമതമായി കാണുന്ന ‘ഹിന്ദുമതം’ യൂറോപ്യന്മാരുടെ ക്രിസ്തുമതംപോലെ പുരോഹിതപ്രാധാന്യത്തിൽ സാമാന്യജനദ്രോഹത്തിന് ഉദ്യമിക്കുന്നില്ല. അഥവാ അപ്രകാരം ഉദ്യമിച്ചിട്ടുള്ളതായി വല്ല കാലഘട്ടവും കാണിക്കാമെങ്കിൽ തന്നേയും കേരളക്കരെ സംബന്ധിച്ചേടത്തോളം അതൊരിക്കലും സാധ്യ

കരണോഹ്മാകയില്ല. കേരളം പുരോഹിതന്മാരുടെ കൈസ്സുകളിൽ നിർജ്ജീവമായിക്കഴിയുന്ന ഒരു പാവയല്ല. ഹിന്ദുമതത്തിൻെറ വൈശിഷ്ട്യം മനുഷ്യബുദ്ധിക്ക് എത്താവുന്ന സകല സ്വാതന്ത്ര്യത്തിൻേറയും പരമാഗ്രഭൂമിയിലാണ് പ്രതിഷ്ഠിതമായിരിക്കുന്നതു് എന്ന വസ്തുതയും ഈ സാഹിത്യകാരന്മാർ വിസ്മരിക്കുന്നു.

പുരോഗമനസാഹിത്യത്തിൽ മതത്തിനും ഈശ്വരനും ഇളക്കം തട്ടിയിരിക്കുന്നതു് നിമിത്തം എതിരാളികൾ വല്ലാതെ ക്ഷോഭിക്കുന്നുണ്ടു് എന്ന അത്ഥത്തിൽ പല മാന്യന്മാരും പ്രസ്താവിക്കുന്നുണ്ടു്. പരമാത്ഥത്തിൽ മതത്തിനാകട്ടെ, ഈശ്വരനാകട്ടെ, ഈ പുരോഗമനസാഹിത്യം മുഖേന യാതൊരിളക്കവും തട്ടാനില്ല. ജനങ്ങളിൽ ചിലക്ക് നിരീശ്വരത്വത്തോടു് ഒരു ഉത്സാഹം കുറേശ്ശ ഉണ്ടാകാൻ ഇടയുണ്ടു് എന്നതാണ് യാഥാത്ഥ്യം. യൂറോപ്യൻദേശങ്ങളിലെ മതബോധവും മതാചാര്യന്മാരും മതച്ചട്ടങ്ങളും സാമാന്യജീവിതത്തിന്നു വലിയ ഉപദ്രവമായും വഹിക്കാൻ വയ്യാത്ത ഭാരമായും തീന്നിരിക്കാം. അപ്രകാരമുള്ള ഉപദ്രവങ്ങൾ ഇല്ലാത്ത നാട്ടിൽനിന്നും മതത്തേയും ഈശ്വരനേയും ബഹിഷ്കരിക്കണമെന്നു വാദിക്കുന്നതു് അനുകരണഭ്രമം ഒന്നുകൊണ്ടുമാത്രമാണു്.

റഷ്യയിലെ ഭരണാവകാശരീതി കേരളഖണ്ഡത്തിൽ നടപ്പിലാക്കുക എന്ന രാജ്യകാര്യപരമായ ഉദ്ദേശവും കേരളഭൂഭാഗത്തിൽ നാനാമുഖമായ അസ്വാസ്ഥ്യത്തിന്ന് കാരണമായി ഭവിക്കുന്നു. ഈ അസ്വാസ്ഥ്യത്തിൻെറ ഫലങ്ങൾ നേരിട്ടനുഭവിക്കുന്നതു് പ്രസ്തുതസാഹിത്യപ്രണയി

കൾ അല്ല. റഷ്യയിലും മററു പാശ്ചാത്യ രാജ്യങ്ങളിലും രാജ്യകാര്യങ്ങൾ സാഹിത്യത്തിൽ നിഴലിടുവിക്കാൻ ശ്രമിക്കുന്നവർ അനന്തപീഡനങ്ങൾക്ക് സ്വമനസ്സാലെ തയ്യാറാവുന്നു. എന്നാൽ, കേരളഭൂഖണ്ഡത്തിൽ പുതിയ സാഹിത്യത്തിന്റെ പ്രചാരകന്മാർ യശസ്സമ്പാദനാർത്ഥം വല്ല ബന്ധനത്തിലും വല്ലപ്പോഴും ഉൾപ്പെട്ടുമെങ്കിലും നിരപരാധികളായ മററുള്ളവരുടെ ക്ലേശാനുഭവങ്ങളിൽ ശതാംശത്തിനുപോലും തയ്യാറായി ഇറങ്ങുന്നില്ല. അഥവാ അപ്രകാരം ഇറങ്ങുവാൻ പരിതഃസ്ഥിതികൾ വല്ലരെ അനുകൂല്യത്തിലും അല്ല. റഷ്യയിലെ ഭരണസ്വാതന്ത്ര്യം എത്ര ശതവർഷങ്ങളിലെ ഏതേതെല്ലാം വിധത്തിലുള്ള നിരന്തര ജനസമരംകൊണ്ടു സമ്പാദിക്കപ്പെട്ടതാണ് എന്നു് ആലോചിക്കുമ്പോൾ ഈ വസ്തുത ബോധപ്പെടും. കേരളദേശം സംബന്ധിച്ചാണെങ്കിൽ ഉത്തരഭാരതത്തിന്റെ സ്വാതന്ത്ര്യവാദം എന്ന ഒരു അനുകൂലപരിതഃസ്ഥിതിയെങ്കിലും സംജാതമായാൽ മാത്രമേ അതിലും അപ്പുറമുള്ള പടി സ്വാധീനമാകാൻ ശ്രമം നടത്തേണ്ടതുള്ളൂ. അല്ലാതെ നടത്തുന്ന ശ്രമങ്ങളുടെ അനന്തരഫലം രാജ്യസ്നേഹികളായ പൊതുജനങ്ങളുടെ മാനസതാപത്തിനുമാത്രം ഇടയാകുകയേ ഉള്ളൂ.

പുരോഗമനസാഹിത്യം, സന്മാർഗ്ഗദുർമ്മാർഗ്ഗവിവേചനത്തിന്റെ സൂക്ഷ്മമായ കണ്ണികളെ നിശ്ശേഷം പൊട്ടിച്ചെറിയുന്നു എന്നൊരു ആവലാതിയുള്ള വിവരം ആ സാഹിത്യപ്രണയികൾ സമ്മതിക്കുന്നുണ്ടു്. അതായത്തു്, ഇത്തരം സാഹിത്യഗ്രന്ഥങ്ങളിൽ അനാവധി അശ്ലീലതകൾ കട

ന്നക്രൂടി വായനക്കാരുടെ സൗന്ദര്യാസ്വാദന ശക്തിയെ മര വിപ്പിക്കുന്നു. കൂടാതെ, ദുരാചാരപ്രസക്തമായ ഏതു ജീവിതരീതിയും ആൎക്കും അംഗീകരിക്കാമെന്നു്, മററൊരു പ്രകാരത്തിൽ പ്രോത്സാഹനം നൽകുന്നതായും കാണപ്പെട്ടു ന്നുണ്ടു്. മററൊരുവിധം പറയുകയാണെങ്കിൽ യുവതീയുവാക്കന്മാരുടെ സദാചാരബോധം ചലിപ്പിക്കത്തക്ക വിധത്തിലുള്ള അനേക വൎണ്ണനകളും അനേക സംഭാഷണങ്ങളും പരിതഃസ്ഥിതികളുടെ പ്രതിപാദനങ്ങളും ശുദ്ധനീചമായ സ്ത്രീപുരുഷ നടപടി ക്രമങ്ങളും പുരോഗമനസാഹിത്യഗ്രന്ഥങ്ങളിൽ ഗ്രന്ഥകാരന്മാർ, യാതൊരു മടിയും കൂടാതെ വെട്ടിത്തുറന്നുവിടുന്നു. ഇതിലേക്കു് അവർ മാൎഗ്ഗദൎശികളായി കരുതിയിരിക്കുന്നതു് പത്തൊൻപതാം ശതവൎഷത്തിലെ ഫ്രഞ്ചു നാചുറലിസ്ററു നോവലെഴുത്തുകാരെയാകുന്നു. മൂടിവച്ചിരിക്കുന്നതെല്ലാം വെളിച്ചത്താക്കുക, വെളിയിൽ പറയാൻ പാടില്ലാത്തതെല്ലാം വളരെ വ്യക്തമായി വിശദമായി പ്രസ്താവിക്കുക എന്നു അവർ അക്കാലത്തു സ്ഥാപിച്ച സിദ്ധാന്തം മലയാളത്തിൽ ഇദംപ്രഥമമായി സാഫല്യം പ്രാപിക്കുന്നതു് - പുരോഗമനസാഹിത്യപ്രചരണത്തോടെയാണു്.

സാഹിത്യത്തിൽക്കാണുന്ന ഈ ദുരാചാരപ്രശംസ ഇന്നത്തെ സമുദായത്തിന്നു് എന്തെല്ലാം ദോഷങ്ങൾ ഉണ്ടാക്കുന്നു എന്നാലോചിക്കാനല്ല പുരോഗമനസാഹിത്യകാരന്മാരുടെ ഹൃദയവിശാലത അവരെ പ്രേരിപ്പിക്കുന്നതു്. മലയാളത്തിലെ ഭൂതകാല സാഹിത്യ കൃതികളിൽ എത്ര നിന്ദാവഹങ്ങളായ അശ്ലീലപ്രയോഗങ്ങൾ കാണുന്നു എന്നു പറ

ത്തെ് ആ ഭൂതകാലസാഹിത്യത്തിൻെറ ലൈസൻസ് ഒരു ബലമായി കരുതി തങ്ങളും അവരെപ്പോലെ എന്നു നിർലജ്ജം സമ്മതിക്കുവാനാണു് അവരുടെ ശ്രമം. അവക്ക് ഏതെങ്കിലും വിധത്തിലാകട്ടെ, നിലവിലിരിക്കുന്ന സദാചാരബോധത്തിന് വിരുദ്ധമായ വിധത്തിൽ എഴുതുവാൻ പ്രേരണ ലഭിച്ചിട്ടുള്ളതു് മലയാളത്തിലെ ഭൂതകാലസാഹിത്യകാരന്മാരിൽ നിന്നല്ല. പിന്നെയോ പാശ്ചാത്യരിൽ നിന്നുമാണു്. ആ പാശ്ചാത്യരുടെ സാമുദായികജീവിതം അതികഠിനമായി ദുഷിച്ചു പോയി എന്നു് അവർ തന്നെ സമ്മതിക്കുന്നു. സദാചാരബോധത്തിന്നു പുതിയ ഏതെങ്കിലും ഒരു വശം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെയാണു് അവർ ഈ ചങ്ങലപൊട്ടിച്ച ചാടങ്ങുകൾക്ക് മുതിരുന്നതു്. സ്ത്രീപുംലിംഗങ്ങളുടെ പ്രവൃത്തനവിധങ്ങൾ ഏതതെല്ലാം പ്രകാരത്തിലാകാമോ അവയൊക്കെ സാഹിത്യത്തിൽ റെക്കാഡുചെയ്യുന്നതു് പാശ്ചാത്യരുടെ സദാചാരബോധത്തിന് വിരുദ്ധമല്ല എന്ന നിലയിൽ എത്തിയിട്ടുണ്ടു്. അതനുസരിച്ചു് സ്ത്രീപുരുഷബന്ധത്തിൻെറ സങ്കല്പവേലയേയും ഭഞ്ജിക്കുന്ന അനവധി പ്രവൃത്തനങ്ങൾ അടങ്ങിയ ചെറുകഥകളോ, നോവലുകളോ നാടകങ്ങളോ പാശ്ചാത്യസാഹിത്യത്തിൽ ഉടലെടുക്കുന്നുണ്ടു്. അവയുടെ അസമർത്ഥങ്ങളായ അനുകരണങ്ങൾ എന്ന നിലയിൽ മലയാളത്തിലും വ്യഭിചാരകഥാപ്രധാനമായ ഒരു വിഭാഗം കണ്ടുവരുന്നു. വ്യഭിചാരകഥകൾക്ക് പ്രാധാന്യം കൊടുക്കുന്നതു് ആ സാമുദായിക ന്യൂനത നിശ്ശേഷം വിട്ടുമാറാനാണെന്നു പുരോഗമനസാഹിത്യകാരന്മാരിൽ പലരും പറയുന്നുണ്ടു്.

ഇത്ര വിചിത്രമായ ഒരു കാര്യകാരണബന്ധം മറെറാന്നില്ല. വ്യഭിചാരം എന്നോ പട്ടിണി എന്നോ സാമുദായികമായി കാണുന്ന ന്യൂനത ലോകത്ത് ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. രാജ്യഭരണതന്ത്രജ്ഞന്മാരും ജനനേതാക്കന്മാരും സദാചാരാചാര്യന്മാരും സാമ്പത്തികശാസ്ത്രവിദഗ്ദ്ധന്മാരും ശതക്കണക്കിലും സഹസ്രക്കണക്കിലും ഉള്ള പാശ്ചാത്യദേശങ്ങളിൽ സാഹിത്യം മുഖേന ഈ രണ്ടംശങ്ങൾക്കും ഗണ്യമായ കുറവു വന്നെങ്കിലല്ലേ, നമ്മുടെ നാട്ടിലും അപ്രകാരം ഉദ്ദേശിക്കേണ്ടതുള്ളൂ?

ഇങ്ങനെ പ്രസ്താവിക്കുന്നതുകൊണ്ട് സാഹിത്യം മുഖേന സമുദായപരിഷ്കാരം സാദ്ധ്യമല്ല എന്നു കരുതുന്നതായി ഗണിക്കുകയില്ലല്ലോ. സാഹിത്യത്തിന്റെ കഴിവുകൾ വളരെ അത്ഭുതാവഹങ്ങൾ തന്നെ. എന്നാൽ വ്യഭിചാരത്തിന്നുമാത്രം പ്രാധാന്യം കൊടുത്തു മററനേകം സാമുദായിക ന്യൂനതകളെ കണ്ണടച്ചു കഥാരചന നിർവഹിക്കുന്നതു് സദാചാരബോധത്തെ മനഃപൂർവ്വം ഉലയ്ക്കണമെന്നുള്ള വിചാരത്തോടുകൂടി മാത്രമേ ആയിരിക്കുകയുള്ളൂ.

എന്നാൽ സാഹിത്യം സദാചാരപരമായിരിക്കണമെന്ന് വെറും ഒരു സദാചാരജീവിയെപ്പോലെ തീർത്തുപറയുന്നതും അത്ര ആശാസ്യമല്ല. സദാചാരപ്രധാനമാകട്ടെ, ദുരാചാരസൂചകമാകട്ടെ, സാഹിത്യകൃതി ജനങ്ങളുടെ ആഹ്ലാദത്തിനുപകരിക്കണം എന്നൊരഭിപ്രായം ഉണ്ട്. "കല കലയ്ക്കുവേണ്ടി" എന്ന തത്വത്തിന്നു പ്രാധാന്യം നൽകുന്നവരാണു് ഈ അഭിപ്രായം പുറപ്പെടുവിക്കുന്നതു്. എന്നാൽ പുരോഗമനസാഹിത്യകാരന്മാർ ശക്തിപൂർവ്വം

വാദിക്കുന്നത് "കല ജീവിതത്തിനുവേണ്ടി" എന്നാണ്. ആ സ്ഥിതിക്ക് ജീവിതത്തിലെ ഗൗരവമേറിയ നില പുലർത്തുവാൻ ഉതകുന്ന സന്മാർഗ്ഗതത്വങ്ങൾക്ക് അവർ സമുചിതമായ സ്ഥാനം നൽകാതെയിരിക്കുന്നത് ഒരു വിധത്തിലും സാധൂകരണാർഹമല്ല.

പുരോഗമനസാഹിത്യം എന്നാൽ പുരോഗമന പ്രധാനമായ സാഹിത്യം എന്നാണല്ലോ അർത്ഥം. സാഹിത്യം എന്നതു് ഉചിതങ്ങളായ ആശയങ്ങളുടേയും അവ പ്രകാശിപ്പിക്കാൻ ഉതകുന്ന ഉചിതങ്ങളായ പദങ്ങളുടേയും ഒരു ഇണക്കം എന്നർത്ഥം. ഈ ഇണക്കം ഗദ്യരൂപത്തിലും പദ്യരൂപത്തിലും സംഭവിക്കുന്നു. അതു രണ്ടും സാഹിത്യത്തിൻെറ ബാഹ്യരൂപങ്ങളെ കുറിക്കുന്നു. ആഭ്യന്തരമായ വിധം സാഹിത്യത്തിന്റെ സ്വരൂപം പരിശോധിക്കുമ്പോൾ, ഭാവന, വികാരം ചിന്ത എന്നു മൂന്നുപാധികളെ ആശ്രയിച്ചാണ് സാഹിത്യത്തിൻെറ നില. സാഹിത്യം എത്ര മാത്രം യഥാതഥ പ്രസ്ഥാനത്തെ ആശ്രയിച്ചാലും ചുററും കാണുന്ന പരമാർത്ഥങ്ങളെ എത്രത്തോളം വെറും സ്വാഭാവികമായ രീതിയിൽ പ്രകാശിപ്പിച്ചാലും ഭാവനാശക്തിയുടെ ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു. അതുപോലെതന്നെ കഥാപാത്രങ്ങളോ ഗ്രന്ഥകാരൻതന്നെയോ അനുഭവിക്കുന്ന വികാരങ്ങൾ സാഹിത്യത്തിൽ പ്രതിഫലിക്കാതെ തരമില്ല. വികാരങ്ങൾക്കും ഭാവനയ്ക്കും സിദ്ധിക്കുന്ന ഈ പ്രാധാന്യം ചിന്തയ്ക്കും സാഹിത്യത്തിൻെറ ആഭ്യന്തര സ്വരൂപം എന്ന നിലയിൽ ലഭിക്കുന്നു. ഇങ്ങനെ ഭാവന, വികാരം ചിന്ത എന്ന ആഭ്യന്തര സ്വരൂപത്തോടും

ഗദ്യം പദ്യം എന്ന ബാഹ്യസ്വരൂപത്തോടുകൂടിയ ആശയ പ്രതിപാദകങ്ങളായ വാക്പ്രപഞ്ചത്തെ സാഹിത്യം എന്നു പറയാം.

'പുരോഗമനസാഹിത്യം' എന്നു സാഹിത്യത്തിന്നു ഒരു വിശേഷണം ചേർത്ത പ്രത്യേകശാഖയാണല്ലോ പ്രതിപാദ്യം. എന്താണ് പുരോഗമനസാഹിത്യം. അഥവാ സാഹിത്യത്തിലെ പുരോഗമനം എന്നു പറയുമ്പോൾ ഏറ്റവും വ്യക്തവും ആർക്കും യാതൊരു സംശയവും നേരിടാത്ത വിധത്തിൽ എന്താണു് മനസ്സിലാക്കാനുള്ളതു് ? സാഹിത്യത്തിൽ പുരോഗമനം അഥവാ ഉൽക്കർഷോന്മുഖത എന്നു് ഒന്നുണ്ടോ ? ഉണ്ടെങ്കിൽ അതു് ഏതു പ്രത്യേകതരത്തിലുള്ള ആശയമാണു കുറിക്കുന്നതു് ? 'പുരോഗമനം' എന്നു പറയുന്നതു് ഏതു പ്രത്യേക അൎത്ഥത്തിലാണു് ? എന്നീ ചോദ്യങ്ങൾ പ്രകൃതത്തിൽ സംഗതികളാകുന്നു.

സാഹിത്യം എന്നാൽ വികാരം, ഭാവന, ചിന്ത എന്നിവയുടെ സമാഹാരം ആണെങ്കിലും ആ സമാഹാരം കാലം അനുസരിച്ചു്, ഭൂതം, വൎത്തമാനം, ഭാവി എന്ന മൂന്നു പാധികളെ ആശ്രയിച്ചാകുന്നു. ഭൂതകാലത്തിലെ സാഹിത്യം വെറും നിസ്സാരമെന്നു് ഒരിക്കലും ഗണിക്കാൻ പാടുള്ളതല്ല. ഭൂതകാലസാഹിത്യം വൎത്തമാനകാലസാഹിത്യത്തിന്റെ ജനകത്വം വഹിക്കുന്നു. വൎത്തമാനകാലമാകട്ടെ ഭാവിക്കു് ജനകത്വം വഹിക്കുന്നു. ഭൂതവൎത്തമാനഭാവികാലങ്ങൾക്കു തമ്മിലുള്ള ബന്ധം ഒരിക്കലും നിരസിക്കാവുന്നതല്ല ഇതുവരെ കഴിഞ്ഞകാലത്തിലെ സാഹിത്യത്തി

ന്റെ സന്താനം എന്ന നിലയിൽ ഇന്നത്തെ (വത്തമാന) സാഹിത്യം ഉടലെടുക്കുന്നു. നാളത്തെ സാഹിത്യത്തിന്ന് വത്തമാനം ജനകത്വം വഹിക്കുന്നതിനാൽ ശോഭനമായ ഭാവിയെ ഉദ്ദേശിക്കുന്നവർ വത്തമാനകാലത്തിലെ സാഹിത്യത്തിൻെറ സ്വഭാവം നല്ലപോലെ നിയന്ത്രിച്ചുകൊള്ളേണ്ടതാണു്. ഇങ്ങനെ നിയന്ത്രിക്കുന്ന സാഹിത്യരീതിയെയത്രെ, പുരോഗമനസാഹിത്യം എന്ന സാങ്കേതിക സംജ്ഞകൊണ്ടു് കുറിക്കുന്നതു്.

ഇങ്ങനെ ശോഭനമായ ഒരു ഭാവി രൂപീകരിക്കാൻ വത്തമാനകാല സാഹിത്യത്തിൻെറ സ്വഭാവം പരിഷ്കരിക്കുന്നതിലേക്കു ഏപ്പെടുന്ന പുരോഗമനസാഹിത്യം ഏതേതംശങ്ങളെ വ്യാപിക്കുന്നു എന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. ഇക്കാലത്താകട്ടെ കഴിഞ്ഞ കാലത്താകട്ടെ, സാഹിത്യത്തിന്നു് അടിസ്ഥാനം മനുഷ്യജീവിതം തന്നെയാണു്. ജീവിതം എന്നു പറയുമ്പോൾ ഐഹികവും പാരത്രികവും ആയ സകല പ്രവത്തനരങ്ങങ്ങളും ഉൾപ്പെടും. അതായതു്, രാജ്യകാര്യം, മതം, സാമുദായിക സ്ഥിതി, സന്മാർഗ്ഗബോധം, സാമ്പത്തികസ്ഥിതി എന്നീ ഗൗരവമേറിയ വിഷയങ്ങളെ സംബന്ധിച്ചു ശോഭനമായ ഒരു ഭാവി കൈവരുവാൻ ആവശ്യകമായ ഒരു പ്രത്യേകസൃഷ്ടിവിശേഷമത്രെ സാക്ഷാൽ പുരോഗമനസാഹിത്യം എന്നു വ്യവഹരിക്കേണ്ടതു്. ആ സാഹിത്യത്തെ "മാമൂൽക്കോമര"ങ്ങളാകട്ടെ, ഭൂതകാലസാഹിത്യ പക്ഷപാതികളാകട്ടെ, ലേശംപോലും അധിക്ഷേപിക്കും എന്നും തോന്നുന്നില്ല.

പുരോഗമനസാഹിത്യം ഇങ്ങനെ ഇന്നത്തെ യൂറോപ്യൻ സാഹിത്യത്തിൽ മാത്രമാണെന്നു കരുതേണ്ട ആവശ്യമില്ല. ഭാരതഭൂഖണ്ഡത്തിലെ പ്രസിദ്ധ ഭൂതകാലസാഹിത്യമായ സംസ്കൃതത്തിൽത്തന്നെ പുരോഗമനപ്രധാനമായ അനവധി അംശങ്ങൾ ഉണ്ടെന്നു നിസ്സംശയം പറയാം. കാളിദാസമഹാകവിയുടെ രഘുവംശം എന്ന കൃതി സംസ്കൃതസാഹിത്യത്തിലെ പുരോഗമനശാഖയ്ക്കു് ഏറ്റവും പററിയ ഉദാഹരണമാകുന്നു. കാളിദാസമഹാകവിയുടെ കാലത്തു് ഭാരതഭൂഖണ്ഡത്തിൽ വിദേശ്യപരിഷ്കാരാംശങ്ങൾ പ്രബലതയിലെത്തുന്നു എന്നു കണ്ടു് ഭാരതീയാഭിമതമായ ഒരു സംസ്കാരത്തിൻെറ പ്രതിഷ്ഠാപനമാണു് രഘുവംശരചനകൊണ്ടു് കാളിദാസൻ ഉദ്ദേശിക്കുകയുണ്ടായതു്. അതായതു് അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ അന്നത്തെ സാഹിത്യം ശ്രേയസ്സോന്മുഖമായ ഒരു ഭാവിയെ ചൂണ്ടിക്കാട്ടുന്നതാകണം എന്നു് ആ മഹാകവി നിശ്ചയിച്ചു. രഘുവംശ രാജാക്കന്മാരുടെ ജീവിതരീതിയിലെ ആത്മപരിത്യാഗശീലം ലഘുജീവിത പ്രതിപത്തി, ദേശാഭിമാനം, പ്രജാസംരക്ഷണതാല്പര്യം എന്നിവ ഏതേതു വിധത്തിലാണു നിർവ്വഹിക്കപ്പെട്ടതു് എന്നു സൂക്ഷ്മമായി പ്രസ്താവിച്ചതോടുകൂടി ഭാവിഭാരതത്തിലെ സംസ്കാരത്തിന്റെ നിയന്ത്രികമായ പ്രത്യേകാംശങ്ങളും അദ്ദേഹം വായനക്കാർക്കു വിട്ടുതന്നിരിക്കുന്നു.

രഘുവംശം എന്നപോലെ തന്നെ കുമാരസംഭവം എന്ന കാവ്യവും പുരോഗമനസാഹിത്യത്തിൽ ഉൾപ്പെടുന്നു. ലൗകികസുഖവിരക്തനായ നായകനും താപസ

സേവനനിരതയായ നായികയും തമ്മിൽ അനുരാഗപര വശരായാൽ അതിൽ നിന്നു ജനിക്കുന്ന സന്താനം ദേശാഭിമാനം വീണ്ടെടുക്കുന്നതിനും ലോകോപദ്രവകാരികളെ സംഹരിക്കുന്നതിനും പ്രാപ്തിയുള്ളതായി ഭവിക്കും എന്ന തത്വം അടിസ്ഥാനമാക്കി ഭാരതീയക്കു ശോഭനമായ ഒരു ഭാവിയുടെ സംവിധാനം ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ള ആ കാവ്യം പുരോഗമന ഗണനയിൽപെടും.

പുരോഗമനസാഹിത്യത്തിനും സാധാരണസാഹിത്യത്തിനും തമ്മിൽ മറെറാരു പ്രധാന വസ്തുത പ്രമാണിച്ച് വലിയൊരു വ്യത്യാസം കാണാവുന്നതാണ്. അതായത് ഭൂതകാലസാഹിത്യഗ്രന്ഥങ്ങൾ ഭൂരിഭാഗവും സംശ്ലേഷാത്മകത്വം ഭജിക്കുന്നവയാകുന്നു. ആശയങ്ങളുടേയും സങ്കല്പങ്ങളുടേയും അവിഭാജ്യമായ ഒരു സംയുക്താവസ്ഥയോടുകൂടിയതാകുന്നു. എന്നാൽ പുരോഗമനസാഹിത്യത്തിൻെറ സ്വഭാവം ഈ സംശ്ലേഷാത്മകത്വത്തിന്നു നേരേ വിപരീതമായ വിശകലനാത്മകത്വം ആകുന്നു. കഥാപാത്രങ്ങളുടെ മാനസികഗതി, പരിതഃസ്ഥിതികളുടെ സൂക്ഷ്മസ്വഭാവം, അത്യല്പങ്ങളായ സംഭവങ്ങളോ അതിനിസ്സാരമായ ഹൃദയഗതികളോ പോലും എത്രയും ലഘുവായ വിധത്തിൽ വകതിരിച്ചു കാണിക്കുക എന്നീ അംശത്തിൽ പുരോഗമനസാഹിത്യം ഗണ്യമായ പ്രത്യേകത വഹിക്കുന്നുണ്ട്.

പുരോഗമനസാഹിത്യകോലാഹലം അടുത്തകാലത്തു് ഏതാണ്ടൊന്നു ശമിച്ചതുപോലെ കാണപ്പെടുന്നു. സാഹിത്യലോകത്തു ഏതു വിധത്തിലും ശോഭനമായ ഒരു യഥാർത്ഥജീവിതത്തിൻെറ വിജയ കിരണചിഹ്നങ്ങൾ

വീൎത്തകവിധത്തിലുള്ള പുരോഗമനസാഹിത്യത്തെ യാഥാസ്ഥിതികരാകട്ടെ, ഉൽപ്പതിഷ്ണുക്കളാകട്ടെ, മാമൂൽ പ്രിയരാകട്ടെ, വിപ്ലവാനുരാഗികളാകട്ടെ തീൎച്ചയായും സ്വാഗതം ചെയ്യും എന്നതിൽ സംശയലേശത്തിനുപോലും കാൎയ്യമില്ല. എന്നാൽ പുരോഗമനത്തിന്റെ സാക്ഷാൽ സ്വഭാവം ഇന്നതാണെന്നു ബഹുജനങ്ങൾക്കു് മനസ്സിലാക്കിക്കൊടുക്കാതെ അവൎക്ക് മധുരപാനീയം എന്ന നിലയിൽ നൽകേണ്ട അമൃതോപമമായ ശുദ്ധജലത്തിൽ വെള്ളുള്ളിയും കരിംജീരകവും കാവിമണ്ണും കറുകപ്പുല്ലും അരച്ചു ചേൎത്തു് അതാണു് അത്യന്തം മധുരമയമായ സാധനം എന്നു കുറെ സാഹിത്യാഭിമാനികൾ ഉൽഘോഷണം കൂടെ ചെയ്തു കഴിഞ്ഞാൽ ആ കോലാഹലം കൊണ്ടു് അന്തരീക്ഷം തെല്ലുകാലത്തേയ്ക്കു് മുഖരിതമാകും എന്നല്ലാതെ ഉദ്ദിഷ്ടഫലം സിദ്ധിക്കുകയില്ല.

മലയാളസാഹിത്യം പൂവരശില ഉണങ്ങിവീണു കെട്ടിക്കിടക്കുന്ന ജീൎണ്ണജലംപോലെ യാതൊരു പരിഷ്കാരത്തിന്നും വിധേയമാകാതെ ശുദ്ധമാമൂൽക്കാരുടെ ഒരു കളിപ്പാട്ടമായി കഴിഞ്ഞുകൂടണം എന്നു് ഇന്നു് യാതൊരു സാഹിത്യാഭിമാനിയും കരുതുന്നതല്ല. ഇന്നെന്നു് എന്തിനു പറയുന്നു? ഇന്നലെയും അങ്ങനെ കരുതുന്നവർ മലയാളസാഹിത്യത്തിൽ ഇല്ലായിരുന്നു. മലയാളത്തിലെ സുപ്രസിദ്ധ സാഹിത്യവിമൎശകരായിരുന്ന പ്രൊഫസ്സർ ഏ. ആർ. രാജരാജവൎമ്മ, കേ. രാമകൃഷ്ണപിള്ള, സി. പി. അച്യുതമേനോൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, പി. കേ. നാരായണപിള്ള, എം. ആർ. നായർ എന്നീ

മാന്യന്മാർ ഒരിക്കലും മാമൂലിനെ മുറുകെപ്പിടിച്ചു കഴിഞ്ഞുകൂടിയവർ അല്ലായിരുന്നു. കാലോചിതമായ പരിഷ്കാരംകൊണ്ടു് മലയാളസാഹിത്യത്തെ സർവ്വഥാ സ്വതന്ത്രമാക്കുവാൻ അവർ നിരന്തരം ശ്രമം ചെയ്തുപോന്നു. മഹാകവി കുമാരൻ ആശാൻ, ആഖ്യായികാകർത്താക്കന്മാരായ സി. വി. രാമൻ പിള്ള, ഒ. ചന്തുമേനോൻ എന്നീ വിശ്രുത സാഹിത്യകാരന്മാരും തങ്ങളുടെ വാസനയും അഭ്യാസവും അനുസരിച്ചു ഗതാനുഗതികത്വമല്ല, നവോല്ലേഖ കല്പനാപ്രധാനമായ മാർഗ്ഗത്തിലൂടേയാണു് സാഹിത്യത്തെ പ്രചരിപ്പിച്ചതു്. കെ. സി. കേശവപിള്ള എന്ന വിശ്രുതനായ കവിവര്യൻ ആംഗ്ലേയ സംസ്കാരത്തിൻെറ ഒരു പ്രതിനിധി ആയിരുന്നില്ല എങ്കിലും അന്നത്തെ പരിഷ്കൃതകാലത്തിൻെറ ഒരു പരിഷ്കൃത സന്താനം തന്നേയായിരുന്നു. അദ്ദേഹം, അന്നത്തെ നിലകളിൽ ആകുന്നിടത്തോളം സ്വന്തം ബുദ്ധിവിലാസത്തിന്നും സാഹിത്യത്തിൻെറ പുരോഗമനത്തിന്നും ഉതകുന്നവിധം കാവ്യവ്യവസായം നിർവ്വഹിച്ചു. പന്തളം കേരളവർമ്മ, അഴകത്തു പത്മനാഭക്കുറുപ്പ് എന്നു രണ്ടു സാഹിത്യ വ്യവസായശാലികൾ മാത്രമേ ഏതെങ്കിലും വിധത്തിൽ സംസ്കൃതസാഹിത്യത്തിലെ പുരോഗമനപ്രധാനമല്ലാത്ത മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചു എന്നു പറയാനുള്ളു. എന്നാൽ അവരിൽ തന്നെ പന്തളം തമ്പുരാൻ യാതൊരു മാമൂൽ പ്രിയംകൊണ്ടും ഒരു പഴയ രീതി അനുവർത്തിച്ചതല്ല. മലയാളസാഹിത്യത്തിൻെറ പുരോഗമനത്തിനു് ഉതകുന്നതേക്കാൾ താൽകാലികനിലയെമാത്രം യോജിച്ച വിധത്തിൽ ഭൂതകാലസാഹിത്യമാതൃകകളെ

പ്രതിഫലിപ്പിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. നടുവത്തു് അച്ഛൻ, മഹൻ എന്നീ കവികളും വെണ്മണി നമ്പൂരിപ്പാട്ടും ശീവൊള്ളിൽകവിയും ഇന്ദ്രിയസുഖപ്രധാനമായ കവിതാരചനയിൽ ഏറ്റെപ്പെട്ട "കല കലയ്ക്കു വേണ്ടി" എന്ന തത്വത്തിന്റെ ആരാധകരായിരുന്നു. ജീവിതത്തിലെ യഥാതഥത്വം അവരുടെ കൃതികളിൽ ഗണ്യമായ വിധം നിഴലിടുന്നുണ്ടു് എന്നതും വിസ്മരണീയമല്ല. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കേരളവമ്മ വലിയ കോയിത്തമ്പുരാൻ എന്നീ സാഹിത്യകാരന്മാരുടെ നിരന്തരശ്രമം കൊണ്ടു് സംസ്കാരപരമായി മലയാളികളും മലയാളസാഹിത്യവും എത്ര വലിയ ഭാവികാലോൽക്കർഷത്തിന്നാണു് പാത്രീഭവിച്ചിട്ടുള്ളതെന്ന കാര്യം വിശേഷിച്ചു പ്രസ്താവിക്കേണ്ടതായിട്ടില്ല. അവരുടെ മുൻഗാമികളായിരുന്ന ഇരയിമ്മൻ തമ്പി ഉണ്ണായിവാര്യർ എന്നീ കലാസൗന്ദര്യാസ്വാദകന്മാരുടേയും മുന്നിൽക്കാണുന്നതു് സംസ്കൃതസാഹിത്യമാമൂൽ വിദ്ധ്വാംസകനും, സമുദായപരിഷ്കാരോദ്ദേശ്യമാകട്ടെ, അല്ലാതാകട്ടെ, കേരളീയ ദേശത്തിന്റേയും ജനങ്ങളുടേയും സാക്ഷാൽ പുരോഗതിയിൽ ബദ്ധശ്രദ്ധനായിരുന്ന കുഞ്ചൻ നമ്പ്യാരാകുന്നു. കലാസൗന്ദര്യാസ്വാദകനായിരുന്ന ചന്ദ്രോത്സവകർത്താവിന്റെ മേദിനീവെണ്ണിലാവു്, എഫ്. റ്റീ. മാർിനെററിയുടേയും, പാം വേലറിയുടേയുംപോലും അഭിനന്ദനീയമായ ഒരു കാവ്യനായികയാകുന്നു. ഉണ്ണുനീലിസന്ദേശം, കാളിദാസന്റെ കരവിൽ വാരെത്തുടുത്തതെന്നു പറയപ്പെടാമെങ്കിലും ആ കാവ്യംപോലെ യഥാർത്ഥത്തിൽ കേരളദേശത്തിന്റെ മതം, രാജ്യകാര്യം, സമുദായം, സാമ്പത്തികാവ

സ്ഥ, സദാചാര-ദുരാചാരവിവേചനം സർവ്വോപരി രാഷ്ട്രീയമായ മഹിമാനുകീർത്തനം എന്നിവ ഉൾപ്പെടുത്തുന്ന ഒരു പുരോഗമനസാഹിത്യഗ്രന്ഥം മറെറാന്നില്ല എന്നു സമർത്ഥിക്കാൻ തെല്ലും വിഷമമില്ല. എഴുത്തച്ഛൻ, കൃഷ്ണഗാഥാകർത്താവ് കണ്ണശ്ശൻ കവികൾ എന്നിവർ ആദ്ധ്യാത്മികതത്വത്തിന്നും മതമാഹാത്മ്യത്തിന്നും സാഹിത്യത്തിൽ സ്ഥാനം നൽകി ഇന്നത്തെ പുരോഗമനസാഹിത്യകാരന്മാൎക്കു കേവലം അഗോചരമായിക്കാണുന്ന ആത്മികപുരോഗമനത്തിന്റെ അടിസ്ഥാനം ഉറപ്പിച്ച സാഹിത്യസേവന വ്രതക്കാരായിരുന്നു.

ഇങ്ങനെ മലയാളസാഹിത്യം, ആരംഭം മുതൽ ഇന്നോളം ന്യായമായ പുരോഗമനം പ്രാപിച്ചു വരികയാണെന്ന വസ്തുത ഏതുവിധത്തിലാണ് വിദ്ധ്വംസകമാകുന്നതെന്നു മനസ്സിലാകുന്നില്ല പുരോഗമനസാഹിത്യമെന്നാൽ യൂറോപ്പുഭൂഖണ്ഡത്തിൽനിന്നു ഇറക്കുമതി കഴിക്കുന്ന ഒരു സാഹിത്യത്തിന്റെ നഗ്നമായ അനുകരണമോ വസ്തുമാത്രവിശ്വാസികളും, നാസ്തിക മതാനുവർത്തന കുതുകികളും, സമുദായ സമാധാനത്തിന്റെ ഭഞ്ജനംകൊണ്ടു സ്വകാര്യം നേടാൻ നടക്കുന്ന രാഷ്ട്രപ്രതീക്ഷികളും ആയ പാശ്ചാത്യ സാഹിത്യകാരന്മാരുടെ വാക്പ്രപഞ്ചത്തിന്റെ വിശ്വസ്തമായ ഭാഷാന്തരാനുവാദമോ അല്ല.

ആദ്ധ്യാത്മികവും, രാജ്യഭരണപരവും, സാമുദായികവും, സാമ്പത്തികവും, സദാചാരപ്രധാനവും ആയ പുരോഗമനം അഥവാ ഉൽക്കഷോന്മുഖത്വം മലയാളസാഹിത്യത്തിന് അത്യന്താപേക്ഷിതമാകുന്നു. എന്നാൽ ഈ

അഭികാമ്യമായ ഉൽക്കർഷത്തിലേയ്ക്കുള്ള പ്രയാണം എന്നു പേരുംപറഞ്ഞ് ക്ഷണികങ്ങളായ ഇന്ദ്രിയ സുഖമോഹങ്ങളെ കത്തിജ്വലിപ്പിക്കുന്നതും, സാമുദായികമോ ഗാർഹികമോ ആയ ജീവിതത്തിന്റെ പ്രശാന്തഗാംഭീര്യത്തെ നിശ്ശേഷം തച്ചുടയ്ക്കുന്നതും ആയ ഒരുവക പാഷണ്ഡസാഹിത്യം ഒരിക്കലും പുരോഗമനസാഹിത്യം ആകുന്നതല്ല.

യൂറോപ്യൻ പുരോഗമനസാഹിത്യത്തിന്റെ അതിപ്രധാനമായ സ്വഭാവം നാസ്തികത്വപ്രചരണവും വസ്തുമാത്രവാദപ്രാധാന്യവും ആകുന്നു. ഈ നാസ്തികത്വമോ, ഭൗതികത്വമോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സാഹിത്യകാരന്മാർ അടുത്ത ഭാവിയിൽ ആദ്ധ്യാത്മികമായ ഏതൊരു പുരോഗതിയാണു ലാക്കാക്കുന്നതെന്നു വിശേഷിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ. അവരുടെ അഭിപ്രായത്തിൽ മതവും മതസ്ഥാപനങ്ങളും ഈശ്വരനും കൂടെ ഒത്തുചേർന്നു കേരളത്തെ അധഃപതിപ്പിച്ചുവത്രേ. ഈ വിചിത്രമായ ആശയം അവർ ചുററും ഒന്നു കണ്ണോടിച്ചതിന്റെ ഫലമെന്നതിനേക്കാൾ, ഫ്രെഞ്ചുവിപ്ലവം റഷ്യൻ വിപ്ലവം എന്നീ വിപ്ലവങ്ങൾക്കു മുമ്പുള്ള സാമുദായികചരിത്രത്തിന്റെ പാരായണംനിമിത്തം അവരിൽ പററിച്ചേർന്ന ഒരാശയമാകുന്നു. പതിനെട്ടാംശതവർഷത്തിലെ ഫ്രാൻസോ, ഇരുപതാംശതവർഷത്തിന്റെ ആരംഭത്തിലെ റഷ്യയോ ആണ് കേരളം എന്ന ദയനീയമായ തെററിദ്ധാരണയിൽ അവർ മുഴുകിയിരിക്കുന്നു. സകലതും നേടിക്കഴിഞ്ഞു; ആത്മാവുമാത്രം നഷ്ടപ്പെട്ടാൽ എന്തു ഫലം എന്ന ചൊല്ല് ഇവർ കേട്ടിട്ടേ ഇല്ല എന്നു തോന്നി

പ്പോകും. കേരളത്തിലെ പുരാതനകാലം മുതൽക്കുള്ള ഹിന്ദു മതം, യാതൊരു പുരോഹിതപ്രാമാണികതയിലും മനുഷ്യ രെ അടിമകളാക്കുന്നതല്ല, കേരളീയരിൽ മററു മതവിഭാഗ ക്കാരായ ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ബുദ്ധാനുയായികൾ എന്നിവരോടു മതം വിട്ടുകളവാൻ ഏതു പുരോഗമനക്കാ രും എന്തെല്ലാം ശ്രമങ്ങൾ കഴിച്ചാലും സാധിക്കുന്നതല്ല അ സ്ഥിതിക്കു വല്ല നിരീശ്വരത്വവും ബാഹ്യമായിട്ടെങ്കിലും കൈക്കൊള്ളുവാൻ ഹിന്ദുജനതയാണു തയ്യാറാകേണ്ടതു്. ഇങ്ങനെ മതബോധരഹിതമായ ഒരു ജനസഞ്ചയം ഇതര മതസ്ഥരായ മിഷണറിമാരുടെ ദൃഷ്ടിയിൽ പെട്ടാൽ അടു ത്ത പരിപാടി എന്തായിരിക്കുമെന്നു കേരളീയരുടെ സാ മ്പത്തികസ്ഥിതി അറിയാവുന്നവരോടു വിശേഷിച്ചു പറ യേണ്ടതായിട്ടില്ല. ക്രിസ്തുമതാവലംബികളോ അവരെ താ ങ്ങിനിൽക്കുന്നവരോ ആയ മത-മതസ്ഥാപനവൈരികളു ടെ ഉദ്ദേശം, പക്ഷേ, തങ്ങളുടെ നിരീശ്വരവാദസ്ഥാപന കോലാഹലങ്ങൾ കേട്ടു് ഇതരമതസ്ഥർ, 'അന്ധവിശ്വാസ ങ്ങളും' ദുഷിച്ച മതച്ചട്ടങ്ങളും വലിച്ചെറിഞ്ഞു് അങ്ങ നെ സ്വതന്ത്രരായി നിൽക്കുമെങ്കിൽ പുതിയ ചില മത പരിവർത്തനങ്ങൾക്കു് സൗകര്യം ലഭിക്കാനിടയുണ്ടാകും എന്നതായിരിക്കയില്ലേ എന്നു സംശയിക്കത്തക്കവിധത്തി ലാണു് ഈ പുതിയ വസ്തുമാത്രവാദത്തിന്റെ രഹസ്യം. ഈ ഉദ്ദേശമാണു് കേരളത്തിന്റെ ഭാസുരമായ ഭാവിയിൽ പ്രായോഗികമാക്കണമെന്നു കരുതുന്നതെങ്കിൽ മതസംബ ന്ധമായ പുരോഗമനത്തിനെ വസ്തുമാത്രവാദാദർശം പരിരം ഭണംചെയ്യുന്നതിൽ തീരെ ആശ്ചര്യപ്പെടാനില്ല.

രാജ്യകാൎയ്യപരമായ ശുദ്ധസ്വാതന്ത്ര്യമാണു് അടുത്ത ഭാവിലക്ഷ്യം. എന്നാൽ ആശുദ്ധസ്വാതന്ത്ര്യം വിദേശങ്ങൾക്കും അപ്പുറമല്ല. വിദേശത്തിലെ ആദൎശത്തിന്നു് അനുകൂലമായി ഉത്തരഭാരതത്തിൽ ഏറ്റവുംമുമ്പു് കേരളക്കരയിൽ സഫലമായി കാണണം എന്ന മോഹം, അതിന്റെ പ്രത്യേകരസികത്വംകൊണ്ടു് അനുമോദാൎഹംതന്നെ.

പാവങ്ങളേയും പട്ടിണിക്കാരേയും സമ്പന്നരും മൃഷ്ടാന്നഭോജനക്കാരും ആക്കാനും അടിമത്തം അനുഭവിക്കുന്നവരുടെ ദുരിതങ്ങൾ നീക്കാനും, ഭക്ഷണലാഭം ഉദ്ദേശിച്ചുമാത്രം ചാരിത്രം വിൽക്കാൻ നടക്കുന്ന തരുണീമണികളുടെ സ്വഭാവപരിശുദ്ധി സൂക്ഷിക്കാനും പുരോഗമനസാഹിത്യ നായകന്മാർ നിൎവ്വഹിക്കുന്ന കണ്ഠക്ഷോഭംകൊണ്ടു് കേരളത്തിലെ ഒരൊററ പാവപ്പെട്ടവനെങ്കിലും ഒരൊററച്ചെമ്പുകാശെങ്കിലും കൂടുതൽ ആദായംകിട്ടുന്നില്ല. ഈ പ്രചരണവേല ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന സാഹിത്യഗ്രന്ഥപ്രസാധനത്തിൽ നിന്നു ലഭിക്കുന്ന ആദായത്തിന്റെ തുച്ഛമായ ഒരു ശതമാനംപോലും യാതൊരു പുരോഗമനസാഹിത്യനേതാക്കളും സംഘടനയും പാവങ്ങളുടേയോ പട്ടിണിക്കാരുടേയോ സുഖക്ഷേമൈശ്വര്യങ്ങൾ ലാക്കാക്കിയുള്ള ഏതെങ്കിലും ഒരു സ്ഥാപനത്തിന്നു നാളിതുവരെ സംഭാവന ചെയ്തു കണ്ടിട്ടില്ല. ആ സാഹിത്യഗ്രന്ഥങ്ങൾ വിററുകിട്ടുന്ന പണംകൊണ്ടു് പുരോഗമനസാഹിത്യകാരന്നു് സമ്പത്തു് കൂടുന്നു എന്നുമാത്രം. കേരളത്തിലെ സദാചാരബോധത്തേയും പാരമ്പര്യത്തേയും അടിയോടെ ഒന്നുലയ്ക്കണമെന്ന അടുത്ത പുരോഗമനവാഞ്ഛ ചോരത്തിള

പ്പുള്ള ചില യുവാക്കന്മാൎക്ക് പക്ഷേ സ്വാഗതാൎഹമായേ ക്കാം. എന്നാൽ ഭൗതികമായ സമുൽക്കൎഷം ലാക്കാക്കി സദാചാരപരങ്ങളായ ആശയങ്ങളെ നിശ്ശേഷം ബലികഴി ക്കാൻ യുവാക്കളെയാകട്ടെ ഇതരരെയാകട്ടെ പ്രേരിപ്പിക്കു ന്നതു പുരോഗമനപരമായ ഭാവിയെ അല്ല കുറിക്കുന്നതു്. ജൎമ്മനിയിലെ നാഷണൽ സോഷ്യലിസ്ററുകാരാകട്ടെ, ഇററലിയിലെ ഫാസിസ്ററു സംഘടനക്കാരാകട്ടെ, റഷ്യ യിലെ ഏകശാസനാധികാരികളാകട്ടെ, ഈ ഭൗതികാഭി വൃദ്ധി കൈവരുത്തുന്ന കാൎയ്യത്തിൽ സന്മാൎഗ്ഗബോധത്തി ന്നു ലേശംപോലും ഗൗരവം നൽകിയിരുന്നില്ല. അവരെ അനുകരിക്കുക എന്നതു് ഭാരതഖണ്ഡത്തിന്നോ കേരള ത്തിന്നോ യോജിച്ചതും അല്ല. ഓരോ വ്യക്തിയുടേയും ആത്മാവു്, മനസ്സു്, ബുദ്ധി, ശരീരം എന്നിവ സ്വാഭാവി കമായ വിധത്തിൽ വികാസം പ്രാപിക്കുവാനുള്ള പദ്ധതി കരം നിൎദ്ദേശിക്കുന്ന നേതാക്കന്മാരല്ലാതെ, ഇതേവരെ കണ്ടുപോന്ന സദാചാരമൊന്നും മേലാൽ ആവശ്യമില്ല എ ന്ന പുതു സിദ്ധാന്തങ്ങളുമായി ജനസഞ്ചയത്തെ മാദകമായ ലഹരി കൊള്ളിക്കാൻ ശ്രമിക്കുന്നവർ കേരളസംസ്കാര ത്തേയും ഭാവിക്ഷേമത്തേയും നിശ്ശേഷം ഭഞ്ജിക്കുന്നവരത്രേ.

കേരളത്തിലെ പുരോഗമനസാഹിത്യത്തിന്നു് സൎവ്വ പ്രധാനമായി കരുതേണ്ട ഏകവിഷയം മലയാള നാട്ടിലെ ജനങ്ങളുടെ സാമ്പത്തികമായ പുരോഗമനമാകുന്നു. വാ ശിയും വഴക്കും ക്ഷോഭവും ബഹളവും അടിയും പിടിയും ആക്ഷേപവും ശകാരവും, അക്ഷമയും അമിതാശയും ഒന്നും കൂടാതെ ശാന്തമായി പുരോഗമനമാൎഗ്ഗങ്ങൾ സാഹിത്യം

മുഖേന കേരളീയ ജനസഞ്ചയങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനുള്ള ഒരു സാഹിത്യത്തിൻെറ ആവശ്യമാണ് ഇന്ന് സർവ്വപ്രധാനം. കേരളഭൂവിഭാഗത്തിൻെറ കാർഷികമായ അഭിവൃദ്ധി ഏതേതു കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു, കൃഷകരുടെ ഇന്നത്തെ അധഃപതനത്തിൽ നിന്ന് അവരെ സമുദ്ധരിക്കേണ്ട വിധങ്ങൾ ഏവ, എന്നു തുടങ്ങുന്ന അനവധി പ്രശ്നങ്ങൾ സുന്ദരമായ സാഹിത്യകലയിലൂടേ ബഹുജനാദരത്തിന്നു വിഷയീഭവിപ്പിക്കുന്നതു് പുരോഗമനസാഹിത്യം നിർവഹിക്കേണ്ട ഗണനീയമായ ഒരു സേവനമായിരിക്കട്ടെ. ബഹുജനങ്ങളുടെ അഥവാ സാധാരണക്കാരൻെറ ജീവിതരീതി ഒന്നു പരിശോധിച്ചു നോക്കുക. അവൻെറ ആവശ്യങ്ങൾ ഏവ? ആദായമാർഗ്ഗം എന്തു്? കൃഷി എന്ന തൊഴിലിൽനിന്ന് അവന് എന്തു സമാശ്വാസം ലഭിക്കുന്നു. വ്യവസായങ്ങളിൽ ഏതെല്ലാം അവനുവശമുണ്ടു്. അവൻെറ ദാരിദ്ര്യത്തിൻെറ സ്വഭാവം എന്തു്? ആ ദാരിദ്ര്യം മാറുന്നതിനുള്ള പ്രായോഗികങ്ങളായ മാർഗ്ഗങ്ങൾ ഏവ, എന്നിങ്ങനെ എത്രയോ ഗൗരവമേറിയ അനവധി പ്രശ്നങ്ങളാണു് ഇന്നത്തെ കേരളവാസികളെ അഭിമുഖീകരിക്കുന്നതു്. ആ പ്രശ്നശതങ്ങൾക്കു് പരിഹാരം വരുത്തി സാധാരണ ജനങ്ങളുടേയും കൃഷകരുടേയും ചെറുവ്യവസായപ്രസക്തരുടേയും സാമ്പത്തികമായ സമുൽക്കർഷത്തിന്നു് ഏതു സാഹിത്യം ശ്രമിക്കുന്നുവോ, അതത്രേ, യഥാർത്ഥമായ 'പുരോഗമനസാഹിത്യം.'

# ശുദ്ധിപത്രം

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 5 | 8 | വീദവാലിയും | വീരം വാലിയും |
| 6 | 20 | എന്തൊരപഹാസം | എന്നൊരപഹാസം |
| 13 | 11 | മന്ന്യോഭാവം | മനോഭാവം |
| 14 | 13 | റോസൻഫാരം | റോസൻഥാരം |
| 16 | 24 | ചായ്പ് | ചായ്‌വ് |
| 21 | 8 | സ്ഥാപിക്കാൻ | സ്ഥാപിക്കാനും |
| 23 | 4 | ബംഗാളിൽ | ബംഗാളിൽ |
| 25 | 11 | നട്ടുവ്യസ്ഥാനം | നട്ടുവസ്ഥാനം |
| 26 | 1 | അരങ്ങെത്തു് | അരങ്ങത്തു് |
| 28 | 7 | നാച്വരലിസം | നാച്വറലിസം |
| 38 | 18 | മുതിൻ്റു് | മുതിന്ന |
| 67 | 3 | അസ്വാസ്ഥ്യമാക്കുന്നു | അസ്വസ്ഥമാക്കുന്നു |
| 71 | 11 | ഇല്ലാത്തപ്പേരോ | ഇല്ലാത്ത പേരോ |
| 144 | 3 | യരമാകും | യത്നമാകും |
| ,, | 17 | ആപ്രേഡിതം | ആമ്രേഡിതം |
| 163 | 7 | വൃക്ഷം | വൃക്ഷഃ |
| 164 | 7 | കപ്രാകാരേ | കമ്രാകാരേ |
| 176 | 13 | ആരാംക്ക് | ആരം |

| | | | |
|---|---|---|---|
| 177 | 17 | ശാസ്ത്രജന | ശാസ്ത്രജ്ഞ |
| 192 | 16 | മതാവലംബിയുടെ | മതാവലംബിയുടേയും |
| 195 | 8 | കേരളീയൻ | കേരളീയർ |
| 198 | 20 | പള്ളിക്കൂടങ്ങളിൽ | പള്ളിക്കൂടങ്ങളിൽ നിന്നും |
| 215 | 12 | ദ്രുസ്സോയുടെ | റുസ്സോയുടെ |
| 217 | 14 | ഫീസ് | പീസ് |
| 222 | 4 | ലോലങ്ങളിൽ | ലോകങ്ങളിൽ |
| ,, | 6 | സപ്ത | സ്വപ്ന |
| 231 | 1 | എന്നുള്ള | എന്നും ഉള്ള |
| 236 | 2 | ശ്രീ ഹർഷചരിതം | നൈഷധീയചരിതം |

KOTTAYAM PUBLIC LIBRARY
KOTTAYAM

M07
Cl. No. VEL-P Acc. No. 11499

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M07 11499

VEL-P

വേലുപ്പിള്ള ശാസ്ത്രി. എം.
ആർ.

പുരോഗമനസാഹിത്യകോ
ലാഹലം.

KOTTAYAM PUBLIC LIBRARY

M07

Call No. VEL-P Acc. No. 11499

Author വേലുപ്പിള്ള ശാസ്ത്രി. പി. ആർ.

Title 1. പ്രാചീനസാഹിത്യകോശം

[illegible]

Indic Digital Archive Foundation

gpura.org